www.niyamasabha.org

# സാമാജികർ

A Home Journal of Kerala Legislature

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്

ലക്കം 11 - 2026





# സാമാജികർ

# സാമാജികർ

**2026** ലക്കം **11**

മുഖ്യ പത്രാധിപർ
**ശ്രീ തോമസ് കെ. തോമസ്** എം.എൽ.എ

പത്രാധിപസമിതി

**ശ്രീ കെ. ജെ. മാക്സി** എം.എൽ.എ
**ഡോ. എം. കെ. മുനീർ** എം.എൽ.എ
**ശ്രീ ഡി. കെ. മുരളി** എം.എൽ.എ
**ശ്രീ പി. ബാലചന്ദ്രൻ** എം.എൽ.എ
**ശ്രീ റോജി എം. ജോൺ** എം.എൽ.എ
**ശ്രീ സേവ്യർ ചിറ്റിലപ്പിള്ളി** എം.എൽ.എ

പത്രാധിപർ
**ഡോ. എൻ. കൃഷ്ണ കുമാർ**
സെക്രട്ടറി, കേരള നിയമസഭ

മുഖചിത്രം, രൂപകല്പന
**അനിൽ രാജ്**

അച്ചടി
**കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്**
**തിരുവനന്തപുരം**


വിലാസം
**ലൈബ്രറി**
**നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**
**0471-2512519**

ലേഖനങ്ങളിലെ ആശയങ്ങൾക്കും അഭിപ്രായങ്ങൾക്കുമുള്ള
പൂർണ്ണ ഉത്തരവാദിത്വം ലേഖകരിൽ നിക്ഷിപ്തം

# സാമാജികർ

सत्यमेव जयते

10 November 2025



**RAJENDRA VISHWANATH ARLEKAR**
GOVERNOR OF KERALA
RAJ BHAVAN
THIRUVANANTHAPURAM-695 099

## MESSAGE

I am pleased to note that the Kerala Legislature Secretariat is bringing out the 11th issue of Samajikar, a publication that reflects the literary, cultural, and intellectual pursuits of our legislators and parliamentarians.

Such initiatives enrich democratic discourse by showcasing the creative and reflective dimensions of public representatives.

I extend my best wishes to all contributors and to the Legislature Secretariat for continuing this meaningful endeavour that bridges governance and literature, thought and expression.

May **Samajikar** continue to inspire deeper engagement with ideas that strengthen our democracy and society.

**Rajendra Vishwanath Arlekar**

RAJ BHAVAN, KERALA THIRUVANANTHAPURAM-695 099
Tel: 0471-2721100, Fax: 0471-2720266, Email: keralagovernor@gmail.com

കേരള സർക്കാർ



**പിണറായി വിജയൻ**
മുഖ്യമന്ത്രി
കേരള സർക്കാർ

നം. 1110/പ്രസ്/സി.എം.ഒ/25 05 നവംബർ, 2025

## സന്ദേശം

നിയമസഭാ സെക്രട്ടേറിയറ്റിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമായ 'സാമാജികർ' 11-ാം ലക്കം തയ്യാറായിരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം.

ജനാധിപത്യത്തിന്റെ നെടുംതൂണായ നമ്മുടെ നിയമസഭ കേരളത്തിന്റെ പുരോഗമനപരമായ സാമൂഹ്യ-രാഷ്ട്രീയ ചരിത്രത്തിൽ നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട്. ജനങ്ങളുടെ താത്പര്യം സംരക്ഷിക്കുന്നതും സംസ്ഥാനത്തിന്റെ വികസനത്തിന് വഴിയൊരുക്കുന്നതുമായ ഒട്ടേറെ നിയമനിർമ്മാണങ്ങൾക്ക് നമ്മുടെ സഭ വേദിയായി.

ഇവയുടെ വിശദാംശങ്ങളും നമ്മുടെ നിയമസഭാ സാമാജികർ, പാർലമെന്റ് അംഗങ്ങൾ, മുൻ സാമാജികർ തുടങ്ങിയവരുടെ സൃഷ്ടികളും ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന 'സാമാജികർ' പ്രത്യേക പതിപ്പിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**



**വി.ഡി.സതീശൻ**
പ്രതിപക്ഷനേതാവ്
കേരള നിയമസഭ

27.10.2025

## സന്ദേശം

കേരള നിയമസഭ പ്രസിദ്ധീകരിക്കുന്ന സാമാജികർ പതിനൊന്നാം ലക്കം തയ്യാറായി വരുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷം.

നിയമസഭ-ലോക്സഭ ജനപ്രതിനിധികളുടെ ലേഖനങ്ങൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ച കഴിഞ്ഞ 10 ലക്കങ്ങൾ വിഷയവൈവിധ്യം കൊണ്ട് ശ്രദ്ധേയമായിരുന്നു. ജനപ്രതിനിധികൾ തങ്ങളുടെ പ്രവർത്തന മണ്ഡലത്തിലെ ദീർഘകാല പരിചയം ഉൾക്കൊണ്ടുകൊണ്ട് തയ്യാറാക്കുന്ന ലേഖനങ്ങൾ മൂല്യവത്തും വിജ്ഞാനപ്രദവും ആയിരിക്കും. നമ്മുടെ നാടിന്റെ വികസന കാഴ്ചപ്പാടിനും സാമൂഹ്യ സമദർശനത്തിനും പ്രഗത്ഭമതികളായ ജനപ്രതിനിധികളുടെ ആശയങ്ങൾ കോർത്തിണക്കി പ്രസിദ്ധീകരിക്കുന്ന 'സാമാജികർ' പതിനൊന്നാം ലക്കത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

സ്നേഹപൂർവ്വം,

**വി.ഡി. സതീശൻ**



നിയമസഭാ മന്ദിരം
തിരുവനന്തപുരം - 695 033

ഓഫീസ് : 91-4712513007
ഫോൺ 91-471 2513035
91-471 2305830
മൊബൈൽ : 9447056803
ഇ-മെയിൽ: speaker@niyamasabha.nic.in

**എ.എൻ. ഷംസീർ**
സ്പീക്കർ
കേരള നിയമസഭ

04. 11. 2025

## ആശംസ

**'സാമാജികർ'** എന്ന പ്രസിദ്ധീകരണം പത്ത് ലക്കങ്ങൾ പൂർത്തിയാക്കി പതിനൊന്നാം ലക്കത്തിലേക്ക് കടക്കുന്നു എന്നത് ഏറെ സന്തോഷം നൽകുന്നു..

കേരള നിയമസഭയിൽ വിവിധ മണ്ഡലങ്ങളെ പ്രതിനിധീകരിച്ചെത്തുന്ന നമ്മുടെ സാമാജികർ ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്താനുള്ള ഇടപെടലുകൾ ദൈനംദിനം നടത്തുന്നവരാണ്.

ജനക്ഷേമകരമായ മാറ്റങ്ങൾക്കുള്ള പഠനങ്ങൾക്കും ആശയ വിനിമയങ്ങൾക്കും നമ്മുടെ നിയമസഭ വേദിയാകുമ്പോൾ ഓരോ സാമാജികനും തങ്ങളുടെ സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക ബോധത്തെ നിരന്തരം നവീകരിക്കുന്ന പ്രക്രിയയിലൂടെയാണ് കടന്നുപോകുന്നത്.

തങ്ങളുടെ അനുഭവസമ്പത്തിനെയും സർഗ്ഗശേഷിയേയും പകർത്തിവയ്ക്കാനുള്ള പരിസരമായി **'സാമാജികർ'** മാറുന്നതിൽ അഭിമാനിക്കുന്നു.

ഈ ഉദ്യമത്തിന് പിന്നിൽ പ്രവർത്തിച്ച ഏവരേയും അഭിനന്ദിക്കുന്നു.

**എ.എൻ. ഷംസീർ**



**ചിറ്റയം ഗോപകുമാർ**
ഡെപ്യൂട്ടി സ്പീക്കർ
കേരള നിയമസഭ


തിരുവനന്തപുരം
29-12-2025

## സന്ദേശം

നിയമസഭാ സാമാജികരുടെ രചനകൾ ഉൾപ്പെടുത്തി നിയമസഭാ സെക്രട്ടേറിയറ്റ് പ്രസിദ്ധീകരിക്കുന്ന 'സാമാജികർ' അതിന്റെ പതിനൊന്നാം ലക്കത്തിലേക്ക് കടക്കുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്. സാർത്ഥകമായ ഒരു ജനാധിപത്യവും മികച്ച ജനപ്രതിനിധികളും എന്നും കേരളത്തിന്റെ സവിശേഷതയാണ്. സർഗാത്മക രചനകൾ ഉൾപ്പെടെ ശ്രദ്ധേയമായ നിരവധി രചനകൾ നിയമസഭാ സാമാജികരുടേതായി കേരളത്തിന് സ്വന്തമായുണ്ട്. സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക വിഷയങ്ങളിൽ സുപ്രധാനമായ ഇടപെടലുകൾ നടത്തുന്ന ഒരു നിയമസഭ എന്ന നിലയിൽ കേരള നിയമസഭാ സാമാജികരുടെ പ്രതികരണങ്ങളും നിലപാടുകളും ദേശീയതലത്തിൽതന്നെ ശ്രദ്ധിക്കപ്പെടുന്നതാണ്. ഇത്തരം പ്രതികരണങ്ങളും നിലപാടുകളും കൂടുതൽ പ്രസക്തമാകുന്ന ഒരു കാലംകൂടിയാണിത്. പതിനൊന്നാം ലക്കത്തിലേക്ക് കടക്കുന്ന 'സാമാജികർ' എന്ന പ്രസിദ്ധീകരണത്തിന് ഹൃദയപൂർവ്വമായ ആശംസ നേരുന്നു.

**ചിറ്റയം ഗോപകുമാർ**

# സ്മരണാഞ്ജലി



**ഉമ്മൻ ചാണ്ടി**
(1943 - 2023)



**വാഴൂർ സോമൻ**
(1952 - 2025)



**കാനത്തിൽ ജമീല**
(1966 - 2025)



**തോമസ് കെ. തോമസ്**
**എം.എൽ.എ**

കുട്ടനാട്,
01.12.2025

## ആമുഖം

കേരള നിയമസഭയിലെ ബഹുമാനപ്പെട്ട നിയമസഭാ സാമാജികർ, മുൻ സാമാജികർ, സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന പാർലമെന്റംഗങ്ങൾ, മുൻ പാർലമെന്റംഗങ്ങൾ എന്നിവരുടെ വിവിധ വിഷയങ്ങളിലുള്ള പാണ്ഡിത്യവും നിരീക്ഷണങ്ങളും കാഴ്ചപ്പാടുകളും പ്രവർത്തനാനുഭവങ്ങളും ഉൾക്കൊള്ളുന്ന ലേഖനങ്ങളും സാഹിത്യ സൃഷ്ടികളും പ്രസിദ്ധീകരിക്കാനുള്ള ഒരു വേദിയാണ് 'സാമാജികർ' മാസിക.

സാമാജികർ' പുതിയ ലക്കം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. ഈ ലക്കത്തിൽ ആദരണീയരായ സ്പീക്കർ, മുഖ്യമന്ത്രി, മന്ത്രിമാർ, മുൻ സാമാജികർ എന്നിവരുടേത് ഉൾപ്പെടെ 22 സർഗ്ഗ രചനകൾ ഉൾക്കൊള്ളിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

നിയമസഭാ സാമാജികരെ സംബന്ധിച്ചിടത്തോളം അവരുടെ നിയമനിർമ്മാണ പ്രവർത്തനങ്ങളിൽ ഏറ്റവും വലിയ സഹായമായി നിലകൊള്ളുന്ന ഒന്നാണ് നിയമസഭാ ലൈബ്രറി. 100 വർഷത്തെ ചരിത്ര പെരുമ പേറുന്ന ഈ ലൈബ്രറിയുടെ ആഭിമുഖ്യത്തിലുള്ള ഈ സംരംഭത്തിന് എല്ലാവിധ പ്രോത്സാഹനങ്ങളും പിന്തുണയും നൽകുന്ന ബഹു. സ്പീക്കർ ശ്രീ. എ. എൻ. ഷംസീർ, ഡെപ്യൂട്ടി സ്പീക്കർ ശ്രീ. ചിറ്റയം ഗോപകുമാർ, നിയമസഭാ സെക്രട്ടറി ശ്രീ. എൻ. കൃഷ്ണകുമാർ, നിയമസഭാ ലൈബ്രറി ജീവനക്കാർ, സർഗ്ഗസൃഷ്ടികൾ നൽകി സഹകരിച്ച എല്ലാ ബഹുമാന്യ വ്യക്തികളോടും പത്രാധിപ സമിതിക്കുള്ള ആത്മാർത്ഥമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.

സ്നേഹാദരപൂർവ്വം,

**തോമസ് കെ. തോമസ് എം.എൽ.എ**
**ചീഫ് എഡിറ്റർ**



# സാമാജികർ

## ഉള്ളടക്കം


20 തിളക്കത്തിന്റെ പാതയിൽ തലശ്ശേരി
**എ.എൻ. ഷംസീർ**

26 ഭരണഘടനാ നിർമ്മാണസഭ ചർച്ചകളുടെ മലയാള പരിഭാഷയുടെ പ്രസക്തി
**പിണറായി വിജയൻ**

32 മ്യൂസിയങ്ങൾ പൈതൃക വഴിയിലെ സൂര്യതേജസ്സ്
**രാമചന്ദ്രൻ കടന്നപ്പള്ളി**

36 കവിത കറിവേപ്പ്, പൂലോകം
**ഡോ. ആർ. ബിന്ദു**

38 കോട്ടയത്തിന്റെ തിലകക്കുറി!
**റോഷി അഗസ്റ്റിൻ**

42 അഭിമാനത്തോടെ മുന്നോട്ട് ആരോഗ്യ മേഖലയിൽ ചരിത്ര മുന്നേറ്റം
**വീണാ ജോർജ്**

50 കർഷകർക്കും വേണ്ടേ ഒരു സമിതി
**ഡോ. എൻ. ജയരാജ്**

54 തോമസ് ചാണ്ടി കുട്ടനാടിനെ സ്നേഹിച്ച കർമ്മയോഗി
**തോമസ് കെ. തോമസ്**

58 ആര്യാടൻ: അസാധാരണ രാഷ്ട്രീയ പ്രതിഭ
**വി.എം.സുധീരൻ**

61 കബീർ കവിത ഒരു ക്ഷണം
**വി.സി. കബീർ**

62 മാക്സിയും മിക്സിയും ഇല്ലാതിരുന്ന കുമ്പളങ്ങി
**പ്രൊഫ. കെ.വി. തോമസ്**



66 നീതി രഹിത
കേന്ദ്ര ബജറ്റ്
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**

70 കൊണ്ടോട്ടി പെരുമ
**ടി. വി. ഇബ്രാഹിം**

74 യൂറോപ്പിന്
വിയർക്കുന്നു
**ഐ. ബി. സതീഷ്**

78 ഞങ്ങളുടെ തിരൂരിന്
ഉണ്ടൊരു പെരുമ
**കുറുക്കോളി മൊയ്തീൻ**

82 മനുഷ്യ കേന്ദ്രീകൃത
വികസനത്തിന്
പെരിന്തൽമണ്ണ മോഡൽ...
**നജീബ് കാന്തപുരം**

86 ജയപ്രകാശ് നാരായണൻ:
രണ്ട് സ്വാതന്ത്ര്യസമരങ്ങൾക്ക്
നേതൃത്വം നല്കിയ
ജനനായകൻ
**ഡോ. എ. നീലലോഹിതദാസൻ നാടാർ**

96 അന്നം തേടുന്നവർക്ക്
വായ്ക്കരി ഇടുന്നവർ
**ജോസഫ് എം. പുതുശ്ശേരി**

102 ഒന്നാം ഭരണഘടനാ
ഭേദഗതി
**അഡ്വ. കെ. പ്രകാശ് ബാബു**

106 വക്കം പുരുഷോത്തമന്
സ്മരണാഞ്ജലി
**ഡോ. കെ. മോഹൻ കുമാർ**

110 സർജിക്കൽ സ്ട്രൈക്കും,
മഹാഭാരത യുദ്ധവും,
ഛത്രപതി ശിവജിയും
**അഡ്വ. ഡി. സുഗതൻ**

114 മാലിന്യമുക്ത
നവകേരളത്തിലേക്കുള്ള
ചുവടുവയ്പ്പ്
**ഡോ. എൻ. കൃഷ്ണ കുമാർ**


കേരള നിയമസഭ
KERALA
ASSEMBLY

# തിളക്കത്തിന്റെ പാതയിൽ
# തലശ്ശേരി

**എ. എൻ. ഷംസീർ**
നിയമസഭാ സ്പീക്കർ

14, 15 കേരള നിയമസഭകളിൽ അംഗം

വടക്കൻ കേരളത്തിൽ കണ്ണൂർ ജില്ലയിലെ ഒരു കടലോര പട്ടണമായ തലശ്ശേരി, ചരിത്രവും പൈതൃകവും പ്രകൃതി ഭംഗിയും കോർത്തിണക്കിയതും സഞ്ചാരികൾക്ക് ഏറെ പ്രിയപ്പെട്ടതുമായ പ്രദേശമാണ്.

ബിരിയാണിയുടെയും സുഗന്ധവ്യഞ്ജനങ്ങളുടെയും തെയ്യത്തിന്റെയും അപരനാമമാണ് തലശ്ശേരി. സുഗന്ധവ്യഞ്ജനങ്ങളുടെ മാസ്മരികതയാൽ ബി.സി 2-ാം നൂറ്റണ്ട് മുതൽ ഗ്രീക്ക് റോമൻ-കപ്പലുകൾ ഇവിടെ നങ്കൂരമിട്ടിരുന്നു. നൂറ്റാണ്ടുകൾക്ക് ശേഷം അറബ്-ചൈന-ജ്യൂത വ്യാപാരികൾ ഇവിടുത്തെ സുഗന്ധ വ്യഞ്ജനങ്ങളിൽ ആകൃഷ്ടരായി കച്ചവടത്തിനെത്തിയിട്ടുണ്ട്. 1683-ൽ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ വരവോടെ കുരുമുളകിന്റെ ലഭ്യത ഉറപ്പാക്കി തലശ്ശേരി മലബാറിന്റെ ആദ്യ കോസ്റ്റ് സെറ്റിൽമെന്റ് ആയി. ആഗ്രഹങ്ങളുടെയും അതോടൊപ്പം പ്രതിരോധത്തിന്റെയും ചിഹ്നമായ തലശ്ശേരി കോട്ട 1708-ൽ ഉയർന്നു.

സ്വാതന്ത്ര്യാനന്തരം കോളനി വാഴ്ചക്ക് പരിസമാപ്തി ആയെങ്കിലും വ്യവസായത്തിന്റെയും സംരംഭകത്വത്തിന്റെയും വിശ്വമാനവികതയുടെയും സാരാംശം തലശ്ശേരി പട്ടണം നിലനിർത്തി പോന്നു. കേക്കിന്റെയും ക്രിക്കറ്റിന്റെയും സർക്കസ്സിന്റെയും കൂടി നാടാണ് തലശ്ശേരി. കേരളത്തിലെ ആദ്യ ബേക്കറി സ്ഥാപിച്ചത് ഇവിടെയാണ്. ഇന്ത്യയിൽ ആദ്യമായി ക്രിക്കറ്റ്കളി നടന്നതും ആദ്യമായി സർക്കസിനായി സ്കൂൾ തുറന്നതും തലശ്ശേരിയിലാണ്. വൈവിധ്യമായ വിഭാഗങ്ങളുടെ സമന്വയമാണ് തലശ്ശേരി. ബഹു ഭാഷകളും ആവേശകരമായ ഉത്സവങ്ങളും ഇതിനുദാഹരണമാണ്. അറബ് വ്യാപാരികളുടെ പിന്തുടർച്ചക്കാർ തലശ്ശേരിയിൽ താമസമാക്കിയപ്പോൾ അവരുടെ വ്യത്യസ്തമായ രുചിഭേദങ്ങളും സംസ്കാരങ്ങളും തലശ്ശേരിക്ക് സ്വന്തമായി.

യൂറോപ്യൻ വാസ്തുശിൽപ്പികൾ അവരുടെ മികവ് ചാരുതയാർന്ന കെട്ടിടങ്ങളാൽ ഇവിടെ

> “ജർമ്മൻ മിഷനറിയും വിഖ്യാത പണ്ഡിതനുമായ ഡോ. ഹെർമ്മൻ ഗുണ്ടർട്ട്  മലയാള ഭാഷയുടെയും വ്യാകരണത്തിന്റെയും പഠനത്തിനും രചനയ്ക്കുമായി ഇരുപത് വർഷത്തോളം തലശ്ശേരിയിൽ താമസിക്കുകയുണ്ടായി.”



പകർത്തിവച്ചു. ജർമ്മൻ മിഷനറിയും വിഖ്യാത പണ്ഡിതനുമായ ഡോ. ഹെർമ്മൻ ഗുണ്ടർട്ട് മലയാള ഭാഷയുടെയും വ്യാകരണത്തിന്റെയും പഠനത്തിനും രചനയ്ക്കുമായി ഇരുപത് വർഷത്തോളം തലശ്ശേരിയിൽ താമസിക്കുകയുണ്ടായി. തലശ്ശേരിയിലെ പ്രശസ്തമായ ബ്രണ്ണൻ കോളേജ് 1866-ൽ സ്ഥാപിച്ചത് എഡ്വാർഡ് ബ്രണ്ണനാണ്. ഒരു കപ്പൽ ചേതത്തിലകപ്പെട്ട് തലശ്ശേരിയിൽ അഭയാർത്ഥിയായി എത്തിപ്പെട്ടതായിരുന്നു എഡ്വാർഡ് ബ്രണ്ണൻ. തെയ്യത്തിന്റെ താളത്തിൽ പ്രതിധ്വനിക്കുന്ന ഇടം കൂടിയാണ് തലശ്ശേരി. തെയ്യം ഇന്ന് UNESCO-യുടെ പൈതൃക കലാരൂപമാണ്. ഫെബ്രുവരി മാസത്തിൽ ഇതൾ വിരിയുന്ന ആണ്ടല്ലൂർ കാവ് ഉത്സവത്തിൽ തെയ്യത്തിലൂടെ രാമായണം അനാവരണം ചെയ്യപ്പെടുന്നു.

ചരിത്രം കണ്ണുചിമ്മാതെ നിൽക്കുന്ന തലശ്ശേരിയുടെ തെരുവുകളിൽ ഗതകാല യുദ്ധങ്ങളെ ഓർമ്മപ്പെടുത്തി തലശ്ശേരി കോട്ട പ്രൗഢിയോടെ നിലകൊള്ളുന്നു. സഞ്ചാരികളെ വിരുന്നുകാരുടെ പരിവേഷം ചാർത്തിയും ഊഷ്മളമായ സ്നേഹസൽക്കാരങ്ങൾ നൽകിയുമാണ് തലശ്ശേരിക്കാർ സ്വീകരിക്കുന്നത്.

ബ്രിട്ടീഷ് ഭരണത്തിൽ ജില്ലാ ജഡ്ജിയായിരുന്ന നാരായണൻ നായരുടെ എട്ട് കെട്ടായ പുരത്തലത്ത് വീടാണ് ഇന്ന് ജഡ്ജ് ബംഗ്ലാവായി അറിയപ്പെടുന്നത്. ഹെറിറ്റേജ് 1866 എന്ന് ഔദ്യോഗികമായി നാമകരണം നൽകിയിട്ടുള്ള ജഡ്ജ് ബംഗ്ലാവ് ഒരു പ്രമുഖ പൈതൃക ഹോം സ്റ്റേയാണ്. കണ്ണൂർ റവന്യൂ ജില്ലയുടെ ജുഡീഷ്യൽ ആസ്ഥാനം കൂടിയാണ് തലശ്ശേരി.

വെല്ലസ്ലി ബംഗ്ലാവ്, ഓവർബറി ഫോളി, ഗുണ്ടർട്ട് ബംഗ്ലാവ്, ജവഹർ ഘട്ട് തുടങ്ങി ഒട്ടനവധി ചരിത്രമുറങ്ങുന്ന ഇടങ്ങൾ ഉൾക്കൊള്ളുന്ന തലശ്ശേരി ഇന്ന് വികസനത്തിന്റെ പാതയിലാണ്. തലശ്ശേരിയുടെ വികസനത്തിന് മാറ്റ് കൂട്ടുന്ന ആറ് വരി തലശ്ശേരി-മാഹി ബൈപ്പാസ് സാക്ഷാത്ക്കരിക്കപ്പെട്ടിരിക്കുന്നു. ബൈപ്പാസിന് കീഴിലുള്ള ഒഴിഞ്ഞ സ്ഥലങ്ങൾ ക്രിയാത്മകമായി ഉപയോഗിക്കുന്നതിനായി ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ വഴി പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

തലശ്ശേരി പൈതൃക ഓട്ടമത്സരം എല്ലാവർഷവും അരങ്ങേറുന്നുണ്ട്. ഇരുപത് കിലോമീറ്റർ ദൂരമുള്ള മാരത്തോണിലൂടെ വിളിച്ചോതുന്നത് തലശ്ശേരിയുടെ പൈതൃകമൂല്യം തന്നെയാണ്. ആയിരത്തിലധികം ആളുകളുടെ പങ്കാളിത്തത്തോടെയാണ് ഈ മാരത്തോൺ സംഘടിപ്പിക്കപ്പെടുന്നുത്. ചരിത്രം ഉറങ്ങുന്ന തലശ്ശേരി കോട്ട, സെൻറ് ജോൺസ് ആഗ്ലിക്കൻ ചർച്ച്, താഴെ



അങ്ങാടി പൈതൃക തെരുവ്, ശ്രീ ജഗന്നാഥ ക്ഷേത്രം, തിരുവങ്ങാട് ശ്രീരാമസ്വാമി ക്ഷേത്രം, ഓടത്തിൽ പള്ളി, പാരീസ് ഹോട്ടൽ തെരുവ് തുടങ്ങിയ വഴികളിലൂടെയാണ് പൈതൃക ഓട്ടം സംഘടിപ്പിക്കപ്പെടുന്നത്.

ചരിത്രം വിളിച്ചോതുന്ന തലശ്ശേരി കടൽപ്പാലം അനായാസമായി ചരക്ക് നീക്കം നടത്തുന്നതിനായി ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി 1910-ൽ നിർമ്മിച്ചതാണ്. തലശ്ശേരിയെ ഒരു വാണിജ്യ കേന്ദ്രമായി പരുവപ്പെടുത്തുന്നതിൽ തലശ്ശേരി കടൽപ്പാലം സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

കായിക രംഗത്ത് തലശ്ശേരിക്ക് സുദീർഘമായ ചരിത്രമുണ്ട്. എല്ലാവർഷവും തലശ്ശേരി മുനിസിപ്പൽ ക്രിക്കറ്റ് ഗ്രൗണ്ടിൽ രഞ്ജി ട്രോഫി ക്രിക്കറ്റ് മത്സരങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഈ ഗ്രൗണ്ടിൽ 1800-കളുടെ തുടക്കത്തിൽ വെല്ലസ്ലി പ്രഭുവാണ് ആദ്യമായി ബോൾ എറിഞ്ഞത്. തുടർന്ന് 1850-ൽ ഇന്ത്യയിലെ തന്നെ ആദ്യത്തെ ക്രിക്കറ്റ് ക്ലബ്ബ് തലശ്ശേരിയിൽ രൂപം കൊണ്ടു. കായിക വിദ്യാഭ്യാസം സ്കൂൾ പാഠ്യപദ്ധതിയിൽ ആദ്യമായി നിർബന്ധമാക്കിയതും തലശ്ശേരിയിലെ ബി.ജി.എം സ്കൂളിലാണ്. കായിക മേഖലയിൽ നിരവധി പ്രതിഭകളെ വാർത്തെടുക്കുന്നതിൽ ഇത് നിർണ്ണായകമായി. ഇന്ത്യൻ സർക്കസ്സ് വ്യവസായത്തിന്റെ അമരക്കാരൻ കീളേരി കുഞ്ഞിക്കണ്ണന്റെ അശ്രാന്ത പരിശ്രമം തലശ്ശേരിയെ ഇന്ത്യൻ സർക്കസ്സിന്റെ തൊട്ടിലായി അറിയപ്പെടാൻ കാരണമായി.

കളരിപ്പയറ്റിന് പേരുകേട്ട തലശ്ശേരിയിൽ കളരിപ്പയറ്റ് കേരളത്തിന്റെ ചരിത്രവുമായി ഇഴചേർന്നു കിടക്കുന്നു. ഏഴരക്കണ്ടംപാടത്ത് പണ്ട് സാക്ഷ്യം വഹിച്ച തച്ചോളി ഒതേനനും കതിരൂർ ഗുരുക്കളും തമ്മിലുള്ള അങ്കസ്മരണ പുതുക്കി



എല്ലാവർഷവും പൊന്ന്യം ഗ്രാമത്തിൽ പൊന്ന്യത്തങ്കം നടത്തി വരുന്നു. അങ്കത്തിൽ കതിരൂർ ഗുരുക്കളെ തച്ചോളി ഒതേനൻ പരാജയപ്പെടുത്തി എങ്കിലും ഒതേനൻ ചതിയിൽ കൊല്ലപ്പെട്ടു. ആ ധീര യോദ്ധാക്കളുടെ വീരസ്മരണ നിലനിർത്താനും പുതുതലമുറയെ പ്രചോദിപ്പിക്കുന്നതിനുമാണ് പൊന്ന്യത്തങ്കം സംഘടിപ്പിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്.

ഇന്ന് കേന്ദ്രസർക്കാരിന്റെ സ്വദേശി ദർശൻ 2.0 സ്കീമിന്റെ ഭാഗമായി തലശ്ശേരിക്ക് 250 ലക്ഷം രൂപ ആദ്യ ഗഡുവായി അനുവദിക്കപ്പെട്ടു കഴിഞ്ഞു. ആധ്യാത്മിക ടൂറിസത്തിന്റെ വിഭാഗത്തിൽ തലശ്ശേരിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. ചിറക്ക് കാവ് ഭഗവതി ക്ഷേത്രം, ജഗന്നാഥ ക്ഷേത്രം, പൊന്ന്യം കളരി കേന്ദ്രം, ചൊക്ലിയിലെ തെയ്യം സാംസ്കാരിക കേന്ദ്രം, താഴെ അങ്ങാടി പൈതൃക പരിസരം പുനരുജ്ജീവനം എന്നിവ ആധ്യാത്മിക ടൂറിസം ഡെസ്റ്റിനേഷന്റെ ഭാഗമാണ്.

കായിക വിനോദം ലഹരിയായി നെഞ്ചേറ്റുന്ന തലശ്ശേരിയിലെ എരഞ്ഞോളിയിൽ ഫുട്ബോൾ ഉത്സവങ്ങൾ 2025 ഏപ്രിലിൽ അരങ്ങേറുകയുണ്ടായി. കിക്കോഫിനായുള്ള പന്ത് സ്റ്റേഡിയത്തിലേക്ക് കൊണ്ടുവന്നത് തലശ്ശേരി എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ വിഭാഗം വിദ്യാർത്ഥികൾ സ്വയം നിർമ്മിച്ച വാഹനത്തിലാണ് എന്നത് ചടങ്ങിന് മാറ്റ് കൂട്ടി.

തലശ്ശേരിയുടെ അതിരുകളില്ലാത്ത ആഘോഷങ്ങളുടെ കേന്ദ്രമാണ് ജവഹർഘട്ട്. ഇവിടെ കാലുറപ്പിച്ച് നിന്നാൽ തലശ്ശേരിയുടെ ചരിത്രമാകെ അറിയുവാൻ സാധിക്കും. മുന്നിൽ ആർത്തിരമ്പുന്ന അറബിക്കടൽ, ഇടതു ഭാഗത്ത് ബ്രിട്ടീഷ് കാലത്തെ വാണിജ്യ കവാടമായ കടൽപ്പാലം. വലത് വശത്ത് യൂറോപ്യൻ വാസ്തുവിദ്യയുടെ അടയാളമായ സെന്റ് ആംഗ്ലിക്കൽ പള്ളിയും മഹാനായ ബ്രണ്ണൻ സായിപ്പ് ഉൾപ്പെടെ വിശ്രമിക്കുന്ന സെമിത്തേരിയും, പിന്നിൽ നൂ



"മൂന്ന് സി-കളുടെ നാട്
എന്നറിയപ്പെടുന്ന തലശ്ശേരി ഇന്ന്
അഞ്ച്  സി-കളുടെ നാടായി
അപ്ഗ്രേഡ് ചെയ്യപ്പെട്ടിരിക്കുന്നു.
ക്രിക്കറ്റിനും സർക്കസ്സിനും
കേക്കിനുമൊപ്പം കോർട്ട്
കോംപ്ലക്സും കാൻസർ കെയറും
തലശ്ശേരിയുടെ അഭിമാന
സ്തംഭങ്ങളായി മാറുന്നു."

റ്റാണ്ടുകളുടെ ബ്രിട്ടീഷ് അധിനിവേശത്തിന്റെ ഓർമ്മകൾ ഓരോ ചുവരിലും എഴുതിവെച്ച തലശ്ശേരി കോട്ടയും ചവിട്ടി നിൽക്കുന്ന മണ്ണാകട്ടെ സ്വാതന്ത്ര്യസമര പോരാട്ടങ്ങളിൽ ജീവൻ നൽകി പോരാടി രക്തസാക്ഷികളായ അബുവിന്റെയും ചാത്തുകുട്ടിയുടെയും രക്തം വീണ് ചുവന്ന ഭൂമിയും.

തലശ്ശേരിയുടെ ഫാഷൻ സ്ട്രീറ്റാണ് ടെലിടവർ. നൂറിലധികം ഷോപ്പുകളും വസ്ത്രവ്യാപാര കേന്ദ്രങ്ങളും വെള്ളിവെളിച്ചം വിതറുന്ന വീഥികളും സ്റ്റേഹരുചി വിളമ്പുന്ന ഭക്ഷണശാലകളും ടെലിടവറിനെ സവിശേഷമാക്കുന്നു.

രണ്ടു പതിറ്റാണ്ടിലേറെ നീളുന്ന നീതിന്യായ നിർവ്വഹണത്തിന്റെ ഓർമ്മകൾ അലയടിക്കുന്ന തലശ്ശേരി കോടതിയുടെ പുതിയ കെട്ടിടം കേരളത്തിന്റെ ആദരണീയനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നാടിനായി തുറന്നു നൽകുകയുണ്ടായി. അതോടൊപ്പം മലബാർ കാൻസർ സെന്ററിൽ പുതിയ ട്രീറ്റ്മെന്റ് ബ്ലോക്കിന്റെയും അക്കാദമി ബ്ലോക്കിന്റെയും ഉദ്ഘാടനവും നിർവ്വഹിക്കപ്പെട്ടു.

മൂന്ന് സി-കളുടെ നാട് എന്നറിയപ്പെടുന്ന തലശ്ശേരി ഇന്ന് അഞ്ച്  സി-കളുടെ നാടായി അപ്ഗ്രേഡ് ചെയ്യപ്പെട്ടിരിക്കുന്നു. ക്രിക്കറ്റിനും സർക്കസ്സിനും കേക്കിനുമൊപ്പം കോർട്ട് കോംപ്ലക്സും കാൻസർ കെയറും തലശ്ശേരിയുടെ അഭിമാന സ്തംഭങ്ങളായി മാറുന്നു.

കൊടിയ പീഡനങ്ങളും വെല്ലുവിളികളും സധൈര്യം നേരിട്ട് തലശ്ശേരിയിൽ തൊഴിലാളിപക്ഷ രാഷ്ട്രീയത്തിന് മേൽക്കൈനേടാനും ജനകീയ അടിത്തറ കെട്ടിപ്പൊക്കാനും അഹോരാത്രം പണിയെടുത്ത ജനകീയ നേതാവ് യശ്ശശരീരനായ  കോടിയേരി ബാലകൃഷ്ണൻ തലശ്ശേരിയുടെ സംഭാവനയാണ്.

ഇന്ന് തലശ്ശേരി പിന്തുടരുന്ന വികസന മാതൃക കോടിയേരി ബാലകൃഷ്ണൻ വിഭാവനം ചെയ്ത ജനകീയ പങ്കാളിത്തത്തോടെയുള്ള വികസന മാതൃകയാണ്. ഇതിന്റെ ഒട്ടേറെ ദൃഷ്ടാന്തങ്ങൾ തലശ്ശേരിയിൽ സുലഭമാണ്. അമ്മയും കുഞ്ഞും ആശുപത്രി, പയ്യന്നൂർ ഐ.ടി.ഐ, കോടിയേരി സ്മാരക കോളേജ് എന്നിവ ഏതാനും ഉദാഹരണങ്ങളാണ്.

രാജ്യത്തിന് മാതൃകയായ നവകേരള സൃഷ്ടിയിൽ തിളക്കമാർന്ന വികസനഗാഥകളുമായി തലശ്ശേരി മുന്നേറുകയാണ്.

••••



# ഭരണഘടനാ നിർമ്മാണസഭ ചർച്ചകളുടെ
# മലയാള പരിഭാഷയുടെ പ്രസക്തി

**പിണറായി വിജയൻ**
മുഖ്യമന്ത്രി

4, 5, 9, 10, 14, 15 നിയമസഭകളിൽ അംഗം
1996-1998 വർഷത്തിൽ വൈദ്യുതിയും
സഹകരണവും വകുപ്പുമന്ത്രി
2016 മുതൽ മുഖ്യമന്ത്രി

ഭരണഘടനാ അസംബ്ലി ചർച്ചകളുടെ മലയാള പരിഭാഷയുടെ ആദ്യ വാല്യം പ്രകാശനം ചെയ്യപ്പെട്ടിരിക്കുകയാണ്. കേരള നിയമസഭയുടെ മാതൃകാപരമായ മുൻകൈയാണ് ഈ പരിഭാഷ. ഭാഷാ സങ്കീർണ്ണതകളുടെ തടസ്സമില്ലാതെ പൊതുപ്രവർത്തകർക്കും ഗവേഷകർക്കും പൊതുജനങ്ങൾക്കും ഇന്ത്യൻ ഭരണഘടനയുടെ രൂപീകരണവഴികൾ മനസ്സിലാക്കാനുതകുന്ന ഒന്നാകും ഭരണഘടനാ അസംബ്ലി ചർച്ചകളുടെ പരിഭാഷ.

ഭരണഘടനാ നിർമ്മാണ സഭയുടെ, 6,337 പേജുകളുള്ള ഔദ്യോഗിക റിപ്പോർട്ട് 12 വാല്യങ്ങളിലായി ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ 1950 ലാണ് പ്രസിദ്ധീകരിച്ചത്. 1946 ഡിസംബർ 9 മുതൽ 1949 നവംബർ 26 ന് ഭരണഘടനയ്ക്ക് അംഗീകാരം നൽകുന്നതുവരെയുള്ള ചർച്ചകളാണ് അതിൽ ഉൾപ്പെടുത്തിയിരുന്നത്.

ഇന്നത്തെ കാലത്ത് എന്തുകൊണ്ടും പ്രാധാന്യമർഹിക്കുന്ന ഒന്നാണ് ഭരണഘടനാ വിദ്യാഭ്യാസം. എന്തുകൊണ്ടെന്നാൽ, ഭരണഘടന നമുക്കു നൽകുന്ന അവകാശങ്ങളെക്കുറിച്ച് വ്യക്തതയില്ലാത്തവരാണ് സമൂഹത്തിലെ ഭൂരിപക്ഷവും. അതുകൊണ്ടുതന്നെ പലപ്പോഴും ഉരുക്കുമുഷ്ടികൾക്കും അടിച്ചമർത്തലുകൾക്കും പലരും വിധേയരാവുകയും ചെയ്യും. രാജ്യത്തെ വർത്തമാനകാല സാഹചര്യം പരിശോധിച്ചാൽ തന്നെ അതു മനസ്സിലാവും. ഇത്തരം അടിച്ചമർത്തലുകളെ നേരിടാനുള്ള പൗരന്റെ ഏറ്റവും വലിയ പരിചയാണ് ഭരണഘടന. അതു നൽകുന്ന അവകാശങ്ങൾ കൃത്യമായി അറിയുന്നവർക്കു മാത്രമേ ആ അവകാശങ്ങളുടെ നിഷേധത്തിനെതിരെ അർത്ഥപൂർണ്ണമായി ഭരണഘടനയെ ഉപയോഗിക്കുവാൻ സാധിക്കുകയുള്ളൂ. ആ സാധ്യത സാധാരണ ജനങ്ങൾക്കാകെ പ്രാപ്തമാക്കുന്നതിനു സഹായിക്കും എന്നതാണ് ഈ പരിഭാഷയുടെ ഏറ്റവും വലിയ പ്രസക്തി.

വൈവിധ്യമാർന്ന ആശയധാരകളുടെ സൃഷ്ടിയാണ് ഭരണഘടന. അതിൽ തദ്ദേശീയവും വിദേശീയവുമായ ജനാധിപത്യ അംശങ്ങളുണ്ട്. ബ്രിട്ടീഷ് പാർലമെന്റിന്റെയും അമേരിക്കൻ ഭരണഘടനയുടെയുമെല്ലാം ആശയങ്ങളുണ്ട്. സോഷ്യലിസ്റ്റ് സങ്കൽപ്പങ്ങളുണ്ട്. പഞ്ചായത്ത് സമ്പ്രദായം മുതൽ ജനാധിപത്യ വികേന്ദ്രീകരണം വരെയുള്ള ചിന്താ പദ്ധതികളുണ്ട്. ഇവയുടെയെല്ലാം സത്തകളെ സന്നിവേശിപ്പിക്കുന്ന സവിശേഷ രൂപത്തിലുള്ള ഭരണഘടനയാണ് നമുക്കുള്ളത്.

ഭരണഘടന ഒരു ദിവസം പെട്ടെന്നുണ്ടായതല്ല. ഗ്രീക്ക് ചിന്തകരായ പ്ലേറ്റോ, അരിസ്റ്റോട്ടിൽ തുടങ്ങിയവരുടെ കാലം മുതൽ ആവിഷ്കരിക്കുകയും കാലാകാലങ്ങളിൽ മാറ്റങ്ങൾക്കും കൂട്ടിച്ചേർക്കലുകൾക്കും വിധേയമാവുകയും ചെയ്ത ആശയ സങ്കൽപ്പങ്ങളുണ്ട് നാമിന്നു കാണുന്ന ഭരണഘടനാ തത്വങ്ങൾക്കു പിന്നിൽ.



'Man is born free' എന്നു മനുഷ്യസ്വാതന്ത്ര്യത്തെക്കുറിച്ച് ഉദ്ഘോഷിച്ചപ്പോൾപോലും'But every where he is in chains'എന്നു പരിതപിക്കുകകൂടി ചെയ്തു റൂസോ. നാം നമ്മുടെ ഭരണഘടനയിൽ മൗലികാവകാശങ്ങൾ നിജപ്പെടുത്തി വ്യക്തിസ്വാതന്ത്ര്യത്തെ അംഗീകരിച്ചപ്പോൾത്തന്നെ, അതിന് ഏതെല്ലാം തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്താം എന്നതുകൂടി വ്യക്തമാക്കിയതിലുണ്ട്, റൂസോയുടെ ഈ ദ്വന്ദ്വചിന്തയുടെ പ്രതിഫലനം. ഭരണഘടനാപരമായി അനുവദനീയമായ നിയന്ത്രണങ്ങൾക്കപ്പുറത്ത് സ്റ്റേറ്റ് പലപ്പോഴും വ്യക്തിസ്വാതന്ത്ര്യത്തിനു നേർക്കു കടന്നുകയറുന്നത് അടിയന്തരാവസ്ഥയിൽ നാം കണ്ടു. അതിന്റെ അമ്പതാം വാർഷികം കൂടിയാണല്ലോ ഇത്. അത്തരം നിയന്ത്രണങ്ങളുടെ കരിനിഴലുകളിൽ നിന്നു വിമുക്തമല്ല ഇന്നും നമ്മുടെ രാഷ്ട്രം. ഇത്തരം സന്ദർഭങ്ങളിൽ ഫലപ്രദമായ പ്രതിരോധം തീർക്കാൻ ജനങ്ങൾക്കു കഴിയണമെങ്കിൽ ഭരണഘടനയുടെ അനുശാസനങ്ങൾ മാത്രമല്ല, അതിലേക്ക് എത്തിച്ചേർന്ന വഴികളും നമ്മൾ അറിയേണ്ടതുണ്ട്.

ഭരണഘടന നൽകുന്ന അവകാശങ്ങൾ സമാനമായ പരിസ്ഥിതികളിൽ മറ്റു രാജ്യങ്ങൾ പ്രായോഗികതലത്തിൽ കൊണ്ടുവന്നപ്പോൾ ഉണ്ടായ അനുഭവങ്ങളിൽ നിന്നുവന്ന പാഠങ്ങൾ കൂടി ഈ കോൺസ്റ്റിറ്റ്യൂവൻറ് അസംബ്ലി ഡിബേറ്റുകളിൽ പ്രതിഫലിക്കുന്നതു കാണാം.

വൈദേശികമായതുകൊണ്ട് ഇംഗ്ലീഷ് പാടില്ല എന്ന് അധികാരസ്ഥാനത്തുള്ളവർ തന്നെ പറയുന്ന കാലമാണല്ലോ ഇത്. 'വൈദേശികം' എന്ന മുദ്രകുത്തി എല്ലാത്തിനേയും തള്ളുന്ന ഒരു നിലപാട് ഭരണഘടനാ നിർമ്മാതാക്കൾ സ്വീകരിച്ചിരുന്നെങ്കിൽ ഈ ഭരണഘടനയേ ഉണ്ടാവുമായിരുന്നില്ല. ഡെമോക്രസി, സെക്യൂലറിസം, സോഷ്യലിസം തുടങ്ങിയ അടിസ്ഥാന ഭരണഘടനാ തത്വങ്ങൾ തന്നെ പുറത്തുനിന്നു വന്നതല്ലേ? ആ അടിസ്ഥാനത്തിൽ തൊടാൻ പാടില്ല എന്നു സുപ്രീംകോടതി തന്നെ തറപ്പിച്ചു പറഞ്ഞു. കേശവാനന്ദ ഭാരതിയിൽ നിന്നു തുടങ്ങി എസ്.ആർ. ബൊമ്മൈ കേസിലടക്കം ഭരണഘടനയുടെ അടിസ്ഥാന പ്രമാണങ്ങൾ ഉലയ്ക്കരുതെന്നു കോടതി എത്രയോവട്ടം പറഞ്ഞു.

ഇതൊന്നും മറന്നുകൂടാത്തതാണ്.

വൈവിധ്യങ്ങളെ ഇല്ലാതാക്കുക, ഏകശിലാത്മകത കൊണ്ടുവരിക എന്നതായിരുന്നില്ല ഭരണഘടനയുടെ ലക്ഷ്യം. വൈവിധ്യങ്ങളെ ഉയർത്തിപ്പിടിച്ച് മുന്നോട്ടുപോവുക എന്നതായിരുന്നു. വരുംകാല ലോകത്തിനു മുന്നിൽ തലയുയർത്തി നിൽക്കാൻ അങ്ങനെയൊരു ഭണഘടനയാണ് വേണ്ടതെന്ന് അന്നേ ഭരണഘടനാ ശില്പികൾ തിരിച്ചറിഞ്ഞിരുന്നുവെന്ന് സാരം. ആ തിരിച്ചറിവിലേക്ക് ഭരണഘടനാ അസംബ്ലി എത്തിച്ചേർന്നതെങ്ങനെയെന്ന് വെളിപ്പെടുത്തുന്നതു കൂടിയാണ് ഭരണഘടനാ അസംബ്ലി ചർച്ചകൾ.

നമ്മുടെ ഭരണഘടന ഒരേസമയം കൺസർവേറ്റീവും ട്രാൻസ്ഫർമേറ്റീവുമാണ്. അതിൽ നിശിതമായി പറഞ്ഞുവച്ചവയുമുണ്ട്; കാലാനുസൃതമായി മാറ്റേണ്ടതുമുണ്ട്. അവ എന്തെല്ലാമെന്ന് കൃത്യമായി വെളിപ്പെടുത്തുന്നതാണ് ഭരണഘടനാ അസംബ്ലി ചർച്ചകൾ.

മൗലികാവകാശം, വൺ മാൻ വൺ വോട്ട്, സമത്വം, ജാതി-മത വിവേചനങ്ങൾക്കതീതമായ പൗരത്വ തുല്യത തുടങ്ങിയവയെല്ലാം പറഞ്ഞുറപ്പിച്ചുവച്ചവയാണ്. സാമൂഹികവും സാമ്പത്തികവുമായ ജനാധിപത്യം സാധ്യമാക്കാൻ കൈക്കൊള്ളേണ്ടതും സമയബന്ധിതമായി പ്രാവർത്തികമാക്കേണ്ടതുമായ കാര്യങ്ങളാണ് ട്രാൻസ്ഫർമേറ്റീവ് അഥവാ കാലാനുസൃതമായ മാറ്റങ്ങൾക്ക് വിധേയമാകേണ്ടത്.

ഈ വ്യത്യാസം മനസ്സിലാക്കിയാൽ മാത്രമേ ഭരണഘടനയുടെ ഈ ദ്വിമുഖ സ്വഭാവം മനസ്സിലാകൂ. മാറേണ്ടതും മാറിക്കൂടാത്തതും തമ്മിലുള്ള അന്തരം മനസ്സിലാകൂ. ആ അന്തരം മനസ്സിലാക്കിത്തന്നുകൊണ്ടാണ് കേശവാനന്ദ ഭാരതി കേസിൽ സുപ്രീം കോടതി വിധി പ്രസ്താവം നടത്തിയത്.


ഭരണഘടനയുടെ ആമുഖം സത്യത്തിൽ ഒരു മാർഗ്ഗദീപമാണ്. നിർദേശക തത്വങ്ങളാകട്ടെ, രാഷ്ട്രം സഞ്ചരിക്കേണ്ട പാതയുമാണ്. ആ ദീപം ഏറ്റുവാങ്ങി പാതകളിൽ വെളിച്ചം പടർത്തി മുന്നേറേണ്ടവർ, ആ വിളക്കു കെടുത്തി പാതയിൽ ഇരുട്ടിൽ തപ്പുന്നതാണ് പലപ്പോഴും കാണുന്നത്. ഈ സാഹചര്യത്തിലാണ് ഭരണഘടനയുടെ മൂല്യങ്ങളെ ദീപങ്ങളാക്കി വിളക്കിയെടുക്കേണ്ടത് അത്യാവശ്യമാവുന്നത്. ആ ഉത്തരവാദിത്വമാണു നമ്മൾ ഏറ്റെടുക്കുന്നത്.

കോൺസ്റ്റിറ്റ്യുവൻറ് അസംബ്ലി ഡിബേറ്റു വായിച്ചാൽ നമുക്കു മനസ്സിലാവുന്ന മറ്റൊരു കാര്യം, ഭരണഘടന കേവലമൊരു ലീഗൽ ഡോക്യുമെൻറ് മാത്രമല്ല, അത് ഒരു ജനതയുടെ ചരിത്രപരവും സാംസ്കാരികവുമായ പരിണാമങ്ങളുടെ ഉല്പന്നം കൂടിയാണ് എന്നതാണ്.

> "വൈവിധ്യങ്ങളെ ഇല്ലാതാക്കുക, ഏകശിലാത്മകത കൊണ്ടുവരിക എന്നതായിരുന്നില്ല ഭരണഘടനയുടെ ലക്ഷ്യം. വൈവിധ്യങ്ങളെ ഉയർത്തിപ്പിടിച്ച് മുന്നോട്ടുപോവുക എന്നതായിരുന്നു. വരുംകാല ലോകത്തിനു മുന്നിൽ തലയുയർത്തി നിൽക്കാൻ അങ്ങനെയൊരു ഭണഘടനയാണ് വേണ്ടതെന്ന് അന്നേ ഭരണഘടനാ ശില്പികൾ തിരിച്ചറിഞ്ഞിരുന്നുവെന്ന് സാരം."

സർ ഐവർ ജന്നിംഗ്സിനെപ്പോലെയുള്ള നിയമപണ്ഡിതർ നീണ്ട ഭരണഘടനയ്ക്ക് അനുകൂലമായിരുന്നില്ല. എന്നാൽ, കാലവും ചരിത്രസംഭവവികാസങ്ങളും അവരുടെ നിലപാട് തെറ്റാണെന്നു തെളിയിച്ചു. ലോകത്തിലെ ഏറ്റവും വലിയ ഭരണഘടനകളിലൊന്നാണു നമ്മുടേത്. അത് അങ്ങനെയായത് എന്തുകൊണ്ടാണ്? മതം, ജാതി, ഭാഷാ വ്യത്യാസങ്ങളുള്ള, കാലിഡോസ്കോപിക് സ്വഭാവമുള്ള ഒരു ജനതയാണു നമ്മുടേത്. ആ വൈജാത്യങ്ങളെ അംഗീകരിക്കുകയും സമന്വയിപ്പിക്കുകയും ചെയ്യേണ്ടിവന്നതു കൊണ്ടാണ് ഇത് ഇത്ര നീണ്ടതായത്.

ഉദാഹരണത്തിന്, നമ്മുടെ ഭരണഘടന untouchability-യെ ഒരു കുറ്റകൃത്യമാക്കിയിട്ടുണ്ട്. ഇന്ത്യക്കു പുറത്ത് untouchability എന്നാൽ എന്താണ് എന്നറിയുന്നവർ പോലും വിരളമായിരിക്കും. untouchability തൊട്ടുകൂടായ്മയാണല്ലോ. ഇന്ത്യൻ സമൂഹത്തിൽ മാത്രമായി നിലനിന്ന ഈ തൊട്ടുകൂടായ്മ എന്തെന്നു ലോകത്തു മറ്റൊരു സമൂഹത്തിനും അറിയില്ല. സാംക്രമിക രോഗമുള്ളതുകൊണ്ടു തൊട്ടുകൂടാതായി എന്നേ അവർ കരുതൂ. സാമൂഹിക ദുരാചാരമാണെന്നു മനസ്സിലാകില്ല. ഇതുപോലുള്ള സാമൂഹിക സൂക്ഷ്മാംശങ്ങളെ വരെ സംബോധന ചെയ്യേണ്ടി



വന്നതുകൊണ്ടാണ് നമ്മുടെ ഭരണഘടന ഈ വിധത്തിൽ നീണ്ടത്. ഇതുമാതിരിയുള്ള ചരിത്രപരവും സാംസ്കാരികവുമായ അംശങ്ങൾ എങ്ങനെ ഭരണഘടനയിൽ ഉൾച്ചേർന്നു എന്നത് ആ ഡിബേറ്റു വായിച്ചാലേ മനസ്സിലാക്കാനാവൂ.

ഡോ. ബി. ആർ. അംബേദ്കറെപ്പോലുള്ള പ്രതിഭാശാലികൾക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടു കൂടി വേണം ഭരണഘടനയെ മനസ്സിലാക്കുക എന്ന ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടത്. സമൂഹത്തിൽ ഏറ്റവും അധഃസ്ഥിതരെ, ഏറ്റവും ചൂഷണം ചെയ്യപ്പെട്ടവരെക്കുറിച്ചുള്ള കരുതലോടെ ഭരണഘടനാ നിർമാണത്തിൽ ഇടപെട്ട നേതാവാണ് അംബേദ്കർ. രാഷ്ട്രീയ ജനാധിപത്യത്തിൽ സാമൂഹിക നീതി, ജനാധിപത്യ നീതി എന്നിവ രാഷ്ട്രശരീരത്തിന്റെ രക്തമാംസങ്ങളാണ് എന്ന് നമ്മെ ഓർമ്മപ്പെടുത്തി അദ്ദേഹം. ആ നീതിയില്ലെങ്കിൽ, ആ രക്തവും മാംസവുമില്ലെങ്കിൽ രാഷ്ട്രശരീരം ബാക്കിയുണ്ടാവില്ല എന്നർത്ഥം. ഇക്കാര്യം നാം നമ്മെത്തന്നെ ഓർമിപ്പിക്കേണ്ട ഘട്ടമാണിത്.

നമ്മുടെ ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾ അതിന്റെ ആമുഖത്തിൽ തന്നെ വിവരിച്ചിട്ടുണ്ട്. നാം ഇന്ത്യൻ ജനത എന്നു തുടങ്ങി പരമാധികാര, സോഷ്യലിസ്റ്റ്, മതനിരപേക്ഷ, ജനാധിപത്യ, റിപ്പബ്ലിക്കായി ഇന്ത്യയെ പ്രഖ്യാപിക്കുന്നു അതിൽ. ഈ രാജ്യത്തെ പൗരന്മാർക്കെല്ലാം നീതി, സ്വാതന്ത്ര്യം, തുല്യത, സാഹോദര്യം എന്നിവ ലഭ്യമാക്കുന്നതിനുള്ള പ്രതിജ്ഞ ചെയ്തുകൊണ്ടാണ് ഭരണഘടനയെ നമുക്കായി സമർപ്പിക്കുന്നത്.

നീതിയുറപ്പാക്കാൻ പ്രതിജ്ഞാബദ്ധമായ ഈ രാജ്യത്ത് അതുറപ്പാക്കപ്പെടുന്നുണ്ടോ? സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി ഉറപ്പാക്കപ്പെടുന്നുണ്ടോ? ചില വിഭാഗങ്ങളെ നീക്കിനിർത്തണമെന്നും ഒരു വിഭാഗത്തിനു മാത്രം മേൽക്കൈ വരണമെന്നും വാദിക്കുന്നവർക്ക് മേൽക്കൈ ഉണ്ടാകുമ്പോൾ സാമൂഹ്യനീതി ഇല്ലാതാവുന്നു. ദരിദ്രർ കൂടുതൽ ദരിദ്രരാകുമ്പോൾ സാമ്പത്തിക നീതി ഇല്ലാതാവുന്നു. സംസ്ഥാനങ്ങൾക്ക് രാഷ്ട്രീയ അഭിപ്രായ വ്യത്യാസത്തിന്റെ പേരിൽ അർഹമായ വിഹിതം നിഷേധിക്കുമ്പോൾ രാഷ്ട്രീയ നീതിയും ഇല്ലാതാവുകയാണ്.

സ്വാതന്ത്ര്യമെന്നത് ചിന്തിക്കാനും അഭിപ്രായ പ്രകടനം നടത്താനും ആവിഷ്ക്കാരം നടത്താനും ആരാധന നടത്താനുമുള്ള സ്വാതന്ത്ര്യം കൂടിയാണ്. എന്നാൽ അത് പൂർണ്ണമായും അനുവദിക്കപ്പെടുന്നുണ്ടോ? ഇല്ലെന്നുതന്നെ പറയേണ്ടിവരും. അഭിപ്രായം പ്രകടിപ്പിച്ച ചിലർക്ക് ജീവൻ നഷ്ടമാകുന്ന അവസ്ഥ, മറ്റു ചിലർക്ക് ജയിലിലാകേണ്ടിവരുന്ന അവസ്ഥ. അതിനുപയോഗിക്കപ്പെടുന്നതോ? ബ്രിട്ടീഷുകാർ നമ്മുടെ സ്വാതന്ത്ര്യസമരസേനാനികൾക്കുനേരെ ഉപയോഗിച്ച അതേ കരിനിയമ വ്യവസ്ഥകളും!

ആരാധനാ സ്വാതന്ത്ര്യം തന്നെ രാജ്യത്തു പലയിടത്തും നിഷേധിക്കപ്പെടുന്ന സ്ഥിതിയുണ്ടാവുകയാണ്. അതിന്റെ വാർത്തകളാൽ മുഖരിതമാണ് രാജ്യത്തെ അന്തരീക്ഷം. സോഷ്യലിസത്തെക്കുറിച്ച് നമ്മുടെ ഭരണഘടന പറയുന്നു എന്നാൽ സോഷ്യലിസ്റ്റ് നയങ്ങൾക്കു പകരം നടപ്പാക്കപ്പെടുന്നത് മുതലാളിത്ത നയങ്ങൾ. പൊതുമേഖല വിറ്റഴിക്കലും കോർപ്പറേറ്റ് നികുതി ഇളവുനൽകലും തൊഴിൽ സമയം മുതലാളിക്ക് തോന്നുന്നപോലെ മാറ്റുന്നതിനുള്ള അധികാരം നൽകലും എല്ലാം നടക്കുന്നുണ്ട്. ഇത്തരത്തിൽ ഭരണഘടനയുടെ അടിസ്ഥാനത

> “ഭരണഘടനാ അസംബ്ലിയിൽ സ്വാഭാവികമായും സംസ്ഥാനങ്ങളുടെ സ്വയംഭരണത്തേക്കാൾ ഇന്ത്യയുടെ ഏകീകൃതമായ രീതിക്ക് ഊന്നൽ നൽകുന്ന ഭരണഘടനാ വ്യവസ്ഥകളാണ് ഉണ്ടായത്. ഇത്തരത്തിൽ അർദ്ധഫെഡറൽ രീതിയിലാണ് ഭരണഘടനയിൽ കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ വിഭാവനം ചെയ്യപ്പെട്ടത്. ധനപരവും സാമ്പത്തികവുമായ അധികാരങ്ങളിൽ കേന്ദ്രത്തിനാണ് ഭരണഘടന മുൻഗണന നൽകിയത്.”

ത്വങ്ങളിൽ നിന്നുതന്നെ ഭരണഘടനാപരമായി നിലവിൽ വന്ന സർക്കാരുകൾ വ്യതിചലിക്കുമ്പോൾ ഓരോ ആർട്ടിക്കിളിലേക്കും നമ്മുടെ ഭരണഘടനാ അസംബ്ലി എത്തിച്ചേർന്നതെങ്ങനെയെന്ന് പരിശോധിക്കുന്നത് ഉചിതമാകും. മതനിരപേക്ഷത, പൗരത്വം, സംസ്ഥാനങ്ങളുടെ പദവി, പ്രസിഡൻഷ്യൽ ഭരണരീതി എന്നിങ്ങനെയുള്ള വിഷയങ്ങൾ നമ്മുടെ ഭരണഘടനാശിൽപ്പികൾ ചർച്ച ചെയ്തിരുന്നോ? അതിലോരോന്നിലും അവർ തീരുമാനങ്ങളിലേക്കെത്തിച്ചേർന്നതെങ്ങനെ? ഇതെല്ലാം പൊതുജനങ്ങൾക്കു മനസ്സിലാക്കാം. ഇന്നുയർന്നുവരുന്ന പ്രതിലോമകരവും ജനാധിപത്യവിരുദ്ധവും വിവേചനാ ധിഷ്ഠിതവുമായ പല അഭിപ്രായങ്ങളും നേരത്തെ തന്നെ ഭരണഘടനാ നിർമ്മാതാക്കൾ സൂക്ഷ്മമായും സമഗ്രമായും ചർച്ച ചെയ്തു തള്ളിക്കളഞ്ഞവയാണെന്നും കോൺസ്റ്റിറ്റ്യൂഷണൽ അസംബ്ലി ഡിബേറ്റ്സ് വായിക്കുമ്പോൾ മനസ്സിലാകും.


ഭരണഘടനാ അസംബ്ലിയിൽ സ്വാഭാവികമായും സംസ്ഥാനങ്ങളുടെ സ്വയംഭരണത്തേക്കാൾ ഇന്ത്യയുടെ ഏകീകൃതമായ രീതിക്ക് ഊന്നൽ നൽകുന്ന ഭരണഘടനാ വ്യവസ്ഥകളാണ് ഉണ്ടായത്. ഇത്തരത്തിൽ അർദ്ധഫെഡറൽ രീതിയിലാണ് ഭരണഘടനയിൽ കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ വിഭാവനം ചെയ്യപ്പെട്ടത്. ധനപരവും സാമ്പത്തികവുമായ അധികാരങ്ങളിൽ കേന്ദ്രത്തിനാണ് ഭരണഘടന മുൻഗണന നൽകിയത്. കൺകറൻറ് ലിസ്റ്റിലുള്ള വിഷയങ്ങളിലും കേന്ദ്രത്തിനാണ് മുൻഗണന ലഭിക്കുന്നത്. ഭരണഘടനയിൽ പ്രതിപാദിക്കാത്ത അധികാരങ്ങളുമായി ബന്ധപ്പെട്ട് നിയമനിർമ്മാണം നടത്താനുള്ള അധികാരവും കേന്ദ്രത്തിന് തന്നെയാണ്. മാത്രമല്ല, അനുച്ഛേദം 356 പ്രകാരം സംസ്ഥാന സർക്കാരുകളെ പിരിച്ചുവിട്ട് രാഷ്ട്രപതി ഭരണം ഏർപ്പെടുത്താൻ കേന്ദ്രത്തിന് അധികാരമുണ്ടുതാനും. ഇത്തരത്തിലുള്ള പരിമിതികളെല്ലാം തന്നെ നിലനിർത്തിക്കൊണ്ടുള്ള ഒരു സംവിധാനമാണ് ഫെഡറൽ എന്നു പറയുമ്പോഴും രാജ്യത്ത് നിലനിൽക്കുന്നത്. ശക്തമായ കേന്ദ്രവും സംതൃപ്തമായ സംസ്ഥാനങ്ങളും പ്രാദേശിക സർക്കാരുകളായി മാറുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും എന്ന ആശയം ഉയർത്തിപ്പിടിച്ചുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഇക്കാര്യത്തിൽ നിലപാട് സ്വീകരിച്ചത്.

ഇപ്പോൾ കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെ വികേന്ദ്രീകരിച്ചു ജനാധിപത്യവൽക്കരിക്കുക എന്ന സമീപനം സ്വീകരിച്ച് മുന്നോട്ടുപോകുക എന്നത് പ്രധാനമായിത്തീർന്നിരിക്കുകയാണ്. എങ്കിൽ മാത്രമേ ഒരോ സംസ്ഥാനത്തിനും അർഹതപ്പെട്ട വിഭവങ്ങൾ ലഭ്യമാക്കുന്നതിനും സംസ്ഥാനത്തിന്റെ സവിശേഷതകൾ അനുസരിച്ച് നയപരിപാടികൾ ആവിഷ്കരിക്കുന്നതിനും സംസ്ഥാനങ്ങൾക്കു കഴിയുകയുള്ളൂ. എങ്കിൽ മാത്രമേ രാജ്യത്തെ മേഖലാപരമായ അസന്തുലിതാവസ്ഥ കുറയ്ക്കുകയെങ്കിലും ചെയ്യാനാവൂ.

ലെജിസ്ലേച്ചറിന്റെയും എക്സിക്യൂട്ടീവിന്റെയും ജുഡീഷ്യറിയുടെയും അധികാരവകാശങ്ങളും പ്രവർത്തനങ്ങളും കുറിച്ചിടുക മാത്രമല്ല ഇന്ത്യൻ ഭരണഘടന ചെയ്യുന്നത്. സമൂഹത്തിൽ പരിവർത്തനോന്മുഖമായി ഇടപെടുന്നതിനുള്ള വിശദമായ വിവരണങ്ങളുള്ള ഒരു സാമൂഹിക രേഖ മുമ്പോട്ടുവയ്ക്കുക കൂടിയാണ് അത് ചെയ്യുന്നത്. ആ വിധത്തിൽ ഭരണഘടനയെ മനസ്സിലാക്കാൻ ഉതകുന്ന ഒന്നാകും ഭരണഘടനാ അസംബ്ലി ചർച്ചകളുടെ പരിഭാഷ.

••••

# മ്യൂസിയങ്ങൾ
## പൈതൃക വഴിയിലെ സൂര്യതേജസ്സ്




**രാമചന്ദ്രൻ കടന്നപ്പള്ളി**
രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ
വകുപ്പ് മന്ത്രി

6, 12, 14, 15 കേരള നിയമസഭകളിൽ അംഗം
2009 -2011 ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
5, 6 ലോക്സഭകളിൽ അംഗം




ഭൂതകാലം വർത്തമാനത്തിലേക്കും ഭാവിയിലേക്കുമുള്ള വെളിച്ചമാണ്. വർത്തമാനകാലത്ത് നിന്ന് ആയിരിക്കണക്കിന് വർഷം പിന്നിലേക്ക് നീണ്ടുകിടക്കുന്ന മാനവചരിത്രവീഥികളിൽ പ്രകാശം ചൊരിയുന്ന ഗോപുരങ്ങളാണ് മ്യൂസിയങ്ങൾ. അവ നമ്മെ ഇന്നലെകളുടെ പാഠങ്ങൾ ഓർമ്മിപ്പിച്ചു കൊണ്ട് ഭാവിയുടെ നൂതന മേഖലകളിലേക്ക് നയിക്കുന്നു. മ്യൂസിയങ്ങളെ വെറും കാഴ്ചബംഗ്ലാവുകളായി കണ്ടിരുന്ന പഴയ കാലം മാറി ഇന്ന് അറിവിന്റെയും ചരിത്രയാഥാർത്ഥ്യങ്ങളുടെയും നേർസാക്ഷ്യങ്ങളാണു മ്യൂസിയങ്ങൾ എന്ന് നാം തിരിച്ചറിയുന്നു.

നമ്മുടെ മഹത്തായ പൈതൃകങ്ങളെയും ചരിത്രത്തെയും തിരോഭൂതമാക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുന്ന വർത്തമാനകാലത്ത് മ്യൂസിയങ്ങളുടെ പ്രസക്തി വർദ്ധിക്കുകയാണ്. "കഥ പറയുന്ന മ്യൂസിയങ്ങൾ" എന്നതാണ് ആധുനിക മ്യൂസിയം സങ്കല്പം. ഇവിടെ ഓരോ മ്യൂസിയവും പറയുന്ന കഥകൾ കേവലം കാല്പനികമല്ല, മറിച്ച് അവിടുത്തെ പ്രദർശന വസ്തുക്കളുടെ നേർസാക്ഷ്യങ്ങളുടെ പിൻബലത്തിലാണ്. ഇതുകൊണ്ടുതന്നെ യഥാർത്ഥ ചരിത്ര വസ്തുക്കളുടെ വീണ്ടെടുപ്പിന്റെ കേന്ദ്രങ്ങൾ കൂടിയാണത്. സങ്കുചിതവും വിഭാഗീയവുമായ പരിഗണനകൾക്കതീതമായ അനുഷ്ഠാനങ്ങളെന്ന നിലയിൽ മ്യൂസിയങ്ങൾ സത്യം മാത്രം പറയുന്ന ഇടങ്ങളാണ്.



കാലത്തിന്റ നേർ സാക്ഷ്യങ്ങളെന്ന നിലയിൽ ലോകമെമ്പാടും മ്യൂസിയങ്ങൾക്ക് വമ്പിച്ച സ്വീകാര്യത നേടിവരികയാണ്. പൈതൃകത്തിന്റെ ഈ കാവൽപ്പുരകളെയും അതിൽ പ്രദർശിക്കപ്പെടുന്ന വസ്തുക്കളെയും അക്കാദമിക ഗവേഷണങ്ങൾക്ക് ഉപയുക്തമാക്കിക്കൊണ്ട് ചരിത്രനിർമ്മിതിക്കുതകും വിധം പ്രയോജനപ്പെടുത്തിവരുന്നു.

1872-ൽ ഫ്രഞ്ച് നാഷണൽ കമ്മീഷൻ മ്യൂസിയങ്ങൾ സമൂഹത്തിന്റെ സ്വത്താണെന്ന് പ്രഖ്യാപിച്ചു. മ്യൂസിയംശാസ്ത്രം ഒരു പ്രത്യേക ശാഖയായി വളർന്നു. തുടർന്ന് ലോകമെമ്പാടുമുള്ള മ്യൂസിയം പ്രവർത്തകർ ഒത്തുചേർന്ന് ഇന്റർനാഷണൽ കൗൺസിൽ ഓഫ് മ്യൂസിയം (ICOM) എന്ന സംഘടനക്ക് രൂപം നൽകുകയും ഈ സംഘടനയുടെ നേതൃത്വത്തിൽ 1977 മുതൽ എല്ലാ വർഷവും മെയ് 18 അന്താരാഷ്ട്ര മ്യൂസിയം ദിനമായി ആചരിച്ചുവരികയും ചെയ്യുന്നു.

1992 മുതൽ ഈ ദിനത്തിൽ ഒരു വാർഷിക പ്രമേയം പ്രഖ്യാപിച്ചുവരുന്നു. 'മൃഗങ്ങളും പരിസ്ഥിതിയും' എന്നതായിരുന്നു ആദ്യത്തേത്. തുടർന്ന് ഓരോ വർഷവും വ്യത്യസ്ത ആശയങ്ങൾ പ്രഖ്യാപിക്കപ്പെടുന്നതിന്റെ ഭാഗമായി 'മ്യൂസിയങ്ങൾ വിദ്യാഭ്യസത്തിനും ഗവേഷണത്തിനും' എന്ന ആശയമാണ് 2024 ലെ മ്യൂസിയം ദിന പ്രമേയമായി അംഗീകരിച്ചിട്ടുള്ളത്.

മ്യൂസിയങ്ങളുടെ സൃഷ്ടിപരമായ അഭിലാഷങ്ങളും പരിശ്രമങ്ങളും കൂടുതൽ ഏകീകരിക്കാനും സാമൂഹ്യവികാസത്തിൽ മ്യൂസിയങ്ങളുടെ പ്രസക്തിയെക്കുറിച്ചും ഈ രംഗത്തെ വെല്ലുവിളികളെക്കുറിച്ചും അവബോധം സൃഷ്ടിക്കാനുമാണ് ഈ ദിവസം കൊണ്ട് ഉദ്ദേശിക്കുന്നത്.

1814-ൽ സ്ഥാപിക്കപ്പെട്ട 'ഇന്ത്യൻ മ്യൂസിയം കൽക്കട്ട'യാണ് ഇന്ത്യയിലെ ആദ്യത്തെ മ്യൂസിയം. കേരളത്തിൽ ആദ്യമായി പൊതുജനങ്ങൾക്കായി ഒരു മ്യൂസിയം സ്ഥാപിക്കപ്പെട്ടത് 1857-ൽ തിരുവി

താംകൂറിലായിരുന്നു. ഉത്രം തിരുന്നാൾ മാർത്താണ്ഡവർമ്മയുടെ കാലത്ത് ബ്രിട്ടീഷ് ഭൗതിക ശാസ്ത്രജ്ഞനും തിരുവിതാംകൂർ വാനനിരീക്ഷണ കേന്ദ്രത്തിന്റെ ഡയറക്ടറുമായിരുന്ന അലൻ ബ്രൗൺ ആയിരുന്നു ഇതിനു പിന്നിൽ പ്രവർത്തിച്ചത്. അദ്ദേഹത്തിന്റെ സ്വകാര്യ പുരാവസ്തു ശേഖരവുമായി തുടങ്ങിയ ഈ മ്യൂസിയം പിന്നീട് 1880-ൽ ആയില്യം തിരുനാനാൾ മഹാരാജാവിന്റെ കാലത്ത് 'നാപ്പിയർ മ്യൂസിയ' മായി പരിവർത്തനം ചെയ്യപ്പെട്ടു. ഇൻഡോ-മുഗൾ ശൈലിയിൽ പ്രശസ്ത ബ്രിട്ടീഷ് വാസ്തുശില്പി റോബർട്ട് ചിഷോം രൂപകല്പന ചെയ്തു സ്ഥാപിച്ച ഒന്നര നൂറ്റണ്ടിലേറെ പൈതൃകമുള്ളതും നമ്മുടെ തലസ്ഥാനനഗരിയിൽ പ്രൗഢിയോടെ ഇന്നും തലയുയർത്തി നിൽക്കുന്നതുമായ പൈതൃക മന്ദിരം തന്നെ ഒരു മ്യൂസിയമാണ്.

കോയിക്കൽ കൊട്ടാരം മ്യൂസിയം, തൃശ്ശൂർ കൊല്ലങ്കോട് മ്യൂസിയം, കായകുളം കൃഷ്ണപുരം കൊട്ടാരം മ്യൂസിയം, കോഴിക്കോട് പഴശ്ശിരാജ മ്യൂസിയം, വയനാട് പഴശ്ശി കുടീരം എന്നിവ നവീകരിക്കുകയും മലപ്പുറം തിരൂരങ്ങാടി പൈതൃക മ്യൂസിയം, പയ്യന്നൂർ ഗാന്ധി സ്മൃതി മ്യൂസിയം എന്നിവ പുതുതായി സ്ഥാപിക്കുകയും ചെയ്തു.

ലോകത്ത് തന്നെ അപൂർവ്വവും അത്ഭുതമുളവാക്കുന്നതുമായ താളിയോലകളുടെ നിധി ശേഖരമാണ് സംസ്ഥാന ആർക്കൈവ്സ്. ഇവയുടെ ശാസ്ത്രീയ സംരക്ഷത്തിനു പുറമെ 2024 ലെ മ്യൂസിയം ദിന പ്രമേയത്തിന് അനുഗുണമായി ഒരു അന്താരാഷ്ട്ര പഠന ഗവേഷണകേന്ദ്രത്തിന്റെ നിർമ്മാണം കാര്യവട്ടം കാമ്പസ്സിൽ പുരോഗമിക്കുകയാണ്.

ഇതോടൊപ്പംതന്നെ സംസ്ഥാന പുരാരേഖ വകുപ്പിൻ കീഴിൽ വൈക്കം സത്യാഗ്രഹ സ്മാരക മ്യൂസിയം, താളിയോല മ്യൂസിയം, കൈയ്യെഴുത്ത് രേഖാലയം എന്നിവ സ്ഥാപിച്ചു. കൂടതെ ജില്ലകളിൽ ഹെറിറ്റേജ് സെന്ററുകൾ സ്ഥാപിച്ചുവരുന്നു.

സംസ്ഥാനത്ത് തന്നെ വിവിധ വകുപ്പുകളുടെ കീഴിൽ വ്യത്യസ്തങ്ങളായ മ്യൂസിയങ്ങൾ സ്ഥാപിച്ചുവരുന്നുണ്ട്. ഇത്തരം മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനുമായി സർക്കാർ തന്നെ "കേരളം മ്യൂസിയം (IMCK)" എന്ന ഒരു നോഡൽ ഏജൻസി രൂപീകരിച്ച് അതിന്റെ മേൽനോട്ടത്തിലാണ് മ്യൂസിയങ്ങൾ സജ്ജീകരിച്ചുവരുന്നത്. മ്യൂസിയം സ്ഥാപനത്തിലും പരിപാലനത്തിലും ശ്രദ്ധേയമായ നേട്ടങ്ങളാണ് കേരളം മ്യൂസിയം ഈ കാലയളവിൽ കൈവരിച്ചത്.

ഒന്നാം പിണറായി സർക്കാറിന്റെ കാലത്ത്




തന്നെ നവീന പരിപ്രേക്ഷ്യത്തിൽ സംസ്ഥാന ത്തുടനീളം മ്യൂസിയങ്ങൾ നവീകരിക്കുമെന്നും പുതിയ മ്യൂസിയങ്ങൾ സ്ഥാപിക്കുമെന്നും പ്രകടന പത്രികയിൽ ഉൾപ്പെടുത്തുകയും അതിനുള്ള വ്യത്യസ്തങ്ങളായ കർമ്മ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തു.

അതിന് മുമ്പ് തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് തുടങ്ങിയ ചില ജില്ലകളിൽ മാത്രം ഒതുങ്ങിനിന്നിരുന്ന നമ്മുടെ മ്യൂസിയം ശൃംഖലയെ സംസ്ഥാന ത്തുടനീളം വ്യാപിപ്പിക്കാൻ ഈ കാലയളവിൽ സാധിച്ചു. സംസ്ഥാന മ്യൂസിയം വകുപ്പിന് കീഴിൽ തന്നെ തിരുവനന്തപുരം മ്യൂസിയം കോമ്പൗണ്ടിലുള്ള മുഴുവൻ ഗാലറികളും അന്താരാഷ്ട്ര നിലവാരത്തിൽ നവീകരിക്കപ്പെട്ടു. നവീകരണത്തിലൂടെ നാച്ചുറൽ ഹിസ്റ്ററി മ്യൂസിയത്തെ ഇന്ത്യയിലെ തന്നെ മികച്ചതാക്കി മാറ്റി. വ്യത്യസ്തങ്ങളായ കഥ പറയുന്ന മ്യൂസിയങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി. കണ്ണൂർ കൈത്തറി മ്യൂസിയം പെരളശ്ശേരി എ. കെ. ജി. സ്മൃതി മ്യൂസിയം, ചന്തപ്പുര തെയ്യം മ്യൂസിയം, വയനാട് കുങ്കിച്ചിറ മ്യൂസിയം ചെമ്പന്തൊട്ടി ബിഷപ്പ് വള്ളോപ്പള്ളി സ്മാരക മ്യൂസിയം എന്നിവ ഇക്കൂട്ടത്തിൽ പെടുന്നു. കോഴിക്കോട് കൃഷ്ണമേനോൻ മ്യൂസിയവും തൃശൂർ മ്യൂസിയവും നവീകരിച്ചു.




"അറിവിന്റെ കേന്ദ്രങ്ങളും ചരിത്ര സത്യങ്ങളുടെ സൂക്ഷിപ്പു കേന്ദ്രങ്ങളുമായ മ്യൂസിയങ്ങൾ സമൂഹത്തിന്റെ സ്വത്താണെന്നും ഈ അറിവ് ഏതൊരു പൗരനും നേരിട്ട് സ്വായത്തമാക്കാവുന്നതാണെന്നും നാം തിരിച്ചറിയണം. വിദ്യാഭ്യാസ പ്രക്രിയയിൽ മ്യൂസിയം സന്ദർശനവും പഠനപ്രവർത്തനങ്ങളുടെ ഭാഗമായ ഗവേഷണങ്ങളുടെ കേന്ദ്രമായി മ്യൂസിയങ്ങൾ മാറുകയും ചെയ്യുന്നത് ഈ രംഗത്ത് പുത്തനുണർവുണ്ടാക്കും."

മഹാനായ ചിത്രകാരൻ രാജാരവിവർമ്മ വരച്ച ചിത്രങ്ങളുടെ അമൂല്യ നിധിശേഖരമാണ് നമ്മുടെ ആർട്ട് ഗാലറി. അവയുടെ പ്രദർശനത്തിനായി ആധുനികരീതിയിലുള്ള ഒരു ഗാലറി തന്നെ പുതുതായി നിർമ്മിച്ചുവെന്ന് മാത്രമല്ല, ചിത്രങ്ങളുടെ ശാസ്ത്രീയ സംരക്ഷണത്തിന് വേണ്ടി ഒരു കൺസർവേഷൻ ലബോറട്ടറിയും സ്ഥാപിച്ചു.

സംസ്ഥാന പുരാവസ്തു വകുപ്പിൻ കീഴിലുള്ള പത്മനാഭപുരം കൊട്ടാരം പോലുള്ള സംരക്ഷിത സ്മാരകങ്ങൾ തന്നെ മികവുറ്റ മ്യൂസിയങ്ങളാണ്. അത്തരം കേന്ദ്രങ്ങളിലും അവയുടെ തന്നെ കഥപറയുന്ന പുരാവസ്തു ചരിത്ര മ്യൂസിയങ്ങൾ നവീകരിക്കപ്പെട്ടു. എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ എന്ന പദ്ധതി സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു.

സംസ്ഥാന മ്യൂസിയം, ജില്ലാ പൈതൃകമ്യൂസിയങ്ങൾ, പ്രാദേശിക മ്യൂസിയങ്ങൾ എന്നിങ്ങനെ വ്യത്യസ്ഥങ്ങളായ കഥപറയുന്ന നവീനമായ ഒരു മ്യൂസിയം ശൃംഖല തന്നെയാണ് സംസ്ഥാനത്ത് വളർന്നു വരുന്നത്.

രണ്ടാം പിണറായി സർക്കാറിന്റെ പ്രകടന പത്രികയിലും മ്യൂസിയങ്ങൾക്ക് മികച്ച പരിഗണനയാണ് നൽകിയിട്ടുള്ളത്. വ്യത്യസ്തങ്ങളായ മ്യൂസിയങ്ങളെ അവലോകനം ചെയ്യുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും 'മ്യൂസിയം കമ്മിഷനെ' നിയമിക്കുമെന്ന പ്രകടന പത്രികയിലെ വാഗ്ദാനം നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരികയാണ്.

അറിവിന്റെ കേന്ദ്രങ്ങളും ചരിത്ര സത്യങ്ങളുടെ സൂക്ഷിപ്പു കേന്ദ്രങ്ങളുമായ മ്യൂസിയങ്ങൾ സമൂഹത്തിന്റെ സ്വത്താണെന്നും ഈ അറിവ് ഏതൊരു പൗരനും നേരിട്ട് സ്വായത്തമാക്കാവുന്നതാണെന്നും നാം തിരിച്ചറിയണം. വിദ്യാഭ്യാസ പ്രക്രിയയിൽ മ്യൂസിയം സന്ദർശനവും പഠനപ്രവർത്തനങ്ങളുടെ ഭാഗമായ ഗവേഷണങ്ങളുടെ കേന്ദ്രമായി മ്യൂസിയങ്ങൾ മാറുകയും ചെയ്യുന്നത് ഈ രംഗത്ത് പുത്തനുണർവുണ്ടാക്കും. കേട്ടുപഠിക്കുന്നതിനേക്കാൾ എന്തുകൊണ്ടും മികച്ചതാണല്ലോ കണ്ടുപഠിക്കുന്നത് അതിന് മികച്ച കേന്ദ്രങ്ങളെന്ന നിലയിൽ സമകാലിക സംവേദാത്മക മാധ്യമങ്ങളിൽ ഒന്നായ മ്യൂസിയങ്ങൾ എങ്ങനെയെല്ലാം സമഗ്ര വിദ്യാഭ്യാസത്തിനും അക്കാദമിക പുരോഗതിക്കും ചരിത്ര ഗവേഷണങ്ങൾക്കും ഉപയുക്തമാക്കാമെന്ന് ചിന്തയാണ് ഈ മ്യൂസിയം ദിനം നമ്മിലുണർത്തുന്നത്.

••••

# കറിവേപ്പ്

കറിവേപ്പാണ് എന്റെ ജ്ഞാനവൃക്ഷം
എന്റെ പുതിയ നിയമത്തിലെ
നന്മതിന്മകളുടെ വൃക്ഷം
ഓരോരോ രീതികളുള്ള എല്ലാ വീട്ടിലും
ഒരേ രീതിയിൽ വേണ്ടത്

അടുക്കളക്കപ്പുറം
പിന്നാമ്പുറമുറ്റത്ത്
അടങ്ങിയൊതുങ്ങി,
പമ്മിപ്പതുങ്ങി നിൽക്കണം
കറിവേപ്പായാൽ

രാജപാതകളിൽ
തണൽ വിരിക്കുവാൻ
"ആര്യ"വേപ്പുണ്ടല്ലോ
ആഢ്യജനുസ്സ്
ആദരണീയജാതകം

കറിവേപ്പാകിലോ,
അടുക്കളക്കപ്പുറം
പിന്നാമ്പുറമുറ്റത്ത്
അടങ്ങിയൊതുങ്ങി,
പമ്മിപ്പതുങ്ങി നിൽക്കണം

എന്തിലും ഏതിലും
സ്വാദും മണവും ചേർക്കണം
പിന്നെ പുറത്തു മാറിനിൽക്കണം
തിരസ്കാരത്തിന്റെ കയ്പ്പത്രേ
പ്രതിദിനം പരിചിതം

എങ്കിലും എന്റെ കറിവേപ്പേ
അടുക്കളപ്പിന്നിൽ നിന്ന്
സത്കാരമുറിയിലേക്ക്
എന്നാണ് നിനക്ക്
ക്ലാസ്സ് കയറ്റം കിട്ടുക?



**ഡോ. ആർ. ബിന്ദു**
ഉന്നത വിദ്യാഭ്യാസ- സാമൂഹ്യ നീതി
വകുപ്പ് മന്ത്രി

15-ാം കേരള നിയമസഭയിൽ അംഗം

# പൂലോകം

എന്തിനാണ് നിനക്ക്
എന്റെ വാക്കുകളോട്
ഇത്രമാത്രം പക?
വെറുപ്പ്? ഭയം?

വാക്കുകൾ പിരിച്ചുകെട്ടിയുണ്ടാക്കിയ
സ്നേഹപാശം കൊണ്ടല്ലേ,
നീയെന്റെ കഴലു കെട്ടിയത്?
കഴുത്തുമുറുക്കി കുരലൊതുക്കിയത്?
അങ്ങനെയല്ലേ എന്റെ വാക്കുകൾ
ഒളിവിൽ പോയത്?

വാക്കുകൾ...
അവ പാവങ്ങളല്ലേ?

കെട്ടു പൊട്ടിച്ച്
പുറത്ത് വന്നതിന്റെ
ആനന്ദമാണ്, അവയ്ക്ക്

കുട്ട കമഴ്ത്തിയിട്ടടച്ച
കോഴിക്കിടാങ്ങളെ
തുറന്നുവിടുമ്പോൾ,
അവ പായുന്നതുപോലെ

അവസാനത്തെ പിരിയഡും കഴിഞ്ഞ്
കൂട്ടമണിയടിക്കുമ്പോൾ
കുട്ടികൾ കലപിലകൂട്ടി
ചിതറിയോടുന്നതുപോലെ

ഒറ്റ നൂലിൽ കൊരുത്തെടുത്ത
മുത്തുമാല പൊട്ടുമ്പോൾ
മുത്തുമണികൾ നാലുപാടും
ചിന്നിത്തെറിക്കുംപോലെ

എന്റെ വാക്കുകൾ
കെട്ടുപൊട്ടിച്ചിതറട്ടെ
അവ പാവങ്ങളല്ലേ?

നീയൊന്ന് തിരഞ്ഞുനോക്കൂ
ഒന്നു സൂക്ഷിച്ചു നോക്കൂ
സമയമെടുത്ത്, സാവകാശം,
സമാധാനപൂർവ്വം നോക്കൂ

അപ്പോൾ, സ്നേഹിതാ,
നിനക്കവയുടെ തിളക്കം കാണാം
നിറങ്ങൾ കാണാം,
മിനുപ്പുമറിയാം

വാക്കുകൾ നിസ്സാരക്കാരല്ല
അതിസമർത്ഥരാണവർ
ഹൃദയങ്ങളിണക്കുന്ന
പാലം കെട്ടുവാൻ
വാക്കുകളോളം മിടുക്ക്
ആർക്കാണുള്ളത്?

ആകയാൽ, നീയവയെ
പിടിച്ചുവെക്കാതിരിക്കുക
കെട്ടിയിടാതിരിക്കുക
കെട്ടറുത്തു വിടുക

പച്ചപ്പുൽമേട്ടിൽ
തുള്ളിക്കളിക്കുന്ന
ആട്ടിൻകുഞ്ഞുങ്ങളെ പോലെ
അവ തിമർത്ത് രസിക്കട്ടെ
ലോകം മാറുന്നത് കാണാം.

പിന്നെ

വാക്കു പൂക്കുന്ന ലോകം
സ്നേഹം പൂക്കുന്ന ലോകം
പെണ്ണ് പൂക്കുന്ന ലോകം
ആണും പൂക്കുന്ന ലോകം
ഒരു പൂലോകം.

# കോട്ടയത്തിന്റെ തിലകക്കുറി!

75 വയസ്സിലേക്ക് കടക്കുന്ന കോട്ടയം ജില്ലയുടെ തിലകക്കുറിയായി മാറി ചരിത്രമുറങ്ങുന്ന തിരുനക്കര മൈതാനത്തെക്കുറിച്ച്...




**റോഷി അഗസ്റ്റിൻ**
ജലവിഭവ വകുപ്പ് മന്ത്രി

11, 12, 13, 14, 15 കേരള നിയമസഭകളിൽ  അംഗം


ഏതു ഭാഗത്തു നിന്നു വന്നാലും പാലം കടക്കണം കോട്ടയം നഗരത്തിലേക്ക് എത്താൻ. നാഗമ്പടത്തും ചുങ്കത്തും കാരാപ്പുഴയിലും കോടിമതയിലുമായി അതിരിടുന്ന ആ നാലു പാലങ്ങൾ അക്ഷരനഗരിയുടെ കാവലായി തലയുയർത്തി നിലകൊള്ളുന്നവയാണ്. വയസ് 75 തികയുമ്പോഴും അക്ഷരനഗരത്തിന് ഇന്നും യൗവ്വനത്തിന്റെ പ്രസരിപ്പാണ്.

സംസ്ഥാനത്ത് കോട്ടയത്തിന് മാത്രമായി ഒട്ടേറെ സവിശേഷതകളാണുള്ളത്. ഇവിടുത്തെ രാഷ്ട്രീയത്തിന് റബ്ബർ പാലിന്റെ വെൺമയാണ്, കർഷകന്റെ വിയർപ്പിന്റെ ചൂടും ചൂരുമാണ്. മതമൈത്രിയുടെ പ്രതീകമെന്നവണ്ണം എൻ.എസ്.എസിന്റെയും ഓർത്തഡോക്സ് സഭയുടെയും ആസ്ഥാനം ഈ മണ്ണിലാണ്. ആയിരത്തിലധികം വർഷങ്ങളുടെ പഴക്കമുള്ള താഴത്തങ്ങാടി ജുമാ മസ്ജിദ് ചരിത്രത്തിന്റെ ഭാഗമാണ്.

എഴുത്തുകാരുടെ ഏറ്റവും വലിയ സഹകരണസംഘമായ സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന്റെ പിറവിയും ഇവിടെത്തന്നെ. ദക്ഷിണേന്ത്യയിലെ ആദ്യ കലാലയമായ സി.എം.എസ് കോളേജ്, ആദ്യ പ്രസ്സായ  സി.എം.എസ് പ്രസ്സ്, ആദ്യ ബൈബിൾ, കോളേജ് മാഗസിൻ.. ദൈവം കൈ തൊട്ട് അനുഗ്രഹിച്ച ഈ നാടിന് അഭിമാനിക്കാൻ ഏറെയുണ്ട്.

ഇന്ത്യയിൽ ആദ്യം സമ്പൂർണ സാക്ഷരത സ്വന്തമാക്കിയതും ഈ നാട് തന്നെ. ശതാബ്ദി പിന്നിട്ട രണ്ടു പത്ര മുത്തശ്ശികൾ ഈ നാടിന്റെയും നാട്ടുകാരുടെയും അക്ഷരങ്ങളോടുള്ള തീവ്ര പ്രണയത്തിന്റെ മകുടോദാഹരണങ്ങളായി അഭിമാനത്തോടെ നിലകൊള്ളുന്നു. അയിത്തത്തിനെതിരെ ഗാന്ധിജിയുടെയും ശ്രീനാരായണ ഗുരുദേവന്റെയും അനുഗ്രഹാശിസ്സുകളോടെ



603 ദിവസം നീണ്ട ചരിത്രമായി വൈക്കം സത്യാഗ്രഹസമര ഭൂമിയും കോട്ടയും തന്നെ.

## തിരുനക്കര ചരിതം

കോഴിക്കോടിനു മാനാഞ്ചിറപോലെ, തിരുവനന്തപുരത്തിനു പുത്തരിക്കണ്ടം പോലെ, തൃശൂരിനു തേക്കിൻകാടുപോലെ, കൊച്ചിക്കു രാജേന്ദ്രമൈതാനംപോലെ കോട്ടയത്തിന്റെ പ്രൗഢിയാണ് തിരുനക്കര മൈതാനം. കോട്ടയം 75-ന്റെ നിറവിൽ നിൽക്കുമ്പോൾ അതിനും മുൻപേ ചരിത്രത്തിന്റെ താളുകളിൽ ഇടംപിടിച്ചതാണ് തിരുനക്കര മൈതാനം. കൃത്യമായി പറഞ്ഞാൽ 160 വർഷം.

ഇന്ത്യയുടെ സ്വാതന്ത്ര്യ സമര പോരാട്ടങ്ങളുടെ തിളങ്ങുന്ന ഏടുകളിൽ തിരുനക്കരയുടെ പേരും സുവർണ ലിപികളിൽ കൊത്തിവച്ചിട്ടുണ്ടെന്നു ചരിത്രകാരൻമാർ പറയുന്നു. ദിവാൻ പേഷ്കാർ രാമറാവു പൊലീസ് പരേഡ് ഗ്രൗണ്ടായി സ്ഥാപിച്ച ചരിത്രം തുടിക്കുന്ന തിരുനക്കര മൈതാനത്താണ് മഹാത്മാഗാന്ധി 1925-ൽ ആദ്യമായി കോട്ടയത്തു വന്നപ്പോൾ പ്രസംഗിച്ചത്.

ജവഹർലാൽ നെഹ്റുവും പണ്ഡിറ്റ് മദൻമോഹൻ മാളവ്യയും പങ്കെടുത്ത 1928-ലെ എസ്.എൻ.ഡി.പി. വാർഷിക സമ്മേളനവും, സി.വി. രാമൻപിള്ളയുടെ അധ്യക്ഷതയിൽ 1935-ൽ സമസ്ത കേരള നായർ മഹാസമ്മേളനവും





> “കോഴിക്കോടിനു മാനാഞ്ചിറപോലെ, തിരുവനന്തപുരത്തിനു പുത്തരിക്കണ്ടം പോലെ, തൃശൂരിനു തേക്കിൻകാടുപോലെ, കൊച്ചിക്കു രാജേന്ദ്രമൈതാനംപോലെ കോട്ടയത്തിന്റെ പ്രൗഢിയാണ് തിരുനക്കര മൈതാനം.”

കോട്ടയം രൂപതയുടെ മെത്രാന്മാരായിരുന്ന മാർ അലക്സാണ്ടർ ചൂളപ്പറമ്പിലിന്റെയും ബിഷപ് മാർ തോമസ് തറയിലിന്റെയും പൗരോഹിത്യ രജതജൂബിലിയും ജിവ്യകാരുണ്യകോൺഗ്രസും നടന്നത് തിരുനക്കര മൈതാനത്താണ്.

ഉത്തരവാദഭരണ പ്രക്ഷോഭണം കൊടുമ്പിരി കൊണ്ട കാലത്ത് സർ സി.പി.യുടെ ഉഗ്രഭരണത്തിനെതിരെ പതിനായിരങ്ങളെ നയിച്ചുകൊണ്ട് പട്ടം താണുപിള്ളയും പി.ടി. ചാക്കോയും അരങ്ങുനിറഞ്ഞാടിയതും ഈ മൈതാനത്തുതന്നെ. മന്നത്തു പത്മനാഭന്റെ നേതൃത്വത്തിൽ 1959-ൽ നടന്ന വിമോചനസമരത്തിന്റെ കാഹളം മുഴങ്ങിയതും നഗരമധ്യത്തിലെ ഈ മൈതാനത്തു തന്നെയാണ്.

മതസൗഹാർദത്തിന്റെ സ്മാരകം കൂടിയാണു തിരുനക്കര. എം.സി. മാത്യുവിന്റെയും ഹസൻ ബാവ റാവുത്തറുടെയും നാമത്തിലുള്ള കവാടങ്ങളും മന്നം ശതാഭിഷേക സ്മാരക വേദിയും ഈ മൈതാനത്തിന്റെ യശസ്സുയർത്തുന്നു. കേരള കോൺഗ്രസുകാരെ സംബന്ധിച്ചും ഓരോ പ്രവർത്തകനും വ്യക്തിപരമായി ഏറെ ബന്ധമുള്ള മൈതാനം കൂടിയാണ് തിരുനക്കര മൈതാനം. കോട്ടയത്തിന്റെ 75 വർഷത്തെ ചരിത്രത്തിൽ 60 വർഷത്തിന് കേരളാ കോൺഗ്രസിന്റെയും കെ.എം. മാണി എന്ന ഇതിഹാസ നേതാവിന്റെ പ്രവർത്തന പോരാട്ടങ്ങളുടെ കഥ കൂടിയുണ്ട്.

നൂറ്റിയറുപതു വർഷത്തെ പാരമ്പര്യം പേറുന്ന ഈ മൈതാനത്തിന്റെ കഴിഞ്ഞ അറുപതു



വർഷത്തെ ചരിത്രം ഇന്ത്യയിലെ തന്നെ ആദ്യ പ്രാദേശിക പാർട്ടിയായ കേരള കോൺഗ്രസിന്റെ കൂടി ചരിത്രമാണ്. പി.ടി. ചാക്കോയുടെ അകാല മരണത്തിനു വഴിതെളിച്ച നെറികേടു രാഷ്ട്രീയ ത്തിനെതിരേ ഇരമ്പിയാർത്ത ജനസഹസ്രങ്ങളെ സാക്ഷിനിറുത്തി ഭാരതകേസരി മന്നത്തു പത്മനാഭൻ 1964 ഒക്ടോബർ ഒൻപതാം തീയതി ഇതേ തിരുനക്കര മൈതാനത്ത് പ്രഖ്യാപിച്ചത് കേരള രാഷ്ട്രീയത്തിന്റെ ചരിത്രത്താളുകളിൽ ഇങ്ങനെ കുറിച്ചിട്ടിരിക്കുന്നു...

"ഈ രാഷ്ട്രീയ പ്രസ്ഥാനത്തിനു ഞാൻ കേരള കോൺഗ്രസ് എന്നു പേരിടുന്നു; അടുത്ത തെര ഞ്ഞെടുപ്പിൽ എന്റെ വോട്ട് ഈ പാർട്ടിക്കായിരി ക്കും; എന്റെ മാത്രമല്ല, എന്റെ ഭാര്യയുടെ വോട്ടും ഈ പാർട്ടിക്കായിരിക്കും; എന്റെയും എന്റെ ഭാര്യയുടെയും മാത്രമല്ല, എന്റെ സമുദായം മുഴുവന്റെയും വോട്ട് ഈ പാർട്ടിക്കായിരിക്കും." ആയിരങ്ങൾ ഹർഷാരവത്തോടെ എതിരേറ്റ ആ പ്രഖ്യാപനത്തിന്റെ വജ്രജൂബിലി വർഷമാണ് 2024. അതേവർഷം തന്നെ കോട്ടയവും 75 -ന്റെ നിറവ് ആഘോഷിക്കുന്നു എന്നത് കാലവും ചരിത്രവും ഒരുക്കിയ അപൂർവതയാകാം.

കോട്ടയം ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ ജനറൽ സെക്രട്ടറി എന്ന നിലയിൽ 1960കളുടെ ആദ്യപകുതിയിൽ നിരവധി സമ്മേളനങ്ങളുടെ സംഘാടകനായും വാഗ്മിയായും കെ. എം. മാണി വരവറിയിച്ച വേദിയുമാണ് തിരുനക്കര മൈതാനം. അക്കാലത്ത് ആരംഭിച്ച്, എം.എൽ.എ. ആയും മന്ത്രിയായും കേരള കോൺഗ്രസിന്റെ ചെയർമാനായും നൂറുകണക്കിനു സന്ദർഭ ങ്ങളിൽ മാണിസാറിന്റെ സിംഹനാദം മുഴങ്ങിയ മൈതാനവും മറ്റൊന്നല്ല.

ഇന്ന് കോട്ടയം 75 വയസ്സിന്റെ ആഘോഷ ങ്ങളിൽ അമരുമ്പോൾ ആത്മാവിന്റെ ഒരംശം അലിഞ്ഞുചേർന്ന തിരുനക്കരയിലെ മണ്ണിൽ സ്വതസിദ്ധമായ കണ്ണിറുക്കിയുള്ള ചിരിയോടെ മാണി സാറും ഉണ്ടാകും. ആ ആത്മാവിൽ ആനന്ദം നിറയും.

# അഭിമാനത്തോടെ മുന്നോട്ട്
# ആരോഗ്യ മേഖലയിൽ ചരിത്ര മുന്നേറ്റം



**വീണാ ജോർജ്**
ആരോഗ്യ-വനിതാ-ശിശുവികസന വകുപ്പ് മന്ത്രി
14, 15 കേരള നിയമസഭകളിൽ അംഗം



> “കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള ദേശീയ പുരസ്കാരം കേരളത്തിന് തന്നെയാണ് ലഭിച്ചത്”



രണ്ടാം പിണറായി വിജയൻ സർക്കാർ അഞ്ചാം വർഷത്തിലേക്ക് കടക്കുകയാണ്. തിരിഞ്ഞു നോക്കുമ്പോൾ കഴിഞ്ഞ 4 വർഷം കൊണ്ട് ആരോഗ്യ മേഖലയിൽ വലിയ വികസന മാറ്റങ്ങൾ കൊണ്ടുവരാൻ സാധിച്ചുവെന്നതിൽ ചാരിതാർഥ്യമുണ്ട്. കോവിഡിന്റെ രണ്ടാം തരംഗത്തിന്റെ തുടക്കത്തിലാണ് ഈ സർക്കാർ ചുമതലയേൽക്കുന്നത്. കോവിഡിനോടൊപ്പം നിപ, മങ്കിപോക്സ്, സിക തുടങ്ങിയ പകർച്ചവ്യാധികളും പകർച്ചേതര വ്യാധികളുടെ വർദ്ധിച്ചുവരുന്ന രോഗാതുരതയും സമാനതകളില്ലാത്ത വെല്ലുവിളികളാണ് സൃഷ്ടിച്ചത്. ആ വെല്ലുവിളികളെ നാം എങ്ങനെ നേരിട്ടുവെന്നതിന്റെ സാക്ഷ്യപത്രങ്ങളാണ് ആരോഗ്യ വനിതാ ശിശുവികസന വകുപ്പിന് ഈ കാലയളവിൽ ദേശീയ തലത്തിൽ ലഭിച്ച മുപ്പതോളം പുരസ്കാരങ്ങളും ബഹുമതികളും. രോഗങ്ങൾക്കും അതിന്റെ ചികിത്സാചെലവിനും നമ്മുടെ കുടുംബങ്ങളെ ദാരിദ്ര്യത്തിലേക്കും കടബാധ്യതകളിലേക്കും തള്ളിവിടാൻ കഴിയും എന്നതിനാൽത്തന്നെ സൗജന്യചികിത്സ നൽകുന്നതിന് നാം പ്രത്യേകം ഊന്നൽ നൽകി. നാല് വർഷം കൊണ്ട് 7000 കോടിയിലധികം രൂപയുടെ സൗജന്യ ചികിത്സയാണ് നാം നൽകിയത്. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള ദേശീയ പുരസ്കാരം കേരളത്തിന് തന്നെയാണ് ലഭിച്ചത്.

അമീബിക് മസ്തിഷ്ക ജ്വരം (ബ്രെയിൻ തീനി അമീബയിൽ നിന്നുണ്ടാകുന്നത്) മൂലം ആഗോളതലത്തിൽ മരണനിരക്ക് 97 ശതമാനം ആകുമ്പോൾ കേരളത്തിൽ അത് 25 ശതമാനം മാത്രമാണ്. കാരണം ഏർലി ഡിറ്റക്ഷൻ: രോഗം ആദ്യം കണ്ടുപിടിക്കുന്നു, ചികിത്സിക്കുന്നു. വിദഗ്ധ കമ്മറ്റി രൂപീകരിച്ച് രോഗനിർണയത്തിന് ഗൈഡ്‌ലൈൻ ഇറക്കി. ചികിത്സയ്ക്ക് പ്രോട്ടോക്കോളും. മരുന്ന് ലഭ്യത ഉറപ്പാക്കി. ചികിത്സ സൗകര്യം കേരളത്തിൽ ഒരുക്കി. (ഇന്ത്യയിൽ 2 സ്ഥലങ്ങളിൽ മാത്രമാണ് ലാബ് സൗകര്യം ഉണ്ടാ

യിരുന്നത്. ഇപ്പോൾ കേരളത്തിലും ഒരുക്കി).

നിപ രോഗബാധയിൽ മരണനിരക്ക് ലോകത്ത് ആദ്യമായി 33% ആയി കുറച്ച് കേരളം. 2023-ൽ ആഗോള നിപ മരണനിരക്ക് 70നും 90 നും ഇടയിൽ. സർക്കാർ പരിശോധന സൗകര്യം കേരളത്തിൽ ഒരുക്കുകയും പരിശീലനം നൽകുകയും ചെയ്തു. പരിശോധന ലാബ് സൗകര്യം വികേന്ദ്രീകരിച്ചു. രോഗം കണ്ടുപിടിക്കാൻ പ്രത്യേകം ഗൈഡ് ലൈൻ ഇറക്കി. ആന്റി വൈറൽ മരുന്നിന്റെ ലഭ്യത ഉറപ്പാക്കി.

ഏറ്റവും അധികം ഭീഷണിയായ കോവിഡ് രണ്ടാം തരംഗത്തെയും മൂന്നാം തരംഗത്തെയും ഫലപ്രദമായി പ്രതിരോധിക്കാൻ കേരളത്തിനായി. ജനങ്ങളുടെ ജീവനോപാധിയെ ബാധിക്കാതെ ലോക്ക് ഡൗൺ ഒഴിവാക്കിയുള്ള സ്ട്രാറ്റജിയാണ് സംസ്ഥാനം ആവിഷ്കരിച്ചത്. ഫലപ്രദമായ സൗജന്യ വാക്സിനേഷൻ രാജ്യത്തിന് തന്നെ മാതൃകയായി. ഏറ്റവും അവസാനം കോവിഡ് മരണനിരക്ക് കൃത്യമായി കേരളം രേഖപ്പെടുത്തി എന്ന റിപ്പോർട്ടും പുറത്തുവന്നിട്ടുണ്ട്.

നിലവിലുള്ള സംവിധാനങ്ങളെ ശക്തിപ്പെടുത്തി സർക്കാർ ആശുപത്രികളെ സാധാരണക്കാരന്റെ ആശ്രയകേന്ദ്രം ആക്കുന്നതിനൊപ്പം ഭാവിയെ മുന്നിൽക്കണ്ട് ആരോഗ്യ മേഖലയെ വികസിപ്പിക്കാനും നമുക്ക് കഴിഞ്ഞു. പൊതുജനാരോഗ്യരംഗത്ത് നാം ഒന്നാമതായി തുടരുന്നുവെന്ന് ദേശീയ നീതി ആയോഗ് സുസ്ഥിര വികസന സൂചികകളിൽ മികച്ച സ്ഥാനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. അടിസ്ഥാന സൂചികകളായ ഏറ്റവും കുറവ് മാതൃ-ശിശു മരണനിരക്കുള്ള ഇടമായി തുടരുന്നു എന്ന് മാത്രമല്ല ദേശീയ കുടുംബാരോഗ്യ സർവ്വേകളിൽ നമ്മുടെ നിരക്കുകൾ നാം തുടർച്ചയായി മെച്ചപ്പെടുത്തുന്നത് കാണാൻ കഴിയും. എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും പ്രകടമായ മാറ്റം കൊണ്ടുവരാൻ ഈ കാലയളവിൽ നമുക്ക് സാധിച്ചു. മികച്ച സംവിധാനങ്ങൾ ഒരുക്കിയതിന്റെ ഫലമായി സർക്കാർ ആശുപത്രികളിൽ ചികിത്സ തേടുന്നവരുടെ എണ്ണം ദിനംപ്രതി വർധിച്ചുവരുന്നു.

## പൊതുജനാരോഗ്യവും പ്രതിരോധ പ്രവർത്തനങ്ങളും

പകർച്ചവ്യാധി പ്രതിരോധത്തിനായി ഇന്ത്യയിൽ ആദ്യമായി പരിസ്ഥിതി, മൃഗാരോഗ്യം, പൊതുജനാരോഗ്യം എന്നിവയെ കൂട്ടിയിണക്കി ഏകാരോഗ്യം പദ്ധതി നടപ്പിലാക്കിയത് കേരളമാണ്. ആരോഗ്യവകുപ്പിന് കീഴിൽ പുതുതായി രൂപംകൊണ്ട ഏകാരോഗ്യ കേന്ദ്രം (വൺ ഹെൽത്ത് സെന്റർ) അതിന്റെ ചുക്കാൻ പിടിക്കുന്നു. ലോകം ഇന്ന്



നേരിടുന്ന രോഗാണുക്കളുടെ ആന്റിബയോട്ടിക് അതിജീവനം (എ.എം.ആർ) എന്ന ഗുരുതരമായ പൊതുജനാരോഗ്യ പ്രശ്നത്തെ നേരിടുന്നതിനുള്ള മാതൃകയായി കേരളത്തിലെ പ്രവർത്തനങ്ങൾ മാറിക്കഴിഞ്ഞു. അതീവ പ്രഹരശേഷിയുള്ള നിപ രോഗത്തെപ്പറ്റി പഠിക്കുന്നതിനും അതിനെ പ്രതിരോധിക്കുന്നതിനുമായി കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് ആൻഡ് റസീലിയൻസ് കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്ഥാപിച്ചു. പൊതുജനാരോഗ്യ പ്രശ്നങ്ങളെ നേരിടുന്നതിന് അമേരിക്കൻ ഐക്യനാടുകളിലെ സെന്റർ ഫോർ ഡിസീസ് കണ്ട്രോൾ ആൻഡ് പ്രിവെൻഷൻ (സി.ഡി.സി) മാതൃകയിൽ രൂപീകരിച്ച കേരള സിഡിസിയുടെ (കെ.സി.ഡി.സി) പ്രവർത്തനങ്ങളും ആരംഭിച്ച് കഴിഞ്ഞു. ഐക്യകേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമം നിലവിൽ വന്നതും ഈ കാലയളവിലാണ് (2023).

ആരോഗ്യ സംവിധാനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിച്ച് അവ ജനങ്ങളോട് വളരെ അടുത്ത് വിന്യസിക്കുന്നതിനായി ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിച്ചു. എല്ലാ കേന്ദ്രങ്ങളിലും



ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്കും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർക്കും പുറമെ മിഡിൽ ലെവൽ സേവനദാതാക്കളായി നഴ്സുമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ജീവിത ശൈലീരോഗങ്ങൾക്ക് പ്രോട്ടോകോൾ പ്രകാരമായുള്ള സൗജന്യ രോഗനിർണയവും ചികിത്സയും ഉറപ്പ് വരുത്തിയതിനോടൊപ്പം വിവരങ്ങൾ വിവര സാങ്കേതിക വിദ്യ (ശൈലി ആപ്പ്) ഉപയോഗിച്ച് ഡിജിറ്റലൈസ് ചെയ്തു. ആശുപത്രികളിൽ നടപ്പിലാക്കിയ ഇ-ഹെൽത്ത് സംവിധാനങ്ങൾക്ക് പുറമെയാണ് ഇത്. വർധിച്ച് വരുന്ന അർബുദരോഗ സാധ്യതകളെ മുൻകൂട്ടി കണ്ടറിഞ്ഞ് അതിനെ പ്രതിരോധിക്കുന്നതിനായി 'ആരോഗ്യം-ആനന്ദം, അകറ്റാം അർബുദം' എന്ന പേരിൽ അർബുദത്തിനെതിരെ പൊതുജനകാമ്പയിൻ ആരംഭിച്ചു. ആദ്യ ഘട്ടത്തിൽ സ്ത്രീകളെ ബാധിക്കുന്ന ബ്രെസ്റ്റ് കാൻസർ, സെർവിയ്ക്കൽ കാൻസറുകളെ നേരിടാനാണ് ശ്രമിച്ചത്. അതിന് ശേഷം പുരുഷൻമാർക്കും കാൻസർ സ്ക്രീനിംഗ് സംവിധാനം ആരംഭിച്ചു. കുടുംബാരോഗ്യ കേന്ദ്രത്തിൽ ആഴ്ചയിൽ രണ്ട് ദിവസം പ്രത്യേക കാൻസർ സ്ക്രീനിംഗ് ക്ലിനിക് പ്രവർത്തിക്കും. രോഗനിർണയ സൗകര്യങ്ങൾ എല്ലാവരിലും എത്തിക്കുന്നതിനായി ചെറുതും വലുതുമായ ലബോറട്ടറികളെ കൂട്ടിയിണക്കി 'നിർണയ' ഹബ് ആന്റ് സ്പോക്ക് മോഡൽ ലാബ് നെറ്റ്‌വർക്ക് ഉടൻ യാഥാർത്ഥ്യമാകും. വൈകുന്നേരം വരെയുള്ള ഒപി സേവനം നടപ്പിലാക്കി.

## ചികിത്സാ രംഗത്തെ നൂതന സംവിധാനങ്ങൾ

കേരളത്തിന്റെ ചികിത്സാ രംഗത്ത് നിർമ്മിത ബുദ്ധി, മെഷീൻ ലേണിംഗ് തുടങ്ങിയ ആധുനിക സംവിധാനങ്ങളുടെ സഹായത്തോട് കൂടി കൂടുതൽ മികവുറ്റതും ജനകീയമാക്കുന്നതിനുമുള്ള പരിശ്രമങ്ങൾക്ക് ഈ കാലഘട്ടത്തിൽ തുടക്കമിടാനായി. റോബോട്ടിക് സർജറി, പൂർണമായി ചലന ശേഷി നഷ്ടപ്പെട്ടവർക്ക് ചലന ശേഷി വീണ്ടെടുക്കാൻ സഹായിക്കുന്ന ജി ഗൈറ്റർ ഒരു നിർണ്ണായക കാൽവയ്പ്പാണ്. ജി ഗൈറ്റർ സ്ഥാപിക്കുന്ന ഇന്ത്യയിലെ ആദ്യ ജില്ലാതല ആശുപത്രിയായി തിരുവനന്തപുരം ജനറൽ ആശുപത്രിയെ മാറ്റാൻ സാധിച്ചു. നിർമ്മിത ബുദ്ധിയുടെ സഹായത്തോടെ ലോകോത്തര നിലവാരത്തിലുള്ള ആധുനിക ന്യൂറോ റീഹാബിലിറ്റേഷൻ ചികിത്സ ഉറപ്പാക്കുന്നു. സ്ട്രോക്ക്, സ്പൈനൽ കോർഡ് ഇഞ്ചുറി, അപകടം, പാർക്കിൻസൺസ് രോഗം തുടങ്ങിയ നിരവധി കാരണങ്ങൾ മൂലം ചലനശേഷി നഷ്ടമായവരെ വീണ്ടും ചലിക്കാനും നടത്താനും സഹായിക്കുന്ന ഈ സംവിധാനം തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ സ്ഥാപിച്ചു.

സ്വകാര്യ മേഖലയിൽ 40 ലക്ഷത്തിലധികം ചെലവ് വരുന്ന കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ സർക്കാർ മെഡിക്കൽ കോളേജിൽ ആരംഭിക്കാൻ ഈ കാലഘട്ടത്തിൽ പ്രത്യേക മുൻകൈ എടുത്തു. സൗജന്യമായോ ഏറ്റവും മിതമായ നിരക്കിലോ ആണ് ഇത് ചെയ്യുന്നത്. 2022 ഫെബ്രുവരിയിൽ കോട്ടയം മെഡിക്കൽ കോളേജിലാണ് കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ സർക്കാർ മേഖലയിൽ ആദ്യമായി വിജയകരമായി നടന്നത്. തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിലും നടന്നു. ഇപ്പോൾ കോഴിക്കോട് മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

എറണാകുളം ജനറൽ ആശുപത്രിയിൽ രാജ്യത്ത് ആദ്യമായി ജില്ലാതല ആശുപത്രിയിൽ ഹൃദയ ശസ്ത്രക്രിയയും ഹൃദയം തുറക്കാതെ വാൽവ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും ആരംഭിക്കാൻ നമുക്ക് സാധിച്ചു. രാജ്യത്ത് ആദ്യമായി ഹൃദയം മാറ്റിവയ്ക്കുന്ന ജില്ലാതല ആശുപത്രിയായി



മാറാൻ എറണാകുളം ജനറൽ ആശുപത്രിയെ സജ്ജമാക്കി. രാജ്യത്ത് ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ന്യൂറോ കാത്ത് ലാബ് ഉൾപ്പെട്ട സമഗ്ര സ്ട്രോക്ക് യൂണിറ്റും ഇന്റർവെൻഷൻ ന്യൂറോളജിയും സജ്ജമാക്കി. സംസ്ഥാനത്ത് ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്കിൻ ബാങ്ക് സ്ഥാപിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജ് എസ്.എ.ടി. ആശുപത്രിയിൽ പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിൽ നൂതന സൗകര്യങ്ങളോടു കൂടിയ ഹൃദയ ശസ്ത്രക്രിയ വിഭാഗം ആരംഭിച്ചു. സർക്കാർ മേഖലയിൽ ആദ്യമായി എസ്. എം. എ. (സ്പൈനൽ മസ്കുലാർ അട്രോഫി) ക്ലിനിക് തിരുവനന്തപുരം എസ്എടി ആശുപത്രിയിൽ സ്ഥാപിച്ചു. സംസ്ഥാനത്ത് ആദ്യമായി ആരോഗ്യമേഖലയിൽ ക്രിറ്റിക്കൽ കെയർ, ജനറ്റിക്സ്, ജെറിയാട്രിക്, ഇന്റർവെൻഷണൽ റേഡിയോളജി, റുമറ്റോളജി, പീഡിയാട്രിക് ഗ്യാസ്ട്രോ, ഫീറ്റൽ മെഡിസിൻ എന്നിവക്ക് പ്രത്യേക വിഭാഗങ്ങൾ ആരംഭിക്കാൻ ഈ കാലയളവിൽ നമുക്ക് കഴിഞ്ഞു.

## കാൻസർ ചികിത്സയിലെ മുന്നേറ്റം

സംസ്ഥാനത്ത് കാൻസർ ചികിത്സാ രംഗത്ത് മുന്നേറ്റം സാധ്യമാക്കി. 'ആരോഗ്യം-ആനന്ദം, അകറ്റാം അർബുദം' കാമ്പയിൻ സൂചിപ്പിച്ചല്ലോ. സർക്കാർ മേഖലയിൽ ആദ്യമായി കാൻസറിന് റോബോട്ടിക് സർജറി ആർ. സി. സി. യിലും എം. സി. സി. യിലും  തുടക്കമിടാൻ കഴിഞ്ഞു. പീഡിയാട്രിക് റോബോട്ടിക് സർജറി ആർ. സി. സി. യിൽ ആരംഭിച്ചു. പ്രധാന ആശുപത്രികൾക്ക് പുറമേ 25 ആശുപത്രികളിൽ കാൻസർ ചികിത്സയ്ക്കുള്ള സൗകര്യമൊരുക്കാൻ ശ്രദ്ധിച്ചു. മലബാർ കാൻസർ സെന്ററിനെ 562.25 കോടി രൂപയുടെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസ് ആന്റ് റിസർച്ച് ആയി ഉയർത്തി. ആർസിസിയിലും എംസിസിയിലും നൂതന ചികിത്സാ സംവിധാനങ്ങൾ ഒരുക്കി. സ്തനാർബുദം പ്രാരംഭഘട്ടത്തിൽ കണ്ടെത്തുന്നതിന് എല്ലാ ജില്ലകളിലും ഒരു ജില്ലാ, താലൂക്ക്തല ആശുപത്രിയിലെങ്കിലും മാമോഗ്രാം, ബയോപ്സി, പാപ്സ്മിയർ സംവിധാനമൊരുക്കാൻ പ്രവർത്തിച്ചു. ആദ്യഘട്ടത്തിൽ 8 ആശുപത്രികളിൽ മാമോഗ്രാം നടപ്പിലാക്കി. കൊച്ചി കാൻസർ റിസർച്ച് സെന്ററിലെ ആശുപത്രി കെട്ടിടം പ്രവർത്തനസജ്ജം. മലബാർ കാൻസർ സെന്ററിൽ മജ്ജമാറ്റിവയ്ക്കൽ ചികിത്സയ്ക്കായി ബോൺമാരോ ഡോണർ രജിസ്ട്രി ആരംഭിച്ചു. കാൻസർ മരുന്നുകൾ ഏറ്റവും കുറഞ്ഞ നിരക്കിൽ നൽകുന്ന കാരുണ്യ സ്പർശം സീറോ പ്രോഫിറ്റ് ആന്റി കാൻസർ ഡ്രഗ് കൗണ്ടറുകൾ സ്ഥാപിച്ചു. ഇതുവരെ മൂന്ന് കോടിയോളം രൂപയുടെ മരുന്ന് വിതരണം നടത്തി.

## അപൂർവരോഗ പരിചരണത്തിന് കെയർ പദ്ധതി

അപൂർവരോഗ പരിചരണത്തിനായി സംസ്ഥാന ആരോഗ്യ വകുപ്പ് കെയർ (KARe: Kerala United Against Rare Diseases) പദ്ധതി നിശ്ചയദാർഢ്യത്തോടെ നടപ്പിലാക്കി. അപൂർവരോഗ ചികിത്സാ രംഗത്തെ കേരളത്തിന്റെ നിർണായക ചുവടുവയ്പ്പാണിത്. അപൂർവ രോഗങ്ങൾക്ക്

വിലപിടിപ്പുള്ള മരുന്നുകൾ വിദേശത്ത് നിന്നും ഉൾപ്പെടെ എത്തിക്കാനുള്ള പദ്ധതിയും ലൈസോസോമൽ സ്റ്റോറേജ്, ഗ്രോത്ത് ഹോർമോൺ തുടങ്ങിയ രോഗങ്ങൾക്ക് മരുന്ന് നൽകുന്ന പദ്ധതിയും ഈ സർക്കാർ നടപ്പിലാക്കിയിരുന്നു. രാജ്യത്തെ 12 ആശുപത്രികളിലൊന്നായി എസ്.എ.ടി. ആശുപത്രിയെ അപൂർവ രോഗങ്ങളുടെ സെന്റർ ഓഫ് എക്സലൻസായി തെരഞ്ഞെടുത്തിട്ടുണ്ട്. പ്രതിവർഷം കോടികൾ ചെലവു വരുന്ന എസ്.എം.എ. തുടങ്ങിയ അപൂവ രോഗങ്ങൾക്ക് സൗജന്യ വിദഗ്ധ ചികിത്സ ഈ പദ്ധതിയിലൂടെ ഉറപ്പാക്കുന്നു. രോഗം അപൂർവമാണെങ്കിലും ചികിത്സ അപൂർണമാകരുത് എന്നതാണ് ലക്ഷ്യമിടുന്നത്.

## ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനം

ആരോഗ്യ വകുപ്പിൽ 10,000 കോടിയിലധികം രൂപയുടെ വികസനമാണ് സാധ്യമാക്കിയത്. ആരോഗ്യ വകുപ്പിൽ സംസ്ഥാനത്ത് പ്രാഥമിക തലം മുതൽ ത്രിതീയ തലം വരെയുള്ള ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസന രംഗത്ത് അഭൂതപൂർവമായ വികസന മുന്നേറ്റം ഈ സർക്കാരിന്റെ കാലയളവിൽ ഉറപ്പാക്കാൻ കഴിഞ്ഞു. കിഫ്ബിയുടെ ആവിർഭാവമാണ് ആരോഗ്യ മേഖലയുടെ അടിസ്ഥാന സൗകര്യ രംഗത്ത് മുമ്പെങ്ങുമില്ലാത്ത വികസനം സാധ്യമാക്കിയത്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ, താലൂക്, ജില്ലാ, ജനറൽ ആശുപത്രികൾ, കാൻസർ ചികിത്സ കേന്ദ്രങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ, മാതൃശിശു ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ആരോഗ്യ വകുപ്പിന്റെ പദ്ധതികൾക്ക് കിഫ്ബി പ്രത്യേക പരിഗണന ഈ കാലയളവിൽ നൽകി. ബജറ്റ് തുകയേക്കാൾ കൂടുതൽ ആരോഗ്യ മേഖലയിൽ ചെലവഴിക്കുന്നുണ്ട്.

സംസ്ഥാനത്തെ വിവിധ ജില്ലകളിലുള്ള ജനറൽ, ജില്ലാ, താലൂക്ക് ആശുപത്രികൾ, ക്യാൻസർ ചികിത്സ കേന്ദ്രങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്ന 78 വിവിധ പ്രോജക്റ്റുകൾക്കായി 5700 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകുകയും കിഫ്ബിയിൽ നിന്നും 4,000 ത്തോളം കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമാക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ച് വരുന്നു. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സമർപ്പിക്കപ്പെട്ട 17 പ്രോജക്റ്റുകൾക്കായി 3200 കോടി

> "മലബാർ കാൻസർ സെന്ററിൽ മജ്ജമാറ്റിവയ്ക്കൽ ചികിത്സയ്ക്കായി ബോൺമാരോ ഡോണർ രജിസ്ട്രി ആരംഭിച്ചു. കാൻസർ മരുന്നുകൾ ഏറ്റവും കുറഞ്ഞ നിരക്കിൽ നൽകുന്ന കാരുണ്യ സ്പർശം സീറോ പ്രോഫിറ്റ് ആന്റി കാൻസർ ഡ്രഗ് കൗണ്ടറുകൾ സ്ഥാപിച്ചു. ഇതുവരെ മൂന്ന് കോടിയോളം രൂപയുടെ മരുന്ന് വിതരണം നടത്തി."

രൂപയുടെ ഭരണാനുമതി നൽകുകയും 2000 കോടി രൂപയുടെ ധനാനുമതി കിഫ്ബിയിൽ നിന്നും ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലുള്ള നിർമ്മാണ പ്രവൃത്തികളും മെഡിക്കൽ കോളേജുകളിൽ നല്ല നിലയിൽ പുരോഗമിച്ച് വരുന്നു. സംസ്ഥാനത്തെ ക്യാൻസർ കെയർ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി ധനസഹായം ഉപയോഗപ്പെടുത്തി ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിട നിർമ്മാണ പ്രവർത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ച് വരുന്നു. തലശ്ശേരിയിലുള്ള മലബാർ ക്യാൻസർ സെന്ററിന്റെ (എംസിസി) 3 പ്രൊജക്റ്റുകൾക്കായി മൊത്തം 644 കോടി രൂപയുടെയും എറണാകുളത്തുള്ള കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്ററിനായി (സിസിആർസി) 384.34 കോടി രൂപയുടെയും കിഫ്ബി ധനസഹായത്തോടു കൂടിയുള്ള നിർമ്മാണ പ്രവർത്തികൾക്കുള്ള ഭരണാനുമതി നൽകുകയുണ്ടായി. മലബാർ ക്യാൻസർ സെന്ററിനായി മൊത്തം 530 കോടി രൂപയുടെയും കൊച്ചിൻ കാൻസർ കെയർ റിസർച്ച് സെന്ററിനായി 450 കോടി രൂപയുടെയും (ഉപകരണങ്ങൾ ഉൾപ്പടെ) സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമാകുകയും നിർമ്മാണ പ്രവർത്തികൾ നടന്നു വരികയുമാണ്. ആയുഷ് മേഖലയിൽ കണ്ണൂരിലെ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിനായി 183 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോട് കൂടിയുള്ള വികസന പദ്ധതിയുടെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. കോഴിക്കോട് സ്ഥാപിക്കുന്ന ഓർഗൻ ആന്റ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണത്തിന് കിഫ്ബി വഴി 558.68 കോടി രൂപയുടെ ഭരണാനുമതി നൽകി തുടർനടപടികൾ സ്വീകരിച്ച് വരുന്നു. നബാർഡ് ധനസഹായം ഉപയോഗപ്പെടുത്തി ആരോഗ്യവകുപ്പിന് കീഴിലുള്ള 31 ആശു

പത്രികൾക്കായി 450 കോടി രൂപയും കോട്ടയം മെഡിക്കൽ കോളേജുകളിലെ 2 പ്രോജക്റ്റുകൾക്കായി 47 കോടി രൂപയും ഉൾപ്പെടെ മൊത്തം 32 പ്രോജക്റ്റുകൾക്കായി 482 കോടി രൂപയുടെ നിർമ്മാണ പ്രവർത്തികൾ നിലവിൽ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. കൂടാതെ തിരുവനന്തപുരത്തുള്ള ആർ.സി.സി-യുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 187.22 കോടി രൂപ സംസ്ഥാന പദ്ധതി വിഹിതം വിനിയോഗിച്ചു കൊണ്ടുള്ള 14 നില കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തികൾ ഉടൻ പൂർത്തിയായി പ്രവർത്തനം ആരംഭിക്കാൻ കഴിയും.

## ആരോഗ്യ വിദ്യാഭ്യാസ രംഗത്തെ വളർച്ച

ഈ കാലയളവിൽ കോന്നി, ഇടുക്കി മെഡിക്കൽ കോളേജുകൾ യാഥാർത്ഥ്യമാക്കി., സർക്കാർ അനുബന്ധ മേഖലയിൽ 15 നഴ്സിംഗ് കോളേജുകൾ ആരംഭിച്ചു. സർക്കാർ മേഖലയിൽ പുതുതായി 8 നഴ്സിംഗ് കോളേജുകളും സിമെറ്റിന്റെ കീഴിൽ 7 നഴ്സിംഗ് കോളേജുകളും സ്ഥാപിച്ചു. ആദ്യമായി ദേശീയ റാങ്കിംഗ് പട്ടികയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജും ദന്തൽ കോളേജും ഉൾപ്പെട്ടതും ഈ കാലയളവിൽ ആണ്. മെഡിക്കൽ, നഴ്സിംഗ് സീറ്റുകൾ ഗണ്യമായി വർധിപ്പിച്ചു. സർക്കാർ മേഖലയിൽ ആയിരത്തിൽ അധികം ബി.എസ്.സി. നഴ്സിംഗ് സീറ്റുകൾ ആണ് പുതുതായി അനുവദിച്ചത്.

## ഗുണനിലവാര അംഗീകാരങ്ങളും ഇ-ഹെൽത്തും

ഇതുവരെ 227 ആരോഗ്യ സ്ഥാപനങ്ങൾക്ക് ദേശീയ ഗുണനിലവാര അംഗീകാരമായ എൻക്യുഎഎസ് നേടാനായി. 5 ആരോഗ്യ സ്ഥാപനങ്ങൾക്ക് മുസ്കാൻ അംഗീകാരവും 14 ആരോഗ്യ സ്ഥാപനങ്ങൾക്ക് ലക്ഷ്യ അംഗീകാരവും ലഭിച്ചു. സംസ്ഥാനത്ത് ഇ-ഹെൽത്ത് പദ്ധതി നാളിതുവരെ 750-ലധികം ആശുപത്രികളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ ക്യൂ നിൽക്കാതെ ഒപി ടിക്കറ്റ് എടുക്കാൻ കഴിയുന്നു. കാലതാമസം ഒഴിവാക്കാൻ ഇതേറെ സഹായിക്കും. ഘട്ടംഘട്ടമായി സംസ്ഥാനത്തെ മുഴുവൻ സർക്കാർ ആശുപത്രികളിലും ഇ-ഹെൽത്ത് സംവിധാനം ഏർപ്പെടുത്തുകയാണ് നമ്മുടെ ലക്ഷ്യം. ഇ പേയ്മെന്റ്, എം ഇഹെൽത്ത് മൊബൈൽ ആപ്പ് എന്നിവയും സജ്ജമാക്കി.

## പാലിയേറ്റീവ് പരിചരണം

കേരളം പാലിയേറ്റീവ് പരിചരണ രംഗത്ത്



സുപ്രധാന ഇടപെടലുകളാണ് നടത്തുന്നത്. ഇതിന്റെ ഭാഗമായി പാലിയേറ്റീവ് കെയർ ഗ്രിഡ് സ്ഥാപിച്ചു. നമ്മുടെ പാലിയേറ്റീവ് പരിചരണത്തെ ലോകാരോഗ്യ സംഘടനയും ആഗോള അക്കാദമിക സമൂഹവും (ലാൻസെറ്റ് കമ്മീഷൻ) അഭിനന്ദിക്കുകയുണ്ടായി. ആവശ്യമായ കെയർ കമ്പോണന്റുകൾ എല്ലാം സമന്വയിപ്പിച്ച് സമഗ്ര പാലിയേറ്റീവ് പരിചരണം സർക്കാർ മേഖലയിൽ തന്നെ നടപ്പിലാക്കാനുള്ള നടപടികൾക്ക് നാം തുടക്കം കുറിച്ചിട്ടുണ്ട്.

## ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ

സംസ്ഥാനത്ത് 5409 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ യാഥാർത്ഥ്യമാക്കി. സംസ്ഥാനത്തെ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദവും കാര്യക്ഷമവും ആക്കുന്നതിനാണ് ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വിഭാവനം ചെയ്തത്. പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ സൂക്ഷ്മമായി താഴെത്തട്ടിലൂടെ ജനപങ്കാളിത്തത്തോടെ എല്ലാവർക്കും ആരോഗ്യം ഉറപ്പ് വരുത്തുകയാണ് ഇതിലൂടെ. എല്ലാ നിയോജക മണ്ഡലങ്ങളിലും മാതൃകാ കേന്ദ്രങ്ങൾ ആരംഭിച്ചു. ആരോഗ്യപരമായ ജീവിതശൈലി സംസ്കാരം വളർത്തുന്നതിന് എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലൂടെയും ജനകീയ ആരോഗ്യ ക്ലബ്ബുകൾ തുടക്കമിട്ടു.




### മറ്റ് പ്രധാന നേട്ടങ്ങൾ

ഹൃദ്യം പദ്ധതിയിലൂടെ 8300-ലധികം കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകി. കുഞ്ഞുങ്ങളിലെ വൃക്കരോഗം നേരത്തെ കണ്ടെത്തി ചികിത്സിക്കുന്നതിനായി 'പ്രതീക്ഷ' പദ്ധതി ആരംഭിച്ചു. ഫാറ്റി ലിവർ ചികിത്സയ്ക്കായി രാജ്യത്ത് ആദ്യമായി ജില്ലാതല ആശുപത്രികളിൽ ഫാറ്റി ലിവർ ക്ലിനിക് സ്ഥാപിച്ചു. ആരോഗ്യ പ്രവർത്തകരുടെ സുരക്ഷയ്ക്കായുള്ള കോഡ് ഗ്രേ പ്രോട്ടോകോൾ യാഥാർത്ഥ്യമാക്കി. തിരുവനന്തപുരം മെഡിക്കൽ കോളേജ് എമർജൻസി മെഡിസിൻ വിഭാഗത്തെ സെന്റർ ഓഫ് എക്സലൻസായി കേന്ദ്രം ഉയർത്തി. എസ്.എ.ടി. ആശുപത്രിയെ അപൂർവ രോഗങ്ങളുടെ സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തി. കണ്ണൂരിലെ അന്താരാഷ്ട്ര ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആയുർവേദ ചികിത്സയിലും ഗവേഷണത്തിലും പുതിയ പാതകൾ തുറക്കുമെന്നാണ് പ്രതീക്ഷ. സംസ്ഥാന സർക്കാറിന്റെ മുൻനിര പ്രോജക്റ്റുകളിൽ ഒന്നാണ് അന്താരാഷ്ട്ര ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്. അതിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചു. കേരളത്തിന്റെ സമ്പന്നമായുള്ള ആയുർവേദ പാരമ്പര്യം, നൂറ്റാണ്ടുകൾ പഴക്കമുള്ള കയ്യെഴുത്ത് പ്രതികൾ, ഔഷധസസ്യ ജൈവവൈവിധ്യം, ആയുർവേദത്തിന്റെ വൈവിധ്യമാർന്ന തത്വങ്ങൾ, സമ്പ്രദായങ്ങൾ, എന്നിവയൊക്കെ സംരക്ഷിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും തലമുറകൾക്കും വിവിധ സംസ്കാരങ്ങൾക്കും വിവിധ ഇടങ്ങൾക്കും പരിചയപ്പെടുത്താനുള്ള ഒരു ഇടമായി ഗവേഷണ കേന്ദ്രം മാറും.

ഐക്യകേരളം നിലവിൽവന്നത് മുതലിങ്ങോട്ട്, നാം നേടിയ പൊതുജനാരോഗ്യനേട്ടങ്ങളെ സംരക്ഷിച്ചുകൊണ്ട് പുതുതായി ഉണ്ടായിക്കൊണ്ടിരിക്കുന്നതും ഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ളതുമായ വെല്ലുവിളികളെ നേരിടാൻ ആരോഗ്യവ്യവസ്ഥിതിയെ ശക്തിപ്പെടുത്തുകയാണ് നാം ചെയ്തുകൊണ്ടിരിക്കുന്നത്. സർക്കാർ ആശുപത്രികളും ആരോഗ്യകേന്ദ്രങ്ങളും പാവപ്പെട്ട ജനങ്ങളുടെ അത്താണിയായതിനാൽ അവയെ ഗുണനിലവാരമുള്ളതാക്കി അവരുടെ വാസസ്ഥലത്തിന് കഴിയുന്നത്ര അടുത്ത്, സാമ്പത്തിക പരാധീനതകൾ ഉണ്ടാകാത്ത തരത്തിൽ ഒരുക്കുന്നതിൽ നാം ബദ്ധശ്രദ്ധരായിരുന്നു. നമ്മുടെ ഡോക്ടർമാരും നഴ്സുമാരുമുൾപ്പെടെയുള്ള ആരോഗ്യ മനുഷ്യവിഭവശേഷിക്ക് ലോകം മുഴുവൻ ആവശ്യക്കാരുള്ള നിലയിലേക്കും വലിയ മാറ്റം കൊണ്ടുവരാൻ നമുക്ക് കഴിഞ്ഞു.

# കർഷകർക്കും വേണ്ടേ ഒരു സമിതി





**ഡോ. എൻ. ജയരാജ്**
ഗവൺമെന്റ് ചീഫ് വിപ്പ്

12,13,14,15 കേരള നിയമസഭകളിൽ അംഗം


രാജ്യത്തെ പല നിയമസഭകൾക്കും പാർലമെന്റിനുംവരെ മാതൃകയായ നിരവധി നിയമങ്ങൾക്കും നടപടിക്രമങ്ങൾക്കും രൂപം നൽകിയിട്ടുള്ള പാരമ്പര്യമാണ് കേരള നിയമസഭയ്ക്കുള്ളത്. നിയമ നിർമ്മാണമാണ് സഭയുടെ പരമ പ്രധാനമായ ചുമതല എങ്കിലും ആധുനിക കാലത്തെ സഭാപ്രവർത്തനം വൈവിധ്യമാർന്ന ജനകീയ പ്രശ്നങ്ങളെകൂടി പരിഗണിക്കുന്ന തരത്തിലാണ് രൂപപ്പെടുത്തിയിരിക്കുന്നത്.

സഭയുടെ മുമ്പാകെ വരുന്ന പ്രത്യേക വിഷയങ്ങളിന്മേലുള്ള ചർച്ചകളിൽ അംഗങ്ങൾക്കെല്ലാവർക്കും പങ്കെടുക്കുന്നതിനുള്ള അവസരം സമയക്കുറവു മൂലം പലപ്പോഴും ലഭിക്കാറില്ല. ഇത് ഒരു പരിധിവരെ മറികടക്കുക എന്ന ലക്ഷ്യത്തോടെയാണ് സഭാസമിതികൾ പ്രവർത്തിക്കുന്നത്. അംഗസംഖ്യ കുറവായതുകൊണ്ടും ചർച്ചകൾക്ക് കൂടുതൽ സമയം ലഭിക്കുന്നതുകൊണ്ടും യോഗം കൂടുന്നതിന് സമയപരിധി ഇല്ലാത്തതിനാലും ബില്ലുകളും മറ്റും ആഴത്തിൽ പഠിക്കുന്നതിനും ആവശ്യമെങ്കിൽ ജനങ്ങളിൽനിന്നും അഭിപ്രായം സ്വരൂപിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ സഭ മുമ്പാകെ റിപ്പോർട്ടു സമർപ്പിക്കുന്നതിനും സമിതികൾക്കാകും. അതുകൊണ്ടാണ് നിയമസഭയുടെ ഒരു മിനിയേച്ചറായി സഭാസമിതികളെ കണക്കാക്കുന്നത്. നിയമസഭ അതിന്റെ പൂർണ്ണതയിൽ എത്തുന്നത് സഭാസമിതികളുടെ ഉത്തരവാദിത്തങ്ങൾ കാര്യക്ഷമമായി നിറവേറ്റപ്പെടുമ്പോഴാണ്. കേരളത്തിൽ ഇത്തരം സമിതികളുടെ രൂപീകരണത്തിന് 136 കൊല്ലത്തെ പാരമ്പര്യമുണ്ട്. 1888-ലെ തിരുവതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിൽ ബില്ലുകളുടെ വിശദമായ പഠനത്തിനായി ഒരു സെലക്ട് കമ്മിറ്റി രൂപീകരിച്ചതോടെയാണ് ഇതിന്റെ തുടക്കം. എന്നാൽ വിപുലമായ അധികാരവും കടമകളുമുള്ള ലക്ഷണമൊത്ത സമിതികൾക്കായി ഒന്നാം കേരള നിയമസഭ



“കേരളത്തിൽ ഇത്തരം സമിതികളുടെ രൂപീകരണത്തിന് 136 കൊല്ലത്തെ പാരമ്പര്യമുണ്ട്. 1888-ലെ തിരുവതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിൽ ബില്ലുകളുടെ വിശദമായ പഠനത്തിനായി ഒരു സെലക്ട് കമ്മിറ്റി രൂപീകരിച്ചതോടെയാണ് ഇതിന്റെ തുടക്കം.”



നിലവിൽ വരുന്നതുവരെ കാത്തിരിക്കേണ്ടി വന്നു. 1957 ആഗസ്റ്റ് 22-ന് രൂപീകൃതമായ കാര്യോപദേശക സമിതിയാണ് ഈ ഗണത്തിലെ ആദ്യ നിയമസഭാ സമിതി. തുടർന്നിങ്ങോട്ട് ധനകാര്യ സമിതികൾ, ക്ഷേമ സമിതികൾ, സഭയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട മറ്റു സമിതികൾ എന്നിങ്ങനെ മുപ്പത്തിയേഴു സമിതികളാണ് നാളിതുവരെ രൂപീകൃതമായിട്ടുള്ളത്. ധനകാര്യ കമ്മിറ്റികൾ കൂടാതെ വിവിധ വിഭാഗത്തിൽപ്പെട്ടവരുടെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ക്ഷേമസമിതികൾ നൽകുന്ന പഠന റിപ്പോർട്ടുകളും സർക്കാർ സംവിധാനത്തെ സൂക്ഷ്മമായി അപഗ്രഥിച്ച് ക്രിയാത്മക നിർദ്ദേശം നൽകിക്കൊണ്ട് അതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നു. കാലാകാലങ്ങളിലെ ആവശ്യങ്ങൾക്കനുസരിച്ച് പുതിയ മേഖലകളുമായി ബന്ധപ്പെട്ട് രൂപീകരിച്ച സമിതികളുടെ പ്രവർത്തനങ്ങൾ വൈപുല്യവും സർഗ്ഗാത്മകവുമാക്കുന്ന കാര്യത്തിൽ നമ്മുടെ നിയമസഭ എന്നും മാതൃകയാണ്.

മത്സ്യത്തൊഴിലാളികൾ, പ്രവാസികൾ, യുവജനങ്ങൾ, മുതിർന്ന പൗരന്മാർ തുടങ്ങിയവരുടെ ക്ഷേമം സംബന്ധിച്ച സമിതികളാണ് അവസാനമായി ഈ ഗണത്തിൽ കൂട്ടി ചേർക്കപ്പെട്ടത്. എന്നാൽ കേരളത്തിലെ അടിസ്ഥാന ജനവിഭാഗമായ കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ക്ഷേമം മുൻനിർത്തി നാളിതുവരെ സഭാ സമിതികളൊന്നും രൂപീകരിച്ചിട്ടില്ല. നാടിന്റെ നട്ടെല്ലായ കർഷകരുടെ പ്രശ്നങ്ങൾ മറ്റു പല സമിതികളുടെയും മുൻപിൽ പല രൂപത്തിൽ കടന്നുവരാറുണ്ടെങ്കിലും കർഷകപ്രശ്നങ്ങളെ അഭിസംബോധന ചെയ്യുകയെന്ന ദൗത്യത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചുള്ള ഒരു സമിതിയുടെ അനിവാര്യത വളരെ വലുതാണ്.

സംസ്ഥാനത്തിന്റെ വികസന പ്രക്രിയയിൽ കാർഷിക മേഖലയുടെ പങ്ക് എടുത്തുപറയേണ്ടതാണ്. കർഷകരുടെ ക്ഷേമം ലക്ഷ്യമിട്ടും കാർഷിക അഭിവൃദ്ധി കൈവരിക്കുന്നതിനും ഒട്ടേറെ കർമ്മ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. കാർഷിക വികസന പരിപാടികൾ, വളർച്ചാ നിരക്ക്, പുനരുജ്ജീവനം, കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, കാർഷികോല്പന്നങ്ങൾക്ക് മികച്ച വിപണി കണ്ടെത്തൽ, ഓൺലൈൻ മാർക്കറ്റിംഗ്, കീടനാശിനികളുടെ ഉപയോഗം കുറയ്ക്കുന്നതിനുള്ള നടപടികൾ, വിള ഇൻഷ്വറൻസ്, കാർഷിക വായ്പ, വന്യജീവി ആക്രമണംമൂലം ജീവനും സ്വത്തിനും ഹാനി സംഭവിക്കുന്ന കർഷകർക്ക് ആശ്വാസം നൽകൽ തുടങ്ങി ഒട്ടേറെ വിഷയങ്ങൾ സഭാ ചർച്ചകളിൽ പരാമർശിക്കപ്പെടുന്നുണ്ടെങ്കിലും അത്തരം വിഷയങ്ങൾ കൂടുതൽ ആഴത്തിൽ

"എന്നാൽ കേരളത്തിലെ അടിസ്ഥാന ജനവിഭാഗമായ കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ക്ഷേമം മുൻനിർത്തി നാളിതുവരെ സഭാ സമിതികളൊന്നും രൂപീകരിച്ചിട്ടില്ല. നാടിന്റെ നട്ടെല്ലായ കർഷകരുടെ പ്രശ്നങ്ങൾ മറ്റു പല സമിതികളുടെയും മുൻപിൽ പല രൂപത്തിൽ കടന്നുവരാറുണ്ടെങ്കിലും കർഷകപ്രശ്നങ്ങളെ അഭിസംബോധന ചെയ്യുകയെന്ന ദൗത്യത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചുള്ള ഒരു സമിതിയുടെ അനിവാര്യത വളരെ വലുതാണ്."







പഠന വിധേയമാക്കുന്നതിനും പ്രശ്നപരിഹാരത്തിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ നൽകുന്നതിനും വിവിധ കാർഷിക പദ്ധതികളുടെ നടത്തിപ്പ് അവലോകനം ചെയ്യുന്നതിനും നിയമസഭാംഗങ്ങളുടങ്ങുന്ന ഒരു സമിതി ആവശ്യമാണ്.

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹാരത്തിനുള്ള ശിപാർശകൾ സമർപ്പിക്കുന്നതിനും പ്രത്യേകമായി നിയമസഭാ സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സ്ത്രീകൾ, കുട്ടികൾ, ട്രാൻസ്ജൻഡറുകൾ, ഭിന്നശേഷിക്കാർ, യുവാക്കൾ, മുതിർന്ന പൗരന്മാർ, പ്രവാസികൾ, പട്ടികജാതി/പട്ടികവർഗ്ഗ, മറ്റ് പിന്നാക്ക വിഭാഗക്കാർ തുടങ്ങി സമൂഹത്തിലെ വിവിധ മേഖലകളിലുള്ളവർക്ക് ആശ്വാസം നൽകുന്നതിനായി നിയമസഭാംഗങ്ങളടങ്ങുന്ന വിവിധ സമിതികൾ പ്രശംസനീയമായ നിലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

കർഷകർക്കുവേണ്ടിയുള്ള വിവിധ പദ്ധതികൾ, ക്ഷേമ ബോർഡുകൾ, അക്കാദമിക സംവിധാനം തുടങ്ങിയവയുടെ നടത്തിപ്പും നടപടിക്രമങ്ങളിലെ പോരായ്മകളും വിശാലമായ അർത്ഥത്തിൽ കൈകാര്യം ചെയ്യേണ്ടതാണ്. കാലാവസ്ഥ വ്യതിയാനമുൾപ്പെടെ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ എണ്ണിയാലൊടുങ്ങാത്തവയാണ്. കാർഷിക വായ്പകളുമായി ബന്ധപ്പെട്ട പദ്ധതികൾ, കീടനാശിനി പ്രയോഗത്തിന്റെ അനന്തരഫലങ്ങൾ, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതകൾ തുടങ്ങി പരിഗണിക്കപ്പെടാതെ പോകുന്ന പദ്ധതികളുടെ നേർക്കാഴ്ചകൾ ഏറെയുണ്ട്. നമ്മുടെ കാർഷിക നയത്തിന് രൂപം നൽകിയിട്ട് കാലാമേറെയായിട്ടും അവയിൽ ഭൂരിഭാഗവും ഇപ്പോഴും നടപ്പാക്കാൻ ബാക്കി നിൽക്കുന്നു. ഇങ്ങനെ വൈവിദ്ധ്യമായ പ്രശ്നങ്ങളുടെ സങ്കീർണ്ണതകൾ ആഴത്തിൽ പഠിക്കുവാനും പ്രശ്നപരിഹാരം നിർദ്ദേശിക്കുവാനുമുള്ള ശക്തമായ ഒരു സംവിധാനമായിരിക്കും നിയമസഭാ സമിതി.

എല്ലായ്പ്പോഴും കർഷകരെ ചേർത്തുപിടിക്കുമ്പോൾ കക്ഷി രാഷ്ട്രീയത്തിനപ്പുറത്ത് നമ്മൾ കാണിക്കുന്ന ആർജ്ജവത്തിനും ആത്മാർത്ഥതയ്ക്കും അടിവരയിടുന്ന **'കർഷക ക്ഷേമ സമിതി'** എന്ന ആശയം എത്രയുംവേഗം പ്രാവർത്തികമാക്കി മറ്റൊരു മാതൃകയുടെ തൂവൽ കൂടി ചാർത്താൻ നമുക്ക് കഴിയട്ടെ!.

••••



**തോമസ് കെ. തോമസ്**
15-ാം കേരള നിയമസഭയിൽ അംഗം

കേരളത്തിന്റെ ഭൂപടത്തിൽ വിസ്മയങ്ങൾ തീർത്ത ഒരു ദേശമാണ് കുട്ടനാട്. കടൽനിരപ്പിൽനിന്നും താഴ്ന്നുനിൽക്കുന്നതും ജൈവവൈവിധ്യങ്ങൾ നിറഞ്ഞതും അച്ചൻകോവിൽ, പമ്പ, മണിമല, മീനച്ചിൽ ആറുകളുടെ മടിത്തട്ടുമാണ് കുട്ടനാട്. ജോസഫ് മുരിക്കനെപോലെയുള്ള ധീഷണശാലികളായ വ്യക്തികളും കഠിനാധ്വാനികളായ പ്രദേശവാസികളും കായലിനെ വകഞ്ഞെടുത്ത് പൊന്ന് വിളയിക്കുന്ന ഭൂമിയാക്കി. അങ്ങനെ കേരളത്തിന്റെ നെല്ലറയായി കുട്ടനാട് അറിയപ്പെടുവാൻ ഇടയായി. വെള്ളക്കെട്ടുകളും പാടശേഖരങ്ങളും നിറഞ്ഞ കുട്ടനാട്, വിദേശികൾക്കും സ്വദേശികൾക്കും ഒരു അത്ഭുതകാഴ്ചയാണ്. തൊണ്ണൂറ്റിയഞ്ച് ശതമാനം ഭൂപ്രദേശവും പാടശേഖരങ്ങളും വെള്ളക്കെട്ടുകളാണ്. നെല്ല്, മീൻ, താറാവ്, ടൂറിസം (ഹൗസ് ബോട്ട്) തുടങ്ങിവയാണ് ഇന്നാട്ടുകാരുടെ മുഖ്യ ജീവിത മാർഗ്ഗങ്ങൾ. വളളംകളികൾ ഈ നാടിന്റെ ഐക്യത്തിന്റെ ഉത്സവങ്ങളാണ്. അതിസാഹസികമായ ദൈനംദിന ജീവിതത്തെയാണ് കുട്ടനാ

# തോമസ് ചാണ്ടി
# കുട്ടനാടിനെ സ്നേഹിച്ച കർമ്മയോഗി

ട്ടുകാർ അഭിമുഖീകരിക്കുന്നത്. കിഴക്കൻ പ്രദേശങ്ങളിൽ മഴ കനത്താൽ, മഴ തുടരെ പെയ്താൽ കുട്ടനാട്ടുകാരുടെ കഷ്ടപ്പാടുകൾ ഇരട്ടിക്കുകയാണ്.



നെൽപ്പാടങ്ങൾ കവിതകൾ രചിച്ച കുട്ടനാട്, നമ്മുടെ നാടിന് അതുല്യപ്രതിഭകളെ സമ്മാനിച്ചിട്ടുള്ളത് നമുക്ക് അഭിമാനം പകരുന്നതാണ്. സർദാർ കെ.എം. പണിക്കർ, പ്രശസ്ത എഴുത്തുകാരനായ ജ്ഞാനപീഠം ജേതാവ് തകഴി ശിവശങ്കരപ്പിള്ള, കുട്ടനാടിനെ ഏറെ സ്നേഹിച്ച കൃഷി ശാസ്ത്രജ്ഞനായ ഇന്ത്യയുടെ ഹരിതവിപ്ലവ നായകൻ ഭാരതരത്നം എം.എസ്. സ്വാമിനാഥൻ, കാവാലം നാരായണപ്പണിക്കർ, ഡോ. കെ. അയ്യപ്പപണിക്കർ, ഗുരു ഗോപിനാഥ്, ചമ്പക്കുളം പാച്ചുപിള്ള, മങ്കൊമ്പ് ശിവശങ്കരപിള്ള, മങ്കൊമ്പ് ഗോപാലകൃഷ്ണൻ, മങ്കൊമ്പ് രാധാകൃഷ്ണൻ, മാത്തൂർ കുഞ്ഞുപിള്ള പണിക്കർ, മാത്തൂർ ഗോവിന്ദൻകുട്ടി, നെടുമുടി വേണു, പൊൻകുന്നം വർക്കി, പാറപ്പുറത്ത്, ഡോ. കെ.പി. ശശിധരൻ, നവോദയ അപ്പച്ചൻ, ജോൺ എബ്രഹാം, നാഗവള്ളി ആർ.എസ്. കുറുപ്പ്, വേണു നാഗവള്ളി, സംവിധായകൻ വിനയൻ, കാവാലം ശ്രീകുമാർ, പിന്നണിഗായകൻ പ്രമോദ്, ഗാനരചയിതാവ് ജി.ആർ. പ്രസാദ് തുടങ്ങിയവർ കുട്ടനാടിന്റെ സമ്പത്താണ്.

കുട്ടനാടിനെ വല്ലാതെ സ്നേഹിച്ച, 50 വർഷക്കാലം കുവൈത്തിൽ പ്രവാസ ജീവിതം നയിച്ച, മൂന്ന് പ്രാവശ്യം കുട്ടനാട്ടിലെ ജനങ്ങൾ തങ്ങളുടെ ജനപ്രതിനിധിയായി തിരഞ്ഞെടുത്ത തോമസ് ചാണ്ടി കുട്ടനാടിന്റെ ശബ്ദമായിരുന്നു. ജനപ്രതിനിധിയായി തിരഞ്ഞെടുക്കപ്പെടുന്നതിനുമുന്നേ കുട്ടനാടിന്റെ അടിസ്ഥാന പ്രശ്നങ്ങളെ ആഴമായി പഠിക്കുവാനും മനസിലാക്കുവാനും ശ്രമിച്ച ഒരു

വ്യക്തിയായിരുന്നു അദ്ദേഹം. 'വെള്ളം വെള്ളം സർവ്വത്ര വെള്ളം പക്ഷെ കുടിക്കുവാൻ ഒരു തുള്ളി വെള്ളമില്ല' എന്ന അവസ്ഥയാണ് കുട്ടനാട്ടിലുണ്ടായിരുന്നത്. അതിനെ മറികടക്കുവാൻ കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി യാഥാർത്ഥ്യമാക്കുവാൻ തന്റെ ജനസേവനകാലം മുഴുവൻ അദ്ദേഹം ശ്രമിച്ചു എന്നത് വസ്തുതയാണ്.

2009-ൽ ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ, ശ്രീ. വി. എസ്. അച്യുതാനന്ദൻ സർക്കാരിൽ ജലവിഭവ വകുപ്പു മന്ത്രിയായിരുന്നപ്പോൾ തോമസ് ചാണ്ടിയുടെ ശ്രമഫലമായാണ് 14 എം.എൽ.ഡി.യുടെ ആദ്യ പ്ലാന്റ് കുട്ടനാട്ടിൽ വന്നത്. എന്നാൽ ഡീലിമിറ്റേഷനു മുൻപ് 10 പഞ്ചായത്തുകൾ മാത്രമായിരുന്നു കുട്ടനാട്ടിൽ ഉണ്ടായിരുന്നത്. 2011-ൽ മൂന്ന് പഞ്ചായത്തുകൾ കൂടി കുട്ടനാട്ടിൽ കൂട്ടിച്ചേർക്കപ്പെട്ടപ്പോൾ കുടിവെള്ളം എല്ലാവർക്കും ലഭ്യമാക്കുന്നതിന് തികയാതെ വന്നു. അപ്പോൾ ട്രീറ്റ്മെന്റ് പ്ലാന്റ് അപ്ഗ്രേഡ് ചെയ്യുന്നതിനുവേണ്ടി ശ്രമിച്ചു. ശ്രീമതി. ടിങ്കു ബിശ്വാൾ ഐ.എ.എസ് ജലവിഭവ വകുപ്പ് സെക്രട്ടറി ആയിരിക്കുമ്പോൾ 2017-ൽ 220 കോടി രൂപ സർക്കാർ അനുവദിച്ചു പുതിയ ഉത്തരവ് ഇറക്കി. ഒന്നാം ഘട്ടത്തിൽ 70 കോടി രൂപ പൈപ്പ് ലൈൻ ഇടുന്നതിന് അനുവദിച്ചു നടപ്പാക്കി. ഇപ്പോൾ 64 കോടി രൂപ ജലജീവൻ മിഷനിലൂടെ കുടിവെള്ളം വീടുകളിൽ എത്തിക്കുന്ന ഹൗസ്ലൈൻ പദ്ധതിക്ക് അനുവദിച്ചു. 385 കോടി രൂപ കുട്ടനാട് സമഗ്രകുടിവെള്ള പദ്ധതിക്ക് പുതുക്കി അനുവദിച്ചതിന് ശേഷം, കുട്ടനാടിന്റെ പ്രത്യേകതകൾ പരിഗണിച്ച് ഈ പദ്ധതിക്ക് 'എബൗവ് ' കൊടുത്ത് 481 കോടി രൂപ 10 പാക്കേജുകളിലായി അനുവദിച്ചു നടപ്പാക്കി വരുന്നു. അങ്ങനെ ഈ കുടിവെള്ള പദ്ധതിക്ക് ആകെ 615 കോടി രൂപ അനുവദിച്ചത് കുട്ടനാട്ടുകാരോടുള്ള സർക്കാരിന്റെ സമീപനം വ്യക്തമാക്കുന്നു.

"2009-ൽ ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ, ശ്രീ. വി. എസ്. അച്യുതാനന്ദൻ സർക്കാരിൽ ജലവിഭവ വകുപ്പു മന്ത്രിയായിരുന്നപ്പോൾ തോമസ് ചാണ്ടിയുടെ ശ്രമഫലമായാണ് 14 എം.എൽ. ഡി.യുടെ ആദ്യ പ്ലാന്റ് കുട്ടനാട്ടിൽ വന്നത്."

മൂന്ന് കുടിവെള്ള പദ്ധതികളിലൂടെ കുട്ടനാട്ടിലെ മുഴുവൻ ഭവനങ്ങളിലും ശുദ്ധജലം ആവശ്യത്തിന് എത്തിക്കുന്ന അതിവിപുലമായ പദ്ധതിയാണ് യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നത്. ഈ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ സ്ഥലം ലഭ്യമല്ലായിരുന്നു. നീരേറ്റുപുറം ഭാഗത്ത് തോമസ് ചാണ്ടിയുടെയും എന്റെയും പേരിൽ ഉണ്ടായിരുന്ന 2.10 ഏക്കർ സ്ഥലം സൗജന്യമായി ഈ പദ്ധതിയ്ക്ക് വിട്ടുകൊടുത്തുകൊണ്ടാണ് തോമസ് ചാണ്ടി ഈ സ്വപ്നപദ്ധതി യാഥാർത്ഥ്യമാക്കാൻ മുന്നോട്ടുവന്നത്. 2017-ൽ തോമസ് ചാണ്ടിയുടെ അഭ്യർത്ഥനയിൽ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ പ്രത്യേക നിർദ്ദേശത്താൽ ധനകാര്യ മന്ത്രിയായിരുന്ന ഡോ. റ്റി.എം. തോമസ് ഐസക് 220 കോടി രൂപ സമഗ്ര കുട്ടനാട് കുടിവെള്ള പദ്ധതിയുടെ മൂന്നാം ഘട്ടത്തിന് അനുവദിച്ചുകൊണ്ടാണ് കുട്ടനാട്ടുകാരുടെ ചിരകാല അഭിലാഷം യാഥാർത്ഥ്യമാക്കാൻ പോകുന്നത്. ഇപ്പോൾ ഇത് 481 കോടിയായി ഉയർത്തി നല്കിയിട്ടുണ്ട്.



നെൽകർഷകർ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ ഏറ്റവും ശ്രദ്ധയോടെ കേട്ടിരുന്ന ജനനായകനായിരുന്നു തോമസ് ചാണ്ടി. കുട്ടിക്കാലംമുതൽ നെൽകൃഷിയും കൊപ്രാസംഭരണവും മറ്റും കണ്ടുവളർന്ന തോമസ് ചാണ്ടിക്ക് അത്തരം വിഷയങ്ങളിലെ നേരിട്ടുള്ള അറിവുകൾ അവരുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം ലഭ്യമാക്കാൻ പ്രേരണയായി. അങ്ങനെ കേന്ദ്ര കൃഷിമന്ത്രിയായിരുന്ന ശരത് പവാറിനെ കുട്ടനാട്ടിൽ കൊണ്ടുവരികയും ബോട്ടുയാത്രയിലൂടെ ഈ നാടിന്റെ സ്പന്ദനങ്ങളെ നേരിട്ട് ബോധ്യപ്പെടുത്തുവാനും കഴിഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് കുട്ടനാട് പാക്കേജ് പ്രഖ്യാപിക്കുവാൻ കേന്ദ്ര സർക്കാർ തയ്യാറായത്. ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ പൂർണ്ണമായും യാഥാർത്ഥ്യമായിരുന്നെങ്കിൽ കൃഷിക്കാരുടെ പ്രശ്നങ്ങൾക്ക് പൂർണ്ണവിരാമം ആകുമായിരുന്നു. കുട്ടനാട്ടിലെ മുഴുവൻ പാടശേഖരങ്ങളുടെയും പുറംബണ്ടുകൾ ബലപ്പെടുത്തി ട്രാക്ടർ റോഡുകൾ നിർമ്മിച്ച് നല്കിയാൽ മടവീഴ്ച ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കപ്പെടും. കൃഷി ആവശ്യങ്ങൾക്കുള്ള യന്ത്രങ്ങൾ എത്തിക്കുന്നതിനും കൊയ്ത നെല്ല് സംഭരിച്ച് വേഗം അവിടെനിന്നും നീക്കം ചെയ്യുന്നതിനും ഇത് കൂടുതൽ പ്രയോജനം ചെയ്യുമായിരുന്നു. ഈ പദ്ധതി വേണ്ടത്ര വിജയകരമാക്കാൻ വിവിധ കാരണങ്ങളാൽ കഴിയാതിരുന്നതിനാലാണ് ഈ സർക്കാർ രണ്ടാം കുട്ടനാട് പാക്കേജ് പ്രഖ്യാപിച്ചത്. അത് പുരോഗമിച്ചുകൊണ്ടിരിക്കുകയാണ് ഇപ്പോൾ.

ടൂറിസത്തിന്റെ അനന്തസാധ്യതകൾ മുന്നിൽക്കണ്ട്, പ്രദേശവാസികൾക്ക് തൊഴിൽലഭ്യത ഉറപ്പുവരുത്തുന്നതിനും വരുമാനവർധനവിന് സാഹചര്യം ഒരുക്കുന്നതുമായ പദ്ധതികൾ ആവിഷ്കരിക്കാനാണ് തോമസ് ചാണ്ടി മുന്നോട്ടുവന്നത്. സ്വന്തം നിലയിൽ പ്രകൃതിയ്ക്ക് ഇണങ്ങിയ ഒരു റിസോർട്ട് നിർമ്മിച്ചുകൊണ്ടാണ് അദ്ദേഹം ഈ സംരംഭത്തിന് തുടക്കം കുറിച്ചത്. വികസനപദ്ധതികളെ തുരങ്കം വയ്ക്കുന്ന ലോബികൾ അദ്ദേഹത്തിനെതിരെ അപവാദപ്രചരണങ്ങൾ നടത്തിയത് നാം മറന്നിട്ടില്ല. മാസങ്ങളോളം മാധ്യമങ്ങൾ ആഘോഷിച്ച ഈ അപവാദപ്രചരണങ്ങൾ കുട്ടനാടിന്റെ ടൂറിസം സെക്ടറിനെ ഒരു പരിധിവരെ നിർജ്ജീവമാക്കി എന്നത് വസ്തുതയാണ്. പുതിയ നിക്ഷേപകർ ടൂറിസം സെക്ടറിൽ വരുന്നതിൽ വിമുഖത കാട്ടിയത് ഇത്തരുണത്തിൽ പ്രത്യേകം ഓർക്കുകയാണ്.

പ്രതിബന്ധങ്ങളെ അവസരങ്ങൾ ആക്കിയ ഒരു അതുല്യ പ്രതിഭയായിരുന്നു തോമസ് ചാണ്ടി. ഗൾഫ് രാജ്യങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ച് വിജയിപ്പിച്ച വ്യക്തിയാണ് അദ്ദേഹം. അപവാദപ്രചരണങ്ങളാൽ മന്ത്രിസ്ഥാനം ത്യജിക്കേണ്ടി വന്നപ്പോഴും രോഗാവസ്ഥയിലായിട്ടും കുട്ടനാടിന്റെ നല്ല ഭാവിയെ സ്വപ്നം കാണുകയും അതിനായി പരിശ്രമിക്കുകയും ഓരോ ഇഞ്ചിലും തന്റെ വാദമുഖങ്ങൾ കുട്ടനാടിന്റെ സമഗ്രവികസനത്തിന് സമർപ്പിക്കുകയും ചെയ്ത തോമസ് ചാണ്ടിയുടെ ദീപ്തമായ ഓർമ്മകൾ എന്നും ഒരു ചാലകശക്തിയാണ്.



# ആര്യാടൻ:
## അസാധാരണ രാഷ്ട്രീയ പ്രതിഭ



**വി.എം.സുധീരൻ**

6, 7, 8, 9 കേരള നിയമസഭകളിൽ അംഗം
1985-1987 സ്പീക്കർ
1995-1996 ആരോഗ്യവകുപ്പ് മന്ത്രി
6, 11, 12, 13 ലോക്സഭകളിൽ അംഗം

കെ.എസ്.യു. സംസ്ഥാന ജനറൽ സെക്രട്ടറിയായി പ്രവർത്തിക്കുന്ന കാലത്താണ് ഞാനാദ്യമായി ആര്യാടനെ പരിചയപ്പെടുന്നതും സൗഹൃദത്തിലാകുന്നതും. ആര്യാടൻ അന്ന് കോഴിക്കോട് ഡി.സി.സി. സെക്രട്ടറിയായിരുന്നു. അക്കാലത്ത് മീഞ്ചന്തയിൽ നടന്ന ഒരു പൊതുയോഗത്തിൽ ആര്യാടനൊപ്പം പങ്കെടുത്തതിന്റെ ഓർമ്മകൾ ഇന്നും എന്റെ മനസ്സിലുണ്ട്. കോൺഗ്രസിന്റെ മഹത്തായ പാരമ്പര്യവും കർമ്മപരിപാടികളും വിശദീകരിക്കുന്നതോടൊപ്പം എതിർപക്ഷത്തുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളെ താത്വികമായിത്തന്നെ അദ്ദേഹം വിമർശിച്ചത് ഏറെ കൗതുകത്തോടെയാണ് ഞാൻ നിരീക്ഷിച്ചത്.

ആര്യാടനെക്കുറിച്ച് കൂടുതൽ അറിയാനും അദ്ദേഹത്തിന്റെ പ്രവർത്തന പശ്ചാത്തലവും പ്രത്യേകതകളും മനസ്സിലാക്കാനും പിൽക്കാലത്ത് കഴിഞ്ഞു. കാലം കടന്നുപോകുന്തോറും ഞാൻ ഉൾപ്പെടെയുള്ള അന്നത്തെ തലമുറയുടെ രാഷ്ട്രീയ ജീവിതത്തിന്റെ ഒരു ഭാഗമായിത്തന്നെ ആര്യാടൻ മാറുകയായിരുന്നു. യഥാർത്ഥത്തിൽ ആര്യാടന്റെ പൊതുജീവിതം തലമുറകൾക്ക് ഒരു പാഠപുസ്തകം ആകേണ്ടതാണ്.

ഹൈസ്കൂൾ വിദ്യാർത്ഥിയായിരുന്ന കാലത്തുതന്നെ കോൺഗ്രസ് ആശയങ്ങളിൽ ആര്യാടൻ ആകൃഷ്ടനായിരുന്നു. മുഹമ്മദ് അബ്ദുൽ റഹിമാൻ സാഹിബിന്റെ അസാധാരണ വ്യക്തിത്വം അദ്ദേഹത്തെ വളരെയേറെ സ്വാധീനിച്ചിരുന്നു. മതനിരപേക്ഷതയോടുള്ള അചഞ്ചലമായ പ്രതിബന്ധത അന്നേ ആര്യാടന്റെ മനസ്സിൽ ആഴത്തിൽ വേരൂന്നിയിരുന്നു.

ചെറുപ്പത്തിൽത്തന്നെ തൊഴിലാളി പ്രസ്ഥാനത്തിൽ സജീവമായി. അവരുടെ അവകാശ പോരാട്ടങ്ങളിൽ മുന്നണി പോരാളിയായിമാറി.



“തൃശ്ശൂരിൽ വ്യാപാര മേഖലയിലുണ്ടായ തർക്കങ്ങളും സംഘർഷങ്ങളും അവസാനിപ്പിക്കുന്നതിന് തിരുവനന്തപുരത്ത് നടന്ന ഒത്തുതീർപ്പു ചർച്ചകളിൽ തൊഴിൽ മന്ത്രിയായ അദ്ദേഹം പ്രകടിപ്പിച്ച അസാധാരണ മെയ് വഴക്കവും ആ പ്രശ്നം കൈകാര്യം ചെയ്ത രീതിയും സാർവ്വത്രികമായ അഭിനന്ദനങ്ങൾക്ക് ഇടവരുത്തിയത് അതിനെല്ലാം സാക്ഷിയായ ഞാനിപ്പോഴും ഏറെ അഭിമാനത്തോടെ ഓർക്കുന്നു.”



അതോടൊപ്പംതന്നെ കോൺഗ്രസ് പ്രസ്ഥാനത്തിലും താഴെതലങ്ങളിൽ ചുമതലകൾ ഏറ്റെടുക്കുകയും ചെയ്തു. തുടർന്നാണ് കോഴിക്കോട് ഡി.സി.സി.എക്സിക്യൂട്ടീവിലെ ഏറ്റവും പ്രായം കുറഞ്ഞ അംഗമായി തെരഞ്ഞെടുക്കപ്പെട്ടതും ഡി.സി.സി. ജനറൽ സെക്രട്ടറിയായതും. കെ.പി.സി.സി. അംഗമായി തെരഞ്ഞെടുക്കപ്പെട്ടതും അക്കാലത്താണ്.

തന്റെ ജീവിതത്തിലെ കടുത്ത പരീക്ഷണങ്ങളെ നേരിട്ടപ്പോഴും പതറാത്ത മനസ്സുമായി ആര്യാടൻ മുന്നോട്ടുപോയി. മലപ്പുറം ജില്ല രൂപീകരിക്കപ്പെട്ടതോടെ ആര്യാടൻതന്നെ ഡി.സി.സി. പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. പതിനൊന്നു വർഷം ആസ്ഥാനത്ത് തുടർന്ന അദ്ദേഹം പിന്നീട് ഒരു പന്തീരാണ്ടിലേറെ കെ.പി.സി.സി. ജനറൽ സെക്രട്ടറിയായി കർമ്മ രംഗത്ത് നിലകൊണ്ടു.

1971-ൽ കെ.എസ്.യു. പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടതിനെത്തുടർന്നാണ് കെ.പി.സി.സി. എക്സിക്യൂട്ടീവിൽ പങ്കെടുക്കാൻ എനിക്കവസരമുണ്ടായത്. കെ.പി.സി.സി. എക്സിക്യൂട്ടീവിലെ സജീവ സാന്നിധ്യമായിരുന്നു ആര്യാടൻ. കെ.കെ.വിശ്വനാഥൻ വക്കീലായിരുന്നു പ്രസിഡന്റ്. ഏത് വിഷയം ചർച്ചചെയ്യപ്പെട്ടാലും ആര്യാടന് കൃത്യമായ അഭിപ്രായമുണ്ട്. അത് അദ്ദേഹം തന്റെ ശൈലിയിൽ ഫലപ്രദമായി പ്രകടിപ്പിച്ചുവരികയും ചെയ്തു. ആര്യാടന്റെ നേതൃത്വത്തിലുള്ള ഡി.സി.സി. പ്രസിഡന്റുമാരുടെ കൂട്ടായ്മ പാർട്ടിയുടെ ശക്തിസ്രോതസ്സായി മാറുന്നതിനും ഞങ്ങളൊക്കെ സാക്ഷ്യംവഹിച്ചു.

ആര്യാടൻ ആദ്യമായി നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടത് 1977-ൽ ആണ്. 1980-ൽ മന്ത്രിയുമായി. മന്ത്രിസഭയിൽ അംഗമായതിനുശേഷം ഉപതെരഞ്ഞെടുപ്പിലൂടെയാണ് ആര്യാടൻ നിയമസഭയിലെത്തിയത്. അന്ന് കെ.പി.സി.സി. ജനറൽ സെക്രട്ടറിയായിരുന്ന എനിക്കായിരുന്നു ആര്യാടന്റെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുടെ ഏകോപന ചുമതല. എനിക്കേറെ രാഷ്ട്രീയ അനുഭവങ്ങൾ സമ്മാനിച്ച ആ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ ഇന്നും എന്റെ മനസ്സിലുണ്ട്.

നിയമസഭയിൽ ആര്യാടനോടൊപ്പം പ്രവർത്തിക്കാനായത് മറക്കാനാവാത്ത അനുഭവമായിരുന്നു. ഉന്നത വിദ്യാഭ്യാസത്തിന് അവസരമില്ലാതെപോയ ആര്യാടന്റെ നിയമസഭാ പ്രവർത്തനങ്ങൾ ആരെയും അത്ഭുതപ്പെടുത്തുന്നതായിരുന്നു. പാർലമെന്ററി പ്രവർത്തനത്തിന്റെ ആധികാരിക ഗ്രന്ഥങ്ങളിലൊന്നായ ശക്തർ ആന്റ് കൗൾ, ലോക്സഭാ അധ്യക്ഷനായിരുന്ന ജി.വി.മൗലംഗർ ഉൾപ്പെടെയുള്ള പ്രഗത്ഭ പാർലമെന്ററി പ്രതിഭകളുടെ ഉദ്ധരണികൾ, നിയമസഭാ ചട്ടങ്ങൾ തുടങ്ങിയവ പ്രയോജനപ്പെടുത്തിക്കൊണ്ട് അദ്ദേഹം നടത്തിയ നിയമസഭയിലെ ഇടപെടലുകൾ സംസ്ഥാന നിയമസഭാ ചരിത്രത്തിലെ തിളക്കമുള്ള അധ്യായങ്ങളാണ്.

ഭരണാധികാരി എന്ന നിലയിലും അര്യാടൻ പ്രാഗത്ഭ്യം തെളിയിച്ചു. കർഷക തൊഴിലാളി പെൻഷൻ പദ്ധതി, തൊഴിലാളികൾക്ക് അനുകൂലമായ തൊഴിൽ നിയമ ഭേദഗതികൾ, തോട്ടം തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കൽ, ഊർജ്ജ പ്രതിസന്ധിപരിഹരിക്കാനുള്ള ഇടപെടലുകൾ തുടങ്ങിയ അദ്ദേഹത്തിന്റെ ഭരണപരമായ സംഭാവനകൾ എന്നെന്നും ഓർമ്മിക്കപ്പെടും.-

അക്കാലത്ത് തൃശ്ശൂരിൽ വ്യാപാര മേഖലയിലുണ്ടായ തർക്കങ്ങളും സംഘർഷങ്ങളും അവസാനിപ്പിക്കുന്നതിന് തിരുവനന്തപുരത്ത് നടന്ന ഒത്തുതീർപ്പു ചർച്ചകളിൽ തൊഴിൽ മന്ത്രിയായ അദ്ദേഹം പ്രകടിപ്പിച്ച അസാധാരണ മെയ് വഴക്കവും ആ പ്രശ്നം കൈകാര്യം ചെയ്ത രീതിയും സാർവ്വത്രികമായ അഭിനന്ദനങ്ങൾക്ക് ഇടവരുത്തിയത് അതിനെല്ലാം സാക്ഷിയായ ഞാനിപ്പോഴും ഏറെ അഭിമാനത്തോടെ ഓർക്കുന്നു. പാർലിമെന്ററി രംഗത്തേക്കും ഭരണതലത്തിലേയ്ക്കും കടന്നുവരുന്നവർക്ക് ഏറെകാര്യങ്ങൾ അദ്ദേഹത്തിൽനിന്നും പഠിക്കുവാനുണ്ട്. സാമാന്യവിദ്യാഭ്യാസം മാത്രം ലഭിച്ച ആര്യാടൻ സ്വയാർജ്ജിത വിജ്ഞാനത്തിന്റെ മേന്മയിൽ കേരളീയ പൊതുജീവിതത്തിൽ തിളങ്ങിയത് അദ്ദേഹത്തെ അസാധാരണനാക്കുന്നു.

കേരളം കണ്ട അനിതരസാധാരണനായ രാഷ്ട്രീയ പ്രതിഭയും എന്റെ ജ്യേഷ്ഠസഹോദരസ്ഥാനീയനുമായ പ്രിയപ്പെട്ട ആര്യാടന്റെ ഒരിക്കലും മരിക്കാത്ത ഓർമ്മകൾക്കുമുന്നിൽ ഈ അനുജൻ സ്നേഹാദരങ്ങൾ അർപ്പിക്കട്ടെ.

••••

കബീർ കവിത

# ഒരു ക്ഷണം



**വി. സി. കബീർ**
6, 7, 9, 10, 11 കേരള നിയമസഭകളിൽ അംഗം
2000-2001 ആരോഗ്യം, കായികം വകുപ്പ് മന്ത്രി

ചൂടുള്ള ചായ കുടിക്കുവാൻ മോഹം
വിത്തൗട്ട് ചായയാണെനിക്കിഷ്ടം
തട്ടുകടകളിൽക്കേറിയിരുന്നാൽ
ശാന്തമായ് ചായ കുടിച്ചു രസിക്കാം!
കോരിയെടുക്കും ചൂടുവട തിന്നാം
മിത്തിരിനേരം മൊബീലിൽ ചാറ്റാം!
പോരൂ നീ മിത്രമേ, നാടിൻവിശേഷം
ഓരോന്നായ് നമ്മൾക്കു കൈമാറിടാലോ!



# മാക്സിയും മിക്സിയും ഇല്ലാതിരുന്ന **കുമ്പളങ്ങി**



**പ്രൊഫ. കെ.വി. തോമസ്**
11, 12 കേരള നിയമസഭകളിൽ അംഗം
8, 9, 10, 15, 16 ലോക്സഭകളിൽ അംഗം
2001-2004 വർഷത്തിൽ മത്സ്യബന്ധനവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
2009-2014 കാലയളവിൽ കേന്ദ്ര കൃഷിയും ഭക്ഷ്യവും
പൊതുവിതരണവും വകുപ്പുമന്ത്രി
നിലവിൽ കേരള സർക്കാരിന്റെ ഡൽഹിയിലെ പ്രതിനിധി.



നാടുപോലെ തന്നെ പ്രസിദ്ധമാണ് കുമ്പളങ്ങിക്കാരുടെ പാചകപ്പുരയും പാചകവും. പഴയ കാലത്ത്, കുടിലുമുതൽ ഓടിട്ടു പണിത വലിയ വീടുകളിൽ വരെ ഭക്ഷണം പാചകം ചെയ്യുന്നതിൽ പ്രത്യേക നിഷ്കർഷയും ശുചിത്വവും പുലർത്തിയിരുന്നു. ഭൂരിപക്ഷം വീടുകളും ഓല മേഞ്ഞവയായിരുന്നു. വീടിനോട് ചേർന്നു പാചകകാര്യങ്ങൾക്കായി ഒരു ചായ്പ് ഉണ്ടാകും. അടുക്കള എന്ന അച്ചടി ഭാഷ പൊതുവെ പറഞ്ഞിരുന്നില്ല. ചായ്പിന്റെ തറയിൽ നിലം തല്ലി കൊണ്ട് ചെമ്മണ്ണ് അടിച്ചുറപ്പിച്ച് അതിൽ ചാണകം മെഴുകിയെടുത്ത തറയിലാണ് മൂന്ന് കല്ലുകൾ കൂട്ടി അടുപ്പ് തയ്യാറാക്കുക. അക്കാലത്ത് അപൂർവ്വമായുണ്ടായിരുന്ന ഓടിട്ട വീടുകളിൽ സിമന്റ് തറയിൽ നിന്നു ആളരപ്പൊക്കം കെട്ടി അടുപ്പ് ഉണ്ടാക്കിയിരുന്നു.

പറമ്പിൽ തന്നെയുള്ള വിറക്, ചുള്ളിക്കമ്പുകൾ, കൊതുമ്പ്, ഓല ഉണങ്ങിയ ചൂട്ട്, മടൽ, ചിരട്ട എന്നിവയായിരുന്നു തീ കത്തിക്കാൻ ഉപയോഗിച്ചിരുന്നത്. ദ്രാവക-വാതക ഇന്ധനങ്ങളൊന്നും വ്യാപകമായിരുന്നില്ല. ഓരോ വസ്തുവും വിവിധ തരത്തിലുള്ള പാചകത്തിനാണ് ഉപയോഗിച്ചിരുന്നത്. ചൂടിന്റെ കാഠിന്യം ഇവയിലോരൊന്നിനും വ്യത്യസ്ഥമാണ്. കത്തുമ്പോഴുള്ള ചൂട് വളരെ ശക്തിയുള്ളതായതിനാൽ പായസം ഉണ്ടാക്കാനാണ് ചിരട്ട പ്രധാനമായും ഉപയോഗിച്ചിരുന്നത്. മീൻ കറി പാചകം ചെയ്യാൻ കൊതുമ്പ് ഉപയോഗിച്ചിരുന്നു. കറി തിളച്ചു കഴിഞ്ഞാൽ അടുപ്പിൽ നിന്ന് വലിച്ചു മാറ്റി തീയുടെ ആവശ്യം പരിമിതപ്പെടുത്താൻ സൗകര്യപ്രദം കൊതുമ്പ് ആണ്.





ലോഹ പാത്രങ്ങളോ പ്രഷർ കുക്കറോ ഇല്ലായിരുന്നു. പുട്ട് ഉണ്ടാക്കാൻ ഉപയോഗിക്കുന്ന മുളംകുറ്റി ആണ് അന്നത്തെ പ്രഷർകുക്കർ. മൺപാത്രങ്ങളിലായിരുന്നു പാചകം. പുതിയ മൺചട്ടി, കലം മുതലായവയിൽ ഉമിക്കരി കത്തിച്ച് വഴക്കവും പാകവും വരുത്തിയാണ് ഉപയോഗിച്ചിരുന്നത്. പ്ലാവിലക്കുമ്പിൾ, ചിരട്ടകയിൽ, ചിരട്ടത്തവി എന്നിവയായിരുന്നു സ്പൂണിന്റെ മുൻ തലമുറക്കാർ.

ഭക്ഷണ കാര്യങ്ങൾക്കായി അത്യാവശ്യം വേണ്ട പച്ചക്കറി, കിഴങ്ങ്, ഫലവർഗ്ഗങ്ങൾ എന്നിവ നാട്ടിലെ പറമ്പുകളിൽത്തന്നെ ലഭ്യമായിരുന്നു. കേടാവാതെ സൂക്ഷിച്ചു വയ്ക്കാനുള്ള ഫ്രിഡ്ജ് പോലെയുള്ള സംവിധാനങ്ങൾ ഒന്നും അക്കാലത്ത് കുമ്പളങ്ങിയിലേക്കു എത്തിയിട്ടില്ലാതിരുന്നതിനാൽ, അന്നന്നേയ്ക്ക് ആവശ്യമുള്ള മത്സ്യം പുഴയിലോ, തോട്ടിലോ, കുളത്തിലോ നിന്നു പിടിച്ചെടുക്കും. എല്ലാ ദിവസവും മാംസാഹാരം പതിവുണ്ടായിരുന്നില്ല. ഞായറാഴ്ചകളിലും ഉത്സവകാലത്തും പെരുന്നാളിനും പോത്ത്, ആട്, കാള, പോർക്ക് എന്നിവ ചന്തയിൽ നിന്നും വാങ്ങും. കോഴി, താറാവ് ഇത്യാദികൾ അവരവരുടെ വീട്ടിൽ തന്നെ അവശ്യത്തിന് വളർത്തും. വീടിന്റെ വലതു വശത്തുള്ള തൊഴുത്തിലാണ് പശു, പോത്ത്, ആട് എന്നിവയെ വളർത്തുന്നത്. പാൽ ധാരാളം കിട്ടും. ശുദ്ധമായ വെണ്ണ, നെയ്യ്, തൈര്, മോര് എന്നിവ വീടുകളിൽ സുലഭം. ചുരുക്കത്തിൽ ഭക്ഷണ കാര്യം തികച്ചും 'ഫ്രഷ്' ആയിരുന്ന കാലം.

കറിമസാല, സുഗന്ധ വ്യഞ്ജനക്കൂട്ടുകൾ എന്നിവ വീടുകളിലെ പെണ്ണുങ്ങൾ സ്വയം തയ്യാറാക്കുന്നവയായിരുന്നതിനാൽ കുമ്പളങ്ങിയിലെ കറികളുടെ രുചിയും ഗന്ധവും വേറിട്ടു നിന്നിരുന്നു. വസ്ത്രത്തിനു മാക്സിയും പാചകത്തിനു മിക്സിയും ഇല്ലാതിരുന്ന അക്കാലത്ത് ഉരലും ഉലക്കയും ആട്ടുകല്ലും അരകല്ലും ആയിരുന്നു പെണ്ണുങ്ങളുടെ അടുക്കള സഹവാസികൾ . ഇതിനു പുറമെ അവരുടെ ആരോഗ്യവും ആകാര വടിവും നിലനിർത്തുന്നതിൽ ഇവ പ്രധാന പങ്ക് വഹിച്ചു. ഞൊറിയുള്ള മുണ്ടും ചട്ടയും ധരിച്ച പെണ്ണുങ്ങൾ മുഖാമുഖം നിന്ന് ഉലക്ക കൊണ്ട് താളാത്മകമായി ഉരലിൽ നെല്ലു കുത്തുന്നതും അരിയിടിക്കുന്നതും പൊടിക്കുന്നതും അക്കാലത്തെ നയന മനോഹരമായ അടുക്കളക്കാഴ്ചയായിരുന്നു. ഗർഭിണികളായ അമ്മമാർ ആരോഗ്യത്തോടെ ഗർഭകാലം ചെലവഴിച്ചിരുന്നത് ഉരപ്പുരയിലായിരുന്നു. "അവൾക്ക് പ്രസവ വേദന വന്നത് ഉരപ്പുരയിൽ നെല്ല് കുത്തികൊണ്ടിരുന്നപ്പോഴാണ്, ദാ പ്രസവിക്കാൻ പോയിരിക്കുന്നു" എന്ന് വീട്ടിലെ



"കുടം പുളിയിട്ട് വേവിച്ച് ചൂടാറിയതിനു ശേഷം ഉറിയിൽ സൂക്ഷിച്ചു വയ്ക്കുന്ന, നാവിനെ കൊതി നീരാൽ നിറക്കുന്ന മീൻ കറി, ആവശ്യം വരുമ്പോൾ ചട്ടിയോടെ പുറത്തെടുത്ത് പച്ച വെളിച്ചെണ്ണയും കാന്താരി മുളക് പൊട്ടിച്ചതും ചേർത്ത് കഴിക്കുന്നത് കുമ്പളങ്ങിക്കാരുടെ രുചിക്കൂട്ടുകളാണ്."

മുത്തശ്ശിമാർ പറയും.

തള്ളക്കല്ലിൽ പുള്ളക്കല്ലുകൊണ്ട് മസാല ക്കൂട്ടുകൾ വെള്ളം തൊട്ട് അരച്ചെടുക്കുന്നതും ആട്ടുകല്ലിൽ ഉഴുന്നും അരിയും ആട്ടിയെടുക്കു ന്നതുമായ പഴയ പാചക രീതികളിലെ ശാരീരാകാ ധ്വാനം ഇനിയുണ്ടാവില്ല.

കത്തികൊണ്ട് വെട്ടി ചട്ടിയിലിടുമ്പോൾ പോലും പിടക്കുന്ന കരിമീൻ, കുടലും പണ്ടവും വാലും ചെകിളയും നീക്കി, ചിതമ്പൽ കളയാതെ എടുക്കും. ഉള്ളി, ഇഞ്ചി, പച്ചമുളക്, ഉണക്ക മുളക് എന്നിവ നല്ല നാടൻ വെളിച്ചെണ്ണയിൽ വഴറ്റിയെടുത്ത് വെള്ളം ഒഴിച്ച്, വെട്ടി തിളച്ചു വരുമ്പോൾ വെട്ടിയെടുത്ത മീനുകൾ അതിലിട്ട് രണ്ടാം തിളയ്ക്ക് അടുപ്പത്ത് നിന്നിറക്കി, തെങ്ങിൻ കള്ള് ചേർത്തുണ്ടാക്കുന്ന അപ്പം ചൂടോടെ മുക്കി കഴിച്ചിട്ടുള്ള ആരും കുമ്പളങ്ങി രുചി മറക്കില്ല.

നെയ്ച്ചാള വാഴയിലയിൽ മസാല ചേർത്തു പൊതിഞ്ഞ് കനലിൽ ചുട്ടെടുക്കുന്നത് ഇന്നും ഓർമ്മകളിൽ നിറഞ്ഞു നില്ക്കുന്നു.

കുടം പുളിയിട്ട് വേവിച്ച് ചൂടാറിയതിനു ശേഷം ഉറിയിൽ സൂക്ഷിച്ചു വയ്ക്കുന്ന, നാവിനെ കൊതി നീരാൽ നിറക്കുന്ന മീൻ കറി, ആവശ്യം വരുമ്പോൾ ചട്ടിയോടെ പുറത്തെടുത്ത് പച്ച വെളി ച്ചെണ്ണയും കാന്താരി മുളക് പൊട്ടിച്ചതും ചേർത്ത് കഴിക്കുന്നത് കുമ്പളങ്ങിക്കാരുടെ രുചിക്കൂട്ടു കളാണ്.

കള്ളുവിനാഗിരി, കടുക്, ഉണക്കമുളക് എന്നിവ മുഖ്യചേരുവയായി നിൽക്കുന്ന ഇറച്ചി വിന്താലുവിന്റെ കണ്ണിനെയും മൂക്കിനെയും നീർച്ചാലിക്കുന്ന എരിവും രുചിയും കുമ്പളങ്ങി കറികളുടെ പ്രത്യേകതയാണ്.

രാവിലെ സൂര്യനുദിക്കുമ്പോൾ എഴുന്നേറ്റ് കുളിച്ച്, പ്രാർത്ഥിച്ച് അടുക്കളയിലേക്ക് കയറുന്ന വീട്ടമ്മ ഉറങ്ങാൻ കിടക്കുന്നത് രാത്രിയിലാണ്. അതുവരെയും വിശ്രമമില്ലാത്ത ജോലി. മുറ്റവും വീടും അടിച്ചു വൃത്തിയാക്കുന്നതും പാത്രങ്ങൾ കഴുകുന്നതും വസ്ത്രങ്ങൾ അലക്കുന്നതും രുചികരമായ ഭക്ഷണം പാചകം ചെയ്യുന്നതും എല്ലാം വീട്ടമ്മമാരാണ്. വീട്ടമ്മമാരുടെ വിയർപ്പാണ് കുമ്പളങ്ങിക്കാരുടെ വിജയ രഹസ്യം.

••••

# നീതി രഹിത കേന്ദ്ര ബജറ്റ്



**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
14, 15 കേരള നിയമസഭകളിൽ അംഗം

കേന്ദ്ര സർക്കാർ 2024-ൽ അവതരിപ്പിച്ച ബജറ്റ് നീതി രഹിതവും പക്ഷാഭേദപരവുമാണെന്നു പറയേണ്ടതില്ലല്ലോ. പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പറഞ്ഞത് പോലെ കേന്ദ്ര ഭരണം സംരക്ഷിക്കാനുള്ള ഒരു സാമ്പത്തിക കസർത്താണ് നിർമല സീതാരാമൻ അവതരിപ്പിച്ച ബജറ്റ്. തുല്യനീതി എന്ന ഒരു ബജറ്റിന്റെ സാമ്പത്തിക അടിസ്ഥാന മൂല്യങ്ങളെ പൂർണമായും നിരാകരിച്ച ഇന്ത്യൻ ചരിത്രത്തിലെ ആദ്യത്തെ രാഷ്ട്രീയ ബജറ്റ് ആണെന്നതാണ് ഈ ബജറ്റിന്റെ ഏറ്റവും വലിയ പോരായ്മ. ഇന്ത്യ ഇന്ന് മുന്നോട്ട് പോകുന്നതിനു അടിസ്ഥാനമായി വേണ്ട വളർച്ചയുടെ ചാലക ശക്തികൾ എന്ന് പറയുന്നത് അഞ്ചു കാര്യങ്ങളാണ്. അതിൽ ആദ്യം വേണ്ടത് നമ്മുടെ സാമ്പത്തിക മേഖലയുടെ സമൂല പരിവർത്തനമാണ്. ഇതിനായി വേണ്ടത് ബാങ്കിങ് മേഖലയുടെ പ്രവർത്തന വ്യാപനമാണ്. നമ്മുടെ ബാങ്കിങ് മേഖല നിക്ഷേപ സൗഹൃദമായി മാറേണ്ടതുണ്ട്. പ്രത്യേകിച്ച് ബി.ജെ.പി. സർക്കാർ പൂർണമായും പൊതുനിക്ഷേപങ്ങളിൽ നിന്നും പിന്മാറുന്ന ഈ കാലത്ത്. രണ്ടാമത്തേത് അടിസ്ഥാന സൗകര്യ വികസനത്തിൽ സംസ്ഥാന തലത്തിൽ നിലനിൽക്കുന്ന അന്തരം ഇല്ലാതാക്കുകയെന്നതാണ്. അടിസ്ഥാന സൗകര്യ വികസനത്തിലെ അന്തരം എന്നത്കൊണ്ടർത്ഥമാക്കുന്നതു പ്രധാനമായും മൂന്നു തരത്തിലെ വിടവാണ്. അതിൽ ആദ്യത്തേത് സാമൂഹിക അടിസ്ഥാന സൗകര്യങ്ങളായ ആരോഗ്യം-വിദ്യാഭ്യാസം എന്നീ മേഖലകളിൽ സംസ്ഥാനങ്ങൾ തമ്മിൽ നിലനിൽക്കുന്ന അന്തരമാണ്. സാമ്പത്തിക അടിസ്ഥാന വികസനമായ റോഡ്, റെയിൽവേ, കടൽ-വിമാന പോർട്ട്, വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിലെ പൊതു സ്ഥാപനങ്ങളിൽ



“തുല്യനീതി എന്ന ഒരു ബജറ്റിന്റെ സാമ്പത്തിക അടിസ്ഥാന മൂല്യങ്ങളെ പൂർണമായും നിരാകരിച്ച ഇന്ത്യൻ ചരിത്രത്തിലെ ആദ്യത്തെ രാഷ്ട്രീയ ബജറ്റ് ആണെന്നതാണ് ഈ ബജറ്റിന്റെ ഏറ്റവും വലിയ പോരായ്മ.”



“ഇന്ന് സംസ്ഥാനങ്ങൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി മിതമായ നിരക്കിൽ ഇന്ധന ലഭ്യത ഉറപ്പാക്കുക, നിർമ്മിത ബുദ്ധിയുമായി ബന്ധപ്പെട്ട പുത്തൻ സാധ്യതകളെപ്പറ്റിയുള്ള പഠനങ്ങൾ, അതിനായി വേണ്ട നൈപുണ്യ വികസനം എന്നിവയാണ്. എന്നാൽ ഈ ബജറ്റിൽ ഇതിനായുള്ള യാതൊരു നിക്ഷേപ പദ്ധതികളും ഇല്ല.”



നിലനിൽക്കുന്ന സംസ്ഥാനതല അന്തരമാണ് രണ്ടാമത്തേത്. മൂന്നാമത്തേതാകട്ടെ ഇന്ന് ഏറ്റവും കൂടുതൽ അത്യന്താപേക്ഷിതമായ ഡിജിറ്റൽ മേഖലയിലെ അടിസ്ഥാന സൗകര്യത്തിൽ നിലനിൽക്കുന്ന സംസ്ഥാനതല അന്തരമാണ്.

അടുത്തത് പുത്തൻ സാങ്കേതിക വിദ്യ ജിവിത ശൈലി ആക്കി മാറ്റാൻ സാധിക്കുന്ന വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം ഉയർത്താനായുള്ള നിക്ഷേപ വർധനവാണ്. എന്നാൽ അതിലും ഒരു നീതിയുക്ത നടപടി ഇന്ത്യക്ക് ലഭിച്ചില്ല എന്നത് ഭരണഘടന ഉറപ്പു നൽകുന്ന ഫെഡറൽ സംവിധാനത്തിന്റെ കടക്കൽ കത്തി വെച്ചതിനു തുല്യമാണ്. അടുത്തതായി ആധുനിക സാമ്പത്തിക വളർച്ചയുടെ അടിസ്ഥാന ഘടകങ്ങളായ കാർഷിക ഉൽപ്പാദനക്ഷമത വർധിപ്പിക്കൽ, ജനങ്ങളെ വിശ്വാസത്തിലെടുത്തു കൊണ്ട് നടത്തേണ്ട പൊതു നിക്ഷേപങ്ങളും ഭാവി പദ്ധതികളും ഒന്നും തന്നെ ഈ ബഡ്ജറ്റിൽ ഇടം പിടിച്ചില്ല. ഈ നിക്ഷേപങ്ങളുടെ പ്രത്യേകത ഇവ ജനങ്ങളുടെ ജീവിത്തെ സുഗമമായി, വിശ്വസത്തോടെ മുന്നോട്ട് കൊണ്ട് പോകാൻ സാധിക്കുന്ന നടപടികളാണ്. അതിനാൽ തന്നെ ഇവ സർക്കാരിന്റെ സാമ്പത്തിക ആയുധമായ ബജറ്റിന്റെ ഭാഗമായി രാജ്യത്ത് നടപ്പിലാക്കേണ്ടതാണ്. ഈ നിക്ഷേപങ്ങളുണ്ടായാൽ അത് ജനങ്ങളുടെ ക്ഷേമത്തിനും, രാജ്യത്തിന്റെ സൗഹാർദ്ദ സാമ്പത്തിക വളർച്ചക്കും വഴി വെക്കും. എന്നാൽ ഈ ബജറ്റ് കാലത്തിനൊത്ത ഒരു പ്രഖ്യാപനങ്ങളും ഇല്ലാത്തതായി. ചുരുക്കി പറഞ്ഞാൽ രാജ്യത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക വളർച്ച ഉറപ്പാക്കേണ്ട ബജറ്റ് നീതികേടിന്റെ പര്യായമായി മാറി. ഇന്ന് സംസ്ഥാനങ്ങൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി മിതമായ നിരക്കിൽ ഇന്ധന ലഭ്യത ഉറപ്പാക്കുക, നിർമ്മിത ബുദ്ധിയുമായി ബന്ധപ്പെട്ട പുത്തൻ സാധ്യതകളെപ്പറ്റിയുള്ള പഠനങ്ങൾ, അതിനായി വേണ്ട നൈപുണ്യ വികസനം എന്നിവയാണ്. എന്നാൽ ഈ ബജറ്റിൽ ഇതിനായുള്ള യാതൊരു നിക്ഷേപ പദ്ധതികളും ഇല്ല.

ബി.ജെ.പി. സർക്കാർ അധികാരത്തിൽ എത്തിയ ശേഷം ഇന്ത്യൻ സമ്പദ് വ്യവസ്ഥക്ക് നേരിട്ട പ്രധാന വെല്ലുവിളിയാണല്ലോ പരിമിതമായ തൊഴിൽ സാധ്യതകളും സാമ്പത്തിക വളർച്ചയും. യുവജനങ്ങൾക്ക്




തൊഴിൽ നല്കാൻ സാധിക്കാത്ത സർക്കാരിനെതിരെയുള്ള ജനവിധിയാണ് കഴിഞ്ഞ ഇലക്ഷൻ ഫലം. കോവിഡിന് ശേഷമുള്ള ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥ പ്രത്യേക പരിചരണം പ്രതീക്ഷിക്കുമ്പോൾ അതിനുതകുന്ന ഒന്നും തന്നെ ഈ ബജറ്റിലില്ല. കോവിഡ് മൂലം ഇന്ത്യ അനുഭവിക്കുന്ന ഏറ്റവും വലിയ പ്രയാസങ്ങളാണ് സ്ഥിരതയില്ലാത്ത ഉപയുക്തത, മൂലധന നിക്ഷേപത്തിന്റെ കുറവ്, വർധിച്ചു കൊണ്ടിരിക്കുന്ന സാമ്പത്തിക അസമത്വം, സമ്പാദ്യത്തിൽ നേരിടുന്ന കുറവ് എന്നിവ ഇവയെ ഉയർത്തുക എന്നത് സമ്പദ് വ്യവസ്ഥയ്ക്ക് അത്യന്താപേക്ഷിതമാണെന്നിരിക്കെ ഇതിനായുള്ള നടപടികളൊന്നും തന്നെ ഈ ബജറ്റിലില്ല എന്നത് ഖേദകരമാണ്.

ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ വർധിച്ചു വരുന്ന വിദേശ കടം മറ്റൊരു വലിയ ഭീഷണിയാണെന്ന് കാണാം. സാമ്പത്തിക സർവ്വേ പറയുന്നത് രണ്ടായിരത്തി പതിമൂന്നിൽ ജി.ഡി.പി.യുടെ നാല്പത്തി നാലു ശതമാനമായിരുന്ന കടം ഇന്ന് തൊണ്ണൂറ്റിയഞ്ച് ശതമാനമായി ഉയർന്നുവെന്നു കാണാം. അതായത് കടവും അതുമൂലമുണ്ടാകുന്ന പലിശയും ബി.ജെ.പി. ഭരണത്തിൽ ഇരട്ടിയായി വർധിച്ചു വിദേശ കടമായതിനാൽ തന്നെ ഇത് സമ്പത്തിക ചോർച്ചയ്ക്ക് കാരണമാകുന്നുണ്ട് എന്നത് നാം വിസ്മരിച്ചു കൂടാ. മാത്രമല്ല ആദായ നികുതി സ്ലാബുകൾ അമ്പതിനായിരത്തിൽ നിന്നും എഴുപത്തി അയ്യായിരമായി ഉയർത്തിയെങ്കിലും, ഈ ഇളവ് പുതിയ സ്കീമിൽ മാത്രമാണ് ലഭിക്കുകയെന്നത് ഇതിന്റെ ആകർഷണം ഇല്ലാതാക്കി. ലോകം വിസ്മയത്തോടെ നോക്കിയ മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിക്ക് നീക്കി വെച്ച തുക തീർത്തും അപര്യാപ്തമാണെന്ന് കാണാം. കോവിഡ് അനന്തര ഇന്ത്യയിലെ സാമ്പത്തിക സാമൂഹിക വികസനത്തിന് അടിയന്തിരമായി വേണ്ടത് പൗരന്മാരുടെ ജീവിത ക്വാളിറ്റി ഉയർത്തുകയെന്നതാണെന്നു കേന്ദ്ര സർക്കാർ പുറത്താക്കിയ സാമ്പത്തക റിവ്യൂ തന്നെ പറയുന്നുണ്ട്. അതിനായി പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം, മലിനീകരണ നിർമാർജനം, കുടിവെള്ള നിക്ഷേപം, തുടങ്ങിയ മേഖലയിൽ നിക്ഷേപം പരിപോഷിപ്പിക്കേണ്ടതുണ്ടെന്നും വിവരിക്കുന്നു. എന്നാൽ ഇതിനായുള്ള ഒരു നിക്ഷേപ പദ്ധതികളും ഈ ബജറ്റിലില്ല എന്നത് ഈ ബജറ്റിന്റെ പോരായ്മയാണ്.

മോഡി സർക്കാർ അധികാരമേറ്റ അന്ന് മുതൽ തുടങ്ങിയതാണ് ഇന്ത്യയെ പല തരത്തിൽ വിഭജിക്കാനായി നടത്തുന്ന നടപടികൾ. ഈ ബജറ്റോടു കൂടി വ്യക്തമായ രീതിയിൽ സാമ്പത്തിക പക്ഷഭേദവും അവർ നടപ്പിലാക്കി. ഇന്ത്യയിലെ ജനങ്ങൾ നൽകിയ നികുതിപ്പണം ഉപയോഗിച്ചു വികസന പദ്ധതികൾ പ്രഖ്യാപിക്കുമ്പോൾ ഞങ്ങൾക്ക് വോട്ട് ചെയ്ത സംസ്ഥാനങ്ങൾക്ക് മാത്രമേ ഞങ്ങൾ അത് നൽകുകയുള്ളൂ എന്ന വ്യക്തമായ ജനാധിപത്യ ധ്വംസനം അവർ ഈ ബജറ്റിൽ കൂടി പ്രഖ്യാപിച്ചു. സ്വാതന്ത്ര്യ സമരത്തിൽ ബ്രിട്ടീഷ്കാർക്കൊപ്പം നിലകൊണ്ട ഒരു പ്രസ്ഥാനത്തിന്റെ തുടർച്ചക്കാർ ഭരിക്കുമ്പോൾ ഇങ്ങനെ മാത്രമേ ചിന്തിക്കാനും പ്രവർത്തിക്കാനും കഴിയൂ എന്നത് സത്യമാണ്. എന്നാൽ അത് മനോഹരമായ ഇന്ത്യയെന്ന ആശയത്തെ തകർത്തു കളയുമെന്ന് അവർ ചിന്തിക്കേണ്ടതുണ്ട്. ഇത് കണ്ടും കേട്ടും നിലകൊള്ളുന്ന യഥാർത്ഥ ജനം എന്ന അധികാരികൾ ഈ അനീതിക്കെതിരെ ഇനിയും പ്രവർത്തിക്കുക തന്നെ ചെയ്യും എന്നതിൽ സംശയമില്ല.

••••

# കൊണ്ടോട്ടി പെരുമ



**ടി. വി. ഇബ്രാഹിം**
14, 15 കേരള നിയമസഭകളിൽ  അംഗം



"ജീവൻ ത്യജിച്ചും മർദ്ദനം സഹിച്ചും ബ്രിട്ടീഷ് പട്ടാളത്തെ നേരിട്ട വീരചരിത്രമാണ് കൊണ്ടോട്ടിക്ക് പറയാനുള്ളത്. കൊണ്ടോട്ടി താലുക്ക് രൂപീകരിക്കുന്നതിന് മുമ്പ് 'ഏറനാട്' എന്നറിയപ്പെട്ടിരുന്ന ഈ പ്രദേശം, കൂറ്റൻ കുന്നുകളുടെ കാവലിൽ തെങ്ങിൻ തോട്ടങ്ങളും നെൽപ്പാടങ്ങളും നിറഞ്ഞ് നിൽക്കുന്ന ഫലഭൂയിഷ്ഠമായ മനോഹരമായ താഴ് വരയായിരുന്നു."



ഭൂമി ശാസ്ത്രപരമായി മലനാടിനും തീരദേശത്തിനും ഇടയിൽ, ഇടനാടിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ഏറനാടൻ ഭൂപ്രദേശമായ കൊണ്ടോട്ടിക്ക് ഗൗരവമേറിയ ഒരു ചരിത്ര പശ്ചാത്തലമുണ്ട്. മലബാറിന്റെ ആസ്ഥാന നഗരമായ കോഴിക്കോടിനും ജില്ലാ ആസ്ഥാനമായ മലപ്പുറത്തിനും ഇടയിൽ സ്ഥിതിചെയ്യുന്ന ഈ പ്രദേശം അധിനിവേശങ്ങൾക്ക് എതിരെയുള്ള ചെറുത്തുനിൽപ്പിന്റെ പോരാട്ടഭൂമിയായിരുന്നു. നൂറുകണക്കിന് ദേശാഭിമാനികളുടെ രക്തം ചൊരിഞ്ഞ മണ്ണാണ് ഇവിടം. ജീവൻ ത്യജിച്ചും മർദ്ദനം സഹിച്ചും ബ്രിട്ടീഷ് പട്ടാളത്തെ നേരിട്ട വീരചരിത്രമാണ് കൊണ്ടോട്ടിക്ക് പറയാനുള്ളത്. കൊണ്ടോട്ടി താലൂക്ക് രൂപീകരിക്കുന്നതിന് മുമ്പ് 'ഏറനാട്' എന്നറിയപ്പെട്ടിരുന്ന ഈ പ്രദേശം, കൂറ്റൻ കുന്നുകളുടെ കാവലിൽ തെങ്ങിൻ തോട്ടങ്ങളും നെൽപ്പാടങ്ങളും നിറഞ്ഞ് നിൽക്കുന്ന ഫലഭൂയിഷ്ഠമായ മനോഹരമായ താഴ്വരയായിരുന്നു. ആദിവാസികളും ദളിതരും അടങ്ങിയ ജനവിഭാഗങ്ങളാണ് ഇവിടുത്തെ ആദിമ നിവാസികൾ. കൊളത്തൂർ ദേശത്ത് കാണുന്ന ആദിമവർഗക്കാരുടെ ക്ഷേത്രാവശിഷ്ടങ്ങളും, വെട്ടുകല്ലിൽ കുഴിച്ചുണ്ടാക്കിയ അവരുടെ വാസസ്ഥലങ്ങളും അതിന് തെളിവാണ്. ഇന്നും കോട്ടപ്പറമ്പ്, കണ്ണൻകോട്ടുപാറ, കുമ്മിണിപ്പാറ തുടങ്ങിയ സ്ഥലനാമങ്ങൾ ആദിമ നിവാസികളുടെ പേരുകൾ സൂചിപ്പിക്കുന്നവയാണ്.

മഹിതമായ ചരിത്ര പാരമ്പര്യവും മാനുഷിക മൂല്യങ്ങൾക്ക് വില കല്പിച്ച് സേവന തത്പരരായി നിറഞ്ഞുനിൽക്കുന്ന അനേകം സംഭവങ്ങളുടെയും ചരിത്രശേഷിപ്പിന്റെയും നിറവിൽ കൊണ്ടോട്ടി കേരളത്തിന് സമ്മാനിച്ച ഒട്ടേറെ ചരിത്ര മുഹൂർത്തങ്ങൾ ഉണ്ടായിട്ടുണ്ട്. 2019 ആഗസ്ത് 9-ന് കൊണ്ടോട്ടി ടൗണിൽ നിന്നും

ഒരു വിളിപ്പാടകലെയുള്ള വിമാനത്താവളത്തിൽ വിമാന ദുരന്തമുണ്ടായപ്പോൾ കൊറോണ ഭീതിയും വിമാനം പൊട്ടിത്തെറിക്കുമെന്ന മുന്നറിയിപ്പും അവഗണിച്ച് വിമാനത്തിലേക്ക് ഇരച്ച് കയറി ഒട്ടേറെ മനുഷ്യജീവൻ രക്ഷിച്ച ഇവിടുത്തുകാരുടെ മനുഷ്യസ്നേഹം മാലോകർ സാക്ഷ്യം വഹിച്ചതാണ്. കാൽപന്ത് കളിയും കാളപൂട്ട് മത്സരവും പൊയ്ക്കുതിര കളിയാട്ടവും കൊണ്ടോട്ടി നേർച്ചയും മറ്റ് അനേകം ഉത്സവങ്ങളും ഈ മണ്ണിന്റെ സാംസ്കാരിക വൈഭവത്തിന്റെ പ്രതീകമായി നിലനിൽക്കുന്നു. പ്രശസ്തരായ കലാകാരന്മാരുടെ കളിമുറ്റവും നിഷ്കാമികളായ രാഷ്ട്രീയ നേതാക്കളുടെ പോരാട്ട ഭൂമിയുമാണിവിടം. നാഗരികതയിലേക്കുള്ള വളർച്ചയിൽ കുന്നും മലകളും അതിവേഗം യന്ത്രക്കൈകൾക്ക് കീഴ്പെട്ടു കൊണ്ടിരിക്കുകയാണെങ്കിലും കണ്ണിനും മനസ്സിനും കുളിരുപകരുന്ന ഒട്ടേറെ പ്രകൃതിരമണീയത കൊണ്ട് അനുഗ്രഹീതമാണ് ഈ നാട്. ഒരു വെള്ളിയരഞ്ഞാണം പോലെ ചാലിട്ടൊഴുകുന്ന ചാലിയാർ ഈ പ്രകൃതി രമണീയതക്ക് മാറ്റുകൂട്ടുന്നു.

കൊണ്ടോട്ടിക്ക് പ്രസ്തുത പേര് ലഭിച്ചതിന് നാട്ടുകാർ പണ്ടുകാലങ്ങളായി കേട്ട് പറയുന്ന ഒരു കഥയുണ്ട്. കൊണ്ടോട്ടിയുടെയും പരിസര പ്രദേശങ്ങളിലെയും ഭൂരിപക്ഷമുള്ള മുസ്ലീങ്ങൾ വെള്ളിയാഴ്ച പ്രാർത്ഥനയ്ക്ക് വേണ്ടി ദീർഘദൂരം സഞ്ചരിച്ച് തിരൂരങ്ങാടിയിൽ ആയിരുന്നു പോയിരുന്നത്. പലപ്പോഴും അവർ അവിടെയെത്തുമ്പോഴേക്കും ഉച്ചക്കുള്ള ജുമാ നമസ്കാരം കഴിയാറുണ്ട്. "നിങ്ങൾക്ക് അവിടെ ഒരു ഈന്ത് പട്ട കൊണ്ട് എങ്കിലും ഒരു പള്ളി ഉണ്ടാക്കികൂടെ" എന്ന അവിടുത്തെ ആളുകളുടെ പരിഹാസം അഭിമാനികളായ കൊണ്ടോട്ടിക്കാ രുടെ മനസ്സിൽ തട്ടി. പതിനാലാം നൂറ്റാണ്ടിൽ സാമൂതിരി രാജാവിന്റെ കൊട്ടാരത്തിൽ പ്രത്യേക സ്ഥാനം ഉണ്ടായിരുന്ന തിനഞ്ചേരി ഇളയത്ത് (തലയൂർ മൂസത്ത്) മുസ്ലിങ്ങൾക്ക് പള്ളി പണിയാൻ വേണ്ടി കുന്നിൻ ചെരുവിന്റെ താഴെ ഭാഗം മുതൽ വയൽ വരെ സ്ഥലം സൗജന്യമായി നൽകി. കൊടുംകാടായിരുന്നു ഈ സ്ഥലം വെട്ടിത്തെളിച്ച് പള്ളി നിർമ്മിച്ച് ജനവാസമാരംഭിച്ച കാരണം കൊണ്ടുവെട്ടി ആയത് പിന്നീട് കൊണ്ടോട്ടി ആയി പരിണമിച്ചതത്രെ. ഇവിടെ 720 വർഷങ്ങൾക്ക് മുമ്പ് പ്രസ്തുത സ്ഥലത്ത് നിർമ്മിച്ച പഴയങ്ങാടി മുസ്ലിം പള്ളി കൊത്ത് പണികളാലും മറ്റും ചരിത്ര പ്രാധാന്യമുള്ള ഒന്നാണ്.

മലബാറിന്റെ ചരിത്രത്തിൽ ഇടം നേടിയ



നെടിയിരുപ്പ് സ്വരൂപം കൊണ്ടോട്ടിയിലാണ്. സാമൂതിരി രാജാക്കന്മാരുടെ ഭരണസിരാകേന്ദ്രം കൂടിയായിരുന്നു നെടിയിരിപ്പ് സ്വരൂപം. കാലത്തിന്റെ കുത്തൊഴുക്കിൽ ഇതൊരു ഓർമ്മയായി മാത്രം ഇപ്പോൾ നിലനിൽക്കുന്നു. അതിന്റെ ചരിത്രശേഷിപ്പായി തലയുയർത്തി നിൽക്കുന്നത് കരിങ്കാളി ക്ഷേത്രം മാത്രമാണ്. നെടിയിരിപ്പിലെ പുരാതനമായ ക്ഷേത്രമാണ് പോയിലിക്കാവ് കരിങ്കാളി ക്ഷേത്രം. ഇവിടെ അക്കാലത്തെ എല്ലാ ഡിസംബർ മാസങ്ങളിലും താലപ്പൊലി ഉത്സവങ്ങളും നടന്നിരുന്നു.

കൊണ്ടോട്ടിയുടെ ചരിത്രത്തിൽ ഖുബ്ബക്ക് വലിയ സ്ഥാനമുണ്ട്. പേർഷ്യൻ ശിൽപ്പകലയിലുള്ള കേരളത്തിലെ ആദ്യത്തെ ചരിത്ര സ്മാരകം കൂടിയാണിത്. ആധുനിക കൊണ്ടോട്ടിയുടെ സ്ഥാപകനായി അറിയപ്പെടുന്ന ഹസ്രത്ത് ഷൈഖ് മുഹമ്മദ് ഷാ തങ്ങളുടെ സ്മാരകം രണ്ട് നൂറ്റാണ്ടിലേറെയായി ഖുബ്ബ എന്ന പേരിൽ നിലകൊള്ളുന്നു. ഇൻഡോ-സാരസൻ ശിൽപ്പകലയുടെ മനോഹാരിതയിൽ ഉയർന്ന ഈ മഖ്ബറ (കബറിടം) കർണാടകയിലെ കോൽക്കണ്ട സുൽത്താന്മാർ അയച്ചുകൊടുത്ത ശില്പികളാണ് നിർമ്മിച്ചത് എന്നാണ് വിശ്വസിക്കുന്നത്. നാട്ടുകാരുടെ സഹായവും അവർക്ക് ലഭിച്ചിരുന്നുവെങ്കിലും കേരളീയ വാസ്തുശില്പ പാരമ്പര്യം കുബ്ബയിൽ കാണാനില്ല. ഇൻഡോ പേർഷ്യൻ ശില്പകലയിലാണ് കുബ്ബയുടെ നിർമിതി. ബിജാപൂർ സുൽത്താൻമാർ എന്നറിയപ്പെടുന്ന കോൽക്കണ്ട സുൽത്താൻമാരുമായുള്ള കൊണ്ടോട്ടിയുടെ ബന്ധത്തിനുള്ള നേർസാക്ഷ്യമാണ് പൂർണമായും കരിങ്കല്ല് കൊണ്ട് പണിത



ഇൻഡോ പേർഷ്യൻ ശില്പകലയിലുള്ള ഈ ഖുബ്ബ . മനോഹരമായ ഇതിലെ ശില്പകലക്ക് കോൽക്കണ്ട സുൽത്താൻമാരുടെ കോട്ടയിലെ ശില്പകലയോടാണ് സാമ്യം ഉള്ളത്. വൃത്താകൃതിയിൽ കുത്തിയെടുത്ത കരിങ്കൽ പാളികൾ ചേർത്ത് നിർമ്മിച്ചതാണ് ഈ കെട്ടിടം. മകുടങ്ങളും കമാനങ്ങളും കൊത്തുപണികളും നിറഞ്ഞ കെട്ടിടത്തിന് 11000 ചതുരശ്ര അടി വിസ്താരമുണ്ട്. മതേതരത്വത്തിന്റെ ജനകീയ ഉത്സവമായ കൊണ്ടോട്ടി നേർച്ച വളരെ പ്രസിദ്ധമാണ്. ഈ നേർച്ച തുടങ്ങുന്നതും സമാപിക്കുന്നതും ഈ കുബ്ബയിൽ നിന്നായിരുന്നു. നേർച്ചയുടെ ഭാഗമായി വിവിധ ദേശങ്ങളിൽ നിന്നുള്ള പെട്ടി വരവുകൾ ഇവിടെ കാണിക്ക വെക്കുന്നു. ഇതുവഴി മതേതരത്വത്തിന്റെ സ്മാരകമായി ഖുബ്ബ മാറുന്നു. ഏറനാടിന്റെ ജനകീയ ഉത്സവമായി നടന്നിരുന്ന കൊണ്ടോട്ടി നേർച്ചക്ക് ആരംഭം കുറിച്ച് കൊണ്ട് കൊണ്ടോട്ടി പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചിരുന്ന ബ്രിട്ടീഷ്കാരുടെ കാലത്തുള്ള പീരങ്കി വിട്ട് നൽകുകയും അത് നേർച്ച സ്ഥലത്ത് എത്തിച്ച് തോക്കെടുക്കൽ കർമ്മം നടത്തുകയും ചെയ്തിരുന്നു. നാനാജാതി മതസ്ഥരുടെയും സംഗമ സ്ഥലമായിരുന്ന നേർച്ച ഇപ്പോൾ കുറച്ച് കാലമായി മുടങ്ങിയിരിക്കുകയാണ്.

കൊണ്ടോട്ടിയിലെ വൈദേശിക സാന്നിധ്യത്തിന് ഓർമ്മകൾ ഉറങ്ങുന്ന സ്മാരകമാണ് തുറക്കൽ ബംഗ്ലാവ്. ഹിച്ച്കോക്കടക്കമുള്ള പല ബ്രിട്ടീഷ് പട്ടാള മേധാവികളുടെയും കേന്ദ്രമായിരുന്നു ഈ ബംഗ്ലാവ്. ബ്രിട്ടീഷ് പ്രൗഢി വിളിച്ചോതുന്ന കെട്ടിടം ഇപ്പോഴും ഇവിടെയുണ്ട്. സ്വാതന്ത്ര്യ പോരാട്ടങ്ങൾ അടിച്ചമർത്തുന്നതിന് തന്ത്രങ്ങൾ മെനയുന്നതിന് പലപ്പോഴും ഈ ബംഗ്ലാവ് വേദിയായിരുന്നു. 1980 മുതൽ പിഡബ്ല്യുഡി കെട്ടിട വിഭാഗം ഈ കെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നത്. ഇതിനോട് ചേർന്ന് ടൂറിസം വകുപ്പിന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും രണ്ട് റസ്റ്റ് ഹൗസുകളും പ്രവർത്തിച്ചുവരുന്നു.

മാപ്പിളപ്പാട്ടിന്റെ കുലപതി മഹാകവി മോയിൻകുട്ടി വൈദ്യരുടെ ജന്മനാട് കൂടിയാണ് കൊണ്ടോട്ടി. കൊണ്ടോട്ടിയുടെ പേരും പെരുമയും പുറംനാടുകളിൽ അറിയുന്നതിന് വൈദ്യർ കാവ്യങ്ങൾക്ക് വലിയ പങ്കുണ്ട് . 40 വയസ്സു മാത്രം ജീവിച്ച അദ്ദേഹം പ്രണയവും യുദ്ധവും പ്രമേയമാക്കി ഒട്ടേറെ കവിതകളും മാപ്പിളപ്പാട്ടുകളും രചിച്ചു. ഇരുപതാമത്തെ വയസ്സിൽ എഴുതിയ ഹുസ്നുൽ ജമാൽ ലോക പ്രണയ കാവ്യ ക്ലാസിക്കുകളുടെ പട്ടികയിൽ ഇടം നിൽക്കുന്നതാണ്. അവിശ്വസനീയവും ഉജ്വലവുമായ ഇച്ഛാശക്തി പ്രകടിപ്പിക്കുന്ന സ്ത്രീയുടെ കരുത്ത് ഹുസ്നുൽ ജമാൽ എന്ന പ്രണയ കാവ്യത്തിൽ കാണാൻ സാധിക്കും. 1999-ൽ സംസ്ഥാന സർക്കാറിന്റെ സാംസ്കാരിക വകുപ്പ് മഹാകവിയുടെ പേരിലുള്ള സ്മാരകം സമർപ്പിച്ചിട്ടുണ്ട്. ഇന്ന് കൊണ്ടോട്ടിയിൽ തല ഉയർത്തി നിൽക്കുന്ന ഈ സ്ഥാപനം മാപ്പിള കലാ അക്കാദമിയുടെ ആസ്ഥാനം കൂടിയാണ് .

കൊണ്ടോട്ടിയുടെ ഗ്രാമഭംഗി കണ്ണിന് ഏറെ കുളിർമ നൽകുന്നവയാണ്. കുന്നുകളും മലകളും വയലും നീർച്ചാലുകളും ചാലിയാർ നദിയുടെ സാമീപ്യവും ഏറെ വശ്യവും മനോഹരവുമാണ്. കൊണ്ടോട്ടി ടൗണിൽ നിന്നും 10 കിലോമീറ്റർ സഞ്ചരിച്ചാൽ ചെരുപ്പടിമല എന്ന ടൂറിസത്തിന് പ്രാധാന്യമുള്ള സ്ഥലത്ത് എത്തിച്ചേരുവാൻ സാധിക്കും. ഇവിടെ മിനി ഊട്ടി എന്നാണ് അറിയപ്പെടുന്നത്. മലകളും കുന്നുകളും കൊണ്ട് പ്രകൃതിരമണീയമായ പച്ചപ്പ് നിറഞ്ഞ സ്ഥലമാണ് ഈ പ്രദേശം. മഴയുള്ള വൈകുന്നേരങ്ങളിലെ കോടമഞ്ഞ് നിറഞ്ഞുനിൽക്കുന്നത് കാണാൻ ധാരാളം സഞ്ചാരികൾ ഇവിടെ എത്താറുണ്ട്. കേരളത്തിന്റെ തനതായ സാംസ്കാരിക പാരമ്പര്യത്തോട് ചേർന്ന് നിൽക്കുന്നതും അന്യം നിന്ന് കൊണ്ടിരിക്കുന്ന ഗ്രാമഭംഗി ഒളിപ്പിച്ചുവെച്ചതുമായ ഇവിടത്തെ നാടും നാട്ടുകാരും യഥാർത്ഥത്തിൽ കൊണ്ടോട്ടിയുടെ പെരുമ തന്നെയാണ് .

# യൂറോപ്പിന് വിയർക്കുന്നു



**ഐ. ബി. സതീഷ്**
14, 15 കേരള നിയമസഭകളിൽ അംഗം



“പൊതുവെ കൊടുംശൈത്യമനുഭവിക്കാറുള്ള യൂറോപ്പിൽ രണ്ടാഴ്ചയായി കടുത്ത ഉഷ്ണതരംഗം അനുഭവപ്പെടുകയാണ്. 2300 ലധികം പേരാണ് ഏതാനും ദിവസങ്ങൾക്കുള്ളിൽ അതിനിരയായി മരിച്ചെന്നാണ് റിപ്പോർട്ട്.”



അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽനിന്ന് ഇന്ത്യൻ ഗഗനചാരി ശുഭാംശു ശുക്ല നടത്തിയ ആദ്യ പ്രതികരണം ലോകം കേട്ടു-‘ഒരു അതിർത്തിയും എനിക്ക് കാണാനാകുന്നില്ല. രാജ്യങ്ങളില്ല, സംസ്ഥാനങ്ങളില്ല, അതിർത്തികളില്ല. നമ്മളെല്ലാം മനുഷ്യരാശിയുടെ ഭാഗം, ഈ ഭൂമി നമ്മുടെ വീട്, നമ്മളെല്ലാം അതിലെ അംഗങ്ങൾമാത്രം’. യുദ്ധങ്ങളും സംഘർഷങ്ങളുമെല്ലാം ഭീതിയുടെ നിഴൽവീശുന്ന കാലത്ത് മനുഷ്യർ തിരിച്ചറിയേണ്ട അതിപ്രധാനമായ ഒരു സന്ദേശം ഈ വാക്കുകളിലുണ്ട്. വെട്ടിപ്പിടിക്കലും അതിർത്തി വർദ്ധിപ്പിക്കലുമെല്ലാം തീരുമ്പോൾ ഈ ഭൂമി ബാക്കിയുണ്ടാകുമോയെന്ന ചോദ്യം മറ്റൊരുരീതിയിൽ ചുറ്റിലും മുഴങ്ങുന്നുണ്ട്. അതിനെ നാം ആഗോളതാപനമെന്ന പേരിട്ടു വിളിക്കുന്നു. അതോടനുബന്ധിച്ചുള്ള കെടുതിക്കാലമാണ് ലോകം നേരിടേണ്ടിവരുന്ന വരുംകാല വിപത്തെന്ന് ഗവേഷകരും പരിസ്ഥിതി ശാസ്ത്രജ്ഞരും കാലാവസ്ഥാ വിദഗ്ധരുമെല്ലാം മുന്നറിയിപ്പു നൽകുന്നു.

പൊതുവെ കൊടുംശൈത്യമനുഭവിക്കാറുള്ള യൂറോപ്പിൽ രണ്ടാഴ്ചയായി കടുത്ത ഉഷ്ണതരംഗം അനുഭവപ്പെടുകയാണ്. 2300-ലധികം പേരാണ് ഏതാനും ദിവസങ്ങൾക്കുള്ളിൽ അതിനിരയായി മരിച്ചെന്നാണ് റിപ്പോർട്ട്. വിവിധ മേഖലകളിൽ കാലാവസ്ഥ മാറിമറിയുന്നു. കേരളത്തിൽത്തന്നെ ഇത്തവണ മൺസൂൺ കാലം തെറ്റിയാണ് എത്തിയത്. ജൂൺ അവസാനവും ജൂലൈ ആദ്യവും പൊതുവെ ലഭിക്കാറുള്ള മഴയില്ല. നേപ്പാളിലും കഴിഞ്ഞ ആഴ്ച അമേരിക്കയെ വിറപ്പിച്ച് ടെക്സസിലുണ്ടായ മിന്നൽപ്രളയത്തിനും കാരണം ആഗോളതാപനമാണ്. ജപ്പാനിലും നേപ്പാളിലും ചൈനയിലും കഴിഞ്ഞ ദിവസം നാശം വിതച്ച പേമാരിക്കും



“നാഷണൽ സെന്റർ ഫോർ എൻവയോൺമെന്റൽ ഇൻഫർമേഷന്റെ വാർഷിക റിപ്പോർട്ട് അനുസരിച്ച്, ഏറ്റവും ചൂടേറിയ വർഷമായിരുന്നു 2024. ആഗോള ശരാശരി ഉപരിതല താപനില 20-ാം നൂറ്റാണ്ടിലെ ശരാശരിയേക്കാൾ 2.32 ഫാരൻഹീറ്റ് (1.29 ഡിഗ്രി സെൽഷ്യസ്)വർധിച്ചു. സമുദ്രങ്ങളുടെ ഭീമാകാരമായ വലിപ്പവും ശേഷിയും കണക്കിലെടുക്കുമ്പോൾ അവയുടെ താപനിലമാറ്റം ഭൂമിയുടെ ഉപരിതല താപനിലയും അതുപോലെ ഉയർത്തും.”

കാരണം അന്വേഷിക്കേണ്ടതില്ല. ഉത്തരേന്ത്യയിലാകട്ടെ അതിവൃഷ്ടിയും അനാവൃഷ്ടിയും മാറിമാറി വരുന്നു. പ്രയാഗ്‌രാജ് മേഖലയിൽ കഴിഞ്ഞ ദിവസം കനത്ത മേഘവിസ്ഫോടനമുണ്ടായി.

2003-ൽ യൂറോപ്പിൽ ഉണ്ടായ ഉഷ്ണ തരംഗത്തിൽ ഏകദേശം 35,000 പേർ മരിച്ചെന്നാണ് കണക്ക്. ഇത്തവണ കൂടുതൽ രൂക്ഷമായ സ്ഥിതിയാണ്. ഇത്തവണത്തെ ലോകകപ്പിനു വേദിയാകുന്ന അമേരിക്കയിലും കൊടുംചൂടുമൂലം പല മത്സരങ്ങളും വൈകിയാണ് തുടങ്ങിയത്. പല വേദികളിലും 41 ഡിഗ്രി വരെ ആണ്. ചൂട് കാരണം കാണികൾ സ്റ്റേഡിയം വിടുന്ന അവസ്ഥയുണ്ടായി. തണുപ്പ് രാജ്യങ്ങളിലെല്ലാം ഇത്തവണ ചൂട് കൂടുതലാണ്.

നാഷണൽ സെന്റർ ഫോർ എൻവയോൺമെന്റൽ ഇൻഫർമേഷന്റെ വാർഷിക റിപ്പോർട്ട് അനുസരിച്ച്, ഏറ്റവും ചൂടേറിയ വർഷമായിരുന്നു 2024. ആഗോള ശരാശരി ഉപരിതല താപനില 20-ാം നൂറ്റാണ്ടിലെ ശരാശരിയേക്കാൾ 2.32 ഫാരൻഹീറ്റ് (1.29 ഡിഗ്രി സെൽഷ്യസ്)വർധിച്ചു. സമുദ്രങ്ങളുടെ ഭീമാകാരമായ വലിപ്പവും ശേഷിയും കണക്കിലെടുക്കുമ്പോൾ അവയുടെ താപനിലമാറ്റം ഭൂമിയുടെ ഉപരിതല താപനിലയും അതുപോലെ ഉയർത്തും. മുഴുവൻ ഭൂഗോളത്തിന്റെയും ശരാശരി താപനില പരിശോധന എന്ന ആശയം വിചിത്രമായി തോന്നിയേക്കാം. ഭൂമിയുടെ ചില ഭാഗങ്ങൾ വളരെ തണുപ്പുള്ളതും മറ്റ് ഭാഗങ്ങൾ ചൂടുള്ളതുമാണ്. അതുകൊണ്ടുതന്നെ ആഗോള ശരാശരി താപനില അളക്കുന്നത് ഭൂമിയുടെ ഊർജമാറ്റങ്ങൾ കണ്ടെത്തുന്നതിന് സൗകര്യപ്രദമാണ്. ആഗോള ശരാശരി കണക്കാക്കാൻ, ശാസ്ത്രജ്ഞർ ലോകമെമ്പാടുമുള്ള താപനില അളവുകൾ ഉപയോഗിക്കുന്നു. ഇത്തരത്തിൽ ലോകമെമ്പാടുമുള്ള ഒന്നിലധികം സ്വതന്ത്ര ഗവേഷണസംഘം വിശകലനം നടത്തുന്നു. അവയെല്ലാം ചൂട് ഉയരുമെന്ന പ്രവണതയാണ് കാണിക്കുന്നത്. പക്ഷേ, ഭൂമിയിലുടനീളം താപനില മാറ്റം ഒരുപോലെയല്ല. യഥാർഥത്തിൽ മനുഷ്യരാശിയുടെ നിലനിൽപ്പിനെ ബാധിക്കുന്ന പ്രകൃതി പ്രതിഭാസങ്ങളുടെ രസതന്ത്രം നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ മനസ്സിലാക്കപ്പെട്ടിട്ടുണ്ട്. പ്രവചനസ്വഭാവത്തിലല്ല; വസ്തുനിഷ്ഠ വിശകലനത്തിന്റെ പിൻബലത്തോടെതന്നെയാണത്. സമുദ്രത്തിന്റെ എല്ലാ ഭാഗത്തും ഒരുപോലെ ആയിരിക്കുകയില്ല ചൂടിന്റെ വർധന. ചൂടും തണുപ്പും വഹിച്ചു സഞ്ചരിക്കുന്ന ഉഷ്ണപ്രവാഹങ്ങളാണ് ഇതിനുകാരണം. ചൂടു കൂടുതലുള്ള സമുദ്രപ്രദേശങ്ങൾക്ക് അടുത്തുള്ള രാജ്യങ്ങൾക്കായിരിക്കും ഭീഷണി കൂടുതൽ നേരിടേണ്ടി വരിക. കാനഡയിലെ നുനാവട്ട്പോലുള്ള പ്രദേശങ്ങളിൽ ഇതിന്റെ ഫലങ്ങൾ ഇതിനകംതന്നെ പ്രകടമാണ്. അവിടെ മഞ്ഞുരുകൽ അതിജീവനത്തെ മാത്രമല്ല ബാധിക്കുന്നത്. മനുഷ്യർക്കും പ്രകൃതിക്കും ഇടയിലുള്ള സന്തുലിതാവസ്ഥതന്നെ കീഴ്മേൽ മറിഞ്ഞു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഏറ്റവും വലിയ ആരോഗ്യപ്രശ്നം സൂര്യാഘാതമാണ്. കൂടാതെ, വരൾച്ച മഴയുടെ രീതിയെ സാരമായി മാറ്റുമെന്നും ലക്ഷക്കണക്കിന് മനുഷ്യരുടെ ജീവിതം അപകടത്തിലാക്കുമെന്നും വേൾഡ് വൈൽഡ് ഫണ്ട് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആഗോളതാപനം പരിസ്ഥിതിയിൽ നിരവധി ഗുരുതര മാറ്റങ്ങൾക്ക് കാരണമാകും. ഒടുവിൽ മനുഷ്യന്റെ ആരോഗ്യത്തെതന്നെ ബാധിക്കുന്ന അവസ്ഥയിലേക്കാണ് എത്തിച്ചേർന്നിരിക്കുന്നത്. ഇരുനൂറ് കോടിയിലധികം ജനങ്ങൾക്കും മറ്റു ജീവജാലങ്ങൾക്കുംതന്നെ ഭീഷണിയാകുന്നതാണ് കടൽജലനിരപ്പിലുണ്ടാകുന്ന മാറ്റം. ചൂട് കൂടുമ്പോൾ ജലകണികകൾ വികസിക്കുകയും



അവയ്ക്ക് സ്ഥിതി ചെയ്യാൻ കൂടുതൽ സ്ഥലം ആവശ്യമായി വരികയും ചെയ്യുമ്പോൾ സമുദ്രനിരപ്പ് ഉയരും. കൂടാതെ കടലിന്റെ ഉയർന്ന താപനില മഞ്ഞുരുകാൻ കാരണമാകുകയും അത് സമുദ്രത്തിലേക്ക് എത്തി സമുദ്ര ജലനിരപ്പ് ഉയരുകയും ചെയ്യുന്നുണ്ട്. ഈ അപ്രതീക്ഷമാറ്റമാണ് കടലിലെ കാലാവസ്ഥാ വ്യതിയാനത്തിന് കാരണമാകുന്നത്. സ്വാഭാവികമായും കടലിൽ ഉണ്ടാകുന്ന എല്ലാ മാറ്റവും കരയെയും ആകാശത്തെയും മാറ്റിമറിക്കുമെന്നതിൽ സംശയമില്ല. തീരദേശ ഭൂമി ഇടിയുന്നതിനും മഴയുടെ രീതിക്ക് മാറ്റം വരുത്തുന്നതിനും വരൾച്ചയ്ക്കും വെള്ളപ്പൊക്കത്തിനുമെല്ലാം കാരണമാകും. മേഘവിസ്ഫോടനമടക്കമുള്ള ദുരന്തങ്ങൾക്ക് സാധ്യത വർധിപ്പിക്കുകയും വലിയൊരു പ്രദേശത്തെ ജൈവവൈവിധ്യത്തിന് നാശമുണ്ടാക്കുകയും ചെയ്യും. ജനങ്ങളുടെ ഉപജീവനമാർഗങ്ങളിലുണ്ടാകുന്ന പ്രത്യാഘാതങ്ങൾക്ക് പുറമെ ആഗോളതാപനം മനുഷ്യന്റെ ആരോഗ്യത്തിൽ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. ആഗോളതാപനത്തിന് ഏറ്റവും കുറഞ്ഞ സംഭാവന നൽകിയ രാജ്യങ്ങളിലെ ജനങ്ങളാണ് ഉയർന്ന താപനിലമൂലമുണ്ടാകുന്ന കെടുതികൾക്ക് കൂടുതൽ ഇരയാകുന്നത്. പസഫിക് സമുദ്രത്തിലെയും ഇന്ത്യൻ മഹാസമുദ്രത്തിലെയും ആഫ്രിക്കയിലെയും തീരപ്രദേശങ്ങൾ കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കൂടുതലായി നേരിടേണ്ടി വരുന്നു. ലോകാരോഗ്യ സംഘടന റിപ്പോർട്ട് ചെയ്യുന്നത് കാലാവസ്ഥാ വ്യതിയാനംമൂലം പ്രതിവർഷം കുറഞ്ഞത് 1,50,000 മരണങ്ങൾക്ക് കാരണമാകുമെന്നാണ്. 2030 ആകുമ്പോഴേക്കും ഇത് ഇരട്ടിയാകുമെന്ന് കണക്കാക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ തീവ്രത വർധിക്കുന്നത് വായു, സമുദ്രഗതാഗതത്തെയും ബാധിക്കുന്നു. കൊടുങ്കാറ്റുകൾ, ഉഷ്ണതരംഗങ്ങൾ, സമുദ്രനിരപ്പ് ഉയരൽ എന്നിവ പ്രധാന ആശങ്കകളാണ്. അതിനുപുറമെയാണ് കടൽ അമിതമായി ചൂടാകുന്നതുമൂലം ഉണ്ടാകുന്ന പ്രതിസന്ധികൾ. കടലിൽ അടിക്കടി ഉണ്ടാകുന്ന തീപിടിത്തങ്ങൾക്കും ഇത് കാരണമാകുന്നുണ്ട്. ഉയരുന്ന താപനില മെക്കാനിക്കൽ ഉപകരണങ്ങളെയും അടിസ്ഥാന സൗകര്യങ്ങളെയും ബാധിക്കും. വിമാനയാത്രപോലും സുരക്ഷിതമല്ലാത്ത സ്ഥിതിയുണ്ട്. അന്തരീക്ഷം ചൂടാകുന്നതിനാൽ അപ്രതീക്ഷിതമായ ഇടിമിന്നലും കാറ്റും ഉൾപ്പെടെയുള്ള സ്ഥിതിഗതികൾ വിമാന ഷെഡ്യൂളുകൾതന്നെ തടസ്സപ്പെടുത്തുന്നു. കനത്ത ചൂട് റൺവേകളെ ബാധിക്കുന്നത് വിമാനങ്ങൾക്ക് പറന്നുയരുന്നതിന് കൂടുതൽ ബുദ്ധിമുട്ടാകും.

അന്യദേശത്തെ കീഴടക്കി ഭരിക്കുന്ന ഏകാധിപതിയെപ്പോലെ ഒരർത്ഥത്തിലും മനുഷ്യന് പ്രകൃതിയെ അടക്കി ഭരിക്കാനാകില്ലെന്ന് എംഗൽസ് ഓർമപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ മാംസവും രക്തവും തലച്ചോറും എല്ലാംതന്നെ പ്രകൃതിക്ക് അവകാശപ്പെട്ടതും പ്രകൃതിയുടെ ഭാഗമായി അതിനു മധ്യത്തിൽ നിലകൊള്ളുന്നവയുമാണ്. പ്രകൃതിനിയമങ്ങൾ പഠിക്കാനും ശരിയാംവണ്ണം പ്രയോഗിക്കാനുമുള്ള കഴിവിൽ മറ്റേതൊരു ജീവിയേക്കാളും അനുകൂല കാലാവസ്ഥ നമുക്കുണ്ടെന്നും എംഗൽസ് എഴുതിയിട്ടുണ്ട്. ഭൗമ-സമുദ്രോപരിതലത്തിലെ ചൂട് ക്രമാതീതമായി വർധിക്കുന്ന അവസ്ഥയാണ് ആഗോളതാപനമെന്ന് സാമാന്യമായി പറയാമെങ്കിലും അതിനോടനുബന്ധിച്ച് എല്ലാ മേഖലകളിലും കാലക്രമേണ വലിയ വ്യതിയാനമുണ്ടാകുന്നു. ഫോസിൽ ഇന്ധന ഉപയോഗവും നിർമിതപ്രവർത്തനങ്ങളിലൂടെ ആവാസവ്യവസ്ഥയ്ക്ക് ഉണ്ടാകുന്ന മാറ്റവും പ്രകൃതിവിഭവങ്ങളുടെ തെറ്റായ രീതിയിലുള്ള കൈകാര്യം ചെയ്യലുംമൂലമാണെന്നും ശാസ്ത്രീയമായിത്തന്നെ തെളിയിക്കപ്പെട്ടിട്ടുണ്ട്. ഐപിസിസി റിപ്പോർട്ട് കണക്കാക്കുന്നത് 2030 ആകുമ്പോഴേക്കും ഏകദേശം 7.5 കോടി മുതൽ 25 കോടി വരെ ആളുകൾക്ക് കുടിവെള്ളമില്ലാതെ വരുമെന്നും ഭക്ഷ്യക്ഷാമം നേരിടേണ്ടിവരുമെന്നുമാണ്. വിള ഉൽപ്പാദനക്ഷമത 50 ശതമാനം കുറയുന്നത് ഭക്ഷ്യക്ഷാമത്തിനും കാരണമായേക്കും. ഭക്ഷ്യസുരക്ഷയെ ബാധിക്കുന്നതോടെ വിഭവസംഘർഷങ്ങൾ വ്യാപകമാകുകയും അത് രാജ്യസുരക്ഷയ്ക്ക് ഭീഷണിയാകുകയും ചെയ്യും. ഊർജം, സുരക്ഷ, കാലാവസ്ഥ എന്നിവയെക്കുറിച്ചുള്ള യുഎൻ സുരക്ഷാ കൗൺസിൽ ചർച്ചയിൽ, ബ്രിട്ടീഷ് വിദേശകാര്യ മുൻ സെക്രട്ടറി മാർഗരറ്റ് ബെക്കറ്റ് ആഗോളതാപനത്തെ സുരക്ഷാ അപകടമായാണ് അവതരിപ്പിച്ചത്. അത്യന്തം വിനാശകരമായ അവസ്ഥയിലേക്കാണ് നാം നീങ്ങുന്നതെന്ന് ലോകത്തെ ബോധവാന്മാരാക്കുക എന്നതാണ് പ്രധാനം.

••••

# ഞങ്ങളുടെ തിരൂരിന് ഉണ്ടൊരു പെരുമ



**കുറുക്കോളി മൊയ്തീൻ**
15-ാം കേരള നിയമസഭയിൽ അംഗം



"കേരളത്തിലെ ആദ്യത്തെ റെയിൽവേ സ്റ്റേഷൻ ഞങ്ങളുടെ തിരൂർ ആണ്. ബേപ്പൂർ മുതൽ തിരൂർ വരെ ആദ്യം ബ്രിട്ടീഷുകാർ പാളം പണിതു. പിന്നീട് തിരൂരിൽ നിന്ന് കുറ്റിപ്പുറത്തേക്കും കുറ്റിപ്പുറത്തു നിന്ന് ഷോർണൂരിലേക്കും അവിടെ നിന്ന് നിലമ്പൂരിലേക്കും തേക്കിൻ തടികൾ കൊണ്ടുപോകാനുള്ള ഉദ്ദേശത്തോടുകൂടിയാണ് പാളങ്ങൾ അങ്ങോട്ട് നീണ്ടു പോയത്."



പ്രകൃതി മനോഹാരിതയുടെയും ചരിത്ര സാംസ്കാരിക പാരമ്പര്യങ്ങളുടെയും സംഗമഭൂമിയാണ് തിരൂർ . ഭാരതപ്പുഴയോരം ,തിരൂർ പുഴ വേറെ, ആവിപ്പുഴയും വാലില്ലാപ്പുഴയും പോരാത്തതിന് താമരക്കായലും ചേർന്നൊഴുകുന്ന സ്ഥലമാണ് ഞങ്ങളുടെ തിരൂർ.തിരുനാവായ നാവാമുകുന്ദക്ഷേത്രം, വൈരങ്കോട് ഭഗവതി ക്ഷേത്രം, പഴക്കമേറെയുള്ള കാനാഞ്ചേരി പള്ളിയും ചരിത്രപ്രസിദ്ധമായ വാഗൺ ട്രാജഡി രക്തസാക്ഷികൾ അന്ത്യവിശ്രമം കൊള്ളുന്ന കോട്ട്, കോരങ്ങത്ത് പള്ളികളും തിരൂരിന്റെ സാംസ്കാരിക പൈതൃകങ്ങളാണ്. അതിനെല്ലാം പുറമേ രാമാനുജൻ എഴുത്തച്ഛന്റെ തുഞ്ചൻപറമ്പും തുഞ്ചന്റെ പേരിൽ തന്നെയുള്ള മലയാളം സർവകലാശാലയും അതേ പേരിൽ തന്നെ ഉള്ള ഒരു ആർട്ട്സ് & സയൻസ് കോളേജും ഇവിടെയുണ്ട്.രണ്ട് വനിതാ കോളേജുകൾ,ഒരു അറബി കോളേജ്,ഒരു വനിത ഹയർ സെക്കൻഡറി സ്കൂൾ,സീതി സാഹിബ് മെമ്മോറിയൽ പോളിടെക്നിക് എന്നിവയും ഈ മണ്ഡലത്തിന്റെ പ്രത്യേകതകളാണ്. കാർഷിക പ്രധാനമാണ് ഈ മണ്ണ്. ലോകത്തെ വെറ്റിലയുടെ ആസ്ഥാനം ഞങ്ങളുടെ തിരൂർ ആണ്.തിരൂരിന് മാത്രം അവകാശപ്പെടാൻ ഉള്ളതാണ് രാജ്യത്തെ ഏക താമര കൃഷി കേന്ദ്രം. താമരക്കായൽ എന്ന് ഈ കൃഷിയിടം അറിയപ്പെടുന്നു. കേരളത്തിലെ ആദ്യത്തെ റെയിൽവേ സ്റ്റേഷൻ ഞങ്ങളുടെ തിരൂർ ആണ്. ബേപ്പൂർ മുതൽ തിരൂർ വരെ ആദ്യം ബ്രിട്ടീഷുകാർ പാളം പണിതു. പിന്നീട് തിരൂരിൽ നിന്ന് കുറ്റിപ്പുറത്തേക്കും കുറ്റിപ്പുറത്തുനിന്ന് ഷോർണൂരിലേക്കും അവിടെ നിന്ന് നിലമ്പൂരിലേക്കും തേക്കിൻ തടികൾ കൊണ്ടുപോകാനുള്ള ഉദ്ദേശത്തോടുകൂടിയാണ് പാളങ്ങൾ അങ്ങോട്ട് നീണ്ടു പോയത്. ഇടയ്ക്ക് പറയട്ടെ ,ചരിത്ര പ്രസിദ്ധമായ മാമാങ്കത്തിന്റെ നാടും ഞങ്ങളുടേതാണ്, തിരുന്നാവായ. കലയിലും സാഹിത്യത്തിലും അതേപോലെ മുന്നിൽ തന്നെയാണ് ഇവിടം. കായിക താരങ്ങൾക്കും കുറവില്ല ഇവിടെ.



“വാഗൺ ട്രാജഡി എന്ന
പേരിൽ ചരിത്രത്തിൽ
രേഖപ്പെട്ടു കിടക്കുന്ന ചരക്ക്
തീവണ്ടിയിലെ വാഗണിൽ
നടന്ന മനുഷ്യക്കുരുതി
ആർക്കാണ് മറക്കാൻ
കഴിയുക?അവർക്കായി മികച്ച
ഒരു സ്മാരകം ഇവിടെ ഉയരണം.”

നീണ്ട അറബിക്കടലോരം ഞങ്ങൾക്കുണ്ട്. നിമിഷ കവികളും ഏറെ ഇവിടെ ജനിച്ച് വളർന്നു വന്നിട്ടുണ്ട്.

സ്വാതന്ത്ര്യ സമര പോരാട്ടത്തിലും രാഷ്ട്രീയ ത്തിലും ഇവിടത്തെ ജനങ്ങൾ ഏറെ മുമ്പിൽ തന്നെയായിരുന്നു.വാഗൺ ട്രാജഡി എന്ന പേരിൽ ചരിത്രത്തിൽ രേഖപ്പെട്ടു കിടക്കുന്ന ചരക്ക് തീവണ്ടിയിലെ വാഗണിൽ നടന്ന മനു ഷ്യക്കുരുതി ആർക്കാണ് മറക്കാൻ കഴിയുക? അവർക്കായി മികച്ച ഒരു സ്മാരകം ഇവിടെ ഉയരണം. സ്വാതന്ത്ര്യ സമരത്തിൽ തിളക്കമാർന്ന ഏടുകൾ രചിച്ച പല പ്രദേശങ്ങളും ഇവിടെയുണ്ട്. വളവന്നൂർ, ചെറവന്നൂർ, രണ്ടത്താണി, ,പുത്തൂർ പ്രദേശങ്ങൾ. പട്ടാളത്തിന്റെ ബൂട്ടിട്ട് ചവിട്ടുന്ന ശബ്ദം കേട്ട് ഉറക്കമില്ലാതെ കിടന്ന രാത്രികൾ ഈ പ്രദേശത്തെ പൂർവികർക്ക് ഏറെ പറയാനുണ്ട്. വെട്ടത്ത് രാജാവിന്റെ ഭരണസിരാകേന്ദ്രം - വെട്ടത്ത് പുതിയങ്ങാടി ഉൾക്കൊള്ളുന്ന ഈ പ്രദേശത്ത് നിന്നും ജന പ്രതിനിധി സഭകളിൽ ഇവിടെനിന്ന് സ്വാതന്ത്ര്യലബ്ധിക്കുശേഷം പാർലമെ ന്റിലേക്ക് അഡ്വ. ബി. പോക്കർ സാഹിബ്,ഖായിദേ മില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബ്, സി. എച്ച്. മുഹമ്മദ് കോയ, ഇബ്രാഹിം സുലൈമാൻ സേട്ട്, ഗുലാം മഹമൂദ് ബനാത്ത് വാല, ഇ. അഹമ്മദ്, ഇ. ടി മുഹമ്മദ് ബഷീർ എന്നിവർ ഇതിന് മുമ്പ് കടന്നു ചെന്നു. ഇപ്പോൾ എം.പി അബ്ദുസ്സമദ് സമദാനിയാണ് ലോക്സഭയിൽ നമ്മെ പ്രതിനിധീകരിക്കുന്നത്.നിയമസഭയി ലേക്ക് സ്വാതന്ത്ര്യ ലബ്ധിക്കുശേഷം കോട്ടാൽ ഉപ്പി സാഹിബ് (മദിരാശി നിയമസഭ), കെ. മൊയ്തീൻ കുട്ടി എന്ന ബാവാ ഹാജി, പി.ടി കുഞ്ഞുട്ടി ഹാജി, യു. എ. ബീരാൻ സാഹിബ്, ഇ.ടി മുഹമ്മദ് ബഷീർ, സി. മമ്മൂട്ടി എന്നിവരാണ് ഇതിനുമുമ്പ് കടന്നുചെ ന്നത്.

നാലര സ്പീക്കർമാരുടെ (4 സ്പീക്കർ, ഒരു ഡെപ്യൂട്ടി സ്പീക്കർ) സ്പർശനമേറ്റ നിയമസഭാ മണ്ഡലം കൂടിയാണിത്. 1960 ൽ കേരള നിയ മസഭയിലെ സ്പീക്കർ ആയത് കെ.എം സീതി സാഹിബ് ആയിരുന്നു.കുറ്റിപ്പുറം മണ്ഡലത്തിൽ നിന്നാണ് അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടിരു ന്നത്.അന്നത്തെ കുറ്റിപ്പുറം മണ്ഡലത്തിലെ ആതവനാട്, തിരുനാവായ പഞ്ചായത്തുകൾ ഇപ്പോൾ തിരൂർ മണ്ഡലത്തിന്റെ ഭാഗമാണ്.സീതി സാഹിബ് മരണപ്പെട്ടപ്പോൾ ആ സ്ഥാനം അല



ങ്കരിച്ചത് സി. എച്ച് മുഹമ്മദ് കോയ സാഹിബ് ആയിരുന്നു. സി. എച്ച് മുഹമ്മദ് കോയ സാഹിബ് കേരള നിയമസഭയിൽ എത്തിയത് താനൂർ നിയോജകമണ്ഡലത്തിൽ നിന്നായിരുന്നു.എന്നാൽ അന്നത്തെ താനൂർ നിയോജകമണ്ഡലത്തിലെ പ്രദേശങ്ങളായ വളവന്നൂർ, കൽപ്പകഞ്ചേരി പഞ്ചായത്തുകൾ ഇപ്പോൾ തിരൂർ മണ്ഡലത്തിലാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. 1970 -ൽ കേരള നിയമസഭാ സ്പീക്കർ ആയത് ഈ മണ്ഡലത്തിൽ നിന്ന് തന്നെ വിജയിച്ചു വന്ന കെ. മൊയ്തീൻകുട്ടി എന്ന ബാവാ ഹാജിയാണ്. 1977 -ൽ കേരള നിയമസഭാ സ്പീക്കർ പദവി അലങ്കരിച്ച ചാക്കീരി അഹമ്മദ് കുട്ടി സാഹിബും 1985 -ൽ ഡെപ്യൂട്ടി സ്പീക്കർ ആയിരുന്ന കൊരമ്പയിൽ അഹമ്മദ് ഹാജി സാഹിബും കുറ്റിപ്പുറം മണ്ഡലത്തിൽ നിന്നാണ് തിരഞ്ഞെടുക്കപ്പെട്ടിരുന്നത്. അന്നത്തെ കുറ്റിപ്പുറം മണ്ഡലത്തിലെ വളവന്നൂർ, കല്പകഞ്ചേരി, ആതവനാട്, തിരുന്നാവായ പഞ്ചായത്തുകൾ കൂട്ടത്തോടെ ഇന്ന് തിരൂർ മണ്ഡലത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു. അങ്ങനെ നാല് നിയമസഭാ അധ്യക്ഷൻമാർക്കും ഒരു ഉപാധ്യക്ഷനും പദവി അലങ്കരിക്കാൻ അവസരം നൽകിയ ഇടങ്ങൾ കൂടിച്ചേർന്ന സ്ഥലമാണ് തിരൂർ മണ്ഡലം.

കേരളത്തിലെ തന്നെ ആദ്യത്തെ പോർട്ട് എന്ന് പറയാവുന്ന ബന്തർ കടവ് നിളാ തീരത്ത് തിരുനാവായയിലാണ്. ആര്യവൈദ്യത്തിന്റെ മാതൃകേന്ദ്രം, അതായത് ആര്യവൈദ്യ ചികിത്സയുടെ തുടക്കം കുറിച്ച മൂസതുമാരുടെ ചികിത്സാ കേന്ദ്രവും തിരുനാവായയിലാണ്.അതിനേക്കാൾ ഏറെ ആഴ്വാഞ്ചേരി തമ്പ്രാക്കളുടെ ആസ്ഥാനമായ ആതവനാടും തിരൂരിലാണ് ചരിത്രം എന്നും തന്റെ മടിത്തട്ടിൽ താലോലിക്കുന്ന ഒരു വലിയ പ്രദേശത്തിന്റെ പേരാണ് തിരൂർ. കേരളീയ സംസ്കാരവും സാഹിത്യവും എക്കാലവും കടപ്പെട്ടിരിക്കുന്ന നാട്. മാമാങ്കവും മലബാർ കലാപവും മാത്രമല്ല, മനുഷ്യസ്നേഹത്തിന്റെയും മതേതരത്വത്തിന്റെയും ആതുര സേവനത്തിന്റെയും പറഞ്ഞാൽ തീരാത്ത അനവധി നിരവധി സംഭവങ്ങൾക്ക് സാക്ഷിയാണ് അതിമനോഹരവും പ്രകൃതിരമണീയവുമായ തിരൂർ എന്ന എന്റെ നാട്.

••••

# മനുഷ്യ കേന്ദ്രീകൃത വികസനത്തിന് പെരിന്തൽമണ്ണ മോഡൽ...



**നജീബ് കാന്തപുരം**
15-ാം കേരള നിയമസഭയിൽ അംഗം



ഒരോ നാടിനും മുന്നോട്ടുപോകാൻ ആവശ്യമായ വികസന മുൻഗണനകൾ വളരെ പ്രധാനമാണ്. കേരളം പോലെയുള്ള ഒരു കൊച്ചു സംസ്ഥാനം അതിന്റെ വികസനയാത്രക്കൊരുങ്ങുമ്പോൾ നമ്മുടെ ശക്തി ദൗർബല്യങ്ങളെ കുറിച്ച് വ്യക്തമായ ധാരണ അനിവാര്യമാണ്. പശ്ചിമഘട്ടത്തിലും അറബിക്കടലിനും ഇടയിൽ മൂന്നിലൊന്നു കൺസർവേറ്റീവ് ഫോറസ്റ്റ് ഉള്ള ഒരു നാട്ടിൽ സ്ഥല ദൗർലഭ്യം എന്ന മഹാപരിമിതിയിൽ നിന്നുകൊണ്ടാണ് നാം നമ്മുടെ വികസന നയം രൂപീകരിക്കേണ്ടത്..

ഒരു സ്ക്വയർ കിലോമീറ്ററിൽ 900 പേർ തിങ്ങി താമസിക്കുന്ന കേരളത്തിൽ അതുകൊണ്ടുതന്നെ വൻ പദ്ധതികൾക്കുള്ള പരിമിതി ഏറെയാണ്. ഇന്ന് കേരളം നേരിടുന്ന മൂന്ന് വലിയ പ്രശ്നങ്ങൾ ഉണ്ട്. ഈ മൂന്ന് പ്രശ്നങ്ങൾക്കും രാഷ്ട്രീയ പരിഹാരമുണ്ടാക്കാൻ നമുക്ക് സാധിക്കണം. ഒന്നാമത്തെ കാര്യം നമ്മുടെ നിലവിലുള്ള അക്കാദമിക നിലവാരമാണ്. നമ്മുടെ കുട്ടികൾ ഉൾപ്പെടെ മനുഷ്യരുടെ കാഴ്ചപ്പാടുകൾ ഒരു ഗ്ലോബൽ സിറ്റിസൺ എന്ന നിലയിലാണ്. അതനുസരിച്ചുള്ള ഗ്രേഡിങ് നമ്മുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഉണ്ടാവുന്നില്ല എന്നു മാത്രമല്ല, അത്തരത്തിൽ ഒരു മികവുറ്റ സിലബസ് പോലും നിർമ്മിക്കാൻ നമ്മുടെ യൂണിവേഴ്സിറ്റികൾക്കാവുന്നില്ല.

രണ്ടാമത്തെ കാര്യം നമ്മുടെ യൂണിവേഴ്സിറ്റികളിൽ നിന്ന് പുറത്തിറങ്ങുന്ന വിദ്യാർത്ഥികൾ ഇൻഡസ്ട്രി ഫ്രണ്ട് ലി  അല്ല. ഉദാഹരണമായി



“നമ്മുടെ ഏറ്റവും വലിയ വിഭവ ശേഷി മനുഷ്യ വിഭവമാണെന്ന് ഇനിയും നമ്മൾ തിരിച്ചറിഞ്ഞിട്ടില്ല. അത് നമ്മുടെ ഏറ്റവും വലിയ വരുമാന മാർഗമായി നമുക്ക് മാറ്റാൻ സാധിക്കണം. ഇന്ന് ലോകമെമ്പാടും ഐടി മേഖലയിലും ആരോഗ്യ മേഖലയിലും ഏറ്റവും ഡിമാൻഡുള്ള തൊഴിലാളികൾ മലയാളികളാണ്. കേരളം എന്തുകൊണ്ട് ലോകത്തിന്റെ ബാക്ക് ഓഫീസ് ആയിക്കൂടാ. ഇതാണ് നാം സീരിയസായി ആലോചിക്കേണ്ടത്.”



കൊമേഴ്സ് ബിരുദമോ ബിരുദാനന്തര ബിരുദമോ നേടിയ ഒരാൾക്ക് ഒരു കമ്പനിയിൽ അക്കൗണ്ടന്റ് ജോലി പോലും ചെയ്യാൻ കഴിയുന്നില്ല. ഇൻഡസ്ട്രി അക്കാദമിക് ബന്ധം തീരെയില്ല.

മൂന്നാമത്തെ പ്രധാന കാര്യം നമ്മുടെ ഏറ്റവും വലിയ വിഭവ ശേഷി മനുഷ്യ വിഭവമാണെന്ന് ഇനിയും നമ്മൾ തിരിച്ചറിഞ്ഞിട്ടില്ല. അത് നമ്മുടെ ഏറ്റവും വലിയ വരുമാന മാർഗമായി നമുക്ക് മാറ്റാൻ സാധിക്കണം. ഇന്ന് ലോകമെമ്പാടും ഐടി മേഖലയിലും ആരോഗ്യ മേഖലയിലും ഏറ്റവും ഡിമാൻഡുള്ള തൊഴിലാളികൾ മലയാളികളാണ്. കേരളം എന്തുകൊണ്ട് ലോകത്തിന്റെ ബാക്ക് ഓഫീസ് ആയിക്കൂടാ. ഇതാണ് നാം സീരിയസായി ആലോചിക്കേണ്ടത്.

ഗൾഫ് നാടുകളിലെ വിഭവം ഭൂമിക്കടിയിലാണ്. പെട്രോളിയം ഉൽപ്പന്നങ്ങളാണ് ഗൾഫ് രാജ്യങ്ങളുടെ പ്രധാനപ്പെട്ട വിഭവം. ആഫ്രിക്കൻ രാജ്യങ്ങളുടെ വിഭവം ഭൂമിക്കടിയിലെ ഖനികളാണ്. എന്നാൽ ഇന്ത്യയുടെ, വിശിഷ്യാ കേരളത്തിന്റെ വിഭവശേഷി നമ്മുടെ യുവാക്കളാണ്. ഇത് കൃത്യമായി തിരിച്ചറിയുന്നതിനും ഉപയോഗപ്പെടുത്തുന്നതിനും നമുക്ക് ഇതുവരെ സാധിച്ചിട്ടില്ല. നമ്മുടെ യുവാക്കൾ യൂറോപ്പിലേക്ക് കുടിയേറുകയാണ്. ഈ കുടിയേറ്റം



തടഞ്ഞില്ലെങ്കിൽ മറ്റു പല വിദേശരാജ്യങ്ങളും അഭിമുഖീകരിക്കുന്ന വിഭവശേഷിയുടെ പ്രശ്നം നമ്മളും അഭിമുഖീകരിക്കേണ്ടി വരും. പുതിയ തലമുറയുടെ അഭിരുചിക്ക് അനുസൃതമായ വ്യവസായ, സംരംഭക, ഐ.ടി സംസ്കാരത്തെ സൃഷ്ടിച്ചെടുക്കാൻ സർക്കാറുകൾ മുൻകൈയെടുക്കണം.

യുവതീ-യുവാക്കളുടെയും വിദ്യാർത്ഥികളുടെയും താൽപര്യങ്ങൾ മുൻ നിർത്തികൊണ്ടുള്ള വികസന സംസ്കാരം ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള നവീന പദ്ധതികൾക്ക് പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ തുടക്കം കുറിച്ചിരിക്കുന്നു. എൽ.എസ്.എസ് മുതൽ സിവിൽ സർവീസ് വരെ നീണ്ടു നിൽക്കുന്ന വിദ്യാഭ്യാസ നെറ്റ്‌വർക്ക്. നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന ക്രിയ (Knowledge Resource Empowerment Activities) എന്ന പദ്ധതിയുടെ കീഴിലാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. ആധുനിക സൗകര്യങ്ങളോടെയുള്ള സൗജന്യ സിവിൽ സർവീസ് അക്കാദമി പെരിന്തൽമണ്ണയിൽ യാഥാർത്ഥ്യമാക്കാൻ സാധിച്ചു. എൽ.എസ്.എസ്, യു.എസ്.എസ്, എൻ.എം.എം.എസ് തുടങ്ങിയ സ്കോളർഷിപ്പ് പരീക്ഷകൾക്ക് വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനുള്ള പ്രത്യേക പരിശീലനം ക്രിയ നൽകി വരുന്നു. ആദ്യ ബാച്ചിലെ ഒരു വിദ്യാർത്ഥിയെ സിവിൽ സർവീസിലെത്തിക്കാൻ പെരിന്തൽമണ്ണ ഹൈദരലി ശിഹാബ് തങ്ങൾ ക്രിയ സിവിൽ സർവീസ് അക്കാദമിക്ക് സാധിച്ചത് അഭിമാന നേട്ടമാണ്.

അക്കാദമിയുടെ പേഴ്സണാലിറ്റി ടെസ്റ്റിലൂടെ കഴിഞ്ഞ മൂന്നു വർഷം കൊണ്ട് ഇരുപത് പേരാണ് സിവിൽ സർവീസ് നേടിയത്. ഈ വർഷത്തെ യു.പി.എസ്.സി പ്രിലിംസ് പരീക്ഷയിൽ 30 വിദ്യാർത്ഥികൾ മെയിൻസ് പരീക്ഷക്ക് യോഗ്യത നേടി. ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ജൂനിയർ ഐ.എ.എസ്, ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കായി ഫൗണ്ടേഷൻ എന്നീ കോഴ്സുകളും അക്കാദമിയിലുണ്ട്.

യുവസംരംഭകർക്ക് വഴിയൊരുക്കുന്നതിന് പെരിന്തൽമണ്ണയിൽ സംഘടിപ്പിച്ചു വരുന്ന സ്കെയിലപ്പ് കോൺക്ലേവ് മറ്റൊരു മാതൃകാപരമായ പദ്ധതിയാണ്. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി നടന്ന കോൺക്ലേവിൽ ഇരുപതിനായിരത്തോളം വരുന്ന സംരംഭകർ പങ്കെടുത്തു. ഇത്തരത്തിലുള്ള മനുഷ്യ കേന്ദ്രീകൃത വികസനത്തിനാണ് പെരിന്തൽമണ്ണ മാതൃകയാവുന്നത്.

••••

# ജയപ്രകാശ് നാരായണൻ:
## രണ്ട് സ്വാതന്ത്ര്യസമരങ്ങൾക്ക് നേതൃത്വം നല്കിയ ജനനായകൻ



**ഡോ. എ. നീലലോഹിതദാസൻ നാടാർ**
5, 8, 10, 11 കേരള നിയമസഭകളിൽ അംഗം
7-ാം ലോക്സഭയിൽ അംഗം
1979 -ൽ തൊഴിലും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി
1987-1991 സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി
1999-2000 വനവും ഗതാഗതവും വകുപ്പ് മന്ത്രി



“ക്വിറ്റിൻഡ്യാ സമരകാലത്തും അടിയന്തിരാവസ്ഥയ്ക്കെതിരെയുള്ള സമരകാലത്തും ഇന്ത്യൻ യുവാക്കളുടെയും വിദ്യാർത്ഥികളുടെയും ആവേശമായിരുന്നു ജയപ്രകാശ് നാരായണൻ.”



ബീഹാറിന്റെയും ഉത്തർപ്രദേശിന്റെയും ഒരതിർത്തി ഗ്രാമമായ സിതാബ്ദിയാരയിലാണ് 1902 ഒക്ടോബർ മാസം 11-ാം തീയതി ലോക് നായക് ജയപ്രകാശ് നാരായണൻ ജനിക്കുന്നത്. 1979 ഒക്ടോബർ മാസം 8-ാം തീയതി അദ്ദേഹം അന്തരിക്കുകയും ചെയ്തു. ഈ 77 വർഷക്കാലത്തെ തന്റെ ജീവിതത്തിനിടയിൽ രണ്ട് സ്വാതന്ത്ര്യസമരങ്ങൾക്ക് നേതൃത്വം നല്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഒന്ന് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ഹരിതാഭ അണിഞ്ഞ് നിൽക്കുന്ന ക്വിറ്റിൻഡ്യാ സമരത്തിന് 1942-ലും രണ്ടാമത് അടിയന്തിരാവസ്ഥയ്ക്കും അമിതാധികാരശക്തികൾക്കുമെതിരെയുള്ള സമരത്തിന് 1970 ലും 1972 ലും തിളക്കമാർന്ന വിജയം കരസ്ഥമാക്കാൻ കഴിഞ്ഞ ജയപ്രകാശ് നാരായണന്റെ 122-ാം ജന്മദിനമായിരുന്നു ഇക്കഴിഞ്ഞ ഒക്ടോബർ 11-ാം തീയതി. എന്നാൽ അനാവശ്യമായ രാഷ്ട്രീയ വിവാദങ്ങളിൽപെട്ട് ഉഴലുന്ന നമ്മുടെ രാഷ്ട്രീയ-ഭരണ നേതൃത്വങ്ങൾക്കും മാദ്ധ്യമങ്ങൾക്കും അർഹിക്കുന്ന ഗൗരവത്തോടും, ജെ.പി.യുടെ ജന്മദിനത്തെ സമീപിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് എനിക്കു തോന്നുന്നു. ക്വിറ്റിൻഡ്യാ സമരകാലത്തും അടിയന്തിരാവസ്ഥയ്ക്കെതിരെയുള്ള സമരകാലത്തും ഇന്ത്യൻ യുവാക്കളുടെയും വിദ്യാർത്ഥികളുടെയും ആവേശമായിരുന്നു ജയപ്രകാശ് നാരായണൻ. എന്നാൽ, പ്രബല വിദ്യാർത്ഥി-യുവജനസംഘടനകൾപോലും അദ്ദേഹത്തിന്റെ ജീവിതവും പോരാട്ടങ്ങളും അവയിലൂടെ അദ്ദേഹം ഉയർത്തിപിടിച്ച സംഘടനാപ്രവർത്തന ശൈലിയും ആശയപരമായ വ്യക്തതയും വേണ്ടത്ര ചർച്ച ചെയ്യാനും വിദ്യാർത്ഥികളിലേക്കും യുവാക്കളി ലേക്കും പകർന്നുകൊടുക്കാനും കാര്യമായി ശ്രമിക്കുന്നില്ല.

ജയപ്രകാശ് നാരായണൻ തന്റെ മാതാപി

"പാറ്റ്നാ കോളേജിയേറ്റ് സ്കൂളിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ജയപ്രകാശ് വിപ്ലവകാരികളായ നേതാക്കന്മാരുമായി സമ്പർക്കത്തിൽ വന്നു."



താക്കളുടെ നാലാമത്തെ സന്താനമായിരുന്നു. മൂത്ത സഹോദരൻ കോളറ ബാധിച്ചും മൂത്ത സഹോദരി പ്ലേഗ് ബാധിച്ചും ബാല്യത്തിൽ തന്നെ മരണപ്പെടുകയുണ്ടായി. അന്ന് ഈ പകർച്ചവ്യാധി കൾക്ക് മെഡിക്കൽ പരിഹാരമി ല്ലായിരുന്നു. പ്ലേഗ് പടർന്നു പിടിച്ചപ്പോൾ ജെ.പി. യുടെ കുടുംബത്തിന് ഉത്തർപ്രദേശിലെ ബലിയിലേക്ക് മാറി താമസിക്കേണ്ടിവന്നു. ഗംഗാ-സരയു നദികളുടെ സംഗമസ്ഥാനത്തായിരുന്നു സിതാബ്ദിയാരാഗ്രാമം, അവിടത്തെ മറ്റു നിവാസികളെപോലെ തന്നെ ജയപ്രകാശിന്റെ കുടുംബവും പാട്ടകൃഷിക്കാരായിരുന്നു. വെള്ളപ്പൊക്കത്തിൽ രണ്ട് തവണ ജെ.പി.യുടെ വീട് തകർന്നുപോയിട്ടുണ്ട്. അദ്ദേഹം അമേരിക്കയിലായിരുന്നപ്പോൾ ആദ്യവും 1937-ൽ തന്റെ പിതാവിന്റെ മരണശേഷം രണ്ടാമതും ഒൻപതാമത്തെ വയസ്സിൽ ജയപ്രകാശ് പാറ്റ്നാ കോളേജിയേറ്റ് സ്കൂളിൽ ഏഴാം ക്ലാസ്സിൽ പ്രവേശിക്കപ്പെടുകയുണ്ടായി. മെട്രിക്കുലേഷൻ പരീക്ഷയ്ക്ക് ഉയർന്ന മാർക്ക് ലഭിച്ചതിനാൽ അദ്ദേഹത്തിന് ഡിവിഷണൽ മെരിറ്റ് സ്കോളർഷിപ്പ് ലഭിക്കുകയുണ്ടായി. പാറ്റ്നാ കോളേജിയേറ്റ് സ്കൂളിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ജയപ്രകാശ് വിപ്ലവകാരികളായ നേതാക്കന്മാരുമായി സമ്പർക്കത്തിൽ വന്നു. രാജ്യം മുഴുവനും ഒരു പൊട്ടിത്തെറിയുടെ വക്കിലെത്തി നിൽക്കുന്ന സന്ദർഭമായിരുന്നു അത്. ബംഗാൾ വിഭജനത്തിനെതിരെ ഒരു ജനകീയ മുന്നേറ്റം ദൃശ്യമായിരുന്നു. സ്വരാജ് തന്റെ ജന്മാവകാശമാണെന്നും താൻ അത് നേടുകതന്നെ ചെയ്യുമെന്നുള്ള ലോകമാന്യ ബാലഗംഗാധരതിലകന്റെ പ്രഖ്യാപനം ഒരു കാട്ടുതീപോലെ രാജ്യത്തെമ്പാടും പടർന്നു പിടിക്കുകയുണ്ടായി. 1917-ലെ റഷ്യൻ വിപ്ലവം ഇന്ത്യയിലെ ദേശസ്നേഹികളായ യുവാക്കളിൽ ആവേശത്തിന്റെ വൈദ്യുതി പ്രവാഹം സൃഷ്ടിച്ചു. ആ സംഭവം ജയപ്രകാശിലും വലിയ സ്വാധീനം ചെലുത്തി. ജയപ്രകാശിൽ ഒരു വിപ്ലവകാരി ജനിക്കുകയായിരുന്നു.

ദക്ഷിണാഫ്രിക്കയിൽ ഇന്ത്യാക്കരുടെ കേസ് നടത്താൻ വക്കീലായിപോയ മോഹൻദാസ് കരംചന്ദ് ഗാന്ധിക്ക് അവിടെ നേരിടേണ്ടിവന്ന വർണ്ണവിവേചനം അതിനെതിരെ പോരാട്ടം സംഘടിപ്പിക്കുന്നതിന് അദ്ദേഹത്തെ നിർബന്ധിതനാക്കി. അന്ന് ഇന്ത്യയിൽ ദേശീയ പ്രസ്ഥാനമായ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലെ തീവ്രവാദികളും മിതവാദികളുമായ നേതാക്കന്മാർ ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ നടത്തിക്കൊണ്ടിരുന്ന പ്രവർത്തനങ്ങളെക്കാളും സ്വാധീനം ഇന്ത്യൻ ജനതയുടെ മനസ്സിൽ സൃഷ്ടിക്കാൻ ദക്ഷിണാഫ്രിക്കയിൽ വർണ്ണവിവേചനത്തിനെതിരെ മോഹൻദാസ് കരംചന്ദ് ഗാന്ധി നടത്തിക്കൊണ്ടിരുന്ന പോരാട്ടങ്ങൾക്ക് കഴിഞ്ഞുവെന്ന് മനസ്സിലാക്കിയ ഗോപാൽകൃഷ്ണ ഗോഖലയെ പോലുള്ള നേതാക്കൾ മോഹൻദാസ് കരംചന്ദ് ഗാന്ധിയോട് ഇന്ത്യയിലേക്കുവരണമെന്നും ദേശീയ പ്രസ്ഥാനത്തിന്റെ നേതൃത്വം ഏറ്റെടുക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി. അങ്ങനെ ഇന്ത്യയിലേക്ക് മടങ്ങിവന്ന മോഹൻദാസ് കരംചന്ദ്ഗാന്ധി തന്റെ ഗുരുവായി അദ്ദേഹം തന്നെ വിശേഷിപ്പിച്ചിട്ടുള്ള ഗോപാലകൃഷ്ണ ഗോഖലയുടെ ഉപദേശം സ്വീകരിച്ചുകൊണ്ട്



ഇന്ത്യയിലാകെ ചുറ്റി സഞ്ചരിക്കുകയുണ്ടായി. അതിനുശേഷം അദ്ദേഹം ആഹ്വാനം ചെയ്ത ആദ്യത്തെ സമരമായിരുന്നു, നിസഹകരണ സമരം. ആ സമരത്തിന്റെ ഭാഗമായി ഇംഗ്ലീഷ് വിദ്യാഭ്യാസം നല്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ബഹിഷ്കരിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. പാറ്റ്നാ കോളേജിൽ അവസാനപരീക്ഷയ്ക്ക് ഏതാനും മാസങ്ങൾമാത്രം അവശേഷിക്കുമ്പോൾ ഗാന്ധിജുയുടെ ആഹ്വാനം സ്വീകരിക്കാൻ ജയപ്രകാശ് തയ്യാറായി.

1920 ഒക്ടോബറിൽ ബീഹാറിലെ അറിയപ്പെടുന്ന കോൺഗ്രസ്സ് നേതാവായിരുന്ന ബ്രജ്കിഷോർ പ്രസാദിന്റെ മകൾ പ്രഭാവതിയുമായി ജയപ്രകാശിന്റെ വിവാഹം നടന്നു. ഇതിനിടയിൽ അമേരിക്കയിൽ കോളേജിൽ പഠിക്കുമ്പോൾ തന്നെ ജോലി തേടുന്നതിനും വിദ്യാഭ്യാസച്ചെലവിന് ആവശ്യമായ വരുമാനം കണ്ടെത്തുന്നതിനുമുള്ള സാധ്യതയുണ്ടെന്ന് മനസ്സിലാക്കിയ ജയപ്രകാശ്, ഉന്നത വിദ്യാഭ്യാസത്തിനായി അമേരിക്കയിലോട്ട് പോകാൻ തീരുമാനിച്ചു. മാതാപിതാക്കളും മറ്റ് ബന്ധുക്കളും ആ തീരുമാനത്തിൽ നിന്നും അദ്ദേഹത്തെ പിന്തിരിപ്പിക്കാൻ നോക്കിയെങ്കിലും ജയപ്രകാശ് തന്റെ തീരുമാനത്തിൽ പാറ പോലെ ഉറച്ചു നിന്നു. എന്നാൽ, അദ്ദേഹം അവിടെ എത്തിയപ്പോഴേക്കും മിക്കവാറും എല്ലാ സർവകലാശാലകളിലും പ്രവേശനത്തിന്റെ സമയം കഴിഞ്ഞിരുന്നു. മുന്തിരി തോട്ടങ്ങളിൽ പഴം ശേഖരിക്കുന്ന ജോലിയിലും ഹോട്ടലുകളിൽ പ്ലേറ്റുകൾ കഴുകുന്ന ജോലിയിലും ഏർപ്പെട്ട് തന്റെ വിദ്യാഭ്യാസ ചെലവിന് പണം സമ്പാദിക്കുന്ന യത്നത്തിൽ അദ്ദേഹം ഏർപ്പെട്ടു. എന്നിട്ട് അമേരിക്കയിലെ വിസ്കോൺസിൻ സർവകലാശാലയിൽ ഉപരിപഠനത്തിനായി ചേർന്നു. അന്ന് അത് ഏറ്റവും പുരോഗമനപരമായ സർവകലാശാലയായിരുന്നു. സർവകലാശാല പഠനത്തോടൊപ്പം, കാറൽമാർക്സിനേയും ഫെഡറിക് എഞ്ചൽസിനെയും വി. കെ. ലെനിനെയും ലിയോൺ ട്രോട്സ്കിക്കിയേയും കുറിച്ച് അദ്ദേഹം പഠിച്ചു. മൂലധനത്തിന്റെ 3 വോളിയങ്ങളും ജയപ്രകാശ് പഠിച്ചു. ഒരു തികഞ്ഞ മാർക്സിസ്റ്റായി അദ്ദേഹം മാറി. അപ്പോൾ അമേരിക്ക തികച്ചും പിന്തിരിപ്പനാണെന്ന് അദ്ദേഹത്തിനു തോന്നി. ഗണിതശാസ്ത്രവും ഭൗതികശാസ്ത്രവും രസതന്ത്രശാസ്ത്രവും പഠിച്ചു തുടങ്ങിയ ജയപ്രകാശ് സാമ്പത്തിക ശാസ്ത്രത്തിലേക്കും സാമൂഹ്യശാസ്ത്രത്തിലേക്കും മാറി. ഇന്ത്യയിൽ ഒരു ദേശീയ വിപ്ലവപ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നതിന് ശാസ്ത്രം മാത്രം പഠിച്ചതുകൊണ്ട് വലിയ പ്രയോജനമില്ലെന്ന് മനസ്സിലാക്കിയ ജയപ്രകാശ് സാമൂഹ്യ ശാസ്ത്രം പഠിക്കുന്നത് അക്കാര്യത്തിൽ പ്രയോജനം ചെയ്യുമെന്ന് അദ്ദേഹം മനസ്സിലാക്കി. മാത്രവുമല്ല, കാറൽമാർക്സ് മാനവരാശി ജന്മം നല്കിയ ഏറ്റവും മഹാനായ ബുദ്ധിജീവിയാണെന്ന് അദ്ദേഹം കരുതി. അങ്ങനെ കരുതുമ്പോഴും കാലം മാറുന്നതനുസരിച്ച് മാർക്സിന്റെ സിദ്ധാന്തങ്ങൾക്ക് മാറ്റങ്ങൾ വേണ്ടിവരുമെന്ന് അഭിപ്രായം അദ്ദേഹത്തിനുണ്ടായിരുന്നു. അമേരിക്കയിലുണ്ടായിരുന്ന അവസാന വർഷങ്ങളിൽ അദ്ദേഹത്തിന് ഒരു സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള ഭാഗ്യമുണ്ടായി. ജയപ്രകാശിന്റെ ബുദ്ധിപരമായ നിലവാരത്തെക്കുറിച്ചും ആശയപരമായ ദാർഢ്യത്തെക്കുറിച്ചും അദ്ദേഹത്തിന്റെ പ്രൊഫസർമാർ ശക്തമായി പ്രതിപാദിച്ചിട്ടുണ്ട്. തന്റെ പഠനം പൂർത്തീകരിച്ചശേഷം സോവിയറ്റ് യൂണിയനിലേക്ക് ഒരു സന്ദർശനം നടത്താൻ അദ്ദേഹം ആലോചിച്ചിരുന്നുവെങ്കിലും പലകാരണങ്ങളാൽ അത് നടക്കാതെ പോയി.

1929 നവംബർ മാസത്തിൽ ജയപ്രകാശ് ഇന്ത്യയിലേക്ക് മടങ്ങിവന്നു. ഇതിനകം അദ്ദേഹത്തിന്റെ പിതാവ് സർവീസിൽ നിന്നും പെൻഷൻപറ്റി കഴിഞ്ഞിരുന്നു. ആകെ 50 രൂപയാണ് പെൻഷനായി ലഭിച്ചിരുന്നത്. അതുകൊണ്ട് തന്റെ വീട്ടു കാര്യങ്ങൾ നോക്കുന്നതിനും ഇളയപുത്രന്റെ വിദ്യാഭ്യാസ ചെലവുകൾക്കും കഴിയാത്ത അവസ്ഥയായിരുന്നു. ജയപ്രകാശിന്റെ മാതാപിതാക്കൾ കുടുംബത്തിന്റെ ബുദ്ധിമുട്ടുകൾപങ്കുവയ്ക്കുന്നതിന് അദ്ദേഹവും കൂടെയുണ്ടാകുമെന്ന് പ്രതീക്ഷിച്ചിരുന്നു. വീട്ടുകാര്യങ്ങൾ നോക്കുന്നതിൽ ശ്രദ്ധിക്കണമോ, അതോ സ്വാതന്ത്ര്യത്തിനുവേണ്ടി സ്വയം സമർപ്പിതമായി പ്രവർത്തിക്കണമോയെന്നുള്ളത് അദ്ദേഹം സ്വയം തീരുമാനിക്കേണ്ടതായിരുന്നു. എന്നാൽ,

രാജ്യസേവനത്തിൽ മുഴുകി ജീവിക്കാനാണ് അദ്ദേഹം തീരുമാനിച്ചത്.

ജയപ്രകാശ് അമേരിക്കയിലേക്ക് പോയശേഷം പ്രഭാവതി സബർമതി ആശ്രമത്തിൽ ഗാന്ധിജിയോടൊപ്പം കഴിയുകയായിരുന്നു. സബർമതി ആശ്രമത്തിലെ അധികം അന്തേവാസികളും ബ്രഹ്മചര്യം അനുഷ്ഠിക്കുന്നവരായിരുന്നു. അത് പ്രഭാവതിയേയും സ്വാധീനിച്ചു. അവർ ഗാന്ധിജിയോട് ഇക്കാര്യം ചർച്ചചെയ്തു. എന്നാൽ, പ്രഭാവതിയുടെ വിവാഹം നടന്നു കഴിഞ്ഞിരുന്നതുകൊണ്ട് അവർ അക്കാര്യത്തിൽ ഒരു തീരുമാനം എടുക്കുന്നതിനു മുൻപ് ഭർത്താവിന്റെ അനുവാദം വാങ്ങിയിരിക്കണമെന്ന് ഗാന്ധിജി ഉപദേശിച്ചു അമേരിക്കയിലായിരുന്ന ജയപ്രകാശിന് ഇതു സംബന്ധിച്ച് അവർ കത്തെഴുതി. താൻ മടങ്ങിവരുന്നതുവരെ ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നത് മാറ്റി വയ്ക്കാൻ ജയപ്രകാശ് അവരോട് നിർദ്ദേശിച്ചു. ഏതായാലും രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടി സ്വയം സമർപ്പിക്കാൻ അവർ തീരുമാനം എടുത്തു കഴിഞ്ഞിരുന്നു. ഇന്ത്യയിൽ മടങ്ങിവന്ന ശേഷം ഗാന്ധിജിയെ കാണാൻ പോയപ്പോൾ താങ്കൾക്ക് ഇഷ്ടമാണെങ്കിൽ വീണ്ടും വിവാഹം കഴിക്കാമെന്ന് ഗാന്ധിജി അദ്ദേഹത്തോട് പറഞ്ഞു. എന്നാൽ, അദ്ദേഹം തന്റെ ഭാര്യയുടെ തീരുമാനത്തെ ആദരിക്കുകയുണ്ടായി.

ജയപ്രകാശ് ഗാന്ധിജിയെ കാണാൻ വാർദ്ധാശ്രമത്തിലെത്തിയപ്പോൾ ലാഹോറിൽ നടക്കാൻ പോകുന്ന കോൺഗ്രസ്സ് സമ്മേളനത്തിന്റെ അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടിരുന്ന ജവഹർലാൽ നെഹ്രുവിനെ കാണുകയുണ്ടായി. 1929 ഡിസം ബർ 31-ാം തീയതി കോൺഗ്രസ്സ് സമ്മേളനം ആരംഭിക്കേണ്ടതായിരുന്നു. ഗാന്ധിജിയും നെഹ്രുവും ജയപ്രകാശും പ്രഭാവതിയും ലാഹോറിലേക്ക് പോയി. ലാഹോറിൽ നെഹ്രുവും ജയപ്രകാശും നിരവധി വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. തങ്ങളുടെ അഭിപ്രായങ്ങൾ അവയിൽ സമാനമാണെന്ന് അവർ കണ്ടെത്തുകയും പരസ്പരം ബഹുമാനിക്കുന്നവരായും മാറി. നെഹ്രു അലഹബാദിലേക്കു വന്ന്, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ തൊഴിലാളി ഗവേഷണ വിഭാഗത്തിന്റെ ചുമതലയേറ്റെടുക്കാൻ ജയപ്രകാശിനോട് ആവശ്യപ്പെട്ടു. ലാഹോറിൽ ജയപ്രകാശ് മദൻമോഹൻ മാളവ്യയേയും കാണുകയുണ്ടായി. മാളവ്യ അദ്ദേഹത്തെ ബനാറസ് സർവകലാശാലയിലേക്ക് ക്ഷണിച്ചു. നേരത്തെ തന്നെ ബനാറസ് സർവകലാശാലയിൽ സാമൂഹ്യശാസ്ത്രവിഭാഗം ആരംഭിക്കണമെന്ന് ജയപ്രകാശ് ആലോചിച്ചിരുന്നു. എന്നാൽ ഇപ്പോൾ ചിന്താകുഴപ്പത്തിലായി. ബനാറസ് സർവകലാശാലയിൽ ഒരു



അക്കാഡമിക് ചുമതല ഏറ്റെടുക്കുന്നതിനെക്കാളും രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും വിമോചനത്തിനും വേണ്ടിയുള്ള സമരത്തിലേക്ക് എടുത്തു ചാടാനാണ് ജയപ്രകാശ് തീരുമാനിച്ചത്. 1930 മാർച്ച് 12 -ാം തീയതി ഗാന്ധിജി ചരിത്രപ്രസിദ്ധമായ ദണ്ഡി മാർച്ച് സംഘടിപ്പിച്ചു. രണ്ടാംവട്ടമേശ സമ്മേളനത്തിന്റെ പരാജയത്തെ തുടർന്ന് ഗാന്ധിജിയേയും നെഹ്രുവിനേയും മറ്റ് നേതാക്കളേയും ബ്രിട്ടിഷ് ഭരണകൂടം അറസ്റ്റ് ചെയ്തു. നെഹ്രു സഞ്ചരിച്ചിരുന്ന അതേ തീവണ്ടിയിലാണ് ജയപ്രകാശും സഞ്ചരിച്ചിരുന്നതെങ്കിലും മറ്റൊരു കമ്പാർട്ടുമെന്റിലായിരുന്നതിനാൽ ജയപ്രകാശ് അപ്പോൾ അറസ്റ്റ് ചെയ്യപ്പെട്ടിരുന്നില്ല. ജയപ്രകാശ് ഒളിവിൽപോയി. എന്നാൽ, ഇന്ത്യയിലെ രാഷ്ട്രീയ അടിച്ചമർത്തലിനെക്കുറിച്ച് അന്വേഷിക്കാൻ വന്ന ഒരു ബ്രിട്ടീഷ് പ്രതിനിധി സംഘത്തോടൊപ്പം സഞ്ചരിക്കവേ ജയപ്രകാശിനെ മദ്രാസിൽ വച്ച് അറസ്റ്റ് ചെയ്യുകയും നാസിക് ജയിലിലേക്ക് കൊണ്ടുപോകുകയും ചെയ്തു. ബോംബയിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന ഫ്രീപ്രസ്സ് ജേർണൽ "കോൺഗ്രസ്സിന്റെ തലച്ചോറ് അറസ്റ്റ് ചെയ്യപ്പെട്ടു" എന്ന തലക്കെട്ടിലാണ് ആ വാർത്ത നല്കിയത്. നാസിക് ജയിലിൽ വച്ച് ഇന്ത്യൻ നാഷണൽ കോൺഗ്രസ് സംഘടനയ്ക്ക് ഒരു ബഹുജനാടിത്തറ നല്കുന്നതിനെക്കുറിച്ചും വിദേശ സർക്കാരിനെതിരെ സാധാരണക്കാർക്കു ഹിതകരമായ സാമ്പത്തിക പരിപാടി നല്കുന്നതിനെക്കുറിച്ചും ജയപ്രകാശ് ഗൗരവമായി ആലോചിച്ചു. അന്ന് നാസിക് ജയിലിലുണ്ടായിരുന്ന എം.ആർ. മസാനി, അച്യുത് പട്വർദ്ധൻ, എൻ. ജി. ഗോറെ, അശോക്മേത്ത തുടങ്ങിയ യുവ കോൺഗ്രസ്സ് നേതാക്കളുമായി ചർച്ച ചെയ്ത് കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടെ പ്രവർത്തനരേഖ



"1939 ഡിസംബർ 31-ന് ലക്നൗവിൽ നിന്നും പുറപ്പെടുവിച്ച സർക്കുലറിൽ സ്വാതന്ത്ര്യത്തിനുവേണ്ടി അടിയന്തിരമായി ഒരു സമരം ആരംഭിക്കണമെന്ന് കോൺഗ്രസ്സ് നേതൃത്വത്തോട് ജയപ്രകാശ് ആഭ്യർത്ഥിച്ചു."

തയ്യാറാക്കി. കോൺഗ്രസ്സിനകത്തും പുറത്തും പ്രവർത്തിക്കാൻ തീരുമാനിച്ചു. മാർക്സിസ്റ്റെന്നുള്ള നിലയിൽ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടെ നയത്തിലും പരിപാടിയിലും ഒരു മാർക്സിസ്റ്റ് ഉള്ളടക്കം നല്കി. 1934-ൽ ആൾ ഇന്ത്യാ കോൺഗ്രസ്സ് കമ്മിറ്റി പാറ്റ്നയിൽ വച്ച് ഒരു പ്രമേയത്തിലൂടെ നിയമസഭാ തെരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ തീരുമാനിച്ചു. എന്നാൽ, അവിടെ തന്നെ യോഗം ചേർന്ന കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്നും വിട്ടു നില്ക്കാൻ അതിന്റെ അംഗങ്ങളോട് അഭ്യർത്ഥിച്ചു. 1936-ൽ നെഹ്റു ജയപ്രകാശിനെ കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റിയിലേക്ക് നോമിനേറ്റ് ചെയ്തു. മാസ് കോൺട്രാക്ട് കമ്മിറ്റിയുടെ അംഗവും കൂടിയായിരുന്ന ജയപ്രകാശ്. പ്രൈമറി യൂണിറ്റ് മുതൽ ദേശീയ ലവൽ വരെ സംഘടന പുനഃസംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേക്കും കൃഷിക്കാർക്കും തൊഴിലാളികൾക്കും അവരുടെ പ്രശ്നങ്ങൾക്കും സംഘടനയുടെ നയരൂപീകരണത്തിൽ നല്കേണ്ട പ്രാധാ ന്യത്തെക്കുറിച്ചും ജയപ്രകാശ് നല്കിയ റിപ്പോർട്ടിൽ ഊന്നി പറഞ്ഞിരുന്നു.


ദേശീയപ്രസ്ഥാനത്തിൽ നിന്നും സ്വാതന്ത്ര്യസമരത്തിൽ നിന്നും വിട്ടുനില്ക്കാനുള്ള ഇന്ത്യൻ കമ്മ്യൂണിസ്റ്റുകളുടെ നിലപാട് ജയപ്രകാശിനെ അത്ഭുതപ്പെടുത്തി, കാരണം അടിമരാജ്യങ്ങളിൽ, കമ്മ്യൂണിസ്റ്റുകാർ ദേശീയ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സമരത്തിൽ സജീവ പങ്ക് വഹിക്കണമെന്നുള്ള ലെനിന്റെ തീസിസിന് എതിരായിരുന്നു അത്. എന്നാൽ, ജർമ്മിനിയിലെ ഹിറ്റ്ലറിന്റെ ഉദയത്തോടുകൂടി സാർവദേശീയ അടിസ്ഥാനത്തിലും ഇന്ത്യയിലും കമ്മ്യൂണിസ്റ്റുകാർക്ക് അവരുടെ നിലപാട് മാറ്റേണ്ടിവന്നു.

ആ മാറ്റത്തിൽ ഏറ്റവും സന്തുഷ്ടനായത് ജയപ്രകാശായിരുന്നു. കമ്മ്യൂണിസ്റ്റുകളുടെയും സോഷ്യലിസ്റ്റുകളുടെയും ഐക്യത്തിനുവേണ്ടി അദ്ദേഹം എക്കാലവും നിലകൊണ്ടു. ആ ഐക്യത്തിലൂടെയുള്ള പ്രവർത്തനങ്ങളിലൂടെ ദേശീയ പ്രസ്ഥാനത്തിന് ദിശാനിർദ്ദേശം നല്കാൻ കഴിയുമെന്ന് ജയപ്രകാശ് പ്രതീക്ഷിച്ചിരുന്നു. കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടെ വിവിധ തലങ്ങളിൽ കമ്മ്യൂണിസ്റ്റുകാർക്ക് നേതൃത്വപങ്കാളിത്വം നല്കാൻ അദ്ദേഹം ശ്രമിച്ചു. അതിന്റെ ഭാഗമായിട്ടാണ് ഇ.എം.എസ്. നമ്പൂതിരിപ്പാടും ദിൻകർ മേത്തയും കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടെ ജോയിന്റ് സെക്രട്ടറിമാരായത്. എന്നാൽ, രണ്ടാം ലോകമഹായുദ്ധത്തിന്റെ തുടക്കത്തിൽ ഫാസിസ്റ്റുകളും ഫാസിസ്റ്റുവിരുദ്ധരും തമ്മിലുള്ള യുദ്ധത്തിൽ, ഫാസിസ്റ്റുവിരുദ്ധചേരിയെ ദുർബലമാക്കാതെ, ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരെയുള്ള സ്വാതന്ത്ര്യസമരം ശക്തിപ്പെടുന്നതിലൂടെ ഇടം നല്കുമെന്ന കമ്മ്യൂണിസ്റ്റുകാരുടെ നിലപാട് ഉൾക്കൊള്ളാൻ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിക്കും ജയപ്രകാശിനും കഴിഞ്ഞിരുന്നില്ല. 1939 ഡിസംബർ 31-ന് ലക്നൗവിൽ നിന്നും പുറപ്പെടുവിച്ച സർക്കുലറിൽ സ്വാതന്ത്ര്യത്തിനുവേണ്ടി അടിയന്തിരമായി ഒരു സമരം ആരംഭിക്കണമെന്ന് കോൺഗ്രസ്സ് നേതൃത്വത്തോട് ജയപ്രകാശ് ആഭ്യർത്ഥിച്ചു. എന്നാൽ, സി. രാജഗോപാലാചാരി, പണ്ഡിറ്റ് ജവഹർലാൽ നെഹ്റു തുടങ്ങിയ നേതാക്കൾ ബ്രിട്ടൻ ഒരു യുദ്ധ ത്തിലേർപ്പെട്ടിരിക്കുമ്പോൾ, ബ്രിട്ടനെതിരെ ഒരു സമരത്തിലേർപ്പെടുന്നത്, യുദ്ധ യത്നങ്ങളെ ബാധിക്കുമെന്ന അഭിപ്രായക്കാരായിരുന്നു, മാത്രവുമല്ല, ലക്നൗ സർവകലാശാലയിൽ ഒരു ബിരുദാനന്തരച്ചടങ്ങിൽ പങ്കെടുത്തുകൊണ്ട് സി. രാജഗോപാലാചാരി നടത്തിയ പ്രസംഗത്തിൽ

“ദേശീയ സ്വാതന്ത്ര്യസമരത്തിൽ ഗാന്ധിജിക്കുള്ള പ്രാധാന്യം മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്താനും എല്ലാവരും ഒറ്റക്കെട്ടായി സമരം മുന്നോട്ട് കൊണ്ടുപോകുന്നതിനും സൈദ്ധാന്തികമായും പ്രായോഗികമായും ജയപ്രകാശ് ശ്രമിക്കുകയുണ്ടായി.”

തനിക്ക് അക്രമരാഹിത്യത്തിൽ വലിയ വിശ്വാസമില്ലെന്നും പട്ടാളക്കാരന്റെ വേഷമണിഞ്ഞ് യുദ്ധരംഗത്തേക്കു പോകാൻവരെ താൻ തയ്യാറാണെന്നും പ്രസ്താവിക്കുകയുണ്ടായി. ബ്രിട്ടീഷ് സാമ്രാജ്യവുമായി ഒത്തു തീർപ്പുണ്ടാക്കി ശക്തമായ പോരാട്ടത്തിൽ നിന്നും മാറാനാണ് ഗാന്ധിജിയുടെ ശ്രമമെന്ന് പലരും ആക്ഷേപം ഉന്നയിച്ചപ്പോൾ ദേശീയ സ്വാതന്ത്ര്യസമരത്തിൽ ഗാന്ധിജിക്കുള്ള പ്രാധാന്യം മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്താനും എല്ലാവരും ഒറ്റക്കെട്ടായി സമരം മുന്നോട്ട് കൊണ്ടുപോകുന്നതിനും സൈദ്ധാന്തികമായും പ്രായോഗികമായും ജയപ്രകാശ് ശ്രമിക്കുകയുണ്ടായി. ഇതിനിടയിൽ സോഷ്യലിസം എന്തിന് (Why Socialism) എന്ന തലക്കെട്ടിൽ ജയപ്രകാശ് എഴുതിയ രചന ആ കാലഘട്ടത്തിലെ ഇന്ത്യൻ യുവാക്കളെ സോഷ്യലിസ്റ്റ് സിദ്ധാന്തത്തിലേയ്ക്ക് ആകർഷിക്കുന്നതിന് പര്യാപ്തമായിരുന്നു. പ്രവിശ്യകളിലേക്കും കേന്ദ്രകൗൺസിലിലേക്കും നടക്കുന്ന തെരഞ്ഞെടുപ്പുകളിൽ കോൺഗ്രസ് മത്സരിക്കുന്നതിനേയും അധികാരത്തിൽ പങ്ക് ചേരുന്നതിനേയും കോൺഗ്രസ്സ് സോഷ്യലിസ്റ്റുകൾ എതിർത്തിരുന്നു. അവരുടെ ആ നിലപാട് തന്നെയായിരുന്നു ഗാന്ധിജിക്കുമുണ്ടായിരുന്നത്. എന്നാൽ, എങ്ങനെയും അധികാരസ്ഥാനങ്ങളിൽ കയറിപ്പറ്റാനുള്ള ചില കോൺഗ്രസ്സ് നേതാക്കളുടെ മോഹം തടയാൻ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല. ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ ഒരന്തിമസമരത്തിലേക്ക് നീങ്ങണമെന്ന ജയപ്രകാശ് നാരായണന്റെയും ഡോ. റാംമനോഹർ ലോഹ്യയുടെയും അഭിപ്രായത്തോട് ഗാന്ധിജിക്ക് യോജിപ്പുണ്ടായിരുന്നുവെങ്കിലും അതിനുവേണ്ടി രാജ്യവും ജനതയും പാകപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കണമെന്ന് അദ്ദേഹം കരുതി. ആ പരിശോധനയ്ക്കുവേണ്ടിയാണ് അദ്ദേഹം വ്യക്തിസത്യാഗ്രഹസമരം ആഹ്വാനം നടത്തിയത്. വ്യക്തിസത്യാഗ്രഹികളാകാൻ ഉദ്ദേശിക്കുന്നവർ, ഗാന്ധിജിക്ക് അപേക്ഷ നല്കണമായിരുന്നു. അവരിൽ നിന്നും വ്യക്തി സത്യാഗ്രഹികളെ ഗാന്ധിജി തെരഞ്ഞെടുക്കും. ആദ്യത്തെ വ്യക്തി സത്യാഗ്രഹിയായി ഗാന്ധിജി തെരഞ്ഞെടുത്തതു വിനോബഭാവെയെയായിരുന്നു, വ്യക്തി സത്യാഗ്രഹി ഒറ്റയ്ക്കു ഖാദി വസ്ത്രവും തൊപ്പിയും ധരിച്ച് മുദ്രാവാക്യം വിളിച്ചു മുന്നോട്ടുപോകണമായിരുന്നു. അറസ്റ്റ് ചെയ്യപ്പെടുന്നതുവരെ വ്യക്തി സത്യാഗ്രഹി അങ്ങനെ പോകണമായിരുന്നു. വ്യക്തി സത്യാഗ്രഹസമരം കോൺഗ്രസ്സിലെ പ്രമാണിമാരായ ചില നേതാക്കൾക്ക് ഇഷ്ടപ്പെട്ടിരുന്നില്ല. ഗാന്ധിജിയുടെ അസാന്നിദ്ധ്യത്തിൽ ചേർന്ന കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റി വ്യക്തിസത്യാഗ്രഹ സമരം പിൻവലിക്കാൻ തീരുമാനിച്ചു. ആ തീരുമാന ത്തോട് ഗാന്ധിജിക്ക് യോജിപ്പില്ലായിരുന്നു.

ഏതായാലും ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരെ സ്വാതന്ത്ര്യസമരവുമായി മുന്നോട്ടുപോകാൻ തന്നെ ഗാന്ധിജി തീരുമാനിച്ചു. രണ്ടാം ലോകമഹായുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ സമരവുമായി മുന്നോട്ടു പോകുന്നത് അരാജകത്വത്തിനുവഴിയൊരുക്കുമെന്ന് വാദിച്ചവരുണ്ട്. കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റി ചേരുമ്പോൾ ആദ്യം ഗാന്ധിജിയുടെ അഭിപ്രായത്തിന് ഭൂരിപക്ഷം ഉണ്ടായിരുന്നില്ല. എന്നാൽ ഗാന്ധിജി തന്റെ തീരുമാനത്തിൽ പാറപോലെ ഉറച്ചുനിന്നു. സമരം അരാജകത്വത്തിന് വഴിയൊരുക്കുമെന്ന് വാദിച്ചവർക്ക് മറുപടിയായി ഗാന്ധിജി പറഞ്ഞു, “Let there be confusion and chaos let there will be fire, from that fire something pure will emerge” (അവ്യക്തതയോ, അരാജകത്വമോ ആയിക്കൊള്ളട്ടെ, അഗ്നി തന്നെ ആളിക്കത്തിക്കൊള്ളട്ടെ, ആ അഗ്നിയിൽ നിന്നും പരിശുദ്ധമായ എന്തെങ്കിലും ഉയർന്നു വരും). ഗാന്ധിജിയുടെ ഈ വാക്കുകൾ കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റിയിലെ നേതാക്കളെയും പുനഃചിന്തനത്തിനു വഴി വിധേയമാക്കി. മാത്രമല്ല, വർക്കിംഗ് കമ്മിറ്റിയോഗം നടന്നുകൊണ്ടിരുന്നപ്പോൾ ഗാന്ധിജി ഒരു കടലാസ്സിൽ കുറിപ്പു തയ്യാറാക്കുകയായിരുന്നു. വർക്കിംഗ് കമ്മിറ്റി അംഗീകരിച്ചാലും ഇല്ലെങ്കിലും താൻ ഇന്ത്യൻ ജനതയ്ക്ക് ജീവിക്കുക അല്ലെങ്കിൽ മരിക്കുക (Do or die) എന്ന മുദ്രാവാക്യവുമായി British Quit India ബ്രിട്ടീഷുകാർ ഇന്ത്യ വിടുകയെന്ന ആവശ്യം ഉന്നയിച്ച് ഒരു സമരാഹ്വാനം നല്കുകയാണെന്നാണ് ആ കുറിപ്പിൽ പറഞ്ഞിരുന്നത്. ഇത് തൊട്ടടുത്തിരുന്ന പണ്ഡിറ്റ് ജവഹർലാൽനെഹ്റു ഒളിക്കണ്ണിലൂടെ മനസ്സിലാക്കി. അദ്ദേഹവും നിലപാട് മാറ്റി. ഒടുവിൽ കോൺഗ്രസ്സിന്റെ സമ്പൂർണ്ണ സമ്മേളനത്തിൽ ക്വിറ്റിൻഡ്യാ പ്രമേയം അവതരിപ്പിച്ചത്



നെഹ്രുവായിരുന്നു. 1942 ആഗസ്റ്റ് 8-ാം തീയതി ക്വിറ്റിൻഡ്യാ പ്രമേയം പാസ്സാക്കി പുറത്തിറങ്ങിയ ദേശീയപ്രസ്ഥാനത്തിന്റെ ഒന്നാംകിട നേതാക്കളെയെല്ലാം അറസ്റ്റ് ചെയ്ത് ബ്രിട്ടീഷ് പോലീസ് കാരാഗ്രഹത്തിലേയ്ക്ക് കൊണ്ടുപോയി. നേതാക്കളെല്ലാം അറസ്റ്റിലായ സാഹചര്യത്തിൽ ഇനി എങ്ങനെ ക്വിറ്റിൻഡ്യാ സമരം നടക്കും, ആര് അതിനു നേതൃത്വം നല്കുമെന്ന സന്ദേഹത്തോട് ലോകമെമ്പാടുമുള്ള രാഷ്ട്രീയ നിരീക്ഷകരും മാദ്ധ്യമ പ്രവർത്തകരും ഇന്ത്യയിലേക്ക് കണ്ണും നട്ടിരുന്നപ്പോൾ ഇന്ത്യയിലാകെ വിദ്യാർത്ഥികളും യുവാക്കളും തങ്ങളുടെ വിദ്യാഭ്യാസസ്ഥാപനങ്ങളും പ്രവൃത്തിമണ്ഡലങ്ങളും വിട്ടിറങ്ങി ഐതിഹാസികമായ ക്വിറ്റിൻഡ്യാസമരത്തിന് നേതൃത്വം നല്കുകയുണ്ടായി. ആ ക്വിറ്റിൻഡ്യാ സമരത്തിന് ഒളിവിലരുന്ന് ജയപ്രകാശ് നാരായണൻ ഡോ. റാംമനോഹർ ലോഹ്യ തുടങ്ങിയ നേതാക്കൾ നേതൃത്വം നല്കുകയുണ്ടായി. പിടികൂടപ്പെട്ട് അവർ പലരും ജയിലിലായി. അങ്ങനെ പിടികൂടപ്പെട്ട് ജയിലിൽ കിടന്ന ജയപ്രകാശ് ഹസാരിബാഗ് ജയിൽ ചാടി പുറത്തുവന്ന് ഒളിവിലിരുന്ന് ക്വിറ്റിൻഡ്യാ സമരത്തിന് നേതൃത്വം നല്കി.

ഇന്ത്യൻ യുവാക്കളുടെ ആവേശമായി ജയപ്രകാശ് മാറുകയുണ്ടായി ഒരിക്കൽ ഗാന്ധിജിയെ കാണാൻ വന്നപ്പോൾ ജയപ്രകാശിനെ അവിടെവച്ചു കണ്ട സർദാർ വല്ലഭായ് പട്ടേൽ ബഹുമാനപുരസ്സരം ജയപ്രകാശിന്റെ തോളിൽ കൈവച്ചു. 1942-ലെ ക്വിറ്റിൻഡ്യാ സമരത്തിൽ താങ്കൾ വഹിച്ച പങ്ക് നമ്മൾ തമ്മിലുള്ള എല്ലാ അഭിപ്രായവ്യത്യാസങ്ങളും മാറ്റിയിരിക്കുന്നുവെന്ന് പറയുകയുണ്ടായി. കോൺഗ്രസ്സ് സോഷ്യലിസ്റ്റുകളായ നിങ്ങൾ എന്താണ് സർക്കാരിൽ നിന്നും ആഗ്രഹിക്കുന്നതെന്ന് ചോദിക്കുകയും സർക്കാർ നടപ്പിലാക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്ന പരിപാടികൾ സമർപ്പിക്കണമെന്നും ആവശ്യപ്പെടുകയുമുണ്ടായി. കോൺഗ്രസ്സ് സോഷ്യലിസ്റ്റുകൾ ഒരു പ്രോഗ്രാം തയ്യാറാക്കി സർദാർ പട്ടേലിന് നല്കുകയും അതിന്റെ കോപ്പികൾ പണ്ഡിറ്റ് നെഹ്രുവിനും കൃപലാനിക്കും നല്കുകയും ചെയ്തു. എന്നാൽ, കോൺഗ്രസ്സിന്റെ പ്രബലരായ നേതാക്കൾ അക്കാര്യത്തിൽ കാര്യമായ താല്പര്യമെടുത്തില്ല. തങ്ങളുടെ അധികാരം ഉറപ്പിക്കുന്നതിൽ മാത്രമാണ് അവർക്ക് താല്പര്യമെന്ന് കോൺഗ്രസ്സ് സോഷ്യലിസ്റ്റുകൾക്ക് ബോദ്ധ്യമായി. സോഷ്യലിസ്റ്റുകൾ കോൺഗ്രസ്സിൽ തുടരുന്നത് തങ്ങളുടെ താല്പര്യമനുസരിച്ച് കോൺഗ്രസ്സിനേയും സർക്കാരിനേയും മുന്നോട്ടുകൊണ്ടുപോകുന്നതിന് തടസ്സം സൃഷ്ടിക്കുമെന്ന് മനസ്സിലാക്കിയ പലരും എങ്ങനെയും, അവരെ പുറത്തു നിർത്തുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്കരിച്ചു. എന്നാൽ, സോഷ്യലിസ്റ്റു നേതാക്കന്മാർ, കോൺഗ്രസ്സിനെ ഒരു ദേശീയ പ്രസ്ഥാനമായി

നിലനിർത്തുന്നതിനും അതിന്റെ വിപ്ലവകരമായ സ്വഭാവം നിലനിർത്തുന്നതിനും പരമാവധി ശ്രമിച്ചു. 1947 ആദ്യം കോൺപൂരിൽ ചേർന്ന സമ്മേളനത്തിൽ വച്ച് കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി അതിന്റെ പാർലമെന്ററിയിതര സ്വഭാവം നിലനിർത്തുന്നതിനും ഗാന്ധിയൻ പാരമ്പര്യമനുസരിച്ച് സോഷ്യലിസ്റ്റ് കർമ്മപരിപാടിയിലേക്ക് പോകുന്നതിനും തീരുമാനിച്ചു. കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിക്ക് കോൺഗ്രസ്സ് പാർട്ടിയിൽ നിന്നും പുറത്തുപോകുന്ന തിനുമുള്ള ഉദ്ദേശമെ ഇല്ലായിരുന്നു. എന്നാൽ, കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയിലെ അംഗങ്ങൾ കോൺഗ്രസ്സിൽ തുടരുന്നത് തങ്ങളുടെ സ്ഥാപിത താല്പര്യങ്ങൾക്ക് ദോഷകരമായി ഭവിക്കുമെന്നു മനസ്സിലാക്കിയ പ്രബലരായ നേതാക്കൾ അവരെ പുകച്ചു പുറത്തു ചാടിക്കാനാണ് ശ്രമിച്ചത്. സോഷ്യലിസ്റ്റുകളും കോൺഗ്രസ്സ് നേതാക്കളും തമ്മിലുള്ള സംഘർഷം മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു. ഓരോ ദിവസം കഴിയുന്തോറും സാഹചര്യം വഷളായിക്കൊണ്ടിരുന്നു. കോൺഗ്രസ്സിൽ തുടരുന്നത് ശരിയായിരിക്കുകയില്ലായെന്ന് സോഷ്യലിസ്റ്റുകൾക്ക് തോന്നി. 1948 ജനുവരി മാസത്തിൽ തന്നെ അവർ ഗാന്ധിജിയെ കണ്ടു. കോൺഗ്രസ്സിൽ തുടരുന്നതിനു താൻ പരമാവധി ശ്രമിച്ചുവെങ്കിലും ഇപ്പോൾ അതിനു കഴിയാതെ വന്നിരിക്കുകയാണെന്ന് ജയപ്രകാശ് ഗാന്ധിജിയോട് പറഞ്ഞു. എവിടെയായിരുന്നാലും ജയപ്രകാശ് രാജ്യത്തെ സേവിക്കുമെന്നു തനിക്കറിയാമെന്ന് ഗാന്ധിജി അദ്ദേഹത്തോട് പറഞ്ഞു. ഗാന്ധിജിയുടെ രക്തസാക്ഷിത്വത്തിന് തൊട്ടു മുൻപാണ് ഈ കൂടിക്കാഴ്ച നടന്നത്.

ഏതായാലും കോൺഗ്രസ്സ് സോഷ്യലിസ്റ്റുകൾ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് വിട്ടുപുറത്തു വന്ന് സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ചു. എന്നാൽ, തുടർന്ന് നടന്ന തെരഞ്ഞെടുപ്പുകളിൽ പ്രതീക്ഷിച്ച വിജയം കരസ്ഥമാക്കാൻ സോഷ്യലിസ്റ്റ് പാർട്ടിക്ക് കഴിഞ്ഞില്ല. അതും സോഷ്യലിസ്റ്റ് പാർട്ടിയിലെ മറ്റ് ആഭ്യന്തര പ്രശ്നങ്ങളും സജീവകക്ഷി രാഷ്ട്രീയത്തിൽ നിന്നും വിട്ടു നില്ക്കാൻ ജയപ്രകാശിനെ നിർബന്ധിതനാക്കി. നേരത്തെതന്നെ മഹാത്മാഗാന്ധിയുടെ സൃഷ്ടിപരമായ പ്രവർത്തനങ്ങളുടെ ഭാഗമായി നടന്നിരുന്ന സർവോദയ പ്രവർത്തനങ്ങൾ ജയപ്രകാശിനെ ആകർഷിച്ചിരുന്നു. വിനോബാവയോടൊപ്പം സർവോദയ പ്രവർത്തനങ്ങളിൽ സജീവമായി ജയപ്രകാശ് മുൻപന്തിയിൽ നിന്നു. ഭൂദാനപ്രവർത്തനങ്ങളിലൂടെയാണ് വിനോബഭാവേ ഇന്ത്യയിലുടനീളം സഞ്ചരിച്ചിരുന്നതെങ്കിൽ ജയപ്രകാശ് അതിനോടൊപ്പം ഗ്രാമദാന പ്രവർത്തനങ്ങളിലും സമ്പത്ത് ദാന പ്രവർത്തനങ്ങളിലും ഏർപ്പെട്ടു. വെള്ളപ്പൊക്കത്തിന്റെയും വരൾച്ചയുടെയും സന്ദർഭങ്ങളിൽ ദുരിതാശ്വാസ

> "കോൺഗ്രസ്സിൽ തുടരുന്നതിനു താൻ പരമാവധി ശ്രമിച്ചുവെങ്കിലും ഇപ്പോൾ അതിനു കഴിയാതെ വന്നിരിക്കുകയാണെന്ന് ജയപ്രകാശ് ഗാന്ധിജിയോട് പറഞ്ഞു. എവിടെയായിരുന്നാലും ജയപ്രകാശ് രാജ്യത്തെ സേവിക്കുമെന്നു തനിക്കറിയാമെന്ന് ഗാന്ധിജി അദ്ദേഹത്തോട് പറഞ്ഞു."

പ്രവർത്തനങ്ങൾക്ക് മുൻപിൽ നിന്ന് നേതൃത്വം നല്കി. കൊള്ളസംഘങ്ങളെ നിയമത്തിന്റെ വരുതിയിൽ കൊണ്ടുവന്ന് അവരുടെ പിന്നീടുള്ള ജീവിതം സുഗമമാക്കുന്നതിന് ജയപ്രകാശ് നടത്തിയിട്ടുള്ള പ്രവർത്തനം ലോകശ്രദ്ധതന്നെ പിടിച്ചുപറ്റിയിട്ടുള്ളതാണ്.

1967-ലെ പൊതുതെരഞ്ഞെടുപ്പിൽ ഇന്ത്യയിലാകെ കോൺഗ്രസ്സ് വിരുദ്ധ മുന്നണികെട്ടിപ്പടുത്ത് കോൺഗ്രസ്സിനെ അധികാരത്തിൽ നിന്നു പുറന്തള്ളാനുള്ള ശ്രമങ്ങളിൽ ഏർപ്പെട്ടിരുന്ന ഡോ. റാം മനോഹർ ലോഹ്യ കോൺഗ്രസ്സ് വിരുദ്ധമുന്നണിയുടെ നേതൃത്വം ഏറ്റെടുക്കാൻ ജയപ്രകാശിനെ ക്ഷണിച്ചുവെങ്കിലും അദ്ദേഹം അതിൽ താല്പര്യം പ്രകടിപ്പിച്ചുകണ്ടില്ല. എന്നാൽ, 1970 -കളുടെ തുടക്കത്തിൽ ഗുജറാത്തിലെ, വിദ്യാർത്ഥികൾ അവിടത്തെ സംസ്ഥാന സർക്കാരിന്റെ അഴിമതിയ്ക്കെതിരെ സമരരംഗത്തു വന്നു. ആ സമരത്തിന്റെ ഫലമായി നിയമസഭയിൽ ഭൂരിപക്ഷമുണ്ടായിരുന്ന അന്നത്തെ ഗുജറാത്ത് സർക്കാരിന് രാജിവയ്ക്കേണ്ടിവന്നു. ഗുജറാത്തിലെ വിദ്യാർത്ഥികളുടെ സമരത്തിൽ നിന്നും ആവേശമുൾക്കൊണ്ടുകൊണ്ട് ബീഹാറിലെ വിദ്യാർത്ഥികളും സമരരംഗത്തേയ്ക്ക് വന്നു. അവർ ക്വിറ്റിൻഡ്യാ സമരനായകനായ ജയപ്രകാശ് നാരായണനെ സമീപിച്ച് തങ്ങളുടെ സമരത്തിന് നേതൃത്വം നല്കുണമെന്ന്

അഭ്യർത്ഥിച്ചു. എന്തു പ്രകോപനമുണ്ടായാലും അക്രമമാർഗം സ്വീകരിക്കുകയില്ലെന്ന് ഉറപ്പു നല്കിയാൽ, താൻ അവരോടൊപ്പം കൂടാമെന്ന് ജയപ്രകാശ് സമ്മതിച്ചു. വിദ്യാർത്ഥികൾ അങ്ങനെ പ്രതിജ്ഞയെടുത്തു. ജയപ്രകാശ് അഴിമതിയ്ക്കെതിരായ സമരത്തിൽ ഒരു കൊടുങ്കാറ്റ് പോലെ ആഞ്ഞടിച്ചു. ഇന്ത്യയിലെ ഏറ്റവും വലിയ സംസ്ഥാനമായ ഉത്തർപ്രദേശിലെ മുഖ്യമന്ത്രി അന്ന് എച്ച്.എൻ. ബഹു ഗുണയായിരുന്നു. അദ്ദേഹം ജയപ്രകാശ് നാരായണനെ സംസ്ഥാന അതിഥിയായി പ്രഖ്യാപിച്ചു. മാത്രവുമല്ല ബഹുഗുണ പറഞ്ഞ, മഹാനായ സ്വാതന്ത്ര്യസമര സേനാനി ജയപ്രകാശ് നാരായണനെ ഉത്തർപ്രദേശിലേക്ക് സ്വാഗതം ചെയ്യുന്നു. അങ്ങേയ്ക്ക് ഇവിടെ വന്ന് പറയാനുള്ള തെല്ലാം പറയാം എന്തെങ്കിലും മറുപടി പറയാനുണ്ടെങ്കിൽ ഞാൻ പറയാം. ഉത്തർപ്രദേശിൽ വന്ന് കാര്യങ്ങളെല്ലാം മനസ്സി ലാക്കിയശേഷം ജയപ്രകാശ് നാരായണൻ, ബഹുഗുണയുടെ സർക്കാരിനെതിരെ ഒരു സമരത്തിനും താനില്ലെന്ന് പ്രഖ്യാപിച്ചു. അതുകാരണവും അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ അതു പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രധാന മന്ത്രി ഇന്ദിരാഗാന്ധിയ്ക്ക് കത്തെഴുതിയതും ഭരണഘടനാതീതമായ ശാന്തികേന്ദ്രമായി കാര്യങ്ങൾ നിയന്ത്രിച്ചിരുന്ന ഇന്ദിരാ ഗാന്ധിയുടെ പുത്രൻ  സഞ്ജയ്ഗാന്ധി വിവിധ സംസ്ഥാനങ്ങൾ സന്ദർശിച്ചപ്പോൾ മറ്റ് കോൺഗ്രസ്സ് മുഖ്യമന്ത്രിമാർ വിമാനത്താവളങ്ങളിൽ മുഖ്യമന്ത്രിയുടെ പദവിക്ക് നിരക്കാത്ത രീതിയിൽ സഞ്ജയ്ഗാന്ധിയെ സ്വീകരിക്കാൻ എത്താത്തതും പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയോട് ആലോചിക്കാതെ ഒരു മുസ്ലീം നാമധാരിയെ ചീഫ്സെക്രട്ടറിയാക്കിയതുമൊക്കെയാണ് മുഖ്യമന്ത്രിസ്ഥാനത്തു നിന്നും ബഹുഗുണയെ പുകച്ചു ചാടിക്കുന്നതിന് പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയെ പ്രേരിപ്പിച്ചത്.

1975 ജൂൺ 25-ാം തീയതി പ്രധാനമന്ത്രി ഇന്ദിരാഗാന്ധി അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചു. ജയപ്രകാശ് നാരായണനെ ആദ്യം അറസ്റ്റു ചെയ്തു. തന്റെ പിതാവായ പണ്ഡിറ്റ് നെഹ്റുവിനോടൊപ്പം സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കുകയും ജയിൽവാസം അനിഷ്ഠിക്കുകയും ചെയ്ത ജയപ്രകാശ് നാരായണനെ അടിയന്തിരാവസ്ഥ കാലത്തുടനീളം ജയിലിലടച്ചുവെന്നുള്ളത് അവരുടെ പൊതുജീവിതത്തിലെ ഒരു കറുത്തപുള്ളിയായി ചരിത്രത്തിൽ നിലനില്ക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ജയപ്രകാശ് നാരായണന്റെ പൊതുജീവിതം ഒരു പരാജയമായിരുന്നുവെന്ന് ആക്ഷേപം ഉന്നയിക്കുന്നവരുണ്ട്. അതിന് അദ്ദേഹം തന്നെ മറുപടി പറഞ്ഞിട്ടുണ്ട്. എന്റെ പൊതുജീവിതം പരാജയമാണെന്ന് വിപക്ഷിക്കുന്നവർ മനസ്സിലാക്കാത്ത ഒരു കാര്യമുണ്ട്. അത് എന്റെ ജീവിതത്തിന്റെ വിവിധഘട്ടങ്ങളായിരുന്നു. അങ്ങനെ, എന്റെ പൊതുജീവിതത്തിൽ വിവിധ ഘട്ടങ്ങളുണ്ടായിരുന്നു. എനിക്ക് ഒരിക്കലും ഇതികർത്തവ്യമൂഢനായി നില്ക്കേണ്ടി വന്നിട്ടില്ല. എന്നും ഞാൻ മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു. ഒരു പ്രകാശധാര എന്നെ മുന്നോട്ട് നയിച്ചുകൊണ്ടിരുന്നു. ബംഗാളിലെ തീവ്രവിപ്ലവകാരികളാൽ ആകർഷി ക്കപ്പെട്ട് ആ ദിശയിൽ പോകേണ്ടിയിരുന്ന ജയപ്രകാശ് മഹാത്മാഗാന്ധിയുടെ നിസഹകരണ സമരത്തിൽ ആകൃഷ്ടനായി ഇംഗ്ലീഷ് വിദ്യാഭ്യാസസ്ഥാപനത്തിൽ അവസാന പരീക്ഷയ്ക്ക് തയ്യാറെടുത്തുകൊണ്ടിരിക്കുമ്പോൾ ബഹിഷ്കരിക്കുകയുണ്ടായി. അമേരിക്കയിൽ ജോലി ചെയ്ത് പഠനത്തിനുള്ള വരുമാനം കണ്ടെത്തി വിദ്യാഭ്യാസത്തിനുപോയ ജയപ്രകാശ് കാറൽമാർക്സിനേയും ഏംഗൽസിനേയും ലെനിനേയുമൊക്കെ കുറിച്ച് പഠനം നടത്തി ഒരു മാർക്സിസ്റ്റായി തിരിച്ചുവന്നു. മാർക്സിസ ത്തിന്റെ സാമ്പത്തിക ഉള്ളടക്കം പൊതുജീവിതത്തിലൂടനീളം അദ്ദേഹത്തിൽ നിഴലിച്ചു നിന്നു. 1936-ൽ സോഷ്യലിസം എന്തിന് എന്ന രചന നടത്തുമ്പോഴും സോഷ്യലിസത്തിൽ നിന്നും സർവോദയത്തിലേക്കു പോകുമ്പോഴും അവസാനം സമ്പൂർണ്ണവിപ്ലവത്തെക്കുറിച്ച് സംസാരിക്കുമ്പോഴുമൊക്കെ തന്നെ മാർക്സിയൻ സാമ്പത്തിക ഉള്ളടക്കം അദ്ദേഹം ഉപേക്ഷിക്കുന്നില്ല. എന്നാൽ, മഹാത്മാഗാന്ധി മുന്നോട്ടു വച്ച ലാളിത്യത്തിന്റേയും സൃഷ്ടിപരമായ പ്രവർത്തനങ്ങളുടെയും സ്വാധീനം പൊതു ജീവിതത്തിലുടനാളം അദ്ദേഹത്തിൽ നിഴലിച്ചു നിന്നു. അവസാനം ബോംബെയിൽ ആശുപത്രിയിൽ അസുഖബാധിതനായി കിടക്കുമ്പോൾ, അദ്ദേഹത്ത സന്ദർശിച്ച ഇ.എം.എസ്-നെക്കുറിച്ച് ജയപ്രകാശ് ചുറ്റും നിന്നവരോട് ഞങ്ങൾ രണ്ടു പേരുമാണ് ഇന്ത്യയിലെ ആദ്യ സോഷ്യലിസ്റ്റുകളെന്ന് പറഞ്ഞകാര്യം അന്നത്തെ വി.ജെ.ടി. ഹാളിൽ നടന്ന ജെ.പി.യുടെ അനുശോചനയോഗത്തിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി. ആ അനുശോചനയോഗത്തിൽ പങ്കെടുത്ത സംസാരിച്ച തികഞ്ഞ ഗാന്ധിയനും സാഹിത്യകാരനുമായ പ്രൊഫസർ ജി.കുമാരപിള്ള, ജെ.പി. ഒരു സാധാരണ ഇന്ത്യക്കാരനായിരുന്നു എന്നു പറയുകയുണ്ടായി. ഒരു സാധാരണ ഇന്ത്യക്കാരന് സംഭവിക്കുന്ന തെറ്റുകുറ്റങ്ങൾ ജെ.പി.യുടെ ജീവിതത്തിലുമുണ്ടായിട്ടുണ്ടെന്ന് സൂചിപ്പിച്ച കാര്യവും ഇത്തരുണത്തിൽ ഓർത്തുപോകുകയാണ്. സംഭവബഹുലമായ ജെ.പി.യുടെ വ്യക്തിജീവിതവും പൊതുജീവിതവും ജീവിത പോരാട്ടങ്ങളും അവയിലൂടെ ഉരുത്തിരിഞ്ഞ ദർശനവും തലമുറകളിലേക്ക് പകർന്നു നല്കാൻ നമുക്ക് കഴിയട്ടെ.

# അന്നം തേടുന്നവർക്ക് വായ്ക്കരി ഇടുന്നവർ



**ജോസഫ് എം. പുതുശ്ശേരി**
9, 11, 12 കേരള നിയമസഭകളിൽ അംഗം

അന്ന സെബാസ്റ്റ്യന്റെ അകാല മരണം വലിയൊരു ചർച്ചയ്ക്ക് വഴിവെച്ചിരിക്കുന്നു.പഠിക്കാൻ മിടുക്കിയായ വിദ്യാർഥിനി. പഠനം കഴിഞ്ഞയുടൻ പ്രമുഖ ബഹുരാഷ്ട്ര കമ്പനിയായ ഏണസ്റ്റ് ആൻഡ് യങ്ങിൽ (EY) ചാർട്ടേഡ് അക്കൗണ്ടന്റായി ജോലി. നല്ല ശമ്പളം. പക്ഷേ മനുഷ്യത്വഹീനമായ ജോലി പരിസരങ്ങൾ തകർത്തു കളഞ്ഞത് ഒരു കുടുംബത്തിന്റെ സ്വപ്നങ്ങളെയാണ്. അമിതമായ ജോലി ഭാരം മൂലം ഇരുപത്തിയാറാം വയസിൽ അന്ന ഈ ലോകത്തോട് വിട പറഞ്ഞു.

അവരുടെ മാതാവ് അനിത അഗസ്റ്റിൻ, ഇ.വൈ ഇന്ത്യാ മേധാവി രാജീവ് മേമാനിക്ക് എഴുതിയ കത്താണ് പുതിയ ചർച്ചയ്ക്ക് വഴി വച്ചത്. കോർപറേറ്റ് ഭീമന്മാർ അടക്കം ലോകം മുഴുവൻ ഇതു ചർച്ച ചെയ്യുകയാണ്. കോർപറേറ്റ് ലോകത്തിന്റെ അത്യാഗ്രഹം കൊന്നുകളഞ്ഞതാണ് അന്നയെ. എട്ടുമണിക്കൂർ ജോലി എന്ന മനുഷ്യത്വപരമായ സമീപനം ലംഘിച്ചുകൊണ്ട് ഇന്ത്യയിൽ ബഹുരാഷ്ട്ര കുത്തകകൾ യുവത്വത്തെ കൊല്ലാതെ കൊല്ലുകയാണ്. അതുകൊണ്ടാണ് ചർച്ചകൾ കൊഴുക്കുന്നത്. ദുരനുഭവങ്ങൾ പങ്കുവെച്ചുകൊണ്ട് ആളുകൾ ഒന്നിന് പുറകെ ഒന്നായി രംഗത്ത് വരുന്നത്. പുകഞ്ഞു നിന്ന അഗ്നിപർവ്വതം പൊട്ടിയൊഴുകുന്നതുപോലെ.

ബാങ്കിൽ രാവിലെ 9 മുതൽ 11 വരെ മീറ്റിങ്ങിൽ പങ്കെടുത്ത ശേഷമാണ് അസോസിയേറ്റ് വൈസ് പ്രസിഡന്റ് ആയ 35 കാരൻ അലക്സ് റെജി പുറത്തിറങ്ങി ആത്മഹത്യ ചെയ്തത്. മുംബൈയിൽ നിന്ന് പുറത്തുവന്ന ഈ വാർത്തയും തൊഴിൽ സമ്മർദ്ദത്തിന് ഇരയാകേണ്ടി വന്ന ഹതഭാഗ്യന്റേതാണ്. ഇതുപോലെ അറിഞ്ഞതും അറിയാത്തതുമായ എത്രയോ പേർ.



മിച്ചമൂല്യത്തിന്റെ നിരക്ക് വർദ്ധിപ്പിക്കാനുള്ള മുതലാളിയുടെ ത്വര തൊഴിൽ സമയം പരമാവധി നീട്ടിയെടുക്കാൻ പ്രേരിപ്പിക്കുന്നു. അങ്ങനെ നീട്ടാൻ പറ്റുന്നത് ഒരു ദിവസത്തേക്ക് പരമാവധി 24 മണിക്കൂറാണ്. പക്ഷേ അത് സാദ്ധ്യമല്ലല്ലോ. കാരണം ഓരോ ദിവസത്തെയും ഒരു ഭാഗം സമയം അടുത്തദിവസം വീണ്ടും അദ്ധ്വാനത്തിൽ ഏർപ്പെടാനായി തൊഴിലാളിയുടെ ആരോഗ്യം വീണ്ടെടുക്കാനും വിശ്രമിക്കാനും ഉറങ്ങാനും ഭക്ഷണം കഴിക്കാനും വേണം. ശരീരത്തിന്റെ ഈ ആവശ്യങ്ങൾ കൂടാതെ മനുഷ്യന് അവന്റെ സാമൂഹികവും സാംസ്കാരികവുമായ ആവശ്യങ്ങളും നിർവഹിക്കാൻ സമയമാവശ്യമുണ്ട്.

എന്നാൽ പുതിയ സാമ്പത്തിക വ്യവസ്ഥിതിയിൽ വൻകിടക്കാരും കോർപ്പറേറ്റുകളും ലക്ഷ്യം വയ്ക്കുന്നത് പരമാവധി ലാഭം എന്നതു മാത്രമാണ്. ലാഭം (മിച്ചമൂല്യം) സൃഷ്ടിക്കാനുള്ള ഒടുങ്ങാത്ത ആർത്തികാരണം തൊഴിൽ സമയം നിശ്ചയിക്കുമ്പോൾ ശാരീരിക ആവശ്യകതകൾ പോലും പരിഗണിക്കാറില്ല; പിന്നല്ലേ, സാമൂഹിക സാംസ്കാരിക ആവശ്യകതകൾ നിർവഹിക്കാനുള്ള സമയത്തിന്റെ കാര്യം. തൊഴിലാളിയുടെ ആരോഗ്യത്തിന്റെയും ആയുസ്സിന്റെയും കാര്യത്തിൽ ദയാരഹിതമായാണ് ഇക്കൂട്ടർ പെരുമാറുന്നത്. അത്യാർത്തി പൂണ്ട് തൊഴിലാളികളുടെ അദ്ധ്വാനശക്തി നിഷ്ഠുരം ചൂഷണം ചെയ്യുന്നതു കാരണം തൊഴിലാളികളുടെ ആയുസ്സ് കുറയുന്നു. മരണനിരക്ക് കൂടുന്നു.

അടിമത്ത വ്യവസ്ഥിതിയിൽ അടിമയുടെ അദ്ധ്വാനത്തിന്റെ മാത്രമല്ല, അടിമയുടെ ആകമാന ഉടമസ്ഥതയും ഉടമയ്ക്കായിരുന്നു. അടിമകൾ ഉടമയുടെ മൂലധനമാണ്. അമിതമായി പണിയെടുപ്പിച്ച് അടിമ മരിച്ചുപോയാൽ ഉടമയ്ക്ക് നഷ്ടമാണ്. അതിനാൽ കുറച്ചൊക്കെ വിശ്രമം അനുവദിക്കുമായിരുന്നു. പക്ഷേ, പിൽക്കാലത്ത് ആഫ്രിക്കയിൽനിന്നും മറ്റും അടിമകളുടെ ലഭ്യത വർദ്ധിച്ചതോടുകൂടി അടിമകളുടെ ആ ആനുകൂല്യം എടുത്തുകളയപ്പെട്ടു. അമേരിക്കയിലെ അടിമപ്പണിക്കാർ പണിയെടുത്ത് അകാലമരണത്തിലൂടെ തോട്ടങ്ങളിലെ വളമായി മാറി. ഒരു അടിമയുടെ തൊഴിൽശേഷിയുടെ പരമാവധി ഊറ്റിയെടുത്തതിനുശേഷം എത്രയും വേഗം മരണത്തിലേക്ക് തള്ളിവിടുന്നതും ലാഭമായി മാറി.സമാനമായ അവസ്ഥയിലേക്കാണ് നാം എത്തപ്പെട്ടിരിക്കുന്നത്.

ചരിത്രം പരിശോധിക്കുമ്പോൾ മാനുഷിക പരിഗണനകൾ വെടിഞ്ഞ്, തൊഴിൽ സമയം കൂട്ടിക്കൊണ്ടേയിരുന്നതിൽ കുറവുവരുത്താൻ തുടങ്ങിയത് തൊഴിലാളികളുടെ പ്രതിഷേധം വർദ്ധിച്ചതോടെയാണ്. അതിനായി ലോകമാകെ

യുള്ള പോരാട്ടവീഥിയിൽ ജീവൻ നൽകിയത് അസംഖ്യം തൊഴിലാളികളാണ്. എട്ടുമണിക്കൂർ തൊഴിൽ എന്ന ന്യായമായ ആവശ്യം ആദ്യമായി മുഴങ്ങിയത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലാണ്. 1866-ൽ അമേരിക്കൻ ലേബർ കോൺഗ്രസും ഒന്നാം ഇന്റർനാഷനലും ആ മുദ്രാവാക്യമുയർത്തി. എട്ടുമണിക്കൂർ തൊഴിൽ സമയത്തിനുവേണ്ടിയുള്ള സമരം ലോകമെങ്ങുമുള്ള തൊഴിലാളികളുടെ സാമ്പത്തിക സമരത്തിന്റെ മാത്രമല്ല, രാഷ്ട്രീയ സമരത്തിന്റെയും അവിഭാജ്യ ഘടകമായി മാറി.

എട്ടു മണിക്കൂർ തൊഴിൽ സമയമെന്നത് ശാസ്ത്രീയമായ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെട്ട മാനദണ്ഡമാണ്. ശാരീരികവും മാനസികവുമായ പ്രവർത്തനത്തിന്റെ ആരോഗ്യകരമായ പരിധിയാണത്. അതിലപ്പുറം പോയാലുള്ള ശാരീരിക അവശതകൾ അസുഖങ്ങൾക്കും അപകടങ്ങൾക്കും കാരണമാകും. ഒരുവന്റെ തൊഴിലും സ്വകാര്യജീവിതവും തമ്മിലുള്ള സന്തുലിതാവസ്ഥ സംരക്ഷിക്കുന്നതിൽ ഇടവേളകൾക്കും വിശ്രമത്തിനും മാനസികമായ ഉല്ലാസത്തിനും വലിയപങ്കുണ്ട്.



1886-ലെ ഐതിഹാസികമായ മെയ്ദിന പോരാട്ടവും തൊഴിലാളികളുടെ രക്തസാക്ഷിത്വവും ലോകമെങ്ങും തൊഴിലാളികളെ തട്ടിയുണർത്തി. 1889ൽ പാരീസിൽ നടന്ന സാർവദേശീയ സോഷ്യലിസ്റ്റ് കോൺഫറൻസ് മെയ് ഒന്ന് സർവ്വദേശീയ തൊഴിലാളി ദിനമായി പ്രഖ്യാപിച്ചു. 1917-ൽ ലോകത്ത് ആദ്യമായി റഷ്യയിലെ തൊഴിലാളികൾ മുതലാളിത്ത ഭരണകൂടത്തെ നിഷ്കാസനം ചെയ്ത് സ്വന്തം ഭരണകൂടം സ്ഥാപിച്ചു. അതോടെ തൊഴിൽ സമയം ദീർഘിപ്പിച്ചുകൊണ്ടു നടത്തുന്ന തൊഴിൽചൂഷണം റഷ്യയിൽ അവസാനിപ്പിച്ചു. സോഷ്യലിസ്റ്റ് പുനർനിർമാണത്തിന്റെ പുരോഗതിയോടെ തൊഴിൽ സമയം വീണ്ടും കുറച്ചു. 1927-ൽ 6 മണിക്കൂറും ആകെ 104 ദിവസത്തെ ശമ്പളത്തോടുകൂടിയ അവധിയും ഏർപ്പെടുത്തി. 1929-ൽ ആഴ്ചയിൽ അഞ്ചു തൊഴിൽ ദിവസങ്ങൾ എന്ന് നിജപ്പെടുത്തി. സോവിയറ്റ് യൂണിയനിൽ തൊഴിലാളികളുടെ ജീവിതത്തിൽ വന്ന ഈ പുരോഗതി ലോകമെങ്ങുമുള്ള തൊഴിലാളി മുന്നേറ്റങ്ങൾക്ക് ആക്കംകൂട്ടി. അതിന്റെ സമ്മർദ്ദം തൊഴിൽ സമയത്തിന്റെ കാര്യത്തിലും പ്രതിഫലനങ്ങളുണ്ടാക്കി. 1919-ൽ ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ (ഐ.എൽ.ഒ) സ്ഥാപിക്കപ്പെട്ടു. അതിന്റെ ആദ്യത്തെ കൺവൻഷൻ 8 മണിക്കൂർ തൊഴിൽ സമയത്തെപ്പറ്റിയായിരുന്നു. 8 മണിക്കൂർ പ്രതിദിനം, 48 മണിക്കൂർ പ്രതിവാരം, ആഴ്ചയിൽ ഒരു ദിവസം വിശ്രമം, ക്രമേണ പ്രതിവാരം 40 മണിക്കൂറിൽ എത്തുക എന്നതായിരുന്നു കൺവൻഷന്റെ പ്രഖ്യാപനം. ഈ കൺവൻഷൻ ഇന്ത്യ അംഗീകരിക്കുകയും 1948 ലെ ഫാക്ടറി ആക്ടിൽ ആ വ്യവസ്ഥ ഉൾപ്പെടുത്തുകയും ചെയ്തു. അധികസമയം തൊഴിലെടുക്കേണ്ടിവന്നാൽ ഇരട്ടി ശമ്പളവും വ്യവസ്ഥ ചെയ്തിരുന്നു. പരിഷ്കൃതമായ തൊഴിൽസമയം നിജപ്പെടുത്താനായതിന്റെ പശ്ചാത്തലമാണിത്.

ആഗോളവൽക്കരണ - ഉദാരവൽക്കരണ - സ്വകാര്യവൽക്കരണ കാലഘട്ടത്തിൽ തൊഴിലാളികൾക്ക് അനുകൂലമായിരുന്ന എല്ലാ പരിഷ്കൃതനിയമങ്ങളും പിൻവലിക്കപ്പെട്ടു. രാജ്യത്ത് നിലനിന്ന തൊഴിൽ നിയമങ്ങൾക്ക് പകരം കൊണ്ടുവന്ന ലേബർ കോഡുകളിലൂടെ നിലവിലുണ്ടായിരുന്ന തൊഴിലാളി അനുകൂല വ്യവസ്ഥകൾ ഇല്ലാതാവുകയോ ദുർബലപ്പെടുകയോ ചെയ്തിരിക്കുകയാണ്. കോവിഡ് മഹാമാരിയുടെ കാലത്ത് പാർലമെന്റ് ചർച്ച പോലും ചെയ്യാതെ പ്രതിപക്ഷ എം.പിമാരുടെ അഭാവത്തിലാണ് ലേബർ കോഡുകൾ പാസാക്കിയെടുത്തത്. ഇത് വൻകിടക്കാർക്ക് ഏതു തൊഴിലാളി ചൂഷണത്തിലും ഉപയോഗപ്പെടുത്താവുന്ന അവസ്ഥ സൃഷ്ടിച്ചിരിക്കുന്നു. ഇനി അത്തരത്തിൽ എന്തെങ്കിലും നിയമങ്ങൾ നിലവിലുണ്ടെങ്കിൽത്തന്നെ അത് നടപ്പിലാക്കപ്പെടില്ല എന്നത് ഭരണകൂടം ഉറപ്പുവരുത്തുന്നു.




എൻഫോഴ്സ്മെന്റ് സംവിധാനങ്ങളെ മരവിപ്പിച്ചു നിർത്തുന്നു. സർക്കാരിന്റെ തൊഴിൽ വകുപ്പുകൾ മൂലധനശക്തികളുടെ കോടാലിക്കൈകളായി പ്രവർത്തിക്കുന്നു. ഈയൊരു സവിശേഷമായ അവസ്ഥയിൽ ഇന്ന് തൊഴിൽ സമയത്തിന്റെ കാര്യത്തിൽ യാതൊരു സംരക്ഷണവും തൊഴിലാളിക്കു ലഭിക്കുന്നില്ല.

ഇന്റർ നാഷണൽ ലേബർ ഓർഗനൈസേഷനിലെ അംഗമെന്ന നിലയിൽ എട്ടു മണിക്കൂർ ജോലി, എട്ടു മണിക്കൂർ വിശ്രമം, എട്ടു മണിക്കൂർ ഉറക്കം എന്ന പൊതു രീതി രാജ്യത്തെ എല്ലാ തൊഴിൽ മേഖലയിലും ബാധകമാണ്. പുതുതലമുറ കമ്പനികളും തൊഴിലിടങ്ങളും ഇത് പാലിക്കാൻ ബാധ്യസ്ഥരുമാണ്. കൂടാതെ ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 21 പ്രകാരം ജീവിക്കാനുള്ള അവകാശത്തിൽ ഉൾപ്പെട്ടതാണ് ആരോഗ്യകരമായ തൊഴിലിടങ്ങളും മിനിമം വേതനവും. തൊഴിലിടങ്ങൾക്കായി രാജ്യത്ത് നിലവിലുള്ള നിയമങ്ങളിൽ എല്ലാ നവ തൊഴിൽ മേഖലകളും ഉൾപ്പെടും.

1946-ലെ ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് സ്റ്റാൻഡിങ് ഓർഡർ ആക്റ്റിൽ നിന്ന് ഇന്ത്യൻ ഐ.ടി ബിസിനസുകളെ ഒഴിവാക്കിയതിനാൽ തൊഴിൽ നിയമങ്ങളുടെ ഈ അടിസ്ഥാന നിയമച്ചട്ടകൂടിൽ ഐ.ടിയും അനുബന്ധ ഉദ്യമങ്ങളും ഉൾപ്പെട്ടിരുന്നില്ല.വ്യവസായിക തർക്ക നിയമം (1947), ഫാക്ടറി നിയമം (1946) എന്നിവയുടെ പരിധിയിൽ ഇവ വരുന്നില്ലെന്ന് പല കേസുകളിലും ഉന്നയിക്കാറുണ്ട്. എന്നാൽ പൊതുവായ തൊഴിൽ നിയമങ്ങളുടെ പരിധിയിൽ ഐ.ടി വ്യവസായം ഉൾപ്പെടുന്നുണ്ടെന്നാണ് നിയമ വിദഗ്ധർ ചൂണ്ടിക്കാട്ടുന്നത്.

ഐ. എൽ. ഒ യുടെ എട്ടു മണിക്കൂർ വ്യവസ്ഥ അംഗീകരിച്ച ഇന്ത്യ ഇന്ന് ആ മാനദണ്ഡം എടുത്തുകളയുകയും സർക്കാർ സംവിധാനങ്ങളിൽ പോലും അധികരിച്ച തൊഴിൽസമയം നടപ്പിലാക്കി സ്വകാര്യ മുതലാളിമാർക്ക് ദിശ കാട്ടുകയും ചെയ്യുന്നുവെന്നതാണ് അത്ഭുതാവഹം. ഇന്ത്യയിൽ ആകെയുള്ള തൊഴിൽ ശക്തിയിൽ 93% ശതമാനവും അസംഘടിത മേഖലയിൽ പണിയെടുക്കുന്നവരാണ്. യാതൊരുവിധ തൊഴിൽ സുരക്ഷിതത്വവുമില്ലാതെ മുതലാളിമാരുടെ ക്രൂരമായ ചൂഷണത്തിന് വിധേയരാക്കപ്പെട്ട വിഭാഗമാണ് ഇവർ. തൊഴിൽ സമയം പ്രാകൃതമായ വിധത്തിൽ നീട്ടിയെടുത്തതുമൂലം പതിനാലും പതിനാറും മണിക്കൂർ പണിയെടുക്കാൻ വിധിക്കപ്പെട്ടവർ. ഇന്ത്യയിലെ 42 കോടിയോളം വരുന്ന കുടിയേറ്റതൊഴിലാളികൾ പരിചിതമായ സാമൂഹ്യജീവിത സാഹചര്യങ്ങളിൽ നിന്ന് പറിച്ചെറിയപ്പെട്ടവരാണ്, അസംഘടിതരാണ്. സാമൂഹ്യ പിൻബലമില്ലാതെ, കുടുംബത്തിന്റെ

പോലും പിൻബലമില്ലാതെ ഒറ്റപ്പെട്ടുപോയ ഇവർ അടിമസമാനമായ ചൂഷണത്തിന് ഗത്യന്തരമില്ലാതെ വഴങ്ങി കൊടുക്കുന്നവരാണ്. സംഘടിത മേഖലയെന്ന് കരുതപ്പെടുന്ന സർക്കാർ സംവിധാനങ്ങൾക്കുള്ളിലെ കരാർ ജീവനക്കാരുടെ അവസ്ഥയും വ്യത്യസ്തമല്ല. സ്ഥിരതസ്തികകളിൽ നിയമനം നടത്താതെ ആ പണികളിൽ കരാർ തൊഴിലാളികളെ നിയോഗിക്കുകയാണ്. പല അടരുകളിലുള്ള ലേബർ കോൺട്രാക്ടർമാരാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നത്. അപമാനകരമാംവിധം തുച്ഛമായ ശമ്പളത്തിൽ എത്രനേരം വേണമെങ്കിലും പണിയെടുപ്പിക്കാം. ഒരു കോടിയോളം വരുന്ന സ്കീം തൊഴിലാളികളുടെ കാര്യവും വ്യത്യസ്തമല്ല. തൊഴിലാളി എന്ന യാതൊരു പരിഗണനയും ലഭിക്കാതെ വിശ്രമമില്ലാതെ പണിയെടുക്കുന്നവരാണിവർ.

അദ്ധ്വാനത്തിന്റെ രംഗത്ത് ഏറ്റവും വൈദഗ്ദ്ധ്യത്തോടെ പ്രവർത്തിക്കേണ്ട രംഗമാണ് ഐ.ടി മേഖല. ലോകമെമ്പാടുമുള്ള വൻകിട മുതലാളിമാർ അതിശയിപ്പിക്കുന്ന രീതിയിൽ ലാഭം കുന്നുകൂട്ടുന്ന മേഖലയാണിത്. കോവിഡ് മഹാമാരിയുടെ കാലത്ത് ലോകമാകെ തകർന്നടിഞ്ഞപ്പോൾ ഇക്കൂട്ടർക്കത് കൊയ്ത്തുകാലമായിരുന്നു. പക്ഷേ ഈ മേഖലയിൽ പണിയെടുക്കുന്നവർ മദ്ധ്യകാലത്തെ ഇരുണ്ടയുഗത്തിൽ പണിയെടുത്ത ഖനിത്തൊഴിലാളികൾ അനുഭവിച്ച തൊഴിൽ ചൂഷണമാണ് നേരിടുന്നത്. സ്പെഷ്യൽ ഇക്കണോമിക് സോൺ ആയി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ഈ മേഖലകളിൽ തൊഴിൽ സമയത്തെപറ്റിയുള്ള യാതൊരു നിയമങ്ങളും മാനദണ്ഡങ്ങളും ബാധകമല്ലെന്ന നിലയിലാണ് അവരുടെ പോക്ക്. യുവത്വവും ഊർജ്ജസ്വലതയും എത്രയും വേഗം ഊറ്റിയെടുത്ത്, ചുരുങ്ങിയ കാലംകൊണ്ട് ചണ്ടിയാക്കി, തൊഴിലിൽ നിന്നും ചവിട്ടി പുറംതള്ളി, പുതുരക്തത്തെ തേടുകയാണ് അവരുടെ രീതി.

കമ്പ്യൂട്ടറിനു മുമ്പിൽ ബുദ്ധിയും ശ്രദ്ധയും കേന്ദ്രീകരിച്ച് ആരോഗ്യകരമായി പണിയെടുക്കാവുന്നത് അഞ്ചു മണിക്കൂർ വരെയാണ്. പക്ഷേ 12 മുതൽ 16 മണിക്കൂർ വരെയാണ് അവരെക്കൊണ്ട് പണിയെടുപ്പിക്കുന്നത്. അതും യാതൊരു തൊഴിൽ നിയമത്തിന്റെയും പിൻബലവുമില്ലാതെ. കാഴ്ചയെ ബാധിക്കുന്നതും അസ്ഥിസംബന്ധവുമായ രോഗങ്ങൾ, കടുത്ത മാനസിക സമ്മർദ്ദം, വിഷാദരോഗം, ഉറക്കപ്രശ്നങ്ങൾ, ദഹനപ്രശ്നം, ഹൃദയസംബന്ധമായ അസുഖങ്ങൾ, പ്രത്യുൽപാദനപരമായ പ്രശ്നങ്ങൾ, ദാമ്പത്യ പ്രശ്നങ്ങൾ, രോഗപ്രതിരോധശേഷി കുറയുന്നത് തുടങ്ങി സമൂഹത്തിലെ ഏറ്റവും ബൗദ്ധിക ശേഷിയുള്ള ഈ വിഭാഗം തൊഴിലാളികളെ ബാധിക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾ

> "അദ്ധ്വാനത്തിന്റെ രംഗത്ത് ഏറ്റവും വൈദഗ്ദ്ധ്യത്തോടെ പ്രവർത്തിക്കേണ്ട രംഗമാണ് ഐ.ടി മേഖല. ലോകമെമ്പാടുമുള്ള വൻകിട മുതലാളിമാർ അതിശയിപ്പിക്കുന്ന രീതിയിൽ ലാഭം കുന്നുകൂട്ടുന്ന മേഖലയാണിത്. കോവിഡ് മഹാമാരിയുടെ കാലത്ത് ലോകമാകെ തകർന്നടിഞ്ഞപ്പോൾ ഇകൂട്ടർക്കത് കൊയ്ത്തുകാലമായിരുന്നു. പക്ഷേ ഈ മേഖലയിൽ പണിയെടുക്കുന്നവർ മദ്ധ്യകാലത്തെ ഇരുണ്ടയുഗത്തിൽ പണിയെടുത്ത ഖനിത്തൊഴിലാളികൾ അനുഭവിച്ച തൊഴിൽ ചൂഷണമാണ് നേരിടുന്നത്."

അനവധിയാണ്. ഇന്ത്യയിലെ 60 ലക്ഷത്തോളം വരുന്ന ഐടി ജീവനക്കാരിൽ 80 ശതമാനവും തൊഴിൽ സമ്മർദ്ദങ്ങൾ കാരണം മാനസിക പ്രശ്നങ്ങൾ നേരിടുന്നവരാണെന്ന് Deloitte എന്ന പ്രമുഖ കൺസൾട്ടൻസി നടത്തിയ പഠനങ്ങൾ വ്യക്തമാക്കുന്നു.

അധിക ജോലിഭാരം സംബന്ധിച്ച കുന്തമുന നീളുന്നതിന്റെ പശ്ചാത്തലത്തിലാവണം പുതിയ നയങ്ങളുമായി പല കമ്പനികളും രംഗത്ത് വന്നിട്ടുണ്ട്. ഡേ ടു കെയർ, വർക്ക് ഔട്ട്സൈഡ്, വെക്കേഷൻ അപ്രൂവൽ, നിർബന്ധിത ഓഫ് ടൈം തുടങ്ങിയവ അതിൽപ്പെടുന്നു. കഴിവതും രാവിലെ എട്ടിനു മുൻപും വൈകിട്ട് ഏഴിന് ശേഷവും മാനേജർമാർ ടീം അംഗങ്ങൾക്ക് ഇ മെയിൽ അയക്കരുത്, എല്ലാ കാര്യങ്ങൾക്കും ഇ മെയിൽ അയക്കുന്നതിനു പകരം നേരിട്ട് സംസാരിക്കുക, ഇ മെയിലുകൾക്ക് പകരം പരമാവധി എസ് എം എസ് ഉപയോഗിക്കുക, വർഷത്തിൽ 90 ദിവസമെങ്കിലും ഓഫീസിനു പുറത്തുനിന്ന് ജോലി ചെയ്യാനുള്ള സൗകര്യം ഒരുക്കുക, നാലാഴ്ച മുൻപേ വെക്കേഷൻ റിക്വസ്റ്റ് നൽകിയാൽ മാനേജരുടെ അപ്രൂവൽ വേണ്ട അനുമതി തനിയെ ലഭിച്ചതായി കണക്കാക്കും, പ്രതിമാസം അല്ലെങ്കിൽ പ്രതിവർഷം നിശ്ചിത ദിവസം നിർബന്ധമായും

ഓഫ് ആയിരിക്കണം തുടങ്ങിയവ അതിന്റെ ഭാഗമാണ്.

2023-ൽ മികച്ച കമ്പനികൾ ആയി ഫോബ്സ് മാസിക തിരഞ്ഞെടുത്ത ചില കമ്പനികളിലെ പ്രതിവാര പ്രവർത്തി സമയം പരിശോധിച്ചാൽ 40-45 മണിക്കൂറെന്ന് കാണാം. പ്രതിദിനം എട്ടു മണിക്കൂർ അധികരിക്കുന്നില്ലെന്ന് ചുരുക്കം. വിജയഗാഥ രചിക്കാൻ അമിതഭാരം അടിച്ചേല്പിക്കേണ്ടതില്ലാ, 8 മണിക്കൂർ പ്രായോഗികമാണന്നല്ലേ ഇതു തെളിയിക്കുന്നത്. ഇത്തരം രീതികൾ അവലംബിക്കേണ്ടതിനു പകരം തൊഴിൽ സമയം 14 മണിക്കൂറായി വർദ്ധിപ്പിക്കാനുള്ള സമ്മർദ്ദമാണ് പല ഐ.ടി കമ്പനികളും നടത്തുന്നത്. അവരുടെ സമ്മർദ്ദത്തിനു വഴങ്ങി ഐ.ടി അനുബന്ധ ബി. പി. ഓ കമ്പനികളുടെ പ്രതിദിന തൊഴിൽ സമയം 14 മണിക്കൂറായി വർദ്ധിപ്പിക്കാനുള്ള നിയമ ഭേദഗതിക്ക് കഴിഞ്ഞ ജൂലൈയിൽ കർണാടക സർക്കാർ ശ്രമിച്ചിരുന്നു. കോവിഡിനു ശേഷമുള്ള വർക്ക് ഫ്രം ഹോം, വീട് മറ്റൊരു ജോലി സ്ഥലമായി മാറുന്നതോടെ വർദ്ധിച്ചുവരുന്ന ജോലിഭാരം കടുത്ത സമ്മർദ്ദത്തിന് ഇടയാക്കുന്നു. സ്വകാര്യ ജീവിതം നഷ്ടമാകുന്നു. ഇത് മറികടക്കാൻ ശ്രമിക്കേണ്ട കമ്പനികൾ അതിന് കാര്യമായി ഒന്നും ചെയ്യുന്നില്ല. ഫലമോ ഹൈബ്രിഡ് രീതികളോട് പൊരുത്തപ്പെട്ടില്ലെങ്കിൽ ജോലി നഷ്ടപ്പെടുന്ന ഭീഷണി ജോലിക്കാരെ സമ്മർദ്ദത്തിലാക്കുന്നു.

50 ലക്ഷം പേർ പണിയെടുക്കുന്ന സ്വകാര്യആശുപത്രി മേഖലയിലെയും നാലു കോടിയാളുകൾ പണിയെടുക്കുന്ന ചെറുകിട വ്യാപാര സ്ഥാപനങ്ങളിലെയും തൊഴിലാളികൾക്ക് 12 മണിക്കൂറും അതിലധികവും പണിയെടുക്കേണ്ടി വരുന്നു. ലോകത്ത് ആകെ 264 മില്യൺ ജനങ്ങൾ ജോലി സ്ഥലത്തെ മോശം അവസ്ഥകൾ കൊണ്ടുള്ള മാനസിക പ്രശ്നങ്ങൾ അനുഭവിക്കുന്നതായും ഇന്ത്യയിൽ 70% ആളുകൾ ജോലിസ്ഥലത്തുനിന്ന് താങ്ങാൻ പറ്റാത്ത മാനസിക സമ്മർദ്ദങ്ങൾ അനുഭവിക്കേണ്ടി വരുന്നതുമായുള്ള പഠന റിപ്പോർട്ടുകൾ പുറത്തുവന്നിട്ടുണ്ട്.

പരമാവധി ചൂഷണം ഉറപ്പാക്കി അവരെ മൂന്നു ഷിഫ്റ്റിൽനിന്ന് രണ്ടു ഷിഫ്റ്റിലേയ്ക്ക് കുറയ്ക്കുക എന്നതാണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന തൊഴിൽ സ്ഥാപനങ്ങളിൽ എട്ടുമണിക്കൂർ എന്നാൽ മൂന്ന് ഷിഫ്റ്റ് പ്രവർത്തിക്കേണ്ടിവരും. 12 മണിക്കൂറാണെങ്കിൽ 2 ഷിഫ്റ്റ് മതിയാകും. മൂന്നിലൊന്ന് തൊഴിൽ സേനയെ കുറയ്ക്കാനാവും. ഇതാണ് അവരുടെ ലക്ഷ്യം. അതായത്, ഇന്ത്യയിലാകമാനം എട്ടുമണിക്കൂർ തൊഴിൽ സമയം എന്ന് നിഷ്കർഷിക്കുകയാണെങ്കിൽ ഇന്ത്യയിലെ 60 കോടി വരുന്ന തൊഴിൽ സേനയിൽ എത്ര അധികം പുതിയ തൊഴിൽ സൃഷ്ടിക്കാമെന്നും തൊഴിലില്ലായ്മ എത്രമാത്രം കുറയ്ക്കാമെന്നും ആലോചിക്കുക. ഇത്തരം രീതികൾക്കെതിരെ സർക്കാർ ശക്തമായ നടപടിയെടുക്കണം. നമ്മുടെ യുവത്വത്തെ സംരക്ഷിക്കേണ്ട ഉത്തരവാദിത്തം രാഷ്ട്രത്തിന്റേതാണ്.

എന്നാൽ അന്നാ സെബാസ്റ്റ്യന്റെ ഈ മരണത്തെ തുടർന്ന് കേന്ദ്രമന്ത്രി നിർമലാ സീതാരാമൻ നടത്തിയ പ്രസ്താവന അങ്ങേയറ്റം നിന്ദ്യവും അപലപനീയവുമാണ്. ദൈവത്തെ ആശ്രയിച്ചാൽ മാത്രമേ സമ്മർദ്ദത്തെ നേരിടാനാവൂ എന്നും അത് എങ്ങനെ എന്ന് വീട്ടിൽ പഠിപ്പിക്കണമെന്നുമാണ് ധനമന്ത്രിയുടെ ഉപദേശം. അന്ന ജോലി ചെയ്ത തൊഴിൽ സാഹചര്യത്തെയോ മാനേജ്മെന്റിന്റെ കുറ്റകരമായ നടപടികളെയോ പരാമർശിക്കുന്നതിനു പകരം മാതാപിതാക്കളെ അപകീർത്തിപ്പെടുത്തുന്ന വാക്കുകളാണ് മുതിർന്ന കേന്ദ്രമന്ത്രിയിൽ നിന്നുണ്ടായത്. ഇത്തരം പ്രശ്നങ്ങൾക്ക് ദൈവത്തെ വിളിക്കലാണ് പരിഹാരമെങ്കിൽ പിന്നെ എന്തിനാണ് സർക്കാരും നിയമങ്ങളും ഒക്കെ എന്നത് മന്ത്രി വ്യക്തമാക്കണം. ഒരു കോർപ്പറേറ്റ് സ്ഥാപനത്തിലുണ്ടായ ദുഃഖകരമായ സംഭവം ഇനി മറ്റൊരിടത്തും ആവർത്തിക്കില്ലെന്ന് ഉറപ്പാക്കാനും നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും ലംഘിച്ച് അമിത ജോലി സമയവും ഭാരവും തൊഴിലാളികളുടെ മേൽ അടിച്ചേൽപ്പിച്ച് അവരെ മാനസിക സമ്മർദ്ദത്തിലും പിരിമുറക്കത്തിലുമാക്കുന്ന അന്ധകാരാവൃതമായ ഉള്ളറകളിലേക്ക് ടോർച്ച് അടിച്ച് പ്രശ്നപരിഹാരത്തിനുള്ള അവസരമായി ഇത് ഉപയോഗപ്പെടുത്തേണ്ടതിന് പകരം ദൈവത്തിൽ സമർപ്പിച്ച് തടി തപ്പുന്നത് മിതമായ ഭാഷയിൽ പറഞ്ഞാൽ ഉത്തരവാദിത്വത്തിൽ നിന്നുള്ള ഒളിച്ചോട്ടവും കോർപ്പറേറ്റുകളുടെ സംരക്ഷക കവചമണിയലുമാണ്.

രാജ്യത്തെ ചെറുപ്പക്കാരോടുള്ള സർക്കാരിന്റെ സമീപനമാണ് കേന്ദ്രമന്ത്രിയുടെ വാക്കുകൾ വ്യക്തമാക്കുന്നത്. തൊഴിൽ നിയമങ്ങൾ ശക്തമാക്കി രാജ്യത്തെ ചെറുപ്പകാരുടെ ജീവിതം കുറച്ചു കൂടി ആരോഗ്യകരവും പ്രത്യാശാഭരിതവുമാക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കണം. അവരുടെ മാനസികാരോഗ്യവും ശാരീരികാരോഗ്യവും രാജ്യപുരോഗതിക്ക് അത്യാവശ്യമാണ്. അന്നാ സെബാസ്റ്റ്യന്റെ അമ്മ അനിത അഗസ്റ്റിൻ എഴുതിയ കത്തിൽ പറയുന്നതുപോലെ ഇനിയും ഇങ്ങനെയൊരു ദുർഗതി ആർക്കും ഉണ്ടാവാതിരിക്കാനുള്ള കരുതലും ജാഗ്രതയുമാണ് ആർജ്ജവമുള്ള ഒരു സർക്കാർ പ്രകടിപ്പിക്കേണ്ടത്.

••••

# ഒന്നാം ഭരണഘടനാ ഭേദഗതി



**അഡ്വ. കെ. പ്രകാശ് ബാബു**
9, 10 കേരള നിയമസഭകളിൽ അംഗം

1950 ജനുവരി 26-ന് ഇന്ത്യൻ ഭരണഘടന നിലവിൽ വന്നതിനുശേഷം ആദ്യമായി ഭരണഘടന ഭേദഗതി ചെയ്യുന്നതിനുള്ള ബില്ല് പാർലമെന്റിൽ അവതരിപ്പിക്കുന്നത് 1951 മെയ് 10-ാം തീയതിയാണ്. 1951 ജൂൺ 18-ന് ഒന്നാം ഭരണഘടനാ ഭേദഗതി നിയമം നിലവിൽ വന്നു. പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവാണ് ഈ ഭേദഗതി നിയമം പാർലമെന്റിൽ അവതരിപ്പിച്ചത്. 1952-ലാണ് ഒന്നാം പാർലമെന്റ് തെരഞ്ഞെടുപ്പ് നടക്കുന്നത് എന്നതുകൊണ്ട് അതിനുമുമ്പുള്ള താൽക്കാലിക പാർലമെന്റിലാണ് ഈ ബില്ല് അവതരിപ്പിച്ചത് എന്നൊരു പ്രത്യേകത കൂടി ഇതിനുണ്ട്.

ബില്ലിനോടനുബന്ധിച്ചുള്ള“ഉദ്ദേശ്യങ്ങളുടെ” വിശദീകരണത്തിൽ പണ്ഡിറ്റ് നെഹ്റു ഭരണഘടനയുടെ ഏതെല്ലാം അനുച്ഛേദങ്ങളാണ് ഭേദഗതി ചെയ്യുന്നത് എന്നും അത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആർട്ടിക്കിൾ 15, 19, 31, 341, 342, 372, 376 എന്നിവയാണ് ഭേദഗതി ചെയ്യുന്നതിന് ബില്ലിൽ നിർദ്ദേശിച്ചിരുന്നത്.

ഒന്നാം ഭേദഗതി നിയമത്തിന്റെ 2-ാം വകുപ്പിലാണ് ആർട്ടിക്കിൾ 15 ഭേദഗതി ചെയ്യുന്നതിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. ആർട്ടിക്കിൾ 15-ന്റെ കൂടെ താഴെ പറഞ്ഞിരിക്കുന്ന വകുപ്പ് കൂട്ടിച്ചേർക്കണമെന്നതാണ് ഭേദഗതി. “(4) സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന പൗരൻമാരുടെയോ പട്ടികജാതി -പട്ടികവർഗ വിഭാഗക്കാരുടെയോ ഉന്നമനത്തിനായി പ്രത്യേക വ്യവസ്ഥകൾ ഉണ്ടാക്കുന്നതിൽ നിന്ന് ഈ ആർട്ടിക്കിളിലോ ആർട്ടിക്കിൾ 29-ലെ സബ്ക്ലാസ് (2) ലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഒന്നും തന്നെ രാഷ്ട്രത്തെ (സ്റ്റേറ്റിനെ) തടയുവാൻ പാടില്ല.”

ഈ ഭേദഗതിയുടെ പശ്ചാത്തലം സ്റ്റേറ്റ് ഓഫ് മദ്രാസും ചെമ്പകം ദൊരൈ രാജനും തമ്മിലുള്ള ഒരു കേസാണ് (1951 സുപ്രീംകോടതി) അന്നത്തെ



മദ്രാസ് ഗവൺമെന്റിന്റെ സാമുദായിക പൊതു ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട് ഒരു ബ്രാഹ്മണ സ്ത്രീ (ചെമ്പകം ദൊരൈ രാജൻ) മദ്രാസ് ഹൈക്കോടതിയെ സമീപിച്ചു. ഗവൺമെന്റ് എയ്ഡഡ് മെഡിക്കൽ, എഞ്ചിനീയറിംഗ് കോളേജുകളിൽ അഡ്മിഷന് സാമുദായിക ക്വാട്ട അനുവദിച്ചതിനെതിരെയാണ് അവർ കോടതിയിൽ പോയത്. 1950 ജനുവരി 26-ന് നിലവിൽ വന്ന ഇന്ത്യൻ ഭരണഘടന പൗരന്മാർ തമ്മിൽ ജാതി-മത-സമുദായ വിവേചനങ്ങൾ അനുവദിക്കുന്നില്ലായെന്നതായിരുന്നു അവരുടെ വാദം. ഭരണഘടനാ വ്യവസ്ഥകൾ പരിശോധിച്ച മദ്രാസ് ഹൈക്കോടതി മദ്രാസ് ഗവൺമെന്റിന്റെ സമുദായ ക്വാട്ട അനുവദിച്ച ഉത്തരവ് റദ്ദു ചെയ്യുകയും പരാതിക്കാരിയുടെ ഹർജി അനുവദിക്കുകയും ചെയ്തു. ഇതിന്മേൽ സംസ്ഥാന ഗവൺമെന്റ് സുപ്രീംകോടതിയിൽ അപ്പീൽ പോയി. ഏഴംഗ ഭരണഘടനാ ബഞ്ച് ഈ കേസ് കേട്ടു. മദ്രാസ് ഗവൺമെന്റിനു വേണ്ടിയുള്ള പ്രധാന വാദം ഭരണഘടനയുടെ ആർട്ടിക്കിൾ 46 അനുസരിച്ച് ജനസംഖ്യയിലെ വിദ്യാഭ്യാസപരമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായി പ്രത്യേക ശ്രദ്ധകൊടുക്കുന്നതിന് സംസ്ഥാനങ്ങൾക്ക് അധികാരമുണ്ട് എന്നായിരുന്നു. പ്രത്യേകിച്ചും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലുള്ളവർക്ക്, അതോടൊപ്പം സാമൂഹ്യ അനീതിയിൽ നിന്നും എല്ലാ വിധത്തിലുള്ള ചൂഷണങ്ങളിൽ നിന്നും അവരെ സംരക്ഷിക്കുകയും ചെയ്യണം. അതുകൊണ്ട് ഗവൺമെന്റിന്റെ സാമുദായിക ക്വാട്ട ഉത്തരവ് ഭരണഘടനാ വിരുദ്ധമല്ല. ആർട്ടിക്കിൾ 46 നിർദ്ദേശകതത്വങ്ങളിൽ വരുന്നതാണ്. എന്നാൽ മൗലികാവകാശങ്ങളെ സംരക്ഷിക്കാൻ ഭരണഘടനാപരമായി കോടതികൾക്ക് ബാധ്യതയുണ്ടെന്ന് കണ്ട് ഏഴംഗ ഭരണഘടനാ ബെഞ്ച് മദ്രാസ് ഗവൺമെന്റിന്റെ സാമുദായിക ക്വാട്ട ഉത്തരവു റദ്ദു ചെയ്തു. സുപ്രീംകോടതിയുടെ ഈ വിധി മറികടക്കുന്നതിനു വേണ്ടിയാണ് ആർട്ടിക്കിൾ 15-ൽ 3-ാം ഉപവകുപ്പിനു ശേഷം പുതിയ 4-ാം ഉപവകുപ്പ് കൂട്ടിച്ചേർത്തത്. ആദ്യ ഭരണഘടനാ ഭേദഗതി



“ഒന്നാം ഭരണഘടനാ ഭേദഗതിയിൽകൂടിയാണ് പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും മറ്റു പിന്നാക്ക വിഭാഗങ്ങൾക്കും വിദ്യാഭ്യാസത്തിനും തൊഴിലിനും ലഭ്യമാക്കിയ സംവരണത്തിന് ഭരണഘടനാപരമായ സംരക്ഷണം കിട്ടിയത്.”

നിയമം സെലക്ട് കമ്മിറ്റിക്ക് വിടുകയായിരുന്നു. പ്രധാന മന്ത്രി ജവഹർലാൽ നെഹ്റുവും നിയമമന്ത്രി ഡോ. ബി. ആർ. അംബേദ്കറും ഉൾപ്പെടെ 17 അംഗങ്ങൾ ഉൾപ്പെട്ടതായിരുന്നു സെലക്ട് കമ്മിറ്റി.


ഈ ഭേദഗതി നിയമത്തിലെ മറ്റൊരു പ്രധാന നിർദ്ദേശം ആർട്ടിക്കിൾ 19 ഭേദഗതി ചെയ്യുന്നതിനുള്ളതായിരുന്നു.

ആർട്ടിക്കിൾ 19 ന്റെ 2-ാം ഉപവകുപ്പായി “ക്ലോസ് (1)ലെ (എ) ഉപവകുപ്പിലെ ഒന്നും നിലവിലുള്ള ഏതെങ്കിലും നിയമത്തിന്റെ പ്രവർത്തനത്തെ ബാധിക്കുകയോ ഏതെങ്കിലും നിയമം നിർമിക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയാൻ പാടില്ലാത്തതും അത്തരം നിയമം പ്രസ്തുത അവകാശം വിനിയോഗിക്കുന്നതിന് ന്യായമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നിടത്തോളം ഇന്ത്യയുടെ താല്പര്യങ്ങൾ, സുരക്ഷ, വിദേശരാജ്യങ്ങളുമായുള്ള സൗഹൃദബന്ധം, പൊതുക്രമം, മര്യാദ അല്ലെങ്കിൽ ധാർമികത, അല്ലെങ്കിൽ കോടതിയലക്ഷ്യം, അപകീർത്തിപ്പെടുത്തൽ അല്ലെങ്കിൽ കുറ്റകൃത്യത്തിന് പ്രേരണ എന്നിവയുമായി ബന്ധപ്പെട്ടതാണെങ്കിൽ ഉപവകുപ്പ് ബാധിക്കുകയില്ല.”

ആർട്ടിക്കിൾ 19 (6) ഏതെങ്കിലും തൊഴിൽ പരിശീലിക്കുന്നതിനോ ഏതെങ്കിലും തൊഴിൽ, വ്യാപാരം അല്ലെങ്കിൽ ബിസിനസ്സ് നടത്തുന്നതിന് ആവശ്യമായ പ്രൊഫഷണൽ അല്ലെങ്കിൽ സാങ്കേതിക യോഗ്യതകൾ, അല്ലെങ്കിൽ സ്റ്റേറ്റ് അല്ലെങ്കിൽ സ്റ്റേറ്റിന്റെ ഉടമസ്ഥതയിലുള്ളതോ നിയന്ത്രിക്കുന്നതോ ആയ ഒരു കോർപ്പറേഷൻ, ഏതെങ്കിലും വ്യാപാരം, ബിസിനസ്സ്, വ്യവസായം അല്ലെങ്കിൽ സേവനങ്ങൾ, പൗരന്മാരെ ഒഴിവാക്കുകയോ, പൂർണമോ ഭാഗികമോ ആയാലും അല്ലെങ്കിൽ മറ്റെന്തെങ്കിലുനുമോ വേണ്ടി നിയമം







നിർമിക്കുന്നതിനോ, അല്ലെങ്കിൽ നിലവിലുള്ള നിയമം പ്രാവർത്തികമാക്കുന്നതിലോ സ്റ്റേറ്റിനെ തടയുകയില്ല. 1968-ൽ മറ്റൊരു ഭേദഗതിയിൽകൂടി കൂട്ടിച്ചേർക്കപ്പെട്ടതാണ് 19 (1)ലെയും (6) ലെയും "ഇന്ത്യയുടെ പരമാധികാരത്തിന്റെയും അഖണ്ഡതയുടെയും" എന്നീ വാക്കുകൾ ആർട്ടിക്കിൾ 19(1)ൽ പറഞ്ഞിട്ടുള്ള സംസാര സ്വാതന്ത്ര്യം, പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യം എന്നിവ ഉറപ്പു നൽകുന്നു. ഇത് ദുരുപയോഗം ചെയ്യപ്പെടുന്നു എന്ന വിമർശനം വ്യാപകമായി ഉണ്ടായി കൂടാതെ ബോംബെ പബ്ലിക് സേഫ്റ്റി മെഷേഴ്സ് ആക്ട് പ്രകാരം അറസ്റ്റ് ചെയ്യപ്പെട്ട് തടവിൽ കഴിഞ്ഞിരുന്ന കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകരെ ബോംബെ കോടതി 1950 ഫെബ്രുവരിയിൽ കുറ്റവിമുക്തരാക്കി മോചിപ്പിച്ചു. ബീഹാർ മെയിന്റനൻസ് ഓഫ് പബ്ലിക് ഓർഡർ ആക്ട് 1950-ൽ പാറ്റ്ന ഹൈക്കോടതി ഭരണഘടനാ വിരുദ്ധമായി പ്രഖ്യാപിച്ചു. 1950-ലെ സേലം ജയിലിലെ കിരാതമായ വെടിവെയ്പ്പും തുടർന്നുള്ള 22 സഖാക്കളുടെ രക്തസാക്ഷിത്വവും ചൂണ്ടിക്കാണിച്ചുകൊണ്ട് ക്രോസ് റോഡ് മാഗസിൻ മദ്രാസ് ഗവൺമെന്റിനെതിരെ അതിനിശിതമായ വിമർശനം തൊടുത്തുവിട്ടു. ഗവൺമെന്റ് ക്രോസ് റോഡ്സ് മാസിക നിരോധിച്ചു. ക്രോസ് റോഡ്സിന്റെ എഡിറ്റർ റൊമേഷ് ഥാപ്പർ ഇതിനെതിരെ സുപ്രീം കോടതിയിൽ ഹർജി ഫയൽ ചെയ്തു. സുപ്രീംകോടതി റൊമേഷ് ഥാപ്പറിന്റെ പെറ്റീഷൻ അനുവദിച്ച് ഉത്തരവായി. സർക്കാരിന് വലിയ തിരിച്ചടി കിട്ടി. ഈ സാഹചര്യം മറികടക്കാനാണ് ആർട്ടിക്കിൾ 19 (1) ലും (6) ലും "ന്യായമായ നിയന്ത്രണങ്ങൾ" എന്ന ഭേദഗതി 1951-ൽ ഒന്നാം ഭരണഘടനാ ഭേദഗതിയായി കൊണ്ടുവന്നത്.

മറ്റൊരു പ്രധാന ഭേദഗതി 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ ഭൂപരിഷ്കാര നിയമങ്ങൾ ഉൾപ്പെടെയുള്ള ചില നിയമങ്ങൾക്ക് സംരക്ഷണം കൊടുക്കുന്നതിനുള്ളതുമായിരുന്നു. മറ്റുള്ളവ സാങ്കേതികമായ ചില ഭേദഗതികൾ മാത്രമായിരുന്നതു കൊണ്ട് വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ഈ ഒന്നാം ഭരണഘടനാ ഭേദഗതിയിൽകൂടിയാണ് പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും മറ്റു പിന്നാക്ക വിഭാഗങ്ങൾക്കും വിദ്യാഭ്യാസത്തിനും തൊഴിലിനും ലഭ്യമാക്കിയ സംവരണത്തിന് ഭരണഘടനാപരമായ സംരക്ഷണം കിട്ടിയത്. കലോചിതമായ നിരവധി ഭേദഗതികൾക്ക് ഇന്ത്യൻ ഭരണഘടന സാക്ഷ്യം വഹിച്ചിട്ടുണ്ട്. അവയെല്ലാം തന്നെചർച്ച ചെയ്യപ്പെടുന്നത് നല്ലതാണ്.

# വക്കം പുരുഷോത്തമന് സ്മരണാഞ്ജലി



**ഡോ. കെ. മോഹൻ കുമാർ**
11-ാം കേരള നിയമസഭയിൽ അംഗം

1970-ന് മുമ്പ് തന്നെ പത്രവാർത്തകളിലൂടെ പരിചിതനായിരുന്നു വക്കം ബി. പുരുഷോത്തോമൻ. 1971 – 77 കാലയളവിൽ കൃഷി, തൊഴിൽ മന്ത്രി എന്ന നിലയിൽ കാണാനും സംസാരിക്കാനും സന്ദർഭങ്ങളൊത്തു. 1978 ജനുവരിയിൽ കോൺഗ്രസിലുണ്ടായ പിളർപ്പോടെ വക്കംജി കോൺഗ്രസ് ഇന്ദിരാ വിഭാഗത്തിന്റെ സംസ്ഥാന നേതാവായി, അക്കാലത്ത് ജില്ലാ കെ.എസ്.യു. പ്രസിഡന്റ് എന്ന നിലയിൽ അദ്ദേഹവുമായി മികച്ച പാരസ്പര്യം ഉണ്ടായി. പൊതുയോഗങ്ങളിലും പാർട്ടികമ്മിറ്റികളിലും അക്കാലത്ത് നടന്ന പാറശ്ശാല അസംബ്ലി ഉപതെരഞ്ഞെടുപ്പിലും ഒന്നിച്ച് സഞ്ചരിക്കാനും പ്രവർത്തിക്കാനും കഴിഞ്ഞിരുന്നു. മൊറാർജി ദേശായിയുടെ നേതൃത്വത്തിൽ ഉണ്ടായിരുന്ന അന്നത്തെ സർക്കാർ ശ്രീമതി ഇന്ദിരാഗാന്ധിയുടെ ലോക് സഭാ അംഗത്വം റദ്ദ് ചെയ്തു. തിരുവനന്തപുരം നഗരത്തിൽ നടന്ന പ്രതിഷേധ പിക്കറ്റിംഗുകൾക്ക് വക്കംജിയും നേതൃത്വം നൽകി. ഞാനുൾപ്പെടെ എഴുപതോളം പേർക്കൊപ്പം 1978 ഡിസംബറിൽ, ഒരാഴ്ചയോളം പൂജപ്പുര സെൻട്രൽ ജയിലിൽ അദ്ദേഹം തടവു ശിക്ഷ അനുഭവിച്ചു. വ്യക്തിപരമായിത്തന്നെ കൂടുതൽ മനസ്സിലാക്കാൻ ഇക്കാലയളവ് പ്രയോജനപ്പെട്ടു.

ഇതിനിടെ അദ്ദേഹം ദേവരാജ് അരശ് വിഭാഗത്തിലും പിന്നീട് കോൺഗ്രസിൽ അക്കാലത്ത് സജീവമായിരുന്ന 'എ' വിഭാഗത്തിലും തുടർന്ന് ഇടത് പക്ഷത്തും എത്തിച്ചേർന്നു. 1980ലും 1982ലും വിരുദ്ധമുന്നണികളുടെ സാരഥിയായി ആറ്റിങ്ങൽ നിന്നു തന്നെ വിജയിച്ചു. 1980ലെ ഇ. കെ. നായനാർ മന്ത്രിസഭയിൽ ആരോഗ്യ, ടൂറിസം വകുപ്പ് മന്ത്രിയായിരുന്നവക്കത്തിന്റെ നാമാങ്കിതമായ ഫലകങ്ങൾ സംസ്ഥാനത്തെ മിക്കവാറുമെല്ലാം

“1982 ആരംഭത്തോടെ കേരളത്തിലെ കോൺഗ്രസ് കക്ഷികൾ അനുരഞ്ജനത്തിലായി. കെ. കരുണാകരൻ മുഖ്യമന്ത്രിയും വയലാർ രവി ആഭ്യന്തര മന്ത്രിയുമായപ്പോൾ വക്കം പുരുഷോത്തമൻ സ്പീക്കർ പദവിയിൽ തിളങ്ങി. 1984-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ അദ്ദേഹം കോൺഗ്രസ് സ്ഥാനാർത്ഥി ആയി.”



ഗസ്റ്റ്ഹൗസ് മന്ദിരങ്ങളിലും പുഞ്ചിരിക്കുന്നുണ്ട്. ന്യൂഡൽഹി ഉൾപ്പെടെ ഇതര സംസ്ഥാന കേരള ഹൗസുകളിലും, ടൂറിസം മന്ത്രി ആയിരുന്ന വക്കത്തിന്റെ ദൂരക്കാഴ്ചയുടെ തെളിവുകളുണ്ട്. മെഡിക്കൽ കോളേജുകളെ റഫറൽ ആശുപത്രികൾ ആക്കുന്നതിലും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലും ആരോഗ്യമന്ത്രി എന്ന നിലയിൽ ജാഗ്രത കാട്ടി.

എന്നാൽ ഓണാഘോഷവും ടൂറിസംവാരവുമായി ബന്ധിപ്പിച്ച്, സർക്കാർ ഇടപെടലുകളിലൂടെ, സാംസ്കാരിക ഉത്സവമാക്കി മാറ്റാൻ സാധിച്ചതാണ് അക്കാലത്തെ ചിരസ്മരണീയമായ നേട്ടം.

1982 ആരംഭത്തോടെ കേരളത്തിലെ കോൺഗ്രസ് കക്ഷികൾ അനുരഞ്ജനത്തിലായി. കെ. കരുണാകരൻ മുഖ്യമന്ത്രിയും വയലാർ രവി ആഭ്യന്തര മന്ത്രിയുമായപ്പോൾ വക്കം പുരുഷോത്തമൻ സ്പീക്കർ പദവിയിൽ തിളങ്ങി. 1984-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ അദ്ദേഹം കോൺഗ്രസ് സ്ഥാനാർത്ഥി ആയി. ആലപ്പുഴ ലോക്സഭാമണ്ഡലത്തിൽ നിന്ന് വിജയിച്ചതിനെ തുടർന്ന് വക്കംജി ആറ്റിങ്ങൽ മണ്ഡലത്തിൽ നിന്നുള്ള നിയമസഭാഗത്വം രാജി വച്ചു. 1989-ലും പാർലമെന്റിലേക്ക് അദ്ദേഹം വിജയിച്ചു. പ്രവർത്തന കേന്ദ്രം ആലപ്പുഴയും ഡൽഹിയുമായിരുന്ന കാലയളവിൽ ഇടപെടലുകൾ കുറഞ്ഞു വന്നു.

1991-ലെ ലോക്സഭാ പരാജയത്തിന് ശേഷം പ്രവർത്തന കേന്ദ്രം വീണ്ടും തിരുവനന്തപുരമായി. അപ്പോഴേയ്ക്കും, കോൺഗ്രസിൽ സംഘടനാ തെരഞ്ഞെടുപ്പിന്റെ ഓളങ്ങൾ ഉയർന്നിരുന്നു. പ്രധാന ശാക്തികച്ചേരികളുടെ

നായകത്വത്തിൽ നിന്ന് അദ്ദേഹം ഒഴിഞ്ഞുനിന്നു. 1992-ലെ തെരഞ്ഞെടുപ്പിൽ കെ. കരുണാകരൻ നേതൃത്വം നൽകിയ വിഭാഗമാണ് ആറ്റിങ്ങൽ ഉൾപ്പെടെ വിജയിച്ചത്. സ്ഥിരോത്സാഹിയായ വക്കം പുരുഷോത്തമൻ കേന്ദ്ര കോൺഗ്രസ് നേതാക്കളുടെ സഹായത്തോടെ ആൻഡമാൻ നിക്കോബർ ദ്വീപസമൂഹങ്ങളുടെ ലഫ്. ഗവർണറായി, 1993 മുതൽ 1996 വരെ ഭരണം നടത്തി. നിയമസഭയുടെയും ക്യാബിനറ്റിന്റെയും അധികാരങ്ങൾ ലഫ്. ഗവർണ്ണർക്ക് അക്കാലത്തുണ്ടായിരുന്നു. ഏറ്റവും മികച്ച ഭരണാധികാരി എന്ന നിലയിൽ ശക്തമായ സാന്നിധ്യം അറിയിച്ച ശേഷമാണ് അദ്ദേഹം മടങ്ങിയത്.

1996-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ അദ്ദേഹത്തിന് വിജയിക്കാൻ ആയില്ല. നിർണ്ണായകമായ ഒരു കാലയളവ് മുഴുവൻ നിയോജക മണ്ഡല രാഷ്ട്രീയത്തിൽ നിന്നുള്ള വിട്ടുനില്ക്കൽ എതിരാളികൾ പ്രയോജനപ്പെടുത്തി. എന്നാൽ ആറ്റിങ്ങൽ മണ്ഡലം കേന്ദ്രീകരിച്ചുള്ള പൊതുജന പ്രവർത്തനം 2001-ലെ അസംബ്ലി തെരഞ്ഞെടുപ്പിലെ വൻ വിജയത്തിന് അടിത്തറയായി.

ചിലരെങ്കിലും വിശ്വസിക്കുകയും പലരും പ്രചരിപ്പിക്കുകയും ചെയ്യുന്നതുപോലെ പൂമാലകൾ മാത്രമേറ്റുവാങ്ങിയ സുഖശീതളമായ പൊതുജീവിതമായിരുന്നില്ല വക്കം ജിയുടേത്. 1991ലെ ലോക് സഭാ പരാജയവും സംഘടന തെരഞ്ഞെടുപ്പിലെ തിരിച്ചടിയും അദ്ദേഹത്തെ ഭഗ്നാശനാക്കിയില്ല. വാടാത്ത പുഞ്ചിരിയും തളരാത്ത ആത്മവിശ്വാസവുമായി അദ്ദേഹം ജനങ്ങൾക്കൊപ്പം നിന്നു. കെ..പി.സി.സിയുടെ നിരവധി ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്തു. 1996-ൽ ആറ്റിങ്ങൽ കൈവിട്ടുവെങ്കിലും 2001ൽ ഫീനിക്സ് പക്ഷിയായി വിജയത്തിലേക്കു ചിറകടിച്ചുയർന്നു. വക്കം പുരുഷോത്തമന്റെ അഭാവം ആറ്റിങ്ങലിലെയും തിരുവനന്തപുരത്തെയും ജനങ്ങൾ തിരിച്ചറിഞ്ഞ കാലയളവായിരുന്നു, 84-91-ഉം 91–96-ഉം.

എ.കെ. ആന്റണി മന്ത്രിസഭാ കാലത്ത് സ്പീക്കറായും ഉമ്മൻ ചാണ്ടി മന്ത്രിസഭയിൽ 2004-ൽ മുതൽ ധനകാര്യ എക്സൈസ് മന്ത്രിയായും അദ്ദേഹം നിറഞ്ഞുനിന്നു. മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ലിഫ്ഹൗസിലായിരുന്നു ധനമന്ത്രി അക്കാലത്ത് താമസിച്ചിരുന്നത്. വർഷങ്ങളായി അറ്റകുറ്റപ്പണികൾ നടത്താതിരുന്ന ക്ലിഫ് ഹൗസ് നവീകരണം, മന്ത്രിസഭയുടെ അവസാന വർഷം നടത്തുന്നതിലെ ഔചിത്യം ചൂണ്ടിക്കാട്ടാൻ പത്രമാധ്യമങ്ങൾ മത്സരിച്ചു. പക്ഷേ വക്കം കുലുങ്ങിയില്ല. ഞാനിനി തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിനില്ല. എന്നാൽ സംസ്ഥാനത്തിന്റെ ആസ്തിയും സമ്പത്തും നശിച്ച് പോകാൻ പാടില്ല, അദ്ദേഹം പറഞ്ഞ മറുപടിയുടെ സാരം.

കാർഷികം, ടൂറിസം, ആരോഗ്യരംഗങ്ങളിൽ വകുപ്പുമന്ത്രിയെന്ന നിലയിൽ അദ്ദേഹം വൻവിജയമായിരുന്നു. ധനമന്ത്രിയെന്ന നിലയിൽ മികച്ച ബഡ്ജറ്റാണ് അവതരിപ്പിച്ചത്. ഉദ്യോഗസ്ഥവൃന്ദത്തിന്റെ കലവറയില്ലാത്ത പിന്തുണ ഉറപ്പാക്കി ജനഹിതം സാക്ഷാത്ക്കരിച്ച മന്ത്രിയായിരുന്നു വക്കംജി.

പതിനൊന്നാം കേരള നിയമസഭയിൽ അംഗമായതിനെതുടർന്ന് വക്കംജിയുടെ സ്നേഹവാത്സല്യങ്ങൾ ഏറ്റുവാങ്ങാൻ എനിക്കും അവസരമുണ്ടായി. ഭരണകക്ഷിയിലെ ചില എം.എൽ.എ.മാർക്കെങ്കിലും എ.കെ. ആന്റണി ഗവൺമെന്റിനെ പ്രശംസിക്കുന്ന പ്രസംഗങ്ങൾക്ക് അക്കാലം അപ്രഖ്യാപിത വിലക്കുണ്ടായിരുന്നു. ധർമ്മസങ്കടത്തിൽ പെട്ടുഴലുന്ന എന്നെപ്പോലുള്ളവർക്ക് ചെറിയ ചില സഹായങ്ങൾ ശ്രദ്ധക്ഷണിക്കൽ, ഉപക്ഷേപം എന്നിവ അനുവദിക്കുന്നതിലൂടെ വക്കംജി ചെയ്തിരുന്നു.

മലയാളഭാഷാ വികസനത്തിനായുള്ള എന്റെ ഒരു ശ്രദ്ധ ക്ഷണിക്കൽ പ്രമേയം അനുവദിച്ചുതന്ന സ്പീക്കർ മുൻകൈയെടുത്ത് പുതിയൊരു നിയമസഭാസമിതിയ്ക്കും രൂപം കൊടുത്തു. മലയാള ഭാഷാവികസനം ഔദ്യോഗിക ഭാഷാ വികസനമാക്കി വികലപ്പെടുത്തിയെങ്കിലും ഒരു നിയമസഭാ സമിതിക്ക് രൂപം നൽകാൻ ഇടയാക്കിയതിൽ എനിക്ക് ചാരിതാർത്ഥ്യമുണ്ടായി. നിയമസഭാനാഥനും വിവിധ കക്ഷികളിലെ സാമാജികരും സന്തോഷപൂർവ്വം അഭിനന്ദിക്കുകയും ചെയ്തു.

കരുത്തനായ നിയമസഭാ സ്പീക്കറായിരുന്നു അദ്ദേഹം. രാവിലെ 8.30 മുതൽ ഉച്ചയ്ക്ക് ഒന്നരവരെയുള്ള സഭാ സമയം മുൻകാലങ്ങളിലും പിന്നീട് പലപ്പോഴും പാതിരാവരെ നീളുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. പകലണയുന്നതുവരെ നീണ്ടുപോയേക്കാവുന്ന സഭാ ബിസിനസ്സ് മദ്ധ്യാഹ്നത്തോടെ സമാപിപ്പിക്കാൻ കടുത്ത ഇച്ഛാശക്തിയും നിശിതമായ കാര്യശേഷിയും വേണ്ടിവന്നു. ഭരണപക്ഷത്തെ സഹപ്രവർത്തകർക്കും ചില മന്ത്രിമാർക്കും വേണ്ട വിധം സമയം ലഭിക്കാത്തതിൽ നീരസമുണ്ടായിരുന്നു. പ്രതിപക്ഷ നിരകളിലെ അമർഷം ചിലപ്പോഴെങ്കിലും പരസ്യമായിട്ടുണ്ട്. എന്നാൽ ഏറെക്കുറെ എല്ലാവരും സമയ നിയന്ത്രണത്തിൽ സഹകരിക്കുകയുണ്ടായി. 1. 29 കഴിയുമ്പോഴെയ്ക്കും കേരള നിയമസഭ

പിരിയുമെന്ന കീഴ്‌വഴക്കം ഉണ്ടായി.

ചർച്ചകളിൽ പങ്കെടുക്കുന്ന എം.എൽ.എ. -മാർക്കും ബഹു. മന്ത്രിമാർക്കും നിശ്ചയിച്ചനുവദിക്കുന്ന സമയം വീണ്ടും നീട്ടി നൽകാൻ വക്കം പുരുഷോത്തമൻ അനുവദിക്കില്ല. ശ്രദ്ധക്ഷണിക്കൽ അഞ്ചുമിനിട്ടിൽ ഒതുക്കണമെന്ന താക്കീത് ലംഘിച്ച എന്നെ നിഷ്‌ക്കരുണം ശകാരിച്ചിട്ടുണ്ട്. ബെൽ മുഴങ്ങിയാലും തുടരുന്നവരുടെ മൈക്ക് ഓഫ് ചെയ്യാനും അടുത്ത ആളിനെ പ്രസംഗത്തിന് വിളിക്കാനും അദ്ദേഹം മടിച്ചിട്ടില്ല. വിഷയം പഠിക്കാതെ വന്ന് അശ്രദ്ധമായി മറുപടി പറയുന്ന മന്ത്രിമാരെ പരസ്യമായി ശകാരിച്ച സന്ദർഭങ്ങളും ഓർമ്മയിലുണ്ട്. പ്രതിപക്ഷ നേതാവായ വി. എസ്. അച്യുതാനന്ദനുമായി ചിലപ്പോഴെങ്കിലും കൊമ്പ് കോർക്കുന്നതും വാക്ക് ഔട്ട് പ്രസംഗങ്ങൾ പോലും നിയന്ത്രിച്ചിട്ടുള്ളതും സഭാ രേഖകളിലുണ്ടാവും.

നിർജ്ജീവമായി പോകാറുള്ള ചോദ്യോത്തരവേള സജീവമാക്കുന്നതിലും സഫലമാക്കുന്നതിലും കഴിവുറ്റ ഒരു പൊതുപ്രവർത്തകന്റെ അനുഭവ സമ്പത്ത് പ്രയോജനപ്രദമാക്കുന്നതിന്റെ മികച്ച ഉദാഹരണമാണ് വക്കംജിയുടെ സ്പീക്കർ കാലം. കൃഷി, തൊഴിൽ, നിയമം, ആരോഗ്യം, ടൂറിസം വകുപ്പുകൾ കൈകാര്യം ചെയ്തതിന്റെ പരിചയവും സർവ്വകലാശാല സിൻഡിക്കറ്റ് അംഗം, ഗ്രാമപഞ്ചായത്തംഗം കോൺഗ്രസിന്റെ സംസ്ഥാനതല ഭാരവാഹി, ലോക്‌സഭയിലെ പബ്ലിക്ക് അണ്ടർറ്റേക്കിംഗ് കമ്മിറ്റി, സബോർഡിനേറ്റ് ലെജിസ്ലേറ്റീവ് കമ്മിറ്റിയുടെ ചെയർമാൻ, സ്പീക്കേഴ്സ് പാനൽ അംഗം എന്നീ നിലകളിലുള്ള അനുഭവജ്ഞാനവും നിയമസഭാധ്യക്ഷൻ എന്ന നിലയിൽ അദ്ദേഹത്തിന് പകിട്ടേകി.

ഓരോ ചോദ്യങ്ങളും ഉപചോദ്യങ്ങളും ബന്ധപ്പെട്ട അംഗങ്ങൾക്ക് അവസരം നൽകിയ ശേഷം ആ വകുപ്പ് കൈകാര്യം ചെയ്ത മുൻ മന്ത്രിമാർ യൂണിയൻ നേതാക്കളായി പ്രവർത്തിച്ചവർ ചോദ്യവിഷയവുമായി ബന്ധപ്പെട്ട പ്രധാന പ്രദേശങ്ങളിലെ സാമാജികർ എന്നിവർക്കാകും തുടർ ചോദ്യങ്ങൾക്കുള്ള അനുമതി. മേഖലാ പ്രാതിനിധ്യവും കക്ഷിപരിഗണനയും സീനിയോരിറ്റിയും പരിഗണിക്കുന്നതോടൊപ്പം യുവ എം.എൽ.എ. മാരെയും അദ്ദേഹം പ്രോത്സാഹിപ്പിച്ചിരുന്നു. ചില സന്ദർഭങ്ങളിൽ മാത്രം സ്പീക്കറുടെ ഇടപെടൽ ചോദ്യോത്തരവേളയിൽ ഉണ്ടാകും.

നെൽകൃഷി ഉൾപ്പെടെ, കാലവർഷത്തിൽ ഉണ്ടായ നഷ്ടത്തെക്കുറിച്ചുള്ള ചോദ്യം നറുക്കിൽ വന്നപ്പോൾ തിരുവനന്തപുരത്തെയും എറണാകുളത്തെയും ചില സാമാജികർക്കാണ് ആദ്യം അവസരമുണ്ടായത്. എന്റെ പേരിൽ നൽകിയ ചോദ്യത്തിന് സ്റ്റാർ ലഭിച്ചുമില്ല. ഉപചോദ്യങ്ങളിൽ ഒന്നിനായി ഞാനുൾപ്പെടെ ചിലരുടെ കൈകൾ ഉയർത്തലിനും എഴുന്നേറ്റ് നിൽക്കലും പ്രയോജനമുണ്ടായില്ല. അന്ന് ഒരു പ്രതിപക്ഷ ബഹിഷ്‌കരണ ദിവസമായിരുന്നു. സഭാ നടപടികൾ പൂർത്തിയാക്കി സ്പീക്കർ ചേമ്പറിലിരുന്ന് സന്ദർശകരെയും സാമാജികരെയും കാണുന്നുണ്ട്. ഞാനുൾപ്പെടെ നാലഞ്ചുപേർ പരാതിക്കെട്ടുകൾ തുറന്നു. അന്നത്തെ പ്രതിപക്ഷത്തെ ഏതാണ്ട് എല്ലാ എം.എൽ.എ. മാർക്കും അവസരം ലഭിച്ചു. അരമണിക്കൂറിലേറെ നീണ്ട പ്രസക്ത ചോദ്യത്തിന് മതിയായ പങ്കാളിത്തം ഞങ്ങൾക്ക് കിട്ടിയില്ല. കാലവർഷത്തിലെ നെൽകൃഷിയുടെ തകർച്ചയെകുറിച്ചുള്ള ചർച്ചയിൽ ചോദ്യത്തിന് നോട്ടീസ് തന്നവർ കഴിഞ്ഞാൽ പിന്നെ പരിഗണന വരേണ്ടത് കൃഷിത്തകർച്ച ഉണ്ടായ സ്ഥലങ്ങളിലെ പ്രതിനിധികൾക്കാണ്. പത്രവാർത്തകൾ വായിച്ചവർക്കല്ല. നിങ്ങളുടെ മണ്ഡലത്തിൽ നെൽ കൃഷി വ്യാപകമായി ഉണ്ടോ? ഇല്ല, എനിക്കറിയാം. അപ്പോൾ മുതിർന്ന ഒരു സാമാജികൻ പറഞ്ഞു സ്പീക്കർ സാർ അങ്ങനെ അവഗണിക്കരുത്. ഞങ്ങളും നെല്ലരി ആഹാരം കഴിക്കുന്നവരല്ലേ? പകുതികാര്യവും പകുതി കളിയായും അദ്ദേഹം പറഞ്ഞു. "ഞാൻ ഹോട്ടൽ നടത്തിപ്പുകാരനല്ല."

പ്രതിപക്ഷ മെമ്പർമാരായതുകൊണ്ടല്ല ചിലരെ വിളിച്ചത്. അവരുടെ മേഖലയിൽ ഇന്ന് നെൽകൃഷി സജീവമാണ്. കൃഷി ചെയ്യുന്നവരെല്ലാം ഇടതുപക്ഷവുമല്ലല്ലോ. ഞങ്ങൾ മിണ്ടാതെ മടങ്ങി.

പ്രാഗത്ഭ്യവും ഇച്ഛാശക്തിയും ജനാഭിമുഖ്യവും കാർക്കശ്യവും ഒത്തുചേർന്ന വക്കം പുരുഷോത്തമൻ, പ്രതിനിധീകരിച്ചിരുന്ന മേഖലകളിലും നയിച്ച സംവിധാനങ്ങളിലും അഴകും കരുത്തുമായിരുന്നു.

എം.എൽ.എ.മാരും മുൻ എം.എൽ.എ.മാരും മനുഷ്യരാണെന്നും അവരുടെ കഷ്ടതകൾ പരിഗണിക്കേണ്ടതാണെന്നും സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാണെന്നും ഉറക്കെപ്പറയാൻ അദ്ദേഹം അറച്ചു നിന്നില്ല.

ആ സ്മരണകൾക്ക് മുന്നിൽ സാദരം ശ്രദ്ധാഞ്ജലി.

••••


# സർജിക്കൽ സ്ട്രൈക്കും, മഹാഭാരത യുദ്ധവും, ഛത്രപതി ശിവജിയും



**അഡ്വ. ഡി. സുഗതൻ**
11-ാം കേരള നിയമസഭയിൽ അംഗം



“ഈ അടുത്ത കാലത്ത് പാകിസ്ഥാൻ പടപ്പാളയങ്ങൾക്ക് നേർക്ക്
ഇന്ത്യൻ സൈന്യം നടത്തിയ ഒരു മിന്നൽ ആക്രമണമാണ് സർജിക്കൽ
സ്ട്രൈക്ക് ചർച്ചാവിഷയമാകാൻ കാരണം.”



മുകളിൽ സൂചിപ്പിച്ചിരിയ്ക്കുന്ന മൂന്നു തലവാചകങ്ങൾക്ക് പരസ്പരം എന്തു ബന്ധം എന്നു ചോദിച്ചേയ്ക്കാം. എന്നാൽ ബന്ധം ഉണ്ട് എന്നു പറയാനാണീ ലേഖനം.

സർജിക്കൽ സ്ട്രൈക്ക് എന്നത് ആധുനിക കാലത്ത് ഒരു സൈനിക പദമാണ്. അതിന്റെ വാക്യാർത്ഥം പലതുമായിരിയ്ക്കാമെങ്കിലും പ്രസ്തുത പദം കൊണ്ടുദ്ദേശിക്കുന്നത് മിന്നൽ ആക്രമണം എന്നാണ്. ശത്രു പാളയത്തിൽ കടന്നു കയറി മിന്നൽ ആക്രമണം നടത്തി ലക്ഷ്യം വേഗം പൂർത്തിയാക്കിയ ശേഷം സുരക്ഷിതമായിതിരിച്ചെത്തുന്ന നടപടിയെയാണ് സൈനിക ഭാഷയിൽ സർജിക്കൽ സ്ട്രൈക്ക് എന്നു പറയുന്നത്. പല സൈനിക നടപടികൾക്കും സൈന്യം നൽകുന്ന പേരുകൾ പ്രത്യേകമായുണ്ട്. 1984-ൽ അമൃത്സറിലെ സുവർണ്ണക്ഷേത്രത്തിൽ ഭീകര പ്രവർത്തകരെ ഒഴിവാക്കാനായി ഇന്ത്യൻ സൈന്യം നടത്തിയ പട്ടാള നടപടിയ്ക്ക് ഓപ്പറേഷൻ ബ്ലൂ സ്റ്റാർ എന്നാണ് പേര് നൽകിയിരുന്നത്. അതൊരു സൈനികപദമാണ്.

ഈ അടുത്ത കാലത്ത് പാകിസ്ഥാൻ പടപ്പാളയങ്ങൾക്ക് നേർക്ക് ഇന്ത്യൻ സൈന്യം നടത്തിയ ഒരു മിന്നൽ ആക്രമണമാണ് സർജിക്കൽ സ്ട്രൈക്ക് ചർച്ചാവിഷയമാകാൻ കാരണം.

പാകിസ്ഥാൻ നുഴഞ്ഞു കയറ്റക്കാരായ സൈന്യം ഇന്ത്യൻ മണ്ണിലെ പുൽവാമ എന്ന സ്ഥലത്തു വച്ച് ഏതാനും ഇന്ത്യൻ സൈനികരെ അതിഭീകരമായ രീതിയിൽ വധിക്കുകയുണ്ടായി. ഇതിനുപകരമായി ഇന്ത്യൻ സേന പാകിസ്ഥാനുള്ളിൽ കടന്ന് അവരുടെ സൈനിക താവളം ആക്രമിച്ച് കനത്ത തിരിച്ചടി നൽകി.



ഇതേ തുടർന്നാണ് സർജിക്കൽ സ്ട്രൈക്ക് വ്യാപകമായി ചർച്ചയായത്. ഇതൊരു സൈനിക രഹസ്യമായിരുന്നെങ്കിലും ഇക്കാര്യം പത്രസ മ്മേളനത്തിൽ വരെ ചർച്ച ചെയ്യപ്പെട്ടു. ഈ രീതി പതിവിന് വിരുദ്ധമായിരുന്നു. ഇക്കാര്യം പരസ്യ ചർച്ചയ്ക്ക് തയ്യാറായ സർക്കാരിന് രാഷ്ട്രീയ ലക്ഷ്യമുണ്ടായിരുന്നു. യുദ്ധത്തിനിടെ സർജിക്കൽ സ്ട്രൈക്ക് പോലുള്ള ആക്രമണ രീതികൾ ഇതിഹാസകാലം മുതൽ നടന്നിട്ടുണ്ട്. മഹാഭാരതകഥയിലെ കുരുക്ഷേത്രയുദ്ധത്തി നൊടുവിൽ ദ്രോണപുത്രൻ അശ്വത്ഥാമാവ് പാണ്ഡവ ശിബിരത്തിൽ കടന്ന് കൂട്ടക്കൊല നടത്തുന്നുണ്ട്. ഇതു തന്നെയാണ് സർജിക്കൽ സ്ട്രൈക്ക്. യുദ്ധത്തിനിടെ കടുത്ത നടപടികൾ ഉണ്ടാവുക സാധാരണമാണ്. അശ്വത്ഥാമാവിന്റെ സർജിക്കൽ സ്ട്രൈക്ക് എങ്ങനെയായിരുന്നു എന്ന് നോക്കാം.

ഭൂമി ഇന്നേവരെ കണ്ട ഏറ്റവും വലിയ കരയുദ്ധമാണ് കുരുക്ഷേത്രത്തിൽ നടന്ന മഹാഭാരതയുദ്ധം. പാണ്ഡവ – കൗരവർ തമ്മിൽ രാജ്യത്തിന്റെ അവകാശത്തിന് വേണ്ടിയാണ് യുദ്ധം ചെയ്തത്. പതിനെട്ട് അക്ഷൗഹിണിപട പങ്കെടുത്ത കുരുക്ഷേത്രയുദ്ധം പതിനെട്ട് ദിവസം നീണ്ടു നിന്നു. ഒടുവിൽ പാണ്ഡവർക്കാണ് ജയം ഉണ്ടായത്. സമന്തപഞ്ചകത്തിൽ വച്ച് അവസാനം ദുര്യോധനനും ഭീമനും തമ്മിൽ നടന്ന ഗദായുദ്ധത്തിൽ ദുര്യോധനൻ ഭീമന്റെ അടിയേറ്റുവീണു. ആസന്ന മരണനനായി സമന്ത പഞ്ചകത്തിൽ കിടന്നിരുന്ന ദുര്യോധനനെ കണ്ട ദ്രോണപുത്രൻ അശ്വത്ഥാമാവിന് സങ്കടം സഹിയ്ക്കാനായില്ല. തന്നെ കൗരവ പക്ഷത്തെ സർവ്വസൈന്യാധിപനാക്കാമെങ്കിൽ താൻപോയി ബാക്കിയുള്ള മുഴുവൻ പാണ്ഡവരെയും വധിക്കാ മെന്ന് അശ്വത്ഥാമാവ് ദുര്യോധനനോട് പറഞ്ഞു. ഇതുകേട്ട ദുര്യോധനനിലെ ക്ഷാത്രവീര്യം ഉണർന്നു. ഉടൻ തന്നെ ദുര്യോധനൻ അശ്വത്ഥാ മാവിനെ സർവ്വസൈന്യാധിപനായി അഭിഷേകം ചെയിച്ചു നിയമിച്ചു. ഈ കുടപ്പിലും ദുര്യോധനൻ രാജാവാണല്ലോ.

അശ്വത്ഥാമാവ് വർദ്ധിത വീര്യത്തോടെ പാണ്ഡവ ശിബിരത്തിലേയ്ക്കു കുതിച്ചു. അവിടെ ചെന്നപ്പോൾ എല്ലാവരും ഉറക്കത്തി ലായിരുന്നു. ശിബിരത്തിനുള്ളിൽ കടന്ന അശ്വത്ഥാമാവ് ആദ്യം പാണ്ഡവ സൈന്യാധിപൻ ധൃഷ്ടദ്യുമ്നനെ വധിച്ചു. തന്റെ പിതാവ് ദ്രോണാചാ ര്യരെ അതിക്രൂരമമായ രീതിയിൽ ധൃഷ്ടദ്യുമ്നൻ വധിച്ചിരുന്ന കാര്യം അശ്വത്ഥാമാവ് ഓർത്തു. അയാളെ കയ്യും നഖവും മാത്രം ഉപയോഗിച്ചാണ് അശ്വത്ഥാമാവ് വധിച്ചത്. ആയുധങ്ങൾ ഉപയോ ഗിച്ചതേ ഇല്ല. തുടർന്ന് ശിഖണ്ഡിയെ ഒറ്റ വെട്ടിന്

രണ്ട് കഷ്ണമാക്കി. അതിനു ശേഷം പാണ്ഡവർക്ക് പാഞ്ചാലിയിൽ ജനിച്ച അഞ്ചു മക്കളെ ഓരോരുത്തരെയായി വധിച്ചു. പിന്നീട് ഓടി നടന്ന് അവിടെ ഉണ്ടായിരുന്ന എല്ലാവരെയും വധിച്ച ശേഷം ശിബിരത്തിന് തീ കൊളുത്തി. എല്ലാം നശിച്ചു.

തിരിച്ച് സമന്ത പഞ്ചകത്തിലെത്തി എല്ലാ വിവരങ്ങളും അശ്വത്ഥാമാവ് ദുര്യോധനനെ അറിയിച്ചു. സന്തോഷവാനായിത്തീർന്ന ദുര്യോധനൻ അങ്ങകലെ പാണ്ഡവ ശിബിരം കത്തിയമരുന്നത് നേരിൽ കണ്ടു. സമാധനാത്തോടെ ദുര്യോധനനൻ ജീവൻ വെടിഞ്ഞു. അശ്വത്ഥാമാവ് ഇവിടെ നടത്തിയത് സർജിയ്ക്കൽ സ്ട്രൈയ്ക്ക് തന്നെയായിരുന്നു. ഇതിഹസ കാലത്തും ഇതെല്ലാം ഉണ്ടായിരുന്നു.

ഛത്രപതി ശിവജി അശ്വത്ഥാമാവിന്റെ ആരാധകനായിരുന്നു, യുദ്ധരംഗത്ത് പല തവണ അദ്ദേഹം അശ്വത്ഥാമാവിനെ അനുകരിച്ചിട്ടുണ്ട്. പല പ്രാവശ്യം ശത്രുപാളയത്തിൽ ഒറ്റയ്ക്ക് പോയി ശത്രുക്കളെ വധിച്ചശേഷം ശിവജി സുരക്ഷിതനായി തിരികെ വന്ന കഥകൾ ചരിത്രത്തിലുണ്ട്.

ശിവജി ഇന്ത്യാ ചരിത്രത്തിലെ ഒരു ഉജ്ജ്വല കഥാപാത്രമാണ്. പിൽക്കാലത്ത് സോവ്യറ്റ് യൂണിയന്റെ ഭാഗമായിത്തീർന്ന ഉസ്ബകിസ്ഥാനിലെ മനോഹര നഗരമായ സമർഖണ്ഡിൽ നിന്നും 1526-ൽ ബാബർ എന്ന യോദ്ധാവ് ഇന്ത്യയിലെത്തി. വടക്ക് പടിഞ്ഞാറൻ ചുരം വഴി പതിനായിരം യോദ്ധാക്കളുമായി ഇന്ത്യയിലെത്തിയ ബാബർ അന്ന് ഇന്ത്യ ഭരിച്ചിരുന്ന സുൽത്താനായിരുന്ന ഇബ്രാഹിം ലോധിയുടെ ഒന്നേകാൽ ലക്ഷം വരുന്ന സൈന്യത്തെ പാനിപ്പറ്റിൽ വച്ചു നടന്ന യുദ്ധത്തിൽ ഒറ്റ ദിവസം കൊണ്ടു പരാജയപ്പെടുത്തി ഡൽഹിയുടെ അധികാരം പിടിച്ചെടുക്കുകയും മുഗൾ സാമ്രാജ്യം സ്ഥാപിക്കുകയും ചെയ്തു.

ബാബറിനുശേഷം ആറാം തലമുറയിൽ മുഗൽ ചക്രവർത്തിയായത് ഔറംഗസീബായിരുന്നു. ഔറംഗസീബിന്റെ കാലത്ത് പതിനേഴാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ഇന്ത്യൻ രാഷ്ട്രീയ രംഗത്തു പുതിയൊരു ശക്തി ഉയർന്നുവന്നു. അതു ശിവജിയുടെ നേതൃത്വത്തിലുള്ള മറാത്ത ശക്തിയായിരുന്നു. അവരുടെ നേതാവായിരുന്ന ശിവജി 1657-ൽ ആദ്യമായി മുഗളരുമായി ഏറ്റുമുട്ടി. ശിവജി ഉത്തര കൊങ്കൺ പ്രദേശത്തുള്ള കല്യാൺ, ഭിവണ്ടി, മഹാലി എന്നീ പ്രദേശങ്ങൾ കൈയ്യടക്കി.

ശിവജിയുടെ പരാക്രമണങ്ങളിൽ മുഗൾ

“ഇതിഹാസ കഥയിലെ അശ്വത്ഥാമാവും ഇന്ത്യാ ചരിത്രത്തിലെ ഛത്രപതി ശിവജിയും ശത്രുക്കൾക്കെതിരെ നടത്തിയ മിന്നലാക്രമണങ്ങളും ഇപ്പോഴത്തെ സർജിക്കൽ സ്ട്രൈക്കും ഫലത്തിൽ തനിയാവർത്തനം തന്നെയാണ്.”

ചക്രവർത്തി ഔറംഗസീബ് ക്രുദ്ധനായിത്തീരുകയും ശിവജിയെ വധിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ഇതിനായി ഡക്കാൺ വൈസ്രോയി ഷയിസ്തഖാനെ ഔറംഗസീബ് നിയോഗിച്ചു. വിവരം അറിഞ്ഞ ശിവജി 1663-ൽ ഒരു രാത്രി ഷയിസ്തഖാന്റെ കൂടാരത്തിൽ സാഹസികമായി കടന്ന് ചെന്ന് ഖാനെ മുറിവേൽപ്പിക്കുകയും അയാളുടെ മകനെ വധിക്കുകയും ചെയ്തശേഷം സുരക്ഷിതനായി തന്റെ താവളത്തിൽ തിരിച്ചെത്തി. ശിവജി അശ്വത്ഥാമാവിനെ അനുകരിക്കുകയായിരുന്നു എന്നു പറയപ്പെടുന്നു. ഈ പ്രവർത്തി ശിവജിയെ പ്രശസ്തനാക്കി. ഈ സംഭവത്തിൽ നാണക്കേട് തോന്നിയ ഔറംഗസീബ് ഷെയ്സ്തഖാനെ തിരിച്ചു വിളിച്ച് ബംഗാളിലേയ്ക്കയച്ചു.

മറാത്ത രാജ്യം വിപുലമാക്കിത്തീർത്ത ശിവജി 1674 ജൂൺ 16-ന് റയ്ഗർ കോട്ടയിൽ അത്യാർഭാടകരമായ ചടങ്ങിൽ വച്ച് ഛത്രപതി ശിവജിയായി ഔപചാരികമായി കിരീടധാരണം നടത്തി. അദ്ദേഹം മാറാത്ത സാമ്രാജ്യത്തിന്റെ അധിപനായി. മുഗൾ സിംഹാസനം ഇന്ത്യയെ അടക്കി വാണിരുന്ന കാലത്താണ് മാഹാരാഷ്ട്ടയിൽ ഇപ്രകാരം ഒരു സാമ്രാജ്യം ഉണ്ടായത്.

ഇതിഹാസ കഥയിലെ അശ്വത്ഥാമാവും ഇന്ത്യാ ചരിത്രത്തിലെ ഛത്രപതി ശിവജിയും ശത്രുക്കൾക്കെതിരെ നടത്തിയ മിന്നലാക്രമണങ്ങളും ഇപ്പോഴത്തെ സർജിക്കൽ സ്ട്രൈക്കും ഫലത്തിൽ തനിയാവർത്തനം തന്നെയാണ്. അല്ലേ?

# മാലിന്യമുക്ത നവകേരളത്തിലേക്കുള്ള ചുവടുവയ്പ്പ്



**ഡോ. എൻ. കൃഷ്ണ കുമാർ**
നിയമസഭാ സെക്രട്ടറി



"ശുചിത്വവും മാലിന്യസംസ്കരണവും നിയമം വഴി ഏറ്റവും ഫലവത്തായി നടപ്പാക്കുവാനുള്ള നടപടികളാണ് 2024-ലെ കേരള പഞ്ചായത്ത് രാജ് ഭേദഗതി ആക്റ്റിലൂടെ നമ്മൾ സ്വീകരിച്ചത്."



### പൊതുശുചിത്വത്തിന്റെ പ്രാധാന്യം

പൊതുശുചിത്വം ഒരു നാടിന്റെ ആരോഗ്യനിലയും സംസ്കാരപരമായ മുന്നേറ്റവും ഭരണകാര്യക്ഷമതയും ഒരുപോലെ പ്രതിഫലിപ്പിക്കുന്ന സൂചകമാണ്. ശുചിത്വമുള്ള പരിസ്ഥിതി രോഗപ്രതിരോധത്തിന്റെ അടിസ്ഥാനവുമാണ്; അതേസമയം സാമൂഹിക ഉത്തരവാദിത്തബോധത്തിന്റെ പ്രതിഫലനവുമാണ്. സ്വാതന്ത്ര്യത്തേക്കാൾ പ്രധാനമാണ് പൊതുശുചിത്വം എന്ന് നമ്മളോട് പറഞ്ഞത് നമ്മുടെ രാഷ്ട്രപിതാവ് മഹാത്മഗാന്ധിയാണ്. വ്യക്തിയുടെ ആരോഗ്യം പൊതുസമൂഹത്തിന്റെ ആരോഗ്യമാകുന്ന ഘട്ടത്തിലാണ് ശുചിത്വം ഭരണപരവും നിയമപരവുമായ ഇടപെടലുകൾ ആവശ്യപ്പെടുന്നത്. അതുകൊണ്ടുതന്നെ മാലിന്യസംസ്കരണം വ്യക്തിപരമായ ശീലം മാത്രമല്ല, സാമൂഹിക ബാധ്യതയും ഭരണകൂടത്തിന്റെ നിർണായക ഉത്തരവാദിത്തവുമാണ്.

ശുചിത്വവും മാലിന്യസംസ്കരണവും നിയമം വഴി ഏറ്റവും ഫലവത്തായി നടപ്പാക്കുവാനുള്ള നടപടികളാണ് 2024-ലെ കേരള പഞ്ചായത്ത് രാജ് ഭേദഗതി ആക്റ്റിലൂടെ നമ്മൾ സ്വീകരിച്ചത്. വഴിയോരത്തും ജലാശയങ്ങളിലും ഒഴിഞ്ഞ പുരയിടങ്ങളിലും അന്യന്റെ പറമ്പിലും മാലിന്യം പ്ലാസ്റ്റിക് കവറുകളിലാക്കി കെട്ടിയും കെട്ടാതെയും വലിച്ചെറിഞ്ഞിരുന്ന വളരെ അപകടകരമായ ഒരു സംസ്കാരം കേരളത്തിന്റെ പൊതുധാരയിൽ ഒരുകാലത്ത് പ്രബലമായിരുന്നു. അതിൽ നിന്ന് മാറി, അവനവന്റെ മാലിന്യം അവനവന്റെ ഉത്തരവാദിത്തമാണെന്ന തിരിച്ചറിവിലേക്കാണ് സമൂഹം എത്തിച്ചേർന്നത്.




ഉറവിടത്തിൽ സംസ്കരിക്കണമെന്നത് പലപ്പോഴും ശാസ്ത്രീയമായ മാലിന്യസംസ്കരണമാകില്ല എന്ന വെല്ലുവിളി ഉയർന്നപ്പോഴാണ് കൂടുതൽ സംഘടിതവും ശാസ്ത്രീയവും നിയമപരവുമായ സമീപനം അനിവാര്യമാണെന്ന് ബോധ്യപ്പെട്ടത്. ഹൈക്കോടതിയുടെ നിരന്തരമായ ഇടപെടലുകൾ മാലിന്യസംസ്കരണത്തിൽ പൗരന്റെ പങ്ക് ഉറപ്പാക്കണമെന്ന് ഊന്നിപ്പറയുന്നതായിരുന്നു. അതുപോലെ തന്നെ മാലിന്യമുക്ത നവകേരളം എന്ന സർക്കാർ നയത്തിന്റെ പങ്കും വളരെ വലുതാണ്. ഇതെല്ലാമാണ് 2024-ലെ കേരള പഞ്ചായത്ത് രാജ് ഭേദഗതി നിയമത്തിൽ പ്രതിഫലിപ്പിച്ചത്.

### കേരള പഞ്ചായത്ത് രാജ് നിയമവും മാലിന്യ സംസ്കരണവും

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 219 എ വകുപ്പ് പ്രകാരം ഖരമാലിന്യങ്ങളും മറ്റും സമയാസമയങ്ങളിൽ നീക്കം ചെയ്യുന്നതിന് വില്ലേജ് പഞ്ചായത്തുകളെ ചുമതലപ്പെടുത്തുകയുണ്ടായി. 219 എൻ വകുപ്പ് പ്രകാരം പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നതിന് പിഴ ഈടാക്കാൻ വ്യവസ്ഥ ചെയ്തിരുന്നെങ്കിലും, ശാസ്ത്രീയമായ മാലിന്യസംസ്കരണത്തിന് ആ നടപടികൾ പര്യാപ്തമായിരുന്നില്ല. വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കാൻ സെക്രട്ടറിക്ക് നടപടികൾ എടുക്കാമെന്ന വ്യവസ്ഥയും പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനായി നിയമത്തിന്റെ പിൻബലം മതിയാകാതെ വന്നു.

2008-ൽ ശുചിത്വമിഷൻ രൂപീകരിച്ചതും, 2016-ലെ കേന്ദ്ര ഖരമാലിന്യ സംസ്കരണ നിയമവും, 2017-ൽ ഹരിത കേരള മിഷന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളുമെല്ലാം ഈ രംഗത്ത് കേരളത്തെ മുന്നോട്ട് നയിച്ചു. 2023-ലെ പൊതുജനാരോഗ്യ നിയമത്തിലെ 20-ആം വകുപ്പ് പ്രകാരം പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് നിരോധിക്കുകയും, പൊതുസ്ഥലങ്ങളിലെ മാലിന്യം നീക്കം ചെയ്യുന്നതിനുള്ള നടപടികൾക്ക് തദ്ദേശ സർക്കാർ സ്ഥാപനങ്ങളോട് ശിപാർശ ചെയ്യാൻ പബ്ലിക് ഹെൽത്ത് ഓഫീസർമാരെ ചുമതലപ്പെടുത്തുകയും ചെയ്തു.

2024-ലെ കേരള പഞ്ചായത്ത് രാജ് ഭേദഗതി നിയമത്തിലേക്ക് എത്തിയപ്പോൾ, 1994-ലെ നിയമപ്രകാരം പൊതുനിരത്തുകളിലെ മാലിന്യം ഒഴിവാക്കാൻ ചുമതലപ്പെട്ടയാൾ എന്ന നിലയിൽ നിന്നുമാറി പഞ്ചായത്ത് സെക്രട്ടറിമാർക്ക് കൂടുതൽ അധികാരങ്ങൾ കൈവന്നു. ഇത് നാടിന്റെ മുഖച്ഛായ തന്നെ മാറ്റുന്നതിനും ശാസ്ത്രീയവും ഫലപ്രദവുമായ ഒരു മാലിന്യസംസ്കരണ സംസ്കാരത്തിലേക്ക് കേരളത്തെ നയിക്കുന്നതിനും സഹായകമായി. പഞ്ചായത്ത് നിയമത്തിന്റെ 20-ാം അദ്ധ്യായത്തിന്റെ പേര് തന്നെ “പൊതുജനാരോഗ്യം, ശുചിത്വം” എന്നതിൽ നിന്ന് “പൊതുജനാരോഗ്യം, ശുചിത്വം, മാലിന്യ സംസ്കരണം” എന്നാക്കി മാറ്റിയത് മാലിന്യസംസ്കരണത്തിന് നൽകിയ പ്രാധാന്യം വ്യക്തമായി എടുത്തുകാട്ടുന്നു.

### 2024 കേരള പഞ്ചായത്ത് രാജ് ഭേദഗതി നിയമത്തിലെ 219 എ വകുപ്പിന്റെ പ്രധാന സവിശേഷതകൾ

2024 ലെ ഭേദഗതി പ്രകാരം, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219 എ വകുപ്പിന് കാതലായ മാറ്റം വന്നു. മാലിന്യസംസ്കരണം



എന്ന ഉത്തരവാദിത്തത്തിൽ പഞ്ചായത്ത് സെക്ര ട്ടറിയ്ക്ക് ലഭിച്ച പ്രാധാന്യമാണ് അതിൽ എടുത്തു പറയേണ്ടത്. വകുപ്പ് 219 എ-യിൽ സെക്രട്ടറിയുടെ ഉത്തരവാദിത്തങ്ങൾ വിശദമായി തന്നെ വ്യക്ത മാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പ്രവർ ത്തനങ്ങളുടെ ഭരണപരമായ ഉത്തരവാദിത്തം സെക്രട്ടറിക്കായതിനാൽ, ഉത്തരവാദിത്തപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരെ കൊണ്ട് മാലിന്യസം സ്കരണം നിർവ്വഹിക്കേണ്ടത് സെക്രട്ടറിയുടെ നിയമപരമായ ഉത്തരവാദിത്തമായി. അതുവരെ ഒറ്റയ്ക്കൊറ്റയ്ക്ക് പ്രവർത്തിച്ചിരുന്ന ആരോഗ്യം, എഞ്ചിനീയറിംഗ് തുടങ്ങിയ വകുപ്പുകളെ ഏകോ പിപ്പിച്ച് പ്രവർത്തിക്കാനുള്ള അധികാരവും സെക്രട്ടറിക്ക് ഈ നിയമം വഴി കൈവന്നു. ശാ സ്ത്രീയമായ മാലിന്യസംസ്കരണത്തിന് എഞ്ചി നീയറിംഗ് വിഭാഗത്തിന്റെ ഇടപെടൽ അത്യന്താപേ ക്ഷിതമാകയാൽ, അവരെ ഈ പ്രവർത്തനത്തിൽ ഏകോപിപ്പിക്കാൻ സെക്രട്ടറിയ്ക്ക് അധികാരം ലഭിച്ചത് ഗുണകരമായി.

ഗ്രാമപഞ്ചായത്തിന്റെ മാലിന്യസംസ്കരണ നടപടികളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ അറിഞ്ഞിരിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട വിഷയം യൂസർ ഫീസുമായി ബന്ധപ്പെട്ട വകുപ്പാണ്. 2024-ലെ കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം വകുപ്പ് 219 എ.ഡി. അനുസരിച്ച്, ഓരോ മാലിന്യ ഉൽപാദകനിൽ നിന്നും (സ്ഥ ലവാസിയിൽ നിന്നും) നിശ്ചിത യൂസർ ഫീസ് കൃത്യമായി ഈടാക്കേണ്ടതാണ്. നിശ്ചിത തീയതി മുതൽ 90 ദിവസത്തിനു ശേഷവും യൂസർ ഫീസ് അടയ്ക്കാത്ത പക്ഷം പ്രതിമാസം അമ്പത് ശതമാനം പിഴയോടുകൂടി യൂസർ ഫീസ് ഈടാ ക്കാമെന്ന് നിയമം വ്യവസ്ഥ ചെയ്യുന്നു.

യൂസർ ഫീസ് അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന വ്യക്തിക്ക് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ഏതൊരു സേവനവും നൽകാൻ സെക്രട്ടറിക്ക് വിസമ്മതിക്കാമെന്ന വ്യവസ്ഥയും നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം സെക്രട്ടറിയ്ക്ക് മാലിന്യസംസ്കരണം കർശനമായി നടപ്പാക്കുന്നതിന് വേണ്ട അധികാരം കൂടി നല്കുന്നതാണ് പുതിയ നിയമം.

### പൗരബോധവും നിയമബോധവും ചേർന്നാൽ മാലിന്യമുക്ത കേരളം

2024-ലെ കേരള പഞ്ചായത്ത് രാജ് ഭേദഗതി നിയമം മാലിന്യസംസ്കരണത്തെ ഒരു ഐച്ഛിക പ്രവർത്തനത്തിൽ നിന്ന് നിർബന്ധിതവും ഉത്ത രവാദിത്വപരവുമായ ഭരണകാര്യമായി ഉയർത്തി യിരിക്കുന്നു. നിയമം നൽകുന്ന അധികാരങ്ങൾ ഫലപ്രദമാകുന്നത് ജനപ്രതിനിധികളും ഉദ്യോ ഗസ്ഥരും ഒരുപോലെ അവരുടെ ചുമതലകൾ ബോധ്യത്തോടെ നിർവ്വഹിക്കുമ്പോഴും, പൗരന്മാർ സ്വന്തം മാലിന്യത്തിന്റെ ഉത്തരവാദിത്തം ഏറ്റെടു ക്കുമ്പോഴുമാണ്.

പുതിയ ജനപ്രതിനിധികൾ ചുമതലയേൽ ക്കുമ്പോൾ നിയമത്തിന്റെ ആത്മാവും ലക്ഷ്യവും മനസ്സിലാക്കി പ്രവർത്തിക്കേണ്ടത് അത്യാവ ശ്യമാണ്. അതുപോലെ തന്നെ ശുചിത്വവും മാലിന്യസംസ്കരണവും ഭരണകൂടത്തിന്റെ മാത്രം ബാധ്യതയല്ല, ഓരോ പൗരന്റെയും ദിനച ര്യയിലെ ഉത്തരവാദിത്തമാണെന്ന തിരിച്ചറിവ് ശക്തമാകണം. നിയമബോധവും പൗരബോധവും കൈകോർത്താൽ മാത്രമേ മാലിന്യമുക്ത നവകേരളം എന്ന ലക്ഷ്യം യാഥാർത്ഥ്യമാകൂ.

••••



വായനാദിനവുമായി ബന്ധപ്പെട്ട് നിയമസഭാ ലൈബ്രറിയിൽ 2023 ജൂൺ 19ന് സംഘടിപ്പിച്ച പുസ്തക പ്രദർശനം ലൈബ്രറി ഉപദേശക സമിതി അംഗം കെ. ആൻസലൻ എം.എൽ.എ. നിർവ്വഹിക്കുന്നു.



2023 ജൂൺ 19ലെ പുസ്തക പ്രദർശനം.



കേരളപ്പിറവിയോടനുബന്ധിച്ച് 2023 നവംബർ 1-ന് നിയമസഭാ ലൈബ്രറിയിൽ സംഘടിപ്പിച്ച പുസ്തക പ്രദർശനം ബഹു. സ്പീക്കർ എ.എൻ. ഷംസീർ ഉദ്ഘാടനം ചെയ്യുന്നു.



2023 നവംബർ 1-ലെ പുസ്തക പ്രദർശനം.



കുട്ടികളുടെ ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ പാലോട് ജവഹർ കോളനി ഗവ. ഹൈസ്കൂളിലെ വിദ്യാർത്ഥികൾക്കായി 2024 ജനുവരി 18 ന് നടത്തിയ ഏകദിന പരിപാടിയുടെ ഉദ്ഘാടനം ലൈബ്രറി ഉപദേശക സമിതി അംഗം ശ്രീ. ഡി. കെ. മുരളി എം.എൽ.എ. നിർവ്വഹിക്കുന്നു.



കേരളപ്പിറവിയോടനുബന്ധിച്ച് 2024 നവംബർ 1-ന് നിയമസഭാ ലൈബ്രറിയിൽ സംഘടിപ്പിച്ച പുസ്തക പ്രദർശനം ബഹു. സെക്രട്ടറി ഡോ. എൻ. കൃഷ്ണകുമാർ ഉദ്ഘാടനം ചെയ്യുന്നു.



2024 നവംബർ ഒന്നാംതീയതിയിലെ പുസ്തകപ്രദർശനം.




ഭരണഘടനാ നിർമ്മാണസഭ ഇന്ത്യയുടെ ഭരണഘടന അംഗീകരിച്ചതിന്റെ 75-ാം വാർഷികത്തിന്റെ ഭാഗമായി നിയമസഭാ ലൈബ്രറി 2024 നവംബർ 26ന് സംഘടിപ്പിച്ച പ്രദർശനത്തിന്റെ ഉദ്ഘാടനം ബഹു. സ്പീക്കർ നിർവ്വഹിക്കുന്നു.



ഭരണഘടന നിലവിൽ വന്നതിന്റെ 75-ാം വാർഷികത്തിൽ സംഘടിപ്പിച്ച പുസ്തകപ്രദർശനം.



ഭരണഘടന നിലവിൽ വന്നതിന്റെ 75-ാം വർഷത്തിൽ കുട്ടികളുടെ ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ വിക്ടറി സ്കൂൾ നേമത്തിലെ വിദ്യാർത്ഥികൾക്കായി 2024 നവംബർ 28 ന് സംഘടിപ്പിച്ച ഭരണഘടനാ ദിനവുമായി ബന്ധപ്പെട്ട പഠന പരിപാടി ശ്രീ. ഐ. ബി. സതീഷ് എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു.



കേരളപ്പിറവിയോടനുബന്ധിച്ച് 2025 നവംബർ 1-ന് നിയമസഭാ ലൈബ്രറിയിൽ സംഘടിപ്പിച്ച പുസ്തക പ്രദർശനം ബഹു. സ്പീക്കർ എ.എൻ. ഷംസീർ ഉദ്ഘാടനം ചെയ്യുന്നു.



2025 നവംബർ ഒന്നാംതീയതിയിലെ പുസ്തകപ്രദർശനം

## നിയമസഭാ ലൈബ്രറിയുടെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ആലപ്പുഴ കേന്ദ്രീകരിച്ചുള്ള ദക്ഷിണ മേഖലാ പരിപാടി (റെയ്ബൻ ആഡിറ്റോറിയം മേയ് 06, 2022)



ശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടന ചടങ്ങിൽ സ്പീക്കർ ശ്രീ. എം. ബി. രാജേഷ് അധ്യക്ഷ പ്രസംഗം നടത്തുന്നു.



പുസ്തക പ്രദർശനത്തിന്റെ ഉദ്ഘാടനം ലൈബ്രറി ഉപദേശക സമിതി ചെയർമാൻ തോമസ് കെ. തോമസ് എം.എൽ.എ. നിർവ്വഹിക്കുന്നു.



പ്രസ്സ് മീറ്റ് ആലപ്പുഴ


ആലപ്പുഴയിലെ സദസ്സ്.



പുസ്തക പ്രദർശനം



മുൻ സാമാജികരെ ആദരിച്ചപ്പോൾ.



എ.എം. ആരിഫ് എം. പി. താൻ രചിച്ച 'എന്റെ തിരഞ്ഞെടുത്ത നിയമസഭാ പ്രസംഗങ്ങളും മാധ്യമ ഇടപെടലുകളും' എന്ന പുസ്തകം ലൈബ്രറി ഉപദേശക സമിതി ചെയർമാന് നൽകുന്നു.



കേരളം: സാമൂഹ്യ പരിവർത്തനത്തിന്റെ അക്ഷര വീഥികൾ എന്ന സെമിനാർ ശ്രീ. പ്രമോദ് നാരായണൻ എം.എൽ.എ. മോഡറേറ്റ് ചെയ്യുന്നു.

## നിയമസഭാ ലൈബ്രറിയുടെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി കോഴിക്കോട് കേന്ദ്രീകരിച്ചുള്ള ഉത്തരമേഖലാ പരിപാടി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ഫോർ ഗേൾസ്, നടക്കാവ് - സെപ്റ്റംബർ 17-18, 2022



ബഹു. സ്പീക്കർ അധ്യക്ഷ പ്രസംഗം നടത്തുന്നു.



പുസ്തക പ്രദർശനത്തിന്റെ ഉദ്ഘാടനം ബഹു. സ്പീക്കർ എ. എൻ. ഷംസീർ നിർവ്വഹിക്കുന്നു.



കോഴിക്കോട് കേന്ദ്രീകരിച്ചുള്ള ഉത്തരമേഖലാ പരിപാടി - പ്രദർശനം



പുസ്തക പ്രദർശനം.




പ്രസ്സ് മീറ്റ് കോഴിക്കോട്



ജ്ഞാനപീഠ പുരസ്കാര ജേതാവും മലയാളത്തിന്റെ പ്രിയ എഴുത്തുകാരനുമായ എം.ടി. വാസുദേവൻ നായരെ സ്പീക്കർ എ.എൻ. ഷംസീർ ആദരിക്കുന്നു..



എം.ടി.ക്ക് മെമന്റോ നൽകുന്നു.



ബഹു. ഡെപ്യൂട്ടി സ്പീക്കർ എം.ടി.യോടൊപ്പം



വൈക്കം മുഹമ്മദ് ബഷീറിന്റെ ഭവന സന്ദർശനം.



ബഷീർ സ്മരണകളിലൂടെ...




എഴുത്തുകാരി കെ.പി. സുധീരയുടെ പ്രഭാഷണം.



വൈക്കം മുഹമ്മദ് ബഷീറിന്റെ മകൻ അനസ് ബഷീറിന് നിയമസഭാ ലൈബ്രറിയുടെ ആദരം രേഖപ്പെടുത്തിയ മെമന്റോ സ്പീക്കർ എ.എൻ. ഷംസീർ സമ്മാനിക്കുന്നു.

## നിയമസഭാ ലൈബ്രറിയുടെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി തൃശ്ശൂർ കേന്ദ്രീകരിച്ചുള്ള മധ്യമേഖലാ പരിപാടി (സംഗീത നാടക അക്കാദമി ഹാൾ, തൃശ്ശൂർ മേയ് 2, 2023)



മധ്യമേഖലാ പരിപാടിയുടെ ഉദ്ഘാടനം ബഹു. ഡെപ്യൂട്ടി സ്പീക്കർ ശ്രീ. ചിറ്റയം ഗോപകുമാർ നിർവ്വഹിക്കുന്നു.




സ്പീക്കറുടെ സന്ദേശം.



തൃശ്ശൂരിൽ നടന്ന പുസ്തക പ്രദർശനം ലൈബ്രറി ഉപദേശക സമിതി ചെയർമാൻ തോമസ്.കെ. തോമസ് നിർവ്വഹിക്കുന്നു.



മുൻ സാമാജികരെ ആദരിച്ചപ്പോൾ



പുസ്തക പ്രദർശനം



സദസ്സ്


മുൻ സാമാജികരെ ആദരിച്ചപ്പോൾ


മുൻ സാമാജികരെ ആദരിച്ചപ്പോൾ


മുൻ സാമാജികരെ ആദരിച്ചപ്പോൾ



മുൻ മന്ത്രി ശ്രീ. കെ.പി. രാജേന്ദ്രൻ നന്ദി രേഖപ്പെടുത്തുന്നു.



ലൈബ്രറി ഉപദേശക സമിതി അംഗം സേവ്യർ ചിറ്റിലപ്പിള്ളി എം.എൽ.എ. സദസ്സിനെ അഭിസംബോധന ചെയ്യുന്നു.



മുരളി പെരുന്നെല്ലി എം.എൽ.എ. സദസ്സിനെ അഭിസംബോധന ചെയ്യുന്നു.


നിയമസഭാ സെക്രട്ടറി എ.എം. ബഷീർ സദസ്സിനെ അഭിസംബോധന ചെയ്യുന്നു.



ചീഫ് ലൈബ്രേറിയൻ എ.എസ്. ലൈല ചടങ്ങിന് നന്ദി പ്രകാശിപ്പിക്കുന്നു.


കലാപരിപാടികളിലൂടെ




നിയമസഭാ ലൈബ്രറിയുടെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ആരംഭിച്ച പ്രഥമ അന്താരാഷ്ട്ര പുസ്തോത്സവത്തിന്റെ ലോഗോ ബഹു. സ്പീക്കർ പ്രകാശനം ചെയ്യുന്നു.




നിയമസഭാ ലൈബ്രറിയുടെ കാറ്റലോഗ് ഇന്റർനെറ്റിൽ ലഭ്യമാക്കുന്നു. (OPAC)




ആദ്യ പൊതുജന മെമ്പർഷിപ്പ് ശ്രീലക്ഷ്മിക്കു നൽകുന്നു.



"സാമാജികൻ' പത്താം ലക്കം പ്രകാശനം ചെയ്യുന്നു.

# ഗ്രന്ഥാഞ്ജലി




















## പത്രാധിപസമിതി

**മുഖ്യ പത്രാധിപർ**



**ശ്രീ. തോമസ് കെ. തോമസ്**
എം.എൽ.എ.



**ശ്രീ. പി. ബാലചന്ദ്രൻ**
എം.എൽ.എ.



**ശ്രീ. കെ. ജെ. മാക്സി**
എം.എൽ.എ.



**ശ്രീ. ഡി,കെ. മുരളി**
എം.എൽ.എ.



**ഡോ. എം. കെ. മുനീർ**
എം.എൽ.എ.



**ശ്രീ. റോജി എം. ജോൺ**
എം.എൽ.എ.



**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
എം.എൽ.എ.

## നിയമസഭാ സെക്രട്ടേറിയറ്റ്

| | |
|---|---|
| സ്പെഷ്യൽ സെക്രട്ടറി | - **ശ്രീ ഷാജി സി. ബേബി** |
| ചീഫ് ലൈബ്രേറിയൻ | - **ശ്രീമതി ലൈല എ. എസ്.** |
| ലൈബ്രേറിയൻ | - **ശ്രീ ഷൈനു റേ എസ്.** |
| ഡെപ്യൂട്ടി ലൈബ്രേറിയൻ | - **ശ്രീമതി ലിബിത കെ. ഇസ്മായിൽ** |
| അസിസ്റ്റന്റ് ലൈബ്രേറിയൻ | - **ശ്രീമതി ഫാത്തിമാ ബീവി എൻ.** |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് | - **ശ്രീമതി മാജിദാ ബീവി എ.** |






KERALA
LEGISLATIVE
ASSEMBLY
കേരള നിയമസഭ
അന്താരാഷ്ട്ര
പുസ്തകോത്സവം
രണ്ടാം പതിപ്പ് | 2023 നവംബർ 1-7


MLA
CHETAN BHAGAT



കേരള നിയമസഭാ
സെക്രട്ടേറിയറ്റ്

